KOTTAYAM PUBLIC LIBRARY

Call No. 331.89 Acc. No. 83679

Author [illegible] etc.

Title [illegible]

935

DISTRIBUTING LIBRARY
No. ..............
KOTTAYAM

സോഷ്യലിസ്റ്റ് തൊഴിൽ, സിവിൽ–
ക്രിമിനൽ നിയമങ്ങളുടെ രൂപരേഖ

# സോഷ്യലിസ്റ്റ് തൊഴിൽ, സിവിൽ-ക്രിമിനൽ നിയമങ്ങളുടെ രൂപരേഖ

KOTTAYAM PUBLIC LIBRARY
83679
KOTTAYAM
20447

ഗ്രന്ഥകർത്താക്കൾ:

വി. സ്മോള്യാർച്ചുക്ക്

എൻ. ബൊറൊവിക്കൊവ്

എൻ. സഗോറോഡ്നിക്കോവ്

DISTRIBUTING LIBRARY
No. ..................
KOTTAYAM

വിവർത്തകൻ:

സി. ആർ. കുഞ്ഞുണ്ണി

---

പ്രസാധകർ:

കറൻറ് ബുക്സ്, തൃശ്ശൂർ.

വില: 3—00

126

331.89
Smo.S

# SOCIALIST THOZHIL, CIVIL-CRIMINAL NIYAMANGALUDE ROOPAREKHA

(Outline of Socialist Labour, Civil and Criminal law)

by
V. SMOLYARCHUK
N. BOROVIKOV
N. ZAGORODNIKOV

First Impression March 1967
Copies: 1000
Price Rs. 3—00

Translated by
C. R. KUNJUNNY

Cover: Sankarankutty
Blocks: Sankar Blocks
Rights Reserved
Printed at: Current Printers, Trichur
Publishers: Current Books, Trichur

# ഉള്ളടക്കം

20447

ആമുഖം .... .... .... .... .... .... 7

## അദ്ധ്യായം ഒന്നു്

## സോഷ്യലിസ്റ്റ് തൊഴിൽ നിയമത്തിന്റെ രൂപരേഖ.

1. തൊഴിലാളികളെ സോഷ്യലിസ്റ്റടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിലടങ്ങിയിരിക്കുന്ന തത്വങ്ങൾ .... 9
2. സോഷ്യലിസ്റ്റ് നിയമത്തിന്റെ സങ്കല്പം .... 19
3. തൊഴിൽബന്ധങ്ങൾ നിർണ്ണയിക്കുന്നതിൽ ട്രെയിഡ് യൂണിയനുകളുടെ പങ്കു് .... .... .... 22
4. കൂട്ടുകരാറുകൾ .... .... .... .... 29
5. തൊഴിൽ കരാർ .... .... .... .... 33
6. ജോലിസമയവും വിശ്രമ-ഒഴിവ് സമയങ്ങളും .... 44
7. തൊഴിൽതർക്കത്തീരുമാനം .... .... .... 50
8. സോഷ്യൽ ഇൻഷുറൻസ് .... .... .... 54

## അദ്ധ്യായം രണ്ടു്

## സോഷ്യലിസ്റ്റ് സവിൽ നിയമത്തിന്റെ രൂപരേഖ.

1. സോഷ്യലിസ്റ്റ് സിവിൽ നിയമസങ്കല്പവും അതിന്റെ പ്രവർത്തനമേഖലയും .... .... .... 62
2. സോഷ്യലിസ്റ്റ് സിവിൽ നിയമത്തിന്റെ മൌലികതത്വങ്ങൾ.... .... .... .... .... 70
3. സോഷ്യലിസ്റ്റ് സിവിൽ നിയമത്തിന്റെ വിഷയങ്ങൾ .... .... .... .... .... 75
4. ഉടമസ്ഥാവകാശനിയമം .... .... .... 87
5. സോഷ്യലിസ്റ്റ് സംഘടനകൾ തമ്മിലുള്ള സംയുക്തബന്ധങ്ങളുടെ നിയമപരമായ നിയന്ത്രണം .... 101
6. പൌരന്മാരുടെ പങ്കാളിത്തത്തോടുകൂടിയ സംയുക്തബന്ധങ്ങളുടെ നിയമപരമായ നിയന്ത്രണം .... 123

7. മററൊരാൾക്കുണ്ടാകുന്ന ദോഷംമൂലമുള്ള ചുമതലകൾ 135
8. സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ
സിവിൽ നിയമത്തിന്റെ പങ്ക് .... .... 140

## അദ്ധ്യായം മൂന്ന്

## സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിന്റെ രൂപരേഖ.

1. സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിന്റെ സങ്കല്പം.... 141
2. ക്രിമിനൽ നിയമം .... .... .... .... 146
3. കുററോത്തരവാദിത്വത്തിന്റെ കാരണങ്ങൾ .... 150
4. കുററത്തെപ്പററിയുള്ള സങ്കല്പവും കുററകാരണങ്ങളും.... 151
5. കുററത്തിന്റെ ഉദ്ദേശം .... .... .... .... 154
6. കുററത്തിന്റെ വസ്തുനിഷ്ഠമായ സവിശേഷത .... 155
7. കുററത്തിന്റെ വിഷയം .... .... .... 157
8. കുററത്തിന്റെ ആപേക്ഷികസ്വഭാവം .... .... 160
9. കുററോത്തരവാദിത്വവും ഒരു കൃത്യത്തിന്റെ നിയമ
രാഹിത്യവും അപ്രസക്തമാക്കുന്ന പരിതസ്ഥിതികൾ 161
10. കുററം ചെയ്യുന്നതിലുള്ള ഘട്ടങ്ങൾ .... .... 168
11. കുററത്തിലുള്ള പങ്കാളിത്തം .... .... .... 171
12. ശിക്ഷ .... .... .... .... .... 174
13. ശിക്ഷയേല്പിക്കലും കുററോത്തരവാദിത്വത്തിൽനിന്നും
ശിക്ഷയിൽനിന്നും ഒഴിവാക്കലും .... .... 177
14. കുററസമ്പ്രദായങ്ങൾ .... .... .... .... 181
15. രാഷ്ട്രത്തിന്നെതിരായ കുററങ്ങൾ.... .... .... 181
16. സോഷ്യലിസ്റ്റ് മുതലിന്നെതിരായ കുററങ്ങൾ .... 187
17. വ്യക്തയുടെയും പൌരന്മാരുടെയും രാഷ്ട്രീയവും തൊ
ഴിൽപരവുമായ അവകാശങ്ങളുടെയും സ്വകാര്യ
സ്വത്തിന്റെയും നേർക്കുള്ള കുററങ്ങൾ .... .... 188
18. സാമ്പത്തികകുററങ്ങളും ഉദ്യോഗത്തിലിരിക്കുന്നവർ
ചെയ്യുന്ന കുററങ്ങളും .... .... .... .... 190
19. ഭരണകൂടത്തിനും പൊതുസുരക്ഷയ്ക്കും എതിരായ
കുററങ്ങൾ .... .... .... .... .... 193
20. സൈനികകുററങ്ങൾ .... .... .... .... 195

# ആമുഖം

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ നിയമത്തിന്റെ സത്തയ്ക്ക് ഐകരൂപ്യമുണ്ട്. സോഷ്യലിസ്റ്റ് സമുദായത്തിന്റെ വികാസം പൊതുവായുള്ള അനേകം വസ്തുനിഷ്ഠമായ നിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നുവെന്നുള്ളതാണ് ഇതിനു കാരണം. തൊഴിലാളി വിപ്ലവം, തൊഴിലാളി വർഗ്ഗവും കർഷകഭൂരിപക്ഷവും മററു അദ്ധ്വാനിക്കുന്ന ജനങ്ങളും തമ്മിലുള്ള സഖ്യം, അടിസ്ഥാനപരമായ ഉല്പാദനോപകരണങ്ങളുടെ സ്വകാര്യ ഉടമസ്ഥാവകാശത്തിനു പകരമുള്ള പൊതു ഉടമസ്ഥാവകാശം, കൃഷിയുടെ ക്രമപ്രവൃദ്ധമായ സാമൂഹ്യവൽക്കരണം, സോഷ്യലിസവും കമ്മ്യൂണിസവും പടുത്തുയർത്തുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള ആസൂത്രിത സമ്പദ്‌വ്യവസ്ഥ, ജീവിത നിലവാരവർദ്ധനവ് എന്നിവ സാധിക്കുന്നതിനുവേണ്ടി തൊഴിലാളിവർഗ്ഗവും അതിന്റെ മുന്നണിയായ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് പാർട്ടിയും വഹിക്കുന്ന പ്രധാന പങ്കിനെയാണ് ഈ നിയമങ്ങളുടെ ഘടന പ്രതിനിധാനം ചെയ്യുന്നത്.

സോഷ്യലിസ്റ്റ് നിയമത്തിന്റെ ഐകരൂപ്യം, അതിന്റെ തത്വങ്ങളുടേയും സ്ഥാപനങ്ങളുടെയും ഐക്യത്തിൽനിന്നും സോഷ്യലിസ്റ്റ് സമുദായത്തിലുള്ള ബന്ധങ്ങളുടെ ഐകരൂപ്യത്തോടുകൂടിയ നിയന്ത്രണങ്ങളിൽനിന്നും സോഷ്യലിസ്റ്റ് നിർമ്മാണം സുഗമമാക്കുകയെന്ന ഉദ്ദേശത്തിൽനിന്നും ഉത്ഭവിക്കുന്നു. അതേയവസരത്തിൽത്തന്നെ, സോഷ്യലിസ്റ്റ് രാജ്യങ്ങൾ നിയമനിർമ്മാണം നടത്തുമ്പോൾ സാമ്പത്തികവും ദേശീയവുമായ സ്വഭാ

വങ്ങളെ കണക്കിലെടുക്കുന്നു. വിവിധ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ നിയമങ്ങളിൽ കാണുന്ന വ്യത്യാസങ്ങൾക്ക് അതാണ് കാരണം.

തൊഴിലിനേയും സംയുക്തബന്ധങ്ങളേയും നിയന്ത്രിക്കുകയും സോഷ്യലിസ്റ്റ് നേട്ടങ്ങൾ, സമൂഹത്തിന്റെ മുതൽ, പൌരന്മാരുടെ മുതൽ, അവരുടെ അവകാശങ്ങൾ എന്നിവയെ സംരക്ഷിക്കുകയും ചെയ്യുന്നതിന്റെ നിയമപരമായ വശങ്ങളെപ്പററി പഠനം നടത്തുന്നവർക്ക് താല്പര്യമുള്ള തൊഴിൽസ്ഥാപനങ്ങൾ, സിവിൽ-ക്രിമിനൽ നിയമങ്ങൾ എന്നിവയെയാണ് ഈ പുസ്തകം കൈകാര്യം ചെയ്യുന്നതു്. നിയമപരമായ പ്രത്യേക സ്ഥാപനങ്ങളെ പരിശോധിക്കുന്നതിനിടയിൽ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ നിയമനിർമ്മാണത്തിന്റെ പൊതുവായീട്ടുള്ളതും പ്രത്യേകമായീട്ടുള്ളതുമായ സ്വരൂപങ്ങൾ വ്യക്തമാക്കുവാനും ഗ്രന്ഥകർത്താക്കൾ പരിശ്രമിച്ചീട്ടുണ്ടു്.

ഒന്നാമദ്ധ്യായം വി. സ്റ്റോള്യാർച്ചുക്കും രണ്ടാമദ്ധ്യായം എൻ. ബൊറൊവിക്കോവും മൂന്നാമദ്ധ്യായം എൻ. സഗോറോഡ്നിക്കോവുമാണ് എഴുതീട്ടുള്ളതു്.

## അദ്ധ്യായം ഒന്നു്

# സോഷ്യലിസ്റ്റ് തൊഴിൽ നിയമത്തിന്റെ രൂപരേഖ

### 1. തൊഴിലാളികളെ സോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിലടങ്ങിയിരിക്കുന്ന തത്വങ്ങൾ

അദ്ധ്വാനം മാനുഷികജീവിതത്തിന്റെ പ്രധാന ഉപാധിയാകയാൽ അതു് മാനുഷിക ചരിത്രത്തിൽ ഒരു പ്രധാന പങ്കു് വഹിക്കുന്നു. പ്രകൃതിയുടെ മേൽ ആധിപത്യം വഹിക്കുവാൻ പഠിച്ചതിനു് മനുഷ്യൻ അദ്ധ്വാനത്തോടു നന്ദിയുള്ളവനായിരിക്കണം. ഭൗതികമൂല്യങ്ങൾ നിർമ്മിക്കുന്നതിനു് വേണ്ടിയുള്ള ബോധപൂർവ്വമായ മാനുഷിക പ്രവർത്തനമാണു് തൊഴിലെന്നു് വ്യാഖ്യാനിക്കാം. തങ്ങളുടെ കഴിവുകൾ പ്രയോഗിക്കുന്നതു് സംബന്ധിച്ചു് വ്യക്തമായ പരസ്പര സാമൂഹ്യബന്ധത്തിൽ തങ്ങൾ ഏർപ്പെടുന്നുണ്ടെന്നു് തൊഴിലിലൂടെ ജനങ്ങൾ മനസ്സിലാക്കുന്നു. തൊഴിലാളിബന്ധങ്ങൾ സമൂഹത്തിന്റെ ഉൽപാദനബന്ധങ്ങളുടെ വ്യക്തമായ ഒരു പ്രകാശനമാണു്; അവയുടെ സ്വഭാവം ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥാവകാശം തൊഴിലിന്റെ ഉദ്ദേശങ്ങൾ എന്നിവയെ ആശ്രയിച്ചിരിക്കുകയും ചെയ്യും.

സോഷ്യലിസ്റ്റ് സമുദായത്തിൽ ഉല്പാദനോപകരണങ്ങൾ പൊതുമുതലാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക് കീഴിൽ തൊഴിലെടുക്കുകയെന്നത് ആരോഗ്യമുള്ള ഏതു പൌരനേയും സംബന്ധിച്ചേടത്തോളം ഒരു ചുമതലയും അഭിമാനവുമാണ്. അദ്ധ്വാനത്തിൻെറ ഫലം സമൂഹത്തിലെ അംഗങ്ങളുടെ അദ്ധ്വാനവിഹിതമനുസരിച്ച് വിതരണം ചെയ്യപ്പെടുന്നു.

ഒരു സോഷ്യലിസ്റ്റ്രാജ്യത്തിലെ തൊഴിൽ നിയമങ്ങളനുസരിച്ചാണ് ഗവമ്മെണ്ട് തൊഴിൽവ്യവസ്ഥകൾ നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ഈ നിയമങ്ങളുടെ സ്വഭാവം ഒരു പ്രത്യേക സോഷ്യലിസ്റ്റ് രാഷ്ട്രത്തിൻെറ സാമ്പത്തിക വികാസത്തിൽ നേരിട്ടുള്ള സ്വാധീനം ചെലുത്തുന്നു. ഒരു സോഷ്യലിസ്റ്റ് സമുദായത്തിൽ തൊഴിലാളികളെ സംഘടിപ്പിക്കുന്നത് താഴെ പറയുന്ന തത്വങ്ങൾ അനുസരിച്ചാണ്:

—ഓരോരുത്തരുടേയും കഴിവനുസരിച്ച് അദ്ധ്വാനിക്കുകയെന്നത് എല്ലാ പൌരന്മാരുടേയും ഐകരൂപ്യമുള്ള ചുമതല.

—മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യാതിരിക്കൽ.

—എല്ലാ പൌരന്മാർക്കും തൊഴിലും അവരുടെ ജോലിയുടെ അളവും ഗുണവുമനുസരിച്ചുള്ള പ്രതിഫലവും ലഭിക്കുമെന്നുള്ള ഭരണഘടനാപരമായ അവകാശം.

—തുല്യജോലിക്ക് തുല്യവേതനം.

—വിശ്രമിക്കുവാനും വിനോദിക്കുവാനും തൊഴിൽസംരക്ഷ ലഭിക്കുവാനുമുള്ള ഭരണഘടനാപരമായ അവകാശം.

—വിദ്യാഭ്യാസം ചെയ്യുവാനും വയസ്സുകാലത്തും രോഗം പിടിപെടുമ്പോഴും അവശനാകുമ്പോഴും സംരക്ഷണം ലഭിക്കുവാനുള്ള ഭരണഘടനാപരമായ അവകാശം.

സോഷ്യലിസ്റ്റ് സമുദായത്തിലെ രണ്ടുതരത്തിലുള്ള ഉടമസ്ഥാവകാശങ്ങൾക്ക് ചേർന്നവിധത്തിൽ അടിസ്ഥാനപരമായി രണ്ടു തൊഴിലാളി സംഘടനാസമ്പ്രദായങ്ങൾ സാധാരണമായിട്ടുണ്ട്.

രാഷ്ട്രത്തിൻെറ സോഷ്യലിസ്റ്റ് ഉടമസ്ഥാവകാശത്തിന് അനുഗുണമായിട്ടാണ് തൊഴിലാളികളെ സംഘടിപ്പിക്കുന്നത്. ഇവിടെ ഉല്പാദനം രാഷ്ട്രത്തിന്നവകാശപ്പെട്ടതാണ്; ചിലവഴിക്കപ്പെടുന്ന അദ്ധ്വാനത്തിന് ഗവമ്മേണ്ട് നിശ്ചിത കൂലി നൽകുന്നു. കൂട്ടുകൃഷി അല്ലെങ്കിൽ സഹകരണ ഉടമസ്ഥാവകാശമാണ് രണ്ടാമത്തെ സമ്പ്രദായം. ഓരോ കൂട്ടുകൃഷിസ്ഥലത്തും സഹകരണ സ്ഥാപനത്തിലും ഉല്പാദനോപകരണങ്ങൾ പൊതു ഉടമയിൻകീഴിലാണ്. ഒരു കൂട്ടുകൃഷിസ്ഥലത്തുള്ള തൊഴിലാളി സംഘടനയുടെ ആഭിമുഖ്യത്തിലുണ്ടാകുന്ന ഉല്പാദനം ആ കൂട്ടുകൃഷിസ്ഥലത്തിന്നവകാശപ്പെട്ടതാണ്. അതിനുണ്ടാകുന്ന ആദായം, പ്രതിഫലമെന്ന നിലയിൽ, അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെടുന്നു. സോഷ്യലിസ്റ്റ്മുതലിൻെറ രണ്ടാമത്തെ സമ്പ്രദായത്തെയാണിതു് പ്രതിനിധാനം ചെയ്യുന്നത്.

ഒരു സോഷ്യലിസ്റ്റ് സമുദായത്തിലെ തൊഴിൽബന്ധങ്ങളുടെ നിയമപരമായ നിയന്ത്രണം വ്യക്തമായ തത്വങ്ങളുടെ അടിസ്ഥാനത്തിലാണ് നിർവ്വഹിക്കപ്പെടുന്നതു്. സോഷ്യലിസ്റ്റ് തൊഴിലിൻെറ വസ്തുനിഷ്ഠമായ അല്ലെങ്കിൽ സോദ്ദേശപരമായ നിയമങ്ങളെ ഇതു് പ്രതിഫലിപ്പിക്കുന്നു. ചുവടെ കൊടുക്കുന്നവയാണ് ആ തത്വങ്ങൾ:

## 1. ജോലിചെയ്യുന്നതിന്നുള്ള സാർവ്വത്രികമായ ചുമതല; ചൂഷണത്തിൽനിന്നുള്ള സ്വാതന്ത്ര്യം; ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം.

സോഷ്യലിസ്റ്റ് സമുദായത്തിൽ മനുഷ്യനെ ചൂഷണംചെയ്യുന്നില്ല. ഉല്പാദനോപകരണങ്ങൾ പൊതു ഉടമയിലാക്കപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് എല്ലാ പൌരന്മാരും ജോലിചെയ്യണമെന്നുള്ളതും "ജോലി ചെയ്യാത്തവൻ ഭക്ഷിക്കുകയും വേണ്ട" എന്ന തത്വമനുസരിച്ച് ഏതെങ്കിലും ജോലിയിൽ വ്യാപൃതനാകണമെന്നുള്ളതും ഒരാവശ്യമായിരിക്കുന്നു. ആത്മാർത്ഥതയോടു

കൂടി ജോലിചെയ്യുവാനാഗ്രഹിക്കാത്തവരും മടിയന്മാരും, ഇത്തിക്കണ്ണികളും മററുള്ളവരുടെ ചിലവിൽ തടിച്ചു കൊഴുക്കുവാൻ ആഗ്രഹിക്കുന്നവരുമായവരെ ഉദ്ദേശിച്ചാണു് ഈ തത്വം ഉന്നയിക്കപ്പെട്ടിട്ടുള്ളതു്. സമൂഹത്തിലെ എല്ലാ അംഗങ്ങളുടേയും അദ്ധ്വാനംകൊണ്ടാണു് സോഷ്യലിസം സ്ഥാപിക്കപ്പെട്ടിട്ടുള്ളതു്. അതിനാൽ ഉല്പാദനക്ഷമമായ ജോലിയിൽനിന്നും ഒഴിഞ്ഞുമാറുവാൻ ആൎക്കും അധികാരമില്ല. എല്ലാവരും അദ്ധ്വാനിക്കണമെന്നു് അനുശാസിക്കുന്ന സോഷ്യലിസ്റ്റ് തത്വം, മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്നതു് നിരോധിക്കുന്നുവെന്നാണു് ചൂണ്ടിക്കാണിക്കുന്നതു്.

ചൂഷണത്തിൽനിന്നു് മോചനം ലഭിക്കുമെന്ന മൌലികമായ ഉറപ്പുകൂടിയാണു് ഈ തത്വം. കൂടാതെ, തൊഴിലില്ലായ്മയിൽനിന്നു് മോചനം ലഭിക്കുമെന്നു് സോഷ്യലിസ്റ്റ് തൊഴിലാളിസംഘടന ഓരോ പൌരനും ഉറപ്പു നല്കുകയും ചെയ്യുന്നു. യു. എസ്സ്. എസ്സ്. ആർ, പോളിഷ് പീപ്പിൾസ് റിപ്പബ്ലിക്, ചെക്കോസ്ലാവാക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് എന്നീ രാജ്യങ്ങളിലും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലും തൊഴിലില്ലായ്മയുടെ അഭാവംതന്നെ, മുതലാളിത്തരാജ്യങ്ങളെയപേക്ഷിച്ചു്, സോഷ്യലിസത്തിനുള്ള മഹത്തായ നേട്ടങ്ങളെയാണു് ചൂണ്ടിക്കാണിക്കുന്നതു്.

തൊഴിൽചെയ്യുകയെന്നതു് ആരോഗ്യമുള്ള എല്ലാ പൌരന്മാരുടെയും ചുമതലയും അഭിമാനവുമാണെന്നാണു് സോവിയററ് യൂണിയന്റെയും ചെക്കോസ്ലാവാക് സോഷ്യലിസ്റ്റ് റിപ്പബ്ളിക്കിന്റെയും റുമാനിയൻ പീപ്പിൾസ് റിപ്പബ്ളിക്കിന്റെയും ഹങ്കേറിയൻ പീപ്പിൾസ് റിപ്പബ്ളിക്കിന്റെയും മററു സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടേയും ഭരണഘടനകൾ പ്രഖ്യാപിച്ചിട്ടുള്ളതു്: ഒരാളെ മറെറാരാളുടെ അദ്ധ്വാനഫലം ചൂഷണംചെയ്യുവാൻ അനുവദിക്കുന്ന എല്ലാ ഇടപാടുകളും സോഷ്യലിസ്റ്റ്നിയമം റദ്ദാക്കിയിരിക്കുന്നു. ഈ നിയമമനുസരിച്ചു് ഒരാൾക്കു്,

അയാൾക്കുമാത്രം ചെയ്തുതീക്കാവുന്ന, ജോലി ഏറ്റെടുക്കാവുന്നതാണു്.

ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം സോഷ്യലിസ്റ്റ് സമുദായത്തിൽ കണിശമായും നിരങ്കുശമായും അംഗീകരിക്കപ്പെട്ടിരിക്കുന്നു. ചൂഷണത്തിൽനിന്നും തൊഴിലില്ലായ്മയിൽനിന്നും സ്വയം സ്വതന്ത്രമായ തൊഴിലാളിവർഗ്ഗത്തിനു സിദ്ധിച്ച വമ്പിച്ച നേട്ടങ്ങളിൽ ഒന്നാണിതു്. ഓരോ പൌരനും അയാൾക്കിഷ്ടമുള്ള സ്ഥലത്തു് ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കാമെന്നുള്ളതാണു് ഈ തത്വത്തിന്റെ കാതൽ. ഒരു പൌരനു് ഇഷ്ടമുള്ള പക്ഷം, നിയമപരമായ നിയന്ത്രണങ്ങൾക്കു വിധേയനായിക്കൊണ്ടു്, ഒരു ജോലിസ്ഥലത്തുനിന്നു് മറെറാരു ജോലിസ്ഥലത്തേയ്ക്കു മാറുവാനും അധികാരമുണ്ടു്.

സോഷ്യലിസ്റ്റ് സമുദായത്തിൽ മാത്രമെ ഈ സ്വാതന്ത്ര്യം ലഭിക്കുകയുള്ളു. ഉൽപാദനോപകരണങ്ങൾ സ്വകാര്യ ഉടമയിലാക്കപ്പെട്ടിട്ടുള്ള മുതലാളിത്തസമുദായത്തിൽ തങ്ങളെത്തന്നെ വാടകയ്ക്കു് നൽകുവാനും നിക്ഷിപ്തതാൽപര്യക്കാർ സ്ഥാപിച്ച ഭരണത്തിനു് വിധേയരാകുവാനും ജനങ്ങൾ നിർബ്ബന്ധിതരാകുന്നു. വ്യവസായത്തൊഴിലാളികളേയും ആപ്പീസ്സ് ജീവനക്കാരേയും മററും ഒരുപോലെ ബാധിക്കുന്നതും രൂഢമൂലമായതുമായ തൊഴിലില്ലായ്മ മുതലാളിത്തത്തിന്റെ ഒരു ദൃഢവും സന്തതസഹചാരിയുമാണു്. മുതലാളിത്തസമുദായത്തിൻകീഴിൽ, തന്നെയും തന്റെ കുഡുംബത്തേയും പോററുന്നതിനു്, കിട്ടുന്ന ഏതു ജോലിയും ചെയ്യുവാൻ തൊഴിലാളി നിർബ്ബന്ധിതനാകുന്നു. അതുകൊണ്ടു് മുതലാളിത്ത വ്യവസ്ഥിതിക്കു് കീഴിൽ തൊഴിൽ നിർബ്ബന്ധിതതൊഴിലിന്റെ രൂപം കൈക്കൊള്ളുന്നു.

## 2. ജോലി ചെയ്യാനുള്ള അവകാശം

സോഷ്യലിസ്റ്റ് രാഷ്ട്രം അതിന്റെ പൌരന്മാൎക്കു ജോലി ചെയ്യുവാനുള്ള അവകാശത്തിനു് ഉറപ്പു നൽകുന്നു. അതായതു്

ജോലി ലഭിക്കുമെന്നും ചെയ്യുന്ന ജോലിയുടെ അളവും ഗുണവുമനുസരിച്ചു് പ്രതിഫലം നൽകുമെന്നും ഉറപ്പു നൽകുന്നുവെന്നു് സാരം. സോഷ്യലിസ്റ്റു് അടിസ്ഥാനത്തിലുള്ള ദേശീയ സമ്പദ് വ്യവസ്ഥയും സോഷ്യലിസ്റ്റു് സമുദായത്തിലെ ഉൽപാദനശക്തികളുടെ ക്രമപ്രവൃദ്ധമായ വളർച്ചയും കാണിക്കുന്നതു് ഈ ഉറപ്പു് പാലിക്കപ്പെടുമെന്നുള്ളതാണു്. തന്നെയുമല്ലാ, കുഴപ്പങ്ങളും തൊഴിലില്ലായ്മയും ഇല്ലാതാക്കിക്കൊണ്ടും യാതൊരു വ്യവസായമൊ, സംരംഭമൊ, ആപ്പീസ്സൊ തക്ക യോഗ്യതയുള്ള ഒരു പൌരനു് ജോലി നിഷേധിക്കുവാൻ പാടില്ലെന്നു് നിയമംമൂലം വ്യവസ്ഥ ചെയ്തുകൊണ്ടും തൊഴിൽചെയ്യുവാനുള്ള ഒരു പൌരൻെറ അധികാരാവകാശം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. നിയമപരമായ വേണ്ടത്ര കാരണങ്ങളില്ലാതെ ആരെയും ജോലിയിൽനിന്നൊഴിവാക്കുവാൻ പാടില്ലെന്ന നിയമം, ജോലിചെയ്യുവാനുള്ള അവകാശത്തിനു്, മറെറാരു ഉറപ്പാണു്. സോഷ്യലിസ്റ്റുരാജ്യങ്ങളിൽ സ്ത്രീപുരുഷഭേദമൊ ദേശീയവിഭാഗപരമായ പരിഗണനയൊ കണക്കാക്കാതെ എല്ലാവർക്കും ജോലി ചെയ്യുവാനുള്ള അവകാശമുണ്ടു്.

## 3. ചെയ്യുന്ന ജോലിയനുസരിച്ചു് പ്രതിഫലം

സോഷ്യലിസ്റ്റു് സമുദായത്തിൽ താഴെ പറയുന്ന തത്വമനുസരിച്ചാണു് തൊഴിലാളികൾക്കിടയിൽ ആദായം വിതരണം ചെയ്യപ്പെടുന്നതു്: "ഓരോരുത്തരിൽനിന്നും അവനവൻെറ കഴിവനുസരിച്ചു്: ഓരോരുത്തർക്കും അവരവരുടെ ജോലിയനുസരിച്ചു്." സോഷ്യലിസ്റ്റു് വിതരണത്തിൻെറ പ്രധാന തത്വമിതാണു്. അക്കാരണംകൊണ്ടു് ജനങ്ങൾക്കു അവരുടെ ഭൌതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു് അവരുടെ അദ്ധ്വാനത്തിൽനിന്നുള്ള ആദായം പ്രധാന മാർഗ്ഗമായിത്തീരുന്നു. സോവിയററു് യൂണിയനിലും ചെക്കോസ്ലാവാക്കു് സോഷ്യലിസ്റ്റു് റിപ്പബ്ലിക്കു്, പോളിഷ് പീപ്പിൾസ് റിപ്പബ്ലിക്കു്, ഹംഗേറിയൻ പീപ്പിൾസ് റിപ്പബ്ലിക്കു് എന്നി

രാജ്യങ്ങളിലും ഭരണഘടനയും മററു നിയമനിർമ്മാണങ്ങളും ജോലിചെയ്യുവാനുള്ള അവകാശത്തെ, ജോലിയുടെ അളവും ഗുണവുമനുസരിച്ചുള്ള പ്രതിഫലമെന്ന വ്യവസ്ഥയുമായി ബന്ധപ്പെടുത്തിട്ടുണ്ട്. ചെയ്ത ജോലിക്കനുസരിച്ച് പ്രതിഫലം നൽകുകയെന്ന സോഷ്യലിസ്റ്റ് തത്വം തുല്യവിതരണം അസാദ്ധ്യമാണെന്ന നിഗമനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ആദായം തുല്യമായി വിതരണം ചെയ്യണമെന്ന തത്വം അംഗീകരിച്ചിരുന്നുവെങ്കിൽ സമമായ ജോലിചെയ്യാത്ത നല്ലവരും ചീത്തയായവരുമായ തൊഴിലാളികൾക്ക ഒരുപോലെ കൂലി ലഭിക്കുമായിരുന്നു. അത് ജോലി നന്നാക്കുവാനും ഉൽപാദനം വികസിപ്പിക്കുവാനും ജനങ്ങൾക്കുള്ള പ്രചോദനത്തെ നഷ്ടപ്പെടുത്തുമായിരുന്നു. തുല്യ ജോലിക്ക് തുല്യ വേതനമെന്ന തത്വം, ലിംഗം, പ്രായം, ദേശീയവിഭാഗീയത, വർഗ്ഗം, മതം മുതലായ എല്ലാ പരിഗണനകൾക്കും അതീതമാണ്.

ചെയ്ത ജോലിയനുസരിച്ച് പ്രതിഫലം നൽകുന്നതു് സോഷ്യലിസത്തിന്റെ സാമ്പത്തികനിയമങ്ങളിൽ ഒന്നാണ്. ഒരാൾ പ്രശസ്തി നേടുന്നതു് അയാൾ ചെയ്യുന്ന ജോലിമൂലമാണ്. കൂടുതൽ ഉൽപാദിക്കുന്ന വിധത്തിലയാൾ ജോലിചെയ്യുമ്പോൾ അയാൾക്ക് കൂടുതൽ കൂലി ലഭിക്കുന്നു. എന്നാൽ അങ്ങിനെയുള്ളവർക്കുള്ള ഗുണം, കൂടുതൽ കൂലിയെന്ന വസ്തുയിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. സോഷ്യലിസ്റ്റ് സമുദായത്തിൽ ആത്മാർത്ഥമായും ബോധപൂർവ്വമായും ജോലി ചെയ്യുന്നവർ ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഏററവും മുന്നണിയിൽ നില്ക്കുന്ന തൊഴിലാളികൾക്ക് പ്രമാണപത്രങ്ങളും സ്ഥാനമാനങ്ങളും നൽകുന്നു. ഇവയിൽ ഏററവും മികച്ചതാണ് "ഹീറോ ഓഫ് സോഷ്യലിസ്റ്റ് ലേബർ" എന്ന ബഹുമതി. ലക്ഷക്കണക്കിനുള്ള തൊഴിലാളികളുടെ അദ്ധ്വാനം കൊണ്ടാണ് സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതു്. അതു

കൊണ്ടാണു് ആ സമുദായം മുന്നണിയിൽ നില്ക്കുന്ന തൊഴിലാളികളെ ആദരിക്കുന്നതും.

## 4. സോഷ്യലിസ്റ്റ് തൊഴിലാളി അച്ചടക്കം

തൊഴിലാളി അവകാശസംരക്ഷണം സംബന്ധിച്ച ഉറപ്പു നൽകുന്നതിനു സമാന്തരമായി സോഷ്യലിസ്ററു് നിയമം പൌരന്മാൎക്കു വളരെ ചുമതലകളും കൽപിക്കുന്നുണ്ടു്. തൊഴിലാളി അച്ചടക്കം പാലിക്കുവാനുള്ള കടമയാണു് അവയിൽ ഏററവും പ്രധാനമായ ഒന്നു്. ജോലിസമയം ഗവൺമെണ്ടു് നിശ്ചയിക്കുന്നു; വ്യവസായസ്ഥാപനങ്ങളിലും മററു സ്ഥാപനങ്ങളിലും ജോലി വ്യവസ്ഥകൾ ഏൎപ്പെടുത്തുന്നു; ഓരോ തൊഴിലാളിയേയും ചില കർത്തവ്യങ്ങൾ ഏൽപിക്കുന്നു. പൌരന്മാരെപ്പോലെത്തന്നെ എല്ലാ വ്യവസായസ്ഥാപനങ്ങളും സംഘങ്ങളും ഭംഗിയായി പ്രവർത്തിക്കണമെന്നും ഉല്പാദനപദ്ധതികൾ നിറവേററുകമാത്രമല്ല അവയെ കവിച്ചുവെയ്ക്കുകകൂടി ചെയ്യണമെന്നും സോഷ്യലിസ്റ്റു് രാഷ്ട്രം ആഗ്രഹിക്കുന്നു. ഇതു് സാധിക്കണമെങ്കിൽ സോഷ്യലിസ്ററു് തൊഴിലാളി അച്ചടക്കം കണിശമായും പാലിക്കപ്പെടേണ്ടതുണ്ടു്. ഓരോ തൊഴിലാളിയും തൻെറ ജോലി ബോധപൂർവ്വം ചെയ്യുകയും ഉൽപാദനലക്ഷ്യങ്ങൾ നിറവേററുകയും ഉൽപാദനം ഉയൎന്ന ഗുണമുള്ളതാക്കുകയും ഫാക്ടറികളിലേയും മററു സ്ഥാപനങ്ങളിലേയും നിയമങ്ങൾ അനുസരിക്കുകയും ജോലിസ്ഥലങ്ങളിലെ ഉപകരണങ്ങളും മുതലുകളും സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യുകയും ചെയ്യുകയെന്നുള്ളതാണു് ഇതിൻെറ അൎത്ഥം.

സോഷ്യലിസ്ററു് സ്ഥാപനങ്ങളിൽ തൊഴിലാളി അച്ചടക്കം നിഷ്കൃഷ്ടമായി പാലിക്കപ്പെടുന്നു. ഉൽപാദന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിലും അവ നിശ്ചിതസമയത്തിനുതന്നെ മുഴുമിപ്പിക്കുന്നതിലും ഉൽപാദനച്ചിലവുകൾ ചുരുക്കുന്നതിലും ഉൽപാദിതവസ്തുക്കളുടെ ഗുണം വൎദ്ധിപ്പിക്കുന്നതിലും തൊഴി

ലാളികൾക്കിടയിൽ ഒരു അനുകരണ—മത്സരമനസ്ഥിതി വളർത്തുവാൻ സോഷ്യലിസ്ററ് തൊഴിലാളി സംഘടന പ്രേരകമാകുന്നുണ്ട്. "കമ്മ്യൂണിസ്ററ് വക്ക് ടീം" എന്ന ബഹുമതി നേടുവാനുള്ള ഒരു പ്രസ്ഥാനം കുറച്ചുകൊല്ലങ്ങളായിട്ട് യു. എസ്സ്. എസ്സ്. ആറിൽ പടർന്നുപിടിച്ചുവരികയാണ്. ഈ ടീമുകൾ (സംഘങ്ങൾ) തങ്ങളുടെ ഉൽപാദനലക്ഷ്യങ്ങൾ നിശ്ചിത സമയത്തിനു് മുമ്പ് നിറവേററുന്നു. ദൈനംദിനജീവിതം, കുടുംബബന്ധം മുതലായവ സംബന്ധിച്ചുള്ള പെരുമാററത്തിൽ ഒരു മാതൃക സൃഷ്ടിക്കണമെന്നാണ് സംഘത്തിലെ ഓരോ അംഗത്തിന്റെയും ഉദ്ദേശം.

എല്ലാ ഫാക്ടറികൾക്കും മററ ആപ്പീസ്സുകൾക്കും അവയുടേതായ നിയമങ്ങളും വ്യവസ്ഥകളുമുണ്ട്. തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലും ഓരോ തൊഴിലാളിക്കും ആവശ്യമുള്ള ആയുധങ്ങളും ഉപകരണങ്ങളും നൽകുന്നതിലും മാനേജ്മെൻറിനുള്ള ചുമതലകൾ ഇവയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. തന്നെയുമല്ലാ, ജോലിക്കാരുടെ കർത്തവ്യങ്ങൾ, ജോലി ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന സമയം, ഷിഫ്ററ് മുതലായവയും ഈ വ്യവസ്ഥകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, നല്ലവണ്ണം അദ്ധ്വാനിക്കുന്നതിനും മികച്ച അച്ചടക്കം പാലിക്കുന്നതിനും ഈ വ്യവസ്ഥകൾ പ്രചോദനം നൽകുന്നു. നല്ല ജോലിക്കാരെന്ന പേരും ഡിപ്ലോമയും സമ്പാദിക്കുവാനും ബുക്ക് ഓഫ് ഓണർ, ബോർഡ് ഓഫ് ഓണർ എന്നിവയിൽ സ്ഥാനം ലഭിക്കുവാനും ഒരു പ്രത്യേക ജോലിയിലോ വ്യവസായത്തിലോ വിദഗ്ധ തൊഴിലാളി എന്ന സ്ഥാനബഹുമതിയും റൊക്കമായി ലഭിക്കുന്ന ബോണസ്സും വിലപിടിച്ച സമ്മാനങ്ങളും നേടുവാനും തൊഴിലാളികളെ പ്രേരിപ്പിക്കുന്ന വിധത്തിലാണ് ഈ വ്യവസ്ഥകൾ ഏർപ്പെടുത്തിയിരിക്കുന്നതു്. അതേയവസരത്തിൽത്തന്നെ തൊഴിലാളി അച്ചടക്കം ലംഘിക്കുന്നവർക്ക് താക്കീതു്, ശിക്ഷ, മൂന്നുമാസം വരേക്കും താഴ്ന്ന ജോലി ചെയ്യിപ്പിക്കൽ അല്ലെങ്കിൽ അതേ കാ

ലത്തേയ്ക്കു് തരംതാഴ്ത്തൽ മുതലായ ശിക്ഷാനടപടികൾ എടുക്കു വാനും വ്യവസ്ഥപ്പെടുത്തീട്ടുണ്ടു്. മാനേജ്മെൻറാണ് ശിക്ഷാ നടപടികൾ എടുക്കുന്നതു്. വ്യവസായങ്ങൾ, ആപ്പീസുകൾ, മുതലായവയിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്കു് തൊഴിൽ നിയമങ്ങളിൽ പരിശീലനം നൽകുന്ന ട്രെയിഡ്യൂണിയനുകൾ (തൊഴിലാളി സംഘടനകൾ) തൊഴിൽ അച്ചടക്കം പാലിക്കുന്ന കാര്യത്തിൽ വലിയ പങ്കു് നിർവ്വഹിക്കുന്നു.

## 5. തൊഴിലാളി സംരക്ഷണം

സോഷ്യലിസ്റ്റ് തൊഴിലാളിപ്രസ്ഥാനത്തിൻെറ ഒരു ഭാഗ മെന്ന നിലയിൽ തൊഴിലാളിസംരക്ഷണം താഴെ പറയുന്ന കാ ര്യങ്ങൾ ചെയ്യുവാൻ വ്യവസ്ഥചെയ്യുന്നു: ദിവസത്തിൽ ഇത്ര സ മയം ജോലി ചെയ്യണമെന്നു് ഗവർമ്മെണ്ടു് നിശ്ചയിക്കുകയും ഇതു സംബന്ധിച്ചുള്ള ലംഘനങ്ങൾക്കു ശിക്ഷനല്കുകയും ചെയ്യു ന്നു. ഓവർടൈം ജോലി ഒരു നിയമമെന്നനിലയിൽ അനുവദി ക്കപ്പെടുന്നില്ല. സ്ത്രീകൾ, കുട്ടികൾ എന്നിവക്കു സംരക്ഷണം നല്കുവാൻ പ്രത്യേക വ്യവസ്ഥകളുണ്ടു്. എല്ലാ വ്യവസായസ്ഥാ പനങ്ങളിലും അപകടത്തിന്നെതിരായും തൊഴിലാളികളുടെ ആരോഗ്യത്തിനുതകുന്നതുമായ നടപടികൾ പ്രാബല്യത്തിലാക്കി ട്ടുണ്ടു്. ആവശ്യമുള്ളേടത്തു് തൊഴിലാളികൾക്കു് സംരക്ഷണോ പകരണങ്ങളും ജോലിസമയത്തു ധരിക്കുവാനുള്ള ഉടുപ്പുകൾ മുത ലായവയും നൽകപ്പെടുന്നു. ഓരോ ഫാക്ടറിക്കും ഓരോ സെ ഫ്ററി എഞ്ചിനീയരുണ്ടു്. തൊഴിൽനിയമങ്ങളും സംരക്ഷണ നടപടികളും കണിശമായി പാലിക്കപ്പെടുമെന്നതിനു് ഉറപ്പു വ രുത്തുവാൻവേണ്ടി ട്രെയിഡ് യൂണിയനുകൾ അവയുടെ കീഴിൽ സാങ്കേതികവും നിയമപരവുമായ പരിശോധനാസമിതികൾ ഏർപ്പെടുത്തിയിട്ടുണ്ടു്.

## 6. ഭൌതികസംരക്ഷയ്ക്കും സോഷ്യൽ ഇൻഷ്വറൻസിനും പൌരന്മാർക്കുള്ള അവകാശം

വയസ്സുകാലത്തും സുഖക്കേടൊ മററ് അവശതയൊ സംഭവിക്കുമ്പോഴും പൌരന്മാർക്ക് ഭൌതികസംരക്ഷ ലഭിക്കുമെന്ന ഭരണഘടനാവകാശം പ്രത്യക്ഷമാക്കുന്നതു്, സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ തൊഴിൽബന്ധങ്ങൾ നിയമപരമായി നിയന്ത്രിക്കുന്നുണ്ടെന്നാണ്. വ്യവസായസ്ഥാപനം ആപ്പീസ് മുതലായവയിൽ ജോലി ചെയ്യുന്നവർക്ക് സ്റ്റേയ്ററ് സോഷ്യൽ ഇൻഷ്വറൻസ് (സാമൂഹ്യരക്ഷാഭോഗം) വ്യാപകമാക്കിക്കൊണ്ടും ജനങ്ങൾക്ക് സൌജന്യമായ വൈദ്യസേവനം നൽകിക്കൊണ്ടും അനേകം ആരോഗ്യമന്ദിരങ്ങളും ഒഴിവുകാലവിശ്രമകേന്ദ്രങ്ങളും ഏർപ്പെടുത്തിക്കൊണ്ടും ഈ അവകാശത്തിന്നുറപ്പ് നല്കപ്പെട്ടിരിക്കുന്നു.

## 7. സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ജോലിക്കാരുടെ പങ്ക്

സോഷ്യലിസ്റ്റ് തൊഴിൽനിയമത്തിൻെറ മറെറാരു പ്രധാനതത്വം, ഫാക്ടറികൾ, ഖനികൾ മുതലായവ ഗവർമ്മെണ്ടിൻെറയും ട്രെയിഡ്യൂണിയനുകളുടേയും ആഭിമുഖ്യത്തിൽ ജനങ്ങൾ നടത്തുന്നുവെന്നുള്ളതാണ്. ഉല്പാദനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും അവ മുഴമിപ്പിക്കുവാൻ തൊഴിലാളികളെ സജ്ജമാക്കുന്നതിലും ട്രെയിഡ്യൂണിയൻ കമ്മററികൾ നേരിട്ടുള്ള പങ്ക് വഹിക്കുന്നു. തൊഴിലാളികളും മാനേജ്മെൻറും യോജിച്ചുകൊണ്ടുണ്ടാക്കുന്ന കരാറുകൾ, ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ, തൊഴിലാളികൾ പങ്കു വഹിക്കുന്നുണ്ടെന്നാണ് കാണിക്കുന്നതു്.

## II സോഷ്യലിസ്റ്റ് തൊഴിൽനിയമത്തിൻെറ സങ്കല്പം

സോവിയററ് യൂണിയനിലും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലും തൊഴിൽനിയമം, രാജ്യത്തിലെ നിയമസംഹിതയുടെ,

ഒരു പ്രധാന ശാഖയാണ്. തൊഴിൽബന്ധങ്ങളെ നിയന്ത്രിക്കുന്ന നിയമപരമായ വ്യവസ്ഥകളാണ് അതുൾക്കൊള്ളുന്നത്. തന്നെയുമല്ല, ട്രെയിഡ് യൂണിയനുകളുടെ പ്രവർത്തനം, വാർദ്ധക്യകാലത്തും സുഖക്കേടോ മററവശതയോ സംഭവിക്കുമ്പോഴും ലഭിക്കുന്ന ഭൌതികസംരക്ഷണം, തൊഴിലാളിസംരക്ഷണം സംബന്ധിച്ച മേൽനോട്ടസമ്പ്രദായം, തൊഴിൽതക്കങ്ങൾ പരിശോധിക്കുന്ന സമ്പ്രദായം മുതലായ തൊഴിൽബന്ധങ്ങളും തൊഴിൽനിയമസംഹിതയുടെ പരിധിയിൽ വരുന്നുണ്ട്. അങ്ങിനെ നോക്കുമ്പോൾ സോഷ്യലിസ്റ്റ് തൊഴിൽനിയമം തൊഴിൽബന്ധങ്ങളേയും തൊഴിലാളികളെ ബാധിക്കുന്ന മററു ചില ബന്ധങ്ങളേയും നിശ്ചയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിയമങ്ങളുടെ ആകത്തുകയാണ്.

ലോക സോഷ്യലിസ്റ്റ് സമ്പ്രദായത്തിന്റെ ചട്ടക്കൂട്ടിൽ പ്രവർത്തിക്കുന്നതും പ്ലാനോടുകൂടിയതും ക്രമീകൃതവും വികാസത്തിന്റെ വസ്തുനിഷ്ഠവുമായ നിയമം, സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സാമ്പത്തികവും സാംസ്കാരികവുമായ വികാസത്തിന്റെ പൊതുസ്വഭാവത്തിന് തുല്യതയുണ്ടാക്കുന്നു. മററു സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ഉയർന്ന പരിചയത്തേയും പരസ്പരസഹകരണത്തേയും സഹായത്തേയും സമാശ്രയിച്ചുകൊണ്ട് പിന്നണിയിൽ കിടന്നിരുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങൾ അവയുടെ നഷ്ടപ്പെട്ട സമയം വീണ്ടെടുക്കുകയും തങ്ങളുടെ സമ്പത്തും സംസ്കാരവും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തുവരുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങൾ ഒരൊററ സമുദായമായി യോജിക്കപ്പെട്ടിരിക്കുകയാണ്. അവിടങ്ങളിൽ നിലവിലുള്ള ഐകരൂപ്യത്തോടുകൂടിയ സാമൂഹ്യ-സാമ്പത്തിക-സ്റ്റെയിററ് സമ്പ്രദായങ്ങളും (പൊതുലക്ഷ്യങ്ങൾക്കും താല്പര്യങ്ങൾക്കും വേണ്ടിയുള്ള) പരസ്പരസഹകരണത്തിന്റേയും സഹായത്തിന്റേയും ആവശ്യകതയും അന്താരാഷ്ട്രീയ സോഷ്യലിസ്റ്റ് ഐക്യത്തിന്റെ അടുത്ത ബന്ധങ്ങളുമാണതിനു കാരണം. കൂടാതെ, സോഷ്യലിസം പട്ട

ത്തുയർത്തുവാനുള്ള പൊതുനിയമങ്ങൾ, ലോകസോഷ്യലിസ്റ്റ് സമ്പ്രദായത്തിൽ നടപ്പിലിരിക്കുന്ന തൊഴിൽനിയമമുറകൾപ്പെടെയുള്ള അടിസ്ഥാനപരമായ നിയമത്തിന്റെ പൊതുതത്വങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നു.

തൊഴിൽനിയമം വികസിപ്പിക്കുന്നതു് സംബന്ധിച്ചു് സോഷ്യലിസ്റ്റ്രാജ്യങ്ങൾ സമ്പാദിച്ച പരിചയം സോഷ്യലിസ്റ്റ് തൊഴിൽ നിയമത്തിന്റെ പ്രധാന തത്വങ്ങൾ വിശദീകരിക്കുവാൻ നമ്മെ സഹായിക്കുന്നു. അവ ഇവയാണു്:

എ) മററുള്ളവരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്യുകയെന്നതിനെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക പ്രവർത്തനം ആദ്യം ചുരുക്കുകയും പിന്നീടു തീരെ നിരോധിക്കുകയും ചെയ്യുക.

ബി) മനുഷ്യശക്തി പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള പരിതസ്ഥിതിയുളവാക്കുകയും അങ്ങിനെ ജോലിചെയ്യുവാനുള്ള അവകാശത്തിനുറപ്പു നൽകുകയും ചെയ്യുക.

സി) കോൺട്രാക്ട് (കരാർ) അടിസ്ഥാനത്തിലുള്ള തൊഴിൽ വ്യവസ്ഥകൾ രൂപീകരിക്കുക (തൊഴിൽ വ്യവസ്ഥകൾ മാനേജ്മെൻറും തൊഴിലാളികളും കൂടി, നിലവിലുള്ള നിയമത്തിനു വിധേയമായി, തീരുമാനിക്കുക.)

ഡി) ചെയ്ത ജോലിയുടെ അളവും ഗുണവും നോക്കി ആ ജോലിക്കു് വേതനം നൽകുക.

ഇ) തൊഴിലാളി സംരക്ഷണത്തിനുള്ള ഗവമ്മേണ്ടു് നടപടികൾ ആവിഷ്ക്കരിക്കുക; ജോലി ചെയ്യുവാനുള്ള സൌകര്യങ്ങൾ വർദ്ധിപ്പിക്കുക; വ്യവസായത്തൊഴിലാളികൾക്കും ആപ്പീസ്സ് ജീവനക്കാർക്കും മററും തങ്ങളുടെ വൈദഗ്ധ്യം വളർത്തുവാൻ സാദ്ധ്യമാക്കുക.

എഫ്) ഗവമ്മേണ്ടു് ചിലവിൽ സാർവ്വത്രികമായ സോഷ്യൽ ഇൻഷ്വറൻസ്സ് ഏർപ്പെടുത്തുക; തൊഴിൽ ബന്ധങ്ങൾ നി

യന്ത്രിക്കുന്നതിൽ ട്രെയിഡ് യൂണിയനുകൾ വർദ്ധമാനമായ തോതിൽ പങ്കെടുക്കുക.

ഇങ്ങിനെയാണെങ്കിലും ഓരോ സോഷ്യലിസ്റ്റ് രാജ്യത്തിലേയും തൊഴിൽനിയമത്തിന് ആ രാജ്യത്തിലെ സാമ്പത്തിക വികസനത്തിന്റെ തോതനുസരിച്ചും ആ രാജ്യം സോഷ്യലിസത്തിലേയ്ക്ക് പ്രയാണം ചെയ്യുന്ന സ്ഥിതിയനുസരിച്ചും മററും അതിന്റേതായ ദേശീയ രൂപമുണ്ട്. തൊഴിൽ നിയമങ്ങളും തൊഴിൽ ബന്ധങ്ങൾ നിശ്ചയിക്കുന്ന നിയമപരമായ ഇതര നടപടികളും എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളും അംഗീകരിച്ചിട്ടുണ്ട്.

ഉദാഹരണത്തിന് സോവിയററ് തൊഴിൽ നിയമം രണ്ടു തരം നിയമസംഹിതകൾ ഉൾക്കൊള്ളുന്നു. ഇവയിലൊന്ന് അഖില യൂണിയൻ സമിതികൾ അംഗീകരിച്ചവയും മററേത് യൂണിയൻ റിപ്പബ്ളിക്കുകൾ അംഗീകരിച്ചവയുമാണ്.

സോവിയററ് യൂണിയൻ ഒരു ഫെഡറൽ സ്റ്റേയിററാകയാൽ, അഖില യൂണിയൻ സമിതികളും യൂണിയൻ റിപ്പബ്ളിക്കൻ സമിതികളും തൊഴിൽബന്ധനിയമങ്ങൾ കൈകാര്യം ചെയ്യുന്നത് നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. എല്ലാ തൊഴിൽബന്ധങ്ങളേയും വ്യാപകമായി നിയന്ത്രിക്കുന്ന തൊഴിൽ നിയമങ്ങൾ യൂണിയൻ റിപ്പബ്ളിക്കുകൾ നടപ്പിലാക്കുമ്പോൾ, സോവിയററ് യൂണിയന്റെ ഭരണഘടനയനുസരിച്ച്, രാജ്യത്തിന് മുഴുവനുമായിട്ടുള്ള തൊഴിൽനിയമങ്ങളുടെ അടിസ്ഥാനതത്വങ്ങളാണ് യൂണിയൻ ആവിഷ്ക്കരിക്കുന്നത്.

## III തൊഴിൽബന്ധങ്ങൾ നിയന്ത്രിക്കുന്നതിൽ ട്രെയിഡ് യൂണിയനുകളുടെ പങ്ക്

സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ മിക്കവാറും എല്ലാ വ്യവസായ തൊഴിലാളികളേയും ആപ്പീസ്സ് ജീവനക്കാരേയും മററു വിദഗ്ദ്ധ ജോലിക്കാരേയും യോജിപ്പിക്കുന്ന ബഹുജനസംഘട

നകളാണ് ട്രേയിഡ്യൂണിയനുകൾ. ഓരോ ട്രേയിഡ്യൂണിയനും അതിന്റെ അംഗങ്ങളുടെ താൽപര്യങ്ങൾ ഒരു നിശ്ചിത സാമ്പത്തിക–സാംസ്കാരിക മണ്ഡലത്തിൽ പരിരക്ഷിക്കുന്നു. ട്രെയിഡ്യൂണിയനുകൾ സംഘടിപ്പിക്കുകയെന്നതുൾപ്പെടെയുള്ള സംഘടനാസ്വാതന്ത്ര്യം സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ഭരണഘടനകളിൽ ഉറപ്പു നൽകപ്പെട്ടിട്ടുണ്ട്. സോവിയററ് യൂണിയനിൽ കമ്മ്യൂണിസം പടുത്തുയർത്തുന്നതിൽ ട്രെയിഡ് യൂണിയനുകൾ വലിയ പങ്ക് വഹിക്കുന്നു. അവയ്ക്ക് ഇക്കാര്യത്തിൽ കഴിയുന്നത്ര സഹായം നൽകുവാൻ ഗവർമ്മെണ്ട് വകുപ്പുകൾ കടമപ്പെട്ടവയാണ്. യു. എസ്സ്. എസ്സ്. ആർ. ഭരണഘടനയിലും യൂണിയൻ റിപ്പബ്ളിക്കുകളുടെ നിയമസംഹിതകളിലും യു. എസ്സ്. എസ്സ്. ആർ. സുപ്രീം സോവിയററ് മണ്ഡലത്തിന്റെ 1958 ജൂൺ 15–ാംനം-യിലെ വിളംബരത്തിലും മററു നിയമങ്ങളിലും ട്രെയിഡ് യൂണിയനുകളുടെ അവകാശങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. ട്രേയിഡ്യൂണിയൻ പ്രവർത്തനം തടയുന്നവരെ ശിക്ഷിക്കുവാൻ ക്രിമിനൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ട്രെയിഡ്യൂണിയനുകളുടെ 13–ാം സമ്മേളനം 1963 നവമ്പർ 1–ാംനു- അംഗീകരിച്ച വ്യവസ്ഥകളിൽ സോവിയററ് ട്രേയിഡ് യൂണിയനുകളുടെ ഘടനയും അവയുടെ പ്രവർത്തനം സംബന്ധിച്ച നിയമങ്ങളും വിവരിക്കപ്പെട്ടിരിക്കുന്നു. ഏകദേശം എഴു കോടി അംഗങ്ങളുള്ള 22 ട്രേയ്ഡ് യൂണിയനുകൾ സോവിയററ് യൂണിയനിലുണ്ട്. തൊഴിലാളികളും അവരോടു അടുപ്പമുള്ള മററു സ്ഥാപനങ്ങളിലേയും ആപ്പീസ്സുകളിലേയും ജീവനക്കാരും ഒരേ ട്രെയിഡ് യൂണിയനിൽ യോജിച്ച് നില്ക്കണമെന്ന ഉൽപാദനതത്വത്തെ ആധാരമാക്കിയാണ് തൊഴിലാളികളെ സംഘടിപ്പിക്കുന്നതു്. ഓരോ ട്രേയിഡ്യൂണിയനും അതിന്റേതായ നിയമസംഹിതയുണ്ട്. ഈ സംഘടനകളിൽവെച്ച് ഏററവും വലിയ 90 ലക്ഷം മെമ്പർഷിപ്പുള്ള കാർഷികത്തൊഴിലാളി യൂണിയനും കൽക്കരിത്തൊഴിലാളി യൂണിയനുമാണ്.

ജനാധിപത്യ കേന്ദ്രീകരണത്തിന്റെ തത്വങ്ങളനുസരിച്ചാണ് ട്രെയിഡ് യൂണിയനുകൾ പ്രവർത്തിക്കുന്നത്. മുകളിൽനിന്ന് കീഴോട്ടുള്ള എല്ലാ ട്രെയിഡ് യൂണിയൻ സമിതികളും അംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവയും അവരോട് ഉത്തരവാദിത്വപ്പെട്ടവയുമാണ്. ട്രെയിഡ് യൂണിയൻ സംഘടനകളുടെ പ്രവൃത്തിസംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും അവയുടെ നിയമങ്ങളനുസരിച്ചാണ് തീരുമാനിക്കപ്പെടുന്നത്. ഭൂരിപക്ഷവോട്ടനുസരിച്ച് തീരുമാനങ്ങളെടുക്കുന്നു. കീഴ്ഘടകങ്ങൾ മേൽഘടകങ്ങൾക്കു വിധേയമാണ്. സോവിയററ് യൂണിയനിലെ എല്ലാ ട്രെയിഡ്യൂണിയനുകളുടേയും പ്രവൃത്തികളെ നിയന്ത്രിക്കുന്നതും യോജിപ്പിച്ചുകൊണ്ടു പോകുന്നതും ആൾ യൂണിയൻ സെൻട്രൽ കൌൺസിൽ ഓഫ് ട്രെയിഡ് യൂണിയൻസ് (എ. യൂ. സി. സി. ടി. യൂ.) എന്ന കേന്ദ്രസംഘടനയാണ്. സോവിയററ് യൂണിയൻ, പോളണ്ട്, റുമാനിയ, ഹങ്കറി, ചെക്കോസ്ലോവാക്കിയ എന്നീ രാജ്യങ്ങളിലും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിലുമുള്ള ട്രെയിഡ് യൂണിയനുകൾക്ക് വ്യാപകമായ അവകാശങ്ങളാണുള്ളത്. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ട്രെയിഡ് യൂണിയനുകൾ ലോകതൊഴിലാളി ഫെഡറേഷനുമായി യോജിപ്പിക്കപ്പെട്ടവയും ഒരു വർഗ്ഗാടിസ്ഥാനത്തിൽ ലോകസമാധാനം കൈവരുത്തുവാൻവേണ്ടി പ്രവർത്തിക്കുന്നവയുമാണ്. തൊഴിലാളി ഐക്യമെന്ന തത്വമനുസരിച്ച് ഇവ ലോകത്തെങ്ങുമുള്ള തൊഴിലാളികൾ അവരുടെ അധികാരാവകാശങ്ങൾക്കുവേണ്ടി നടത്തുന്ന ന്യായമായ സമരങ്ങളെ പിന്താങ്ങുകയും ചെയ്യുന്നു. ഉദാഹരണത്തിന് സോവിയററ് യൂണിയനിലെ ട്രെയിഡ് യൂണിയനുകളുടെ ചട്ടങ്ങളിൽ, "തങ്ങളുടെ വർഗ്ഗതാല്പര്യങ്ങൾക്കുവേണ്ടി സമരംചെയ്യുന്ന മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളികൾക്ക് സൌഹാർദ്ദപരമായ സഹായം ചെയ്യുകയെന്നതും കോളണികളിലേയും ആശ്രിതരാജ്യങ്ങളിലേയും ജനങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തുന്ന സമരങ്ങളേയും സ്വതന്ത്രമായ വി

20447
43679

കസനത്തിനും സാമ്പത്തികവും ദേശീയ പരമാധികാരപരവുമായ സ്വാതന്ത്ര്യത്തിനുംവേണ്ടി നടത്തുന്ന സമരങ്ങളേയും അനുകൂലിക്കുകയെന്നതും അന്താരാഷ്ട്രീയ കടമയാണെ''ന്നു് പ്രഖ്യാപിച്ചിരിക്കുന്നു. സാമ്പത്തികവും സാംസ്കാരികവുമായ പദ്ധതികൾ നിറവേററുവാനും കൂടുതൽ ഉയൎന്ന ജീവിതത്തോതു നേടുവാനും ജനങ്ങളെ സംഘടിപ്പിക്കുകയെന്ന കാര്യത്തിലാണു് സോഷ്യലിസ്റ്റു് രാജ്യങ്ങളിലെ ട്രെയിഡു് യൂണിയനുകളുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. തൊഴിൽബന്ധങ്ങൾ നിയന്ത്രിക്കുന്നതിൽ അവ ഒരു വലിയ പങ്കു വഹിക്കുന്നു. സോവിയററു് ട്രെയിഡു് യൂണിയനുകളുടെ മുൻകൈ അനുസരിച്ചു് മുമ്പത്തെ തൊഴിലാളികൾക്കു്വേണ്ടിയുള്ള ജനകീയ കമ്മിസ്സാറിയററു് എ. യു. സി. സി. ടി. യു മായി 1933-ൽ യോജിപ്പിക്കുകയും അതിൻെറ പ്രാദേശികാപ്പീസ്സുകൾ ട്രെയിഡു് യൂണിയനുകളിൽ ലയിപ്പിക്കുകയും ചെയ്തു. അതിനുശേഷം തൊഴിലാളി സംരക്ഷണവും സോഷ്യൽ ഇൻഷ്വറൻസ് സംബന്ധിച്ച ചുമതലകളും ട്രെയിഡു് യൂണിയനുകളാണു് വഹിക്കുന്നതു്. കൂലി നൽകുന്നതു് പ്ലാൻ ചെയ്യുവാനും നിശ്ചയിക്കുവാനും പ്രതിഫലസമ്പ്രദായങ്ങൾ ആവിഷ്കരിക്കുവാനും അവ സഹായിക്കുന്നു. നിൎമ്മാണവിഹിതം കണക്കാക്കുവാനും പീസ്സ്റേറയിററു്, ടൈംറേറയിററു് മുതലായ കൂലിസമ്പ്രദായങ്ങൾ ബാധകമാക്കുവാനും അവ തൊഴിലാളികളുടെ സഹായം തേടുന്നു. താഴെ നിലയിലുള്ള ട്രെയിഡു് യൂണിയൻ സംഘടനകൾ സ്ഥാപനങ്ങളിൽ ഉല്പാദനസമ്മേളനങ്ങൾക്കു് നിർദ്ദേശം നൽകുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

ഉല്പാദനപദ്ധതികൾ മുഴമിപ്പിക്കുന്നതു് സംബന്ധിച്ചുള്ള മാനേജ്മെൻറിൻെറ റിപ്പോർട്ടും തൊഴിലാളികളുമൊന്നിച്ചുണ്ടാക്കിയിട്ടുള്ള കരാറുകൾ സംബന്ധിച്ച ബാദ്ധ്യതകളും മററും കേൾക്കുവാനും കുറവുകൾ വല്ലതും ഉണ്ടെങ്കിൽ അവ ഇല്ലാതാക്കണമെന്നാവശ്യപ്പെടുവാനും താഴെ നിലയിലുള്ള ട്രെയിഡു് യൂണിയൻ

സംഘടനകൾക്ക്—ഫാക്ടറിയിലേയും ആപ്പീസ്സിലേയും ട്രെയിഡ് യൂണിയൻ കമ്മററികൾക്ക്—അധികാരമുണ്ട്.

തങ്ങളുടെ മെമ്പർമാരുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി, തൊഴിൽനിയമങ്ങൾ ശരിക്കു പാലിക്കുന്നുണ്ടോ എന്നും അപകടനിവാരണവും ആരോഗ്യസംരക്ഷണവും ശരിയായ വിധത്തിൽ മതിയായ തോതിൽ നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്നും ഈ കമ്മററികൾ പരിശോധിച്ചുകൊണ്ടിരിക്കും. തൊഴിൽ തക്കങ്ങൾ തീരുമാനിക്കുവാനും കൂട്ടായ ഒത്തുതീർപ്പുകളുണ്ടാക്കുവാനും ഇവയ്ക്കു് അധികാരമുണ്ടു്. പുതിയ വ്യക്ഷോപ്പുകളും മററ ഉല്പാദനസ്ഥാപനങ്ങളുമേപ്പെടുത്തുമ്പോൾ അവ പരിശോധിക്കുവാനും അംഗീകരിക്കുവാനുമായി നിയമിക്കപ്പെടുന്ന ഓരോ കമ്മീഷനിലും ഓരോ ട്രെയിഡ് യൂണിയൻ പ്രതിനിധിയുണ്ടായിരിക്കും. 15 വയസ്സിനും 16 വയസ്സിനും മദ്ധ്യേ പ്രായമുള്ളവരെ ട്രെയിഡ്‌യൂണിയൻ കമ്മററിയുടെ അംഗീകാരത്തോടുകൂടി മാത്രമേ ജോലിക്കെടുക്കുകയുള്ളു. ഉൽപാദനം, തൊഴിൽ, അനുദിനജീവിതം, സംസ്കാരം എന്നീ കാര്യങ്ങൾ സംബന്ധിച്ചുള്ള തങ്ങളുടെ മെമ്പർമാരുടെ താല്പര്യങ്ങൾ ട്രെയിഡ്‌യൂണിയനുകൾ സംരക്ഷിക്കുന്നു. നിയമനിർമ്മാണത്തിൽ മുൻകൈ എടുക്കുവാനും തൊഴിൽ, കൂലി, സോഷ്യൽ ഇൻഷുറൻസ് എന്നിവ സംബന്ധിച്ച കരടുനിയമങ്ങൾ നിയമനിർമ്മാണസമിതികൾക്ക് സമർപ്പിക്കുവാനും അവയ്ക്കു് അധികാരമുണ്ടു്. താനുൾപ്പെടുന്ന ട്രെയിഡ്‌യൂണിയൻ കമ്മററിയുടെ അനുവാദം കൂടാതെ ഒരു തൊഴിലാളിയെ പിരിച്ചുവിടുവാൻ പാടില്ലെന്നു് സോവിയററ് യൂണിയനിൽ നിയമമുണ്ടു്. മാനേജ്മെണ്ടിന്റെ ഇഷ്ടാനുസരണം തൊഴിലാളികളെ അനധികൃതമായി പിരിച്ചുവിടുന്നതിനെതിരായ ഒരുറപ്പാണിതു്. ഇതനുസരിച്ചു് ഏതെങ്കിലും തൊഴിലാളിയെയോ ജോലിക്കാരനേയോ പിരിച്ചുവിടുവാൻ തീരുമാനിക്കുന്നതിനു മുമ്പു് ഒരു വ്യവസായസ്ഥാപനത്തിലേയോ മററൊ മാനേജ്മെൻറ് ബന്ധപ്പെട്ട ട്രെയിഡ്‌യൂണിയൻ കമ്മററിയുടെ അ

നവാരം സമ്പാദിക്കണമെന്നുണ്ട്. ഒരു തൊഴിലാളിയെ പിരിച്ചുവിടുന്നതു സംബന്ധിച്ച് മാനേജ്മെൻറിൽനിന്നു നോട്ടീസ്സ് കിട്ടിയാൽ ട്രെയിഡ്‌യൂണിയൻ യോഗം ചേന്ന് അക്കാര്യം പരിശോധിക്കുകയും തത്സംബന്ധമായ തീരുമാനം എടുക്കുകയും ചെയ്യുന്നു. തൊഴിലാളിയുടെ ജോലിയോഗ്യത, അയാളുടെ കുടുംബത്തിൻെറ സ്ഥിതി മുതലായ കാര്യങ്ങൾ നല്ലവണ്ണം പരിഗണിച്ചിട്ടേ ഒരു തീരുമാനം എടുക്കുകയുള്ളു.

തൊഴിൽസംരക്ഷണം, തൊഴിലാളികൾക്ക് അപകടം നേരിടുന്നതു തടയുവാനുള്ള ഏപ്പാടുകൾ മുതലായവ പരിശോധിക്കുന്നതിന് ട്രെയിഡ് യൂനിയനുകൾക്ക് അവയുടേതായ നിയമപരവും സാങ്കേതികവുമായ പരിശോധകസമിതികളുണ്ട്. ഈ സമിതികളുടെ സേവനം ലഭിക്കുന്ന വ്യവസായസ്ഥാപനങ്ങളിലും മററും ഈ സമിതികൾക്ക് നിർബ്ബാധം പ്രവേശിക്കാവുന്നതാണ്. തൊഴിൽ സംരക്ഷണനിയമങ്ങളോ ആരോഗ്യപാലനനിയമങ്ങളോ മാനേജ്മെൻറ് ലംഘിക്കുന്നതായിക്കണ്ടാൽ, അതിനെ ശാസിക്കുവാനും ലംഘനങ്ങളില്ലാതാക്കുവാനും ഈ സമിതികൾക്കവകാശമുണ്ട്. തൊഴിലാളി സംരക്ഷണവും അപകടങ്ങളൊഴിവാക്കുവാനുള്ള സെഫ്ററി എൻജിനിയറിംഗും വിപുലമാക്കുന്നതിൽ വ്യാപകമായ പ്രവർത്തനമാണ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ട്രെയിഡ്‌യൂണിയനുകൾ നിർവ്വഹിക്കുന്നതു്.

സോവിയററ് യൂണിയനിലും ബൾഗേറിയായിലും സോഷ്യൽ ഇൻഷ്വറൻസിൻെറ ചുമതല വഹിക്കുന്നതു് ട്രെയിഡ് യൂണിയനുകളാണ്. താൽക്കാലികാവശതയ്ക്കുള്ള അലവൻസ്, പെൻഷൻ, മററ് അനുദിനാവശ്യങ്ങൾ എന്നിവകൾക്ക് ചിലവാകുന്ന ഇൻഷ്വറൻസ് സംഭാവനകൾ കൈകാര്യം ചെയ്യുന്നതും ആരോഗ്യകേന്ദ്രങ്ങൾ, ഒഴിവുകാല വിശ്രമകേന്ദ്രങ്ങൾ മുതലായവയിൽ പ്രവേശനം നല്കുന്നതിൻെറ മേൽനോട്ടം വഹിക്കുന്നതും ഇവയാണ്.

സോവിയററ് യൂണിയനിൽ തൊഴിൽബന്ധങ്ങൾ നിയന്ത്രിക്കുന്നതു സംബന്ധിച്ചുള്ള ഏതാനും ചുമതലകൾ നിർവ്വഹിക്കുന്നതു് യു. എസ്സ്. എസ്സ്. ആർ. മന്ത്രിസഭയുടെ സ്റ്റേയിററ് ലേബർ ആൻറ് വെയ്ജസ്സ് കമ്മററി എന്ന സമിതിയാണു്. മന്ത്രികാര്യാലയങ്ങളുടേയും ഡിപ്പാർട്ടുമെണ്ടുകളുടേയും പ്രവർത്തനങ്ങളിന്മേൽ ഗവർമ്മണ്ടു് നിയന്ത്രണം മുറുക്കുകയും തൊഴിലിൻെറയും കൂലിയുടേയും മേഖലകളിലുള്ള ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടിയാണു് ഈ കമ്മററി രൂപീകരിക്കപ്പെട്ടതു്. തൊഴിൽ, കൂലി എന്നിവ സംബന്ധിച്ചുള്ള നിയമവും ഗവർമ്മേണ്ടു് തീരുമാനവും ഈ കമ്മററിയുണ്ടാക്കുന്നു. ഈ കമ്മററിയുടെ കീഴിൽ തൊഴിൽ ഗവേഷണസ്ഥാപനവുമുണ്ടു്. കേന്ദ്രതൊഴിലാളിസംഘടനയായ എ. യു. സി. സി. ടി.യുമായി ഈ കമ്മററി അടുത്ത ബന്ധം പുലർത്തുന്നു. ഏതാദൃശമായ ഒരു കമ്മററി പോളണ്ടിലുമുണ്ടു്. കൂലി സംബന്ധിച്ചുള്ള അതിൻെറ എല്ലാ പ്രവർത്തനങ്ങളും കേന്ദ്ര ട്രേയിഡ്സ് യൂണിയൻ കൌൺസിലിൻെറ പ്രവർത്തനങ്ങളുമായി യോജിപ്പിച്ചു കൊണ്ടുപോകുന്നു. ചെക്കോസ്ലാവാക്കിയയിലെ ഗവർമ്മെണ്ടു്, കൂലിത്തോതുകൾ നിശ്ചയിക്കുന്നതു് അവിടത്തെ കേന്ദ്ര ട്രേയിഡ്സ് യൂണിയൻ കൌൺസിലിൻെറയോ ബന്ധപ്പെട്ട ട്രേയിഡ്സ് യൂണിയൻ കേന്ദ്രക്കമ്മററിയുടേയോ സമ്മതത്തോടുകൂടിയാണു്.

പെൻഷൻ കമ്മീഷൻ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും സോഷ്യൽ ഇൻഷൂറൻസ് സമിതികളുടെ പ്രവർത്തനം പരിശോധിക്കുകയും ചെയ്യുകയെന്നതാണു് ട്രേയിഡ്സ് യൂണിയൻ പ്രവർത്തനത്തിൻെറ മുഖ്യമായ ഒരു ഭാഗം.

ആദ്യം ചൂണ്ടിക്കാണിച്ചതുപോലെ, സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ട്രേയിഡ്സ് യൂണിയനുകൾ തൊഴിൽബന്ധങ്ങൾ നിയന്ത്രിക്കുന്നതിൽ പ്രവർത്തനക്ഷമമാണു്. ഉദാഹരണത്തിനു്, ക

മ്യൂണിസത്തിന്റെ ഭൗതികവും സാങ്കേതികവുമായ അടിസ്ഥാനം നിർമ്മിക്കുകയെന്ന സുപ്രധാനമായ കടമ നിർവ്വഹിക്കുന്നതിനും രാജ്യത്തിന്റെ സാമ്പത്തികവും ദേശരക്ഷാപരവുമായ കഴിവു് ശക്തിപ്പെടുത്തുകയും ജീവിതത്തോതും സാംസ്കാരികനിലവാരവും കൂടുതൽ ഉയർത്തുകയും ചെയ്യുന്നതിനും ജനങ്ങളെ സംഘടിപ്പിക്കുകയെന്നതാണു് ട്രെയിഡ് യൂണിയനുകളുടെ പ്രധാന ചുമതലയെന്നു് യു. എസ്സ്. എസ്സ്. ആറിലെ ട്രെയിഡ് യൂണിയൻ നിയമങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ കടമകൾ നിർവ്വഹിക്കുന്നതിനു്, കാലംകൊണ്ടു് പരീക്ഷിച്ചറിഞ്ഞ, പ്രേരണയെന്ന മാർഗ്ഗത്തെ സമാശ്രയിച്ചാണു് ട്രെയിഡ് യൂണിയനുകൾ പ്രവർത്തിക്കുന്നതു്.

സോവിയററു് യൂണിയനിലെ ട്രെയിഡ് യൂണിയനുകൾ രണ്ടായിരത്തിൽപരം ആരോഗ്യ–ഒഴിവുകാല വിശ്രമകേന്ദ്രങ്ങൾ നടത്തുന്നുണ്ടു്. ഇവ 1964ൽ മാത്രമായി അറുപതുലക്ഷം ജനങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കുകയുണ്ടായി.

## IV കൂട്ടുകരാറുകൾ

എല്ലാ വ്യവസായസ്ഥാപനങ്ങളിലും നിർമ്മാണസംരംഭങ്ങളിലും ഗവർമ്മെണ്ടു് കൃഷിക്കളങ്ങളിലും ഗവർമ്മെണ്ടു് ഉടമയിലും മററു സ്ഥാപനങ്ങളിലുമുള്ള മാനേജ്മെൻറുകളും തൊഴിലാളികളും തമ്മിൽ കൂട്ടായ കരാറുകൾ ഉണ്ടാക്കാറുണ്ടു്. ഈ കരാറുകളിൽ തൊഴിലാളികളെ പ്രതിനിധീകരിച്ചുകൊണ്ടു് ട്രെയിഡ് യൂണിയനും മാനേജ്മെൻറും ഒപ്പിടുന്നു. ഓരോ കൂട്ടരുടെയും ബാദ്ധ്യതകളും ചുമതലകളും ഈ കരാറുകളിൽ വിവരിച്ചിരിക്കും. മാനേജ്മെൻറും ഫാക്ടറി ട്രെയിഡ് യൂണിയൻ കമ്മററിയുംകൂടി ഒരു കരടുകരാർ ഉണ്ടാക്കുകയും പിന്നീടതു് ഉദ്യോഗസ്ഥന്മാരുടെ യോഗത്തിൽ ആലോചിക്കപ്പെടുകയും അതിൽവെച്ചു് ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ നിർദ്ദേശിക്കപ്പെടുകയും ചെയ്യുകയെന്നതാണു് സാധാരണ അംഗീകരിച്ചുവരുന്ന നടവഴിസമ്പ്രദായം.

കരാറിന് അവസാനരൂപം നല്കുമ്പോഠം നിർദ്ദിഷ്ടമായ ഭേദഗതികളും മാററങ്ങളും പരിഗണിക്കപ്പെടുന്നതാണ്. അതിനുശേഷം കരാറിൽ മാനേജ്മെൻറും ട്രെയിഡ് യൂണിയനും ഒപ്പിടുന്നു. ഈ കരാറുകളെ എല്ലാം ഉദ്യോഗസ്ഥന്മാരും എല്ലാം വശങ്ങളിൽ ക്കൂടിയും പരിശോധിക്കുകയും തങ്ങളുടെ ഏകകണ്ഠമായ അംഗീകാരം രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ കരാറുകളിൽ സാധാരണമായി എല്ലാറരുള്ള ബാദ്ധ്യതകളും ചുമതലകളും ഇവയാണ്:

എ) ഉൽപാദനലക്ഷ്യങ്ങഠം നിറവേററുകയും ലക്ഷ്യം കവച്ചുവെക്കുകയും ചെയ്യുക; തൊഴിൽസംഘടന നന്നാക്കുക; തൊഴിലാളികളുടെ ഉൽപാദനക്ഷമത വദ്ധിപ്പിക്കുക.

ബി) സോഷ്യലിസ്റ്റ് അനുകരണ മത്സരങ്ങളെ പ്രോത്സാഹിപ്പിക്കുകയും, തൊഴിൽസംബന്ധിച്ച് നൂതനമായ സാങ്കേതികമാർഗ്ഗങ്ങഠം നടപ്പിൽ വരുത്തുകയും ചെയ്യുക.

സി) ജോലിയുടെ മേന്മ കണക്കാക്കുകയും കൂലിസമ്പ്രദായങ്ങഠം ശരിക്ക് നടപ്പിലാക്കുകയും ചെയ്യുന്നതു് പരിഷ്ക്കരിക്കുക.

ഡി) തൊഴിൽ അച്ചടക്കം ശക്തിപ്പെടുത്തുകയും, തൊഴിലാളികളുടെ വൈദഗ്ദ്ധ്യം പുരോഗമിപ്പിക്കുകയും ചെയ്യുക.

ഇ) തൊഴിലാളിസംരക്ഷണം വദ്ധിപ്പിക്കുകയും കഴിയുന്നത്ര നല്ല ജോലിസൌകര്യങ്ങഠം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക.

എഫ്) തൊഴിലാളികഠക്ക് പാപ്പിടസൌകര്യങ്ങഠം നൽകുവാനുള്ള മാനേജ്മെൻറിൻെറ കടമ. (ഏതു വീടുകഠം നിർമ്മിക്കണമെന്നും ഏതു കാലത്തിനകം അവ പൂർത്തിയാക്കപ്പെടുമെന്നും നിർദ്ദേശിച്ചിട്ടുണ്ടായിരിക്കും. തൊഴിലാളികളുടെ വസതികഠം പരിഷ്ക്കരിക്കുവാനുള്ള നടപടികഠം വിവരിക്കപ്പെടുകയും സ്വന്തം വീടുണ്ടാക്കുന്നവക്കുള്ള ധനസഹായം നിശ്ചയിക്കപ്പെടുകയും ചെയ്തിട്ടുണ്ടാകും)

ജി) ജോലിസ്ഥലത്തുള്ള ആഹാരവിതരണ സൌകര്യങ്ങൾ നന്നാക്കുകയും കൂട്ടായും ഒററയ്ക്കും പച്ചക്കറികളും പഴങ്ങളും കൃഷി ചെയ്യുന്നതു് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

എച്ച്) ഉദ്യോഗസ്ഥന്മാരുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ നിലവാരവും സാങ്കേതിക യോഗ്യതകളും സാംസ്കാരികസ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കഴിവുകളും ഉയർത്തുകയും ക്ലബ്ബുകൾ, കളിസ്ഥലങ്ങൾ, സ്റ്റേഡിയങ്ങൾ മുതലായവ നിർമ്മിക്കുകയും നന്നാക്കുകയും ചെയ്യുക.

സോഷ്യലിസ്റ്റ് അനുകരണം സംബന്ധിച്ചുള്ള വ്യവസ്ഥ കൂട്ടുകരാറിലെ സുപ്രധാനമായ ഒരു ഭാഗമാണ്. ജനങ്ങളുടെ മുൻകൈ, കൂട്ടായ പ്രവർത്തനം, സൌഹാർദ്ദപരമായ പരസ്പര സഹായം, ജോലിചെയ്യുന്നതോടുകൂടിയുള്ള പരസ്പരവിജ്ഞാന സമ്പാദനം, എന്നിവയ്ക്കു് നൽകുന്ന പ്രോത്സാഹനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെയും തൊഴിലാളി വിദ്യാഭ്യാസത്തിന്റെയും ഒരു മാർഗ്ഗമാണ് സോഷ്യലിസ്റ്റ് അനുകരണവും സോഷ്യലിസ്റ്റ് മത്സരവും. ഇങ്ങിനെയുള്ള അനുകരണ–മത്സരപ്രവർത്തനങ്ങളിൽ തൊഴിലാളി സംഘങ്ങളും വിഭാഗങ്ങളും വകുപ്പുകളും വ്യക്തികളും പങ്കെടുക്കുന്നു. ഈ പങ്കെടുക്കൽ സ്വമേധയാലുള്ളതും പങ്കെടുക്കുന്നവർ തമ്മിലുള്ള ബന്ധം നിയന്ത്രിക്കപ്പെടുന്നതു് സോഷ്യലിസ്റ്റ് ധാർമ്മികത്വത്തിന്റെ നിലവാരം അനുസരിച്ചുമാണ്.

സോഷ്യലിസ്റ്റ് മത്സരം വികസിപ്പിക്കുവാനും പുരോഗമനപരമായ ജോലിസമ്പ്രദായങ്ങൾ പഠിപ്പിക്കുവാനും അവ നടപ്പിൽ വരുത്തുവാനുമുള്ള മാർഗ്ഗങ്ങൾ കൂട്ടായ കരാറുകളിൽ വിവരിക്കപ്പെടുന്നു. മത്സരപതാകകളും റൊക്കം സമ്മാനങ്ങളും ഏർപ്പെടുത്തികൊണ്ടു് മാനേജ്മെന്റും ട്രെയിഡ് യൂണിയൻ കമ്മററിയും തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നു.

1917–30 കാലഘട്ടത്തിൽ സോവിയററ് യൂണിയനിൽ ഉണ്ടാക്കിട്ടുള്ള കൂട്ടായ കരാറുകൾ, കൂലിയും ജോലിസൌകര്യങ്ങളും നൽകുന്നതിനുള്ള ബാദ്ധ്യതകൾക്ക് വകയിരുത്തിട്ടുണ്ട്. തൊഴിൽ നിയമനിർമ്മാണം വഴിയോ ഉയർന്ന സാമ്പത്തിക–ട്രെയിഡ് യൂണിയൻ സമിതികൾവഴിയോ നിശ്ചയിക്കപ്പെടാത്ത കാര്യങ്ങളിൽ മാത്രമെ കൂട്ടുകരാറുകൾ ഇന്നു കൂലിത്തോതുകൾ നിർണ്ണയിക്കുന്നുള്ളു.

ഒരുകൊല്ലക്കാലത്തേയ്ക്കുണ്ടാക്കുന്ന കൂട്ടുകരാറുകൾ രേഖാമൂലമുള്ളവയാണ്. ഉയർന്ന ഒരു ട്രെയിഡ്യൂണിയനിലും മാനേജ്മെൻറ് സമിതിയിലും ഈ കരാറുകൾ റജിസ്റ്റർ ചെയ്യപ്പെടുന്നു. യു. എസ്സ്. എസ്സ്. ആറിൽ ഇവ റജിസ്റ്റർ ചെയ്യപ്പെടുന്നതു് പ്രാദേശിക ട്രെയിഡ്യൂണിയൻ കമ്മിററിയിലും ഇക്കണോമിക്ക് (സാമ്പത്തിക) കൌൺസിലിലുമാണ്.

ഒരു കൂട്ടുകരാർ സംബന്ധിച്ച കൂടിയാലോചനകളിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാറുള്ളതു് റജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾ അവഗണിക്കാറാണ് പതിവ്. ഒരു കൂട്ടുകരാർ റജിസ്റ്റർ ചെയ്യപ്പെട്ട ദിവസംമുതല്ക്കോ അല്ലെങ്കിൽ കരാറിൽ വ്യവസ്ഥചെയ്തിട്ടുള്ള ദിവസം മുതല്ക്കോ അതു് പ്രാബല്യത്തിൽ വരുന്നതാണ്. പ്രാബല്യത്തിൽ വന്നതിനുശേഷം അതു് പ്രസിദ്ധീകരിച്ചു് ജോലിക്കാർക്കിടയിൽ വിതരണം ചെയ്യുവാനും എല്ലാവർക്കും കാണുവാൻ കഴിയുമാറ് ഒരിടത്തു് പ്രദർശിപ്പിക്കുവാനും മാനേജ്മെൻറ് ബാദ്ധ്യസ്ഥമാണ്.

കരാർ നടപ്പാക്കുന്ന കാര്യം ട്രെയിഡ് യൂണിയൻ കമ്മററിയും മാനേജ്മെൻറും ഒന്നിച്ചു് പരിശോധിക്കുന്നു. ഈ പരിശോധനാഫലം ഉദ്യോഗസ്ഥന്മാരുടെ കൌൺസിലിനെ അറിയിക്കുന്നതും കരാർ മുഴുവനുമായി നടപ്പിലാക്കുവാനുള്ള നടവടികൾ സ്വീകരിക്കുന്നതുമാണ്.

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ (ഉദാ: യു എസ്സ്. എസ്സ്. ആറിലെ തൊഴിൽ നിയമവ്യവസ്ഥകളിലെ 20–ാംഖണ്ഡിക)

ട്രെയിഡ് യൂണിയനുകളം, കൂട്ടുകരാറുകാരുകൾ ഭൗതിക വിധേയത്വം വഹിക്കുന്നില്ലെന്നാണ് നിയമം.

## V തൊഴിൽക്കരാർ (ജോലിക്കെടുക്കൽ, മററു തൊഴിലിലേയ്ക്കു മാററൽ, പിരിച്ചുവിടൽ)

ഒരു പൌരൻ ജോലിയിൽ പ്രവേശിക്കുമ്പോഴാണ് നിലവിലുള്ള തൊഴിൽനിയമം അയാൾക്ക് ബാധകമാക്കപ്പെടുന്നതു്. ജോലി ലഭിക്കുന്നതിനുമുമ്പ് ജോലി ചെയ്യുവാനുള്ള അവകാശം മാത്രമേ അയാളനുഭവിക്കുന്നുള്ളു. അതായതു് ജോലി ലഭിക്കുവാനും അതിൻെറ അളവും ഗുണവുമനുസരിച്ച് പ്രതിഫലം ലഭിക്കുവാനുമെന്നർത്ഥം. ജോലി സ്വീകരിക്കുകയെന്ന നടവടിമൂലം അയാളുടെ ജോലി മുഴമിപ്പിക്കുകയെന്ന കടമകൂടി ഉൾക്കൊള്ളുന്ന വ്യക്തമായ ചുമതല അയാൾ ഏറെറടുക്കുന്നു. അതെയവസരത്തിൽത്തന്നെ കുറെ അവകാശങ്ങളും അയാൾ സമ്പാദിക്കുന്നു. ആ പൌരനെ ജോലിക്കെടുക്കുന്ന സ്ഥാപനത്തിനും അതുപോലെ വ്യക്തമായ അവകാശങ്ങളും കടമകളുമുണ്ടു്. അങ്ങിനെ യോജിപ്പിൻെറതായ ബന്ധങ്ങൾ ഉത്ഭവിക്കുകയും തൊഴിൽക്കരാർ ഉണ്ടാക്കുകയും ചെയ്യുന്നു.

എന്താണ് ഒരു തൊഴിൽക്കരാർ? അതു് തൊഴിലാളിയും ഒരു സ്ഥാപനവും തമ്മിലുണ്ടാക്കുന്ന കരാറാണ്. ഈ കരാറനുസരിച്ച് ഒരു പ്രത്യേക ജോലിചെയ്യാമെന്നു് തൊഴിലാളിയും അയാൾക്ക് പ്രതിഫലം കൊടുക്കുകയും തൊഴിൽനിയമത്തിലും സ്ഥാപനത്തിൻെറ ചട്ടങ്ങളിലും കൂട്ടുകരാറിലും മററും പറയുന്നതനുസരിച്ച് തൊഴിൽസൌകര്യങ്ങൾ നല്കുകയും ചെയ്യാമെന്നു് സ്ഥാപനവും ഏല്ക്കുന്നു.

ഒരു തൊഴിൽക്കരാറിലെ വ്യവസ്ഥകൾ, ഒരു പൊതുനിയമമെന്നനിലയിൽ, രണ്ടു കക്ഷികളുംകൂടിയുണ്ടാക്കുന്ന കരാറിൽ വ്യക്തമാക്കിട്ടുണ്ടാകും. തൊഴിൽനിയമത്തിലെയും കൂട്ടുകരാറിലെയും സ്ഥാപനത്തിൻെറ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് നിര

ക്കാത്ത കൂട്ടകരാർ വ്യവസ്ഥകൾ അസാധുവാക്കപ്പെടുമെന്നു് സോഷ്യലിസ്റ്റ് തൊഴിൽ നിയമത്തിൽ വ്യവസ്ഥയുണ്ടു്.

സോഷ്യലിസ്റ്റ് തൊഴിൽക്കരാർ സ്വതന്ത്രമായ ഇച്ഛയിൽ നിന്നും തീരുമാനത്തിൽനിന്നും ഉത്ഭവിക്കുന്ന ഒന്നാണു്. അതിന്റെ ഉള്ളടക്കവും വ്യവസ്ഥകളും അതിൽ ഒപ്പിടുന്നവരുടെ തീരുമാനത്തെയോ ആഗ്രഹത്തെയോ ആണു് പ്രതിഫലിപ്പിക്കുന്നതു്.

ഒരു തൊഴിൽക്കരാറിൽ ഒപ്പിടണമെങ്കിൽ അതിലൊപ്പിടുന്ന കക്ഷികൾക്കു് തൊഴിൽ സംബന്ധിച്ച നിയമപരമായ യോഗ്യതയും കഴിവും ഉണ്ടായിരിക്കണം. ജോലി ചെയ്യുവാനുള്ള പ്രായം ആകുമ്പോഴേ പൌരന്മാർ അങ്ങിനെയുള്ള യോഗ്യതയും കഴിവും ആർജ്ജിക്കുന്നുള്ളു. സോവിയററു് യൂണിയനിൽ തൊഴിൽ ചെയ്യുവാനും തൊഴിൽക്കരാറിൽ ഏർപ്പെടുവാനും പൌരന്മാൎക്കു നിയമപരമായ യോഗ്യത സിദ്ധിക്കുന്നതു് പതിനാറു വയസ്സാകുമ്പോഴാണു്. അതിനുശേഷമവർ പൂൎണ്ണമായ അവകാശങ്ങൾ അനുഭവിക്കുകയും കരാറനുസരിച്ചുള്ള ഉത്തരവാദിത്വങ്ങൾ വഹിക്കുകയും ചെയ്യുന്നു. ചില സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ചെറുപ്പക്കാൎക്കു് 14-ാംവയസ്സിൽ ജോലിയിൽ പ്രവേശിക്കാം. (ഹങ്കറിയിലും ചെക്കോസ്ലോവാക്കിയയിലും.) മററു ചിലേടങ്ങളിൽ 15-ാംവയസ്സിലും. (ബൾഗേറിയയിൽ)

ജോലിയിൽ പ്രവേശിക്കുവാനുള്ള കുട്ടികളുടെ അവകാശം, അവരുടെ ജോലിക്കു് സംരക്ഷണം നൽകണമെന്ന ഉദ്ദേശത്തോടുകൂടി, നിയന്ത്രിക്കപ്പെട്ടിട്ടുണ്ടു്. ഉദാഹരണത്തിനു് സോവിയററു് യൂണിയനിൽ കുട്ടികൾക്കു് 15-ാംവയസ്സിൽ ജോലിയിൽ ഏർപ്പെടുവാൻ തക്കവണ്ണം ചില ഒഴിവു്കഴിവുകൾ അനുവദിക്കാറുണ്ടു്. 15-നും 16-നും മദ്ധ്യേ വയസ്സുള്ളവരെ ജോലിക്കെടുക്കുന്നതിനു് മുമ്പു് ട്രെയിഡ്യൂണിയന്റെ അംഗീകാരം വാങ്ങിയിരിക്കണം. 18 വയസ്സിനു് താഴെയുള്ളവൎക്കു ചുരുങ്ങിയ ജോലിസമയവും കൂടിയ വാർഷിക ഒഴിവും ലഭിക്കുവാൻ അവകാശമുണ്ടു്. ഒരു തൊഴിൽക്കരാർ എങ്ങിനെയുണ്ടാക്കണമെന്നതി

DISTRIBUTING LIBRARY
No. ...... ......
KOTTAYAM

നെ സംബന്ധിച്ച് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു
തൊഴിൽക്കരാറിന് കീഴിൽ തനിക്ക് എന്തെല്ലാം വ്യവസ്ഥക
ളാണ് നൽകപ്പെട്ടിരിക്കുന്നതെന്ന്, ആ കരാറിൽ ഒപ്പിടുന്നതിനു
മുമ്പായി, തൊഴിലാളി മനസ്സിലാക്കുന്നു. ജോലികൊടുക്കുന്നതി
നുമുമ്പ് ആ തൊഴിലാളിയുടെ പരിചയവും യോഗ്യതയും മാനേ
ജ്മെൻറ് പരിശോധിക്കുന്നു. ജോലിയാവശ്യപ്പെടുന്ന ഒരു പൌ
രൻ തന്റെ തൊഴിൽ പ്രമാണം (Service record) ഹാജരാക്ക
ണം. അതാണയാളുടെ പൂർവ്വപരിചയവും യോഗ്യതയും തെളിയി
ക്കാനുള്ള രേഖ. അയാളുടെ തൊഴിൽ ജീവിതം ആരംഭിച്ച
സ്ഥാപനത്തിൽ നിന്നാണതു് നൽകുക. അതിൽ പേര്, ജനന
ത്തിയതി, വിദ്യാഭ്യാസം, പ്രത്യേക യോഗ്യത മുതലായവ ചേർ
ത്തിരിക്കും. ജോലിവ്യവസ്ഥകൾ സംബന്ധിച്ച് മാനേജ്
മെൻറും തൊഴിലെടുക്കുവാൻ വരുന്ന ആളും തമ്മിൽ യോജിപ്പി
ലെത്തിയാൽ അയാൾ തൊഴിലിനുവേണ്ടിയുള്ള ഹരജി സമർപ്പി
ക്കുകയും അതിന് ശേഷം അയാളെ ജോലികൊടുത്തതായുള്ള
കല്പന മാനേജ്മെൻറ് നൽകുകയും ചെയ്യുന്നു. സോവിയററ്
യൂണിയൻ, ചെക്കൊസ്ലോവാക്കിയ, ഹങ്കറി എന്നീ രാജ്യങ്ങ
ളിൽ സാധാരണഗതിയിൽ തൊഴിൽക്കരാറുണ്ടാക്കുന്നതു് വാക്കാ
ലാണ്. ഒരു ഉദ്യോഗാർത്ഥിക്ക് നൽകുന്ന ജോലിയുടേയും മററു
ബന്ധപ്പെട്ട പ്രശ്നങ്ങളുടേയും സമ്പ്രദായം, ജോലിക്കുവേണ്ടി
സമർപ്പിക്കുന്ന ഹരജിയിലും ജോലിയിൽനിയമിച്ചുകൊണ്ടും കൂലി
നിശ്ചയിച്ചുകൊണ്ടും മാനേജ്മെൻറ് കൊടുക്കുന്ന കല്പനയിലും
ഏററിയക്കുറം ഉറപ്പിച്ചു പറഞ്ഞിട്ടുണ്ടായിരിക്കും. ഒരു തൊഴിൽ
ക്കരാർ ഉണ്ടാക്കിയെന്നുള്ളതിനുള്ള ഉറപ്പാണിതു്. ബൾഗേറി
യായിൽ ഇങ്ങിനെയുള്ള കരാറുകൾ രേഖാമൂലമാണ് ഉണ്ടാക്കു
ന്നതു്. മിക്ക സംഗതികളിലും തൊഴിൽക്കരാറുകൾ അഞ്ചു്,
പത്തു്, ഇരുപതു്, മുപ്പതു് കൊല്ലങ്ങൾക്കും അതിലധികം കാല
ത്തേയ്ക്കും നിലനില്ക്കുന്നവയായിരിക്കും. കാലാന്തരത്തിൽ ഉഭയക
ക്ഷികളുടേയും സമ്മതാനുസരണം തൊഴിൽക്കരാറുകളിൽ ഭേദഗ

തികളും കുട്ടിച്ചേർക്കലുകളും വരുത്താവുന്നതാണ്. ഒരു പ്രത്യേക ജോലി ചെയ്യുന്നതിന് മൂന്നുകൊല്ലത്തിലധികം നീണ്ടുനില്ക്കാത്ത, അല്ലെങ്കിൽ ആ പ്രത്യേക ജോലിചെയ്യുവാൻ ആവശ്യമായ കാലത്തേയ്ക്കുള്ള, തൊഴിൽക്കരാറും ഉണ്ടാക്കാവുന്നതാണ്. ഒരു തൊഴിലാളിയെ സ്ഥിരമായി നിയമിക്കുന്നതിനുമുമ്പ്, ഉഭയകക്ഷികളും തീരുമാനിക്കുന്നതനുസരിച്ച്, അയാറംക്കൊരു പ്രാരംഭ പരിശീലനമൊ പരീക്ഷണമോ എന്ന നിലയിൽ ജോലിചെയ്യാമെന്ന് സോഷ്യലിസ്റ്റ് തൊഴിൽ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഒരാളാവശ്യപ്പെടുന്ന തൊഴിലിൽ അയാറംക്ക് പരിചയവും പ്രാവീണ്യവും ഉണ്ടെന്ന് മാനേജ്മെൻറിനു ബോദ്ധ്യപ്പെടുവാനായിട്ടാണ് ങ്ങനെ ചെയ്യുന്നതു്. സോവിയററ്യൂണിയനിൽ ഈ പരീക്ഷണം—പരിശീലന (Probation) കാലാവധി ഒരു തൊഴിലാളിക്ക് ആറു ദിവസങ്ങളിൽ അധികം വരുവാൻ പാടില്ലെന്നു് വ്യവസ്ഥയുണ്ട്. ആപ്പീസ്സ്ജീവനക്കാരനാണെങ്കിൽ ഈ കാലാവധി പന്ത്രണ്ടുദിവസവും ഉത്തരവാദിത്വമേറിയ മററു ജോലിക്കാരനാണെങ്കിൽ ഇരുപത്തിനാലുദിവസങ്ങളുമാണ്. ബംഗേറിയായിൽ ഈ കാലാവധി വിദഗ്ദ്ധത്തൊഴിലാളിക്കും ആപ്പീസ്സ് ജീവനക്കാരശം 30 ദിവസങ്ങളും മററു സാധാരണ തൊഴിലാളിക്ക് 15 ദിവസങ്ങളുമാണ്. തന്നെ ഏൽപ്പിച്ച ജോലി മുഴമിപ്പിക്കുവാൻ ഒരു തൊഴിലാളിക്ക് പ്രൊബെഷൻ കാലഘട്ടത്തിൽ കഴിയാത്തപക്ഷം തൊഴിൽക്കരാർ റദ്ദാക്കപ്പെടുന്നതാണ്. പ്രൊബെഷൻ കാലം അവസാനിക്കുകയും തൊഴിലാളി ജോലിയിൽ തുടരുകയും ചെയ്യുന്നപക്ഷം അയാറം പ്രൊബെഷൻകാലം പാസ്സായതായി കണക്കാക്കാം. പൊതുതൊഴിൽ നിയമമനുസരിച്ചുമാത്രമേ പിന്നീടു അയാളെ ഒഴിവാക്കുവാൻ പാടുള്ളു.

## തൊഴിൽക്കരാറിൻെറ ഉള്ളടക്കം

ഒരു തൊഴിൽക്കരാറിൽ ഒപ്പിടുന്നവരുടെ അവകാശങ്ങളും അവരേറെറടുക്കുന്ന ചുമതലകളും ഉറംക്കൊള്ളുന്നതാണ് ആ തൊ

ഴിൽക്കരാർ. ജോലിസ്ഥലം, ജോലി, കൂലി എന്നിവ സംബന്ധിച്ചുള്ള പ്രധാന വ്യവസ്ഥകളാണ് തൊഴിൽക്കരാറിൻെറ ഉള്ളടക്കം. കരാറിൽ ഒപ്പിടുന്നവരുടെ പല അവകാശങ്ങളും ചുമതലകളും, ഒരു നിയമമെന്നനിലയിൽ, ആ കരാറിൽ പ്രസ്താവിക്കാതെ പോകുന്നില്ല. നിലവിലുള്ള നിയമങ്ങളിൽനിന്ന് നേരിട്ടുണ്ടാകുന്ന, ജോലിദിവസം, ഒഴിവുസമയം എന്നിവയുടെ ദൈർഘ്യം, ഭക്ഷണത്തിനും മററുമുള്ള ഒഴിവുസമയം മുതലായവ സംബന്ധിച്ചുള്ള, വ്യവസ്ഥകളും ഈ കരാറുകളിൽ പ്രതിപാദിക്കപ്പെടുന്നു. അങ്ങിനെ അവകാശങ്ങൾ, ചുമതലകൾ എന്നിവയുടെ വിസ്തൃതമായ ഒരു മണ്ഡലത്തെയാണ് തൊഴിൽക്കരാർ ഉൾക്കൊള്ളുന്നതു്. ഒരു തൊഴിലാളിയുടെ ഏററവും പ്രധാനപ്പെട്ട ചുമതല അയാളുടെ ജോലിസമയത്തിനു മുഴുമിപ്പിക്കുകയും മാനേജ്മെൻറിൻെറ ചുമതല ജോലിക്കുള്ള സാധാരണമായ സൌകര്യങ്ങൾ ഉണ്ടാക്കുകയുമാണ്. വിവിധങ്ങളായ പ്രത്യേകതകളും യോഗ്യതകളുമുള്ള ജോലിക്കാരുടെ വ്യക്തിനിഷ്ഠമായ പ്രവർത്തനക്രമങ്ങളെ ഓരോ വ്യവസായസ്ഥാപനവും സാങ്കേതികമായി തരംതിരിക്കുന്നു. ഓരോ ജോലിക്കും ഓരോ ഉദ്യോഗത്തിനും അതിൻേറതായ സവിശേഷതകളുണ്ട്. അതനുസരിച്ച് ഓരോ ജോലിക്കും അതിൻേറതായ യോഗ്യതയുമുണ്ട്. തൊഴിൽക്കരാറിൽ ഇതു് നിയമപരമായി വിവരിച്ചിരിക്കും.

ഇതിൻെറ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിയോട്, അയാളെ ഏതു പ്രത്യേകതയുടെ പേരിൽ നിയമിച്ചുവൊ അതിൽ കവിഞ്ഞ ചുമതല നിർവ്വഹിക്കണമെന്ന് അനുശാസിക്കുവാൻ ഒരു സ്ഥാപനത്തിലെ മാനേജ്മെൻറിന് പാടില്ലെന്ന് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ തൊഴിൽനിയമം വ്യവസ്ഥചെയ്തിരിക്കുന്നു. തന്നെയുമല്ലാ, പ്രത്യക്ഷത്തിൽ തൻെറ ജീവന്നപായകരമായ, ഒരു തൊഴിൽനിയമത്തിന് നിരക്കാത്ത, ഒരു ജോലി ഒരു തൊഴിലാളി ചെയ്യണമെന്ന് മാനേജ്മെൻറിന് ആവശ്യപ്പെടുവാനും പാടില്ല. ഇതിൽനിന്ന് മറെറാരു നിയമം ഉത്ഭവിക്കുന്നു.

അതായതു് ഒരു തൊഴിലാളിയെ അയാളുടെ സമ്മതംകൂടാതെ വേറെയൊരു ഏർപ്പാടിലേയ്ക്കോ സ്ഥലത്തേയ്ക്കോ മാററുവാൻ പാടില്ലെന്നു്. മാററുവാനുള്ള സമ്മതം തൊഴിലാളി നൽകാതിരിക്കുകയും മാററം നടത്തണമെന്നു് മാനേജ്മെൻറു് നിർബ്ബന്ധിക്കുകയുമാണെങ്കിൽ തൊഴിൽക്കരാറിൽ ഒപ്പിട്ടവരിൽ ആരെക്കെങ്കിലും ആ കരാർ റദ്ദാക്കാവുന്നതാണു്. ഈ പൊതുനിയമത്തിനു രണ്ടു് ഒഴിവുകഴിവുകളുണ്ടു്. ഉൽപാദനവർദ്ധനവിനാവശ്യമാണെങ്കിൽ മാനേജ്മെൻറിനു് തൊഴിലാളികളെ താല്ക്കാലികമായി മാററാമെന്നുള്ളതാണു് ഒന്നു്. തൊഴിലാളികളുടെ പ്രത്യേകതകൾക്കനുസരിച്ച ജോലി ഒരു സ്ഥലത്തില്ലെങ്കിൽ മാനേജ്മെൻറിനു് അവരെ മററു സ്ഥലത്തേയ്ക്കു് താല്ക്കാലികമായി മാററാമെന്നുള്ളതാണു് രണ്ടാമത്തേതു്. രണ്ടു സംഗതികളിലും ഈ മാററം ഒരു മാസത്തിൽക്കവിയുന്ന കാലത്തേയ്ക്കാകരുതെന്നുണ്ടു്. താഴെപ്പറയുന്നവിധത്തിൽ പ്രതിഫലപ്രശ്നം തീരുമാനിക്കപ്പെടുന്നു. താല്ക്കാലിക ജോലി കുറഞ്ഞ കൂലിയുടേതാണെങ്കിൽ മാററപ്പെട്ട തൊഴിലാളിക്കു് ശരാശരി കൂലി തുടർന്നു ലഭിക്കുന്നതായിരിക്കും. രണ്ടു സംഗതികളിലുമുള്ള മാററം തൊഴിലാളികൾക്കു് നിർബ്ബന്ധമാണു്. മതിയായകാരണം കൂടാതെ മാററത്തെ നിരാകരിക്കുന്നതു് അച്ചടക്കലംഘനമായി പരിഗണിക്കപ്പെടും. മററെല്ലാ സംഗതികളിലും തൊഴിലാളികളെ മാററുന്നതു് അവരുടെ സമ്മതമനുസരിച്ചായിരിക്കണം. സ്ഥിരം ഉദ്യോഗസ്ഥന്മാരുണ്ടാവുകയെന്നതും തൊഴിൽപരമായ അസ്ഥിരതകൾ കഴിയുന്നത്ര കുറയ്ക്കുകയെന്നതും സോഷ്യലിസ്റ്റു് വ്യവസായങ്ങളുടേയും മററു സ്ഥാപനങ്ങളുടേയും താല്പര്യങ്ങൾക്കാവശ്യമാണു്. ഒരേ സ്ഥലത്തുതന്നെ ദീർഘകാലം ജോലിചെയ്യുന്നതുകൊണ്ടു് ഒരു തൊഴിലാളി അയാളുടെ യോഗ്യത അനുക്രമമായി വർദ്ധിപ്പിക്കുന്നു. നീണ്ടകാലം ജോലി ചെയ്തവരെ ഗവണ്മെണ്ടും ട്രെയിഡ്യൂണിയനുകളും ബഹുമാനിക്കുകയും അവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു. കീർത്തിമുദ്രകളും പ്രമാണങ്ങളും നൽകി അവരെ

ബഹുമാനിക്കുന്നു. പ്രായമാകുമ്പോഠം അവക്കു ശരാശരി പെൻഷനേക്കാഠം ഉയന്ന പെൻഷൻ അനുവദിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും പല കാരണങ്ങഠംകൊണ്ടും മാനേജ്മെൻറാ തൊഴിലാളിയോ തൊഴിൽക്കരാർ അവസാനിപ്പിക്കാറുണ്ടു്. തൊഴിൽക്കരാറവസാനിപ്പിക്കുകയെന്നതിൻെറ അത്ഥം അതിനുള്ള നിയമപ്രാബല്യം ഇല്ലാതാക്കുകയെന്നുള്ളതാണ്. ഒരു തൊഴിൽക്കരാർ അവസാനിപ്പിച്ചശേഷം ബന്ധപ്പെട്ട തൊഴിലാളിക്കു് വേറെയൊരു ജോലി സ്വീകരിക്കുകയും മാനേജ്മെൻറിനു് വേറെയൊരാളെ നിയമിച്ചുകൊണ്ടു് ഒഴിവ് നികത്തുകയും ചെയ്യാം.

പരസ്പരസമ്മതത്തോടുകൂടി ഏതവസരത്തിലും തൊഴിൽക്കരാർ അവസാനിപ്പിക്കാമെങ്കിലും ഏകപക്ഷീയമായ അവസാനിപ്പിക്കൽ നിയമംമൂലം നിയന്ത്രിച്ചിരിക്കുന്നു. മാനേജ്മെൻറിനു് ഒരു തൊഴിലാളിയെ എപ്പോഠം എന്തു കാരണത്താൽ പിരിച്ചുവിടാമെന്നും നിയമത്തിൽ വ്യവസ്ഥയുണ്ടു്. തൊഴിലാളികളുടേയും സോഷ്യലിസ്റ്റ് സംരംഭങ്ങളുടേയും താല്പര്യങ്ങഠം തൊഴിൽനിയമം ഒരുപോലെ സംരക്ഷിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ യാതൊരാളെയും അയാളുടെ ജോലിസ്ഥലത്തുനിന്നു് മതിയായ കാരണംകൂടാതെ പിരിച്ചുവിടുവാൻ പാടില്ല. ഉദാഹരണത്തിനു് ഒരു തൊഴിൽക്കരാർ താഴെ പറയുന്ന വിധത്തിൽ അവസാനിപ്പിക്കാമെന്നു് ആർ. എസ്സ്. എഫ്. എസ്സ്. ആർ. തൊഴിൽനിയമസംഹിതയിലെ 44-ാംഖണ്ഡികയിൽ പറയുന്നു:

എ) കക്ഷികളുടെ പരസ്പരസമ്മതാനുസരണം. ബി) കരാറിൽ പറയുന്ന കാലാവധിയവസാനിക്കുമ്പോഠം. സി) കരാറിൽ പറയുന്ന പണി അവസാനിക്കുമ്പോഠം. ഡി) ബന്ധപ്പെട്ട മാനേജ്മെൻറാ തൊഴിലാളിയോ കരാറവസാനിപ്പിക്കുവാനുള്ള മുൻകൈ എടുക്കുമ്പോഠം ഒഴിഞ്ഞുപോരൽ മാനേജ്മെൻറിൻെറസമ്മതത്തോടുകൂടിയുള്ളതോ, തൊഴിൽക്കരാറിൻെറ കാലാവധിക്കുശേഷമുള്ളതോ, കരാറിൽ പറയുന്ന ജോലി അവസാനിച്ചതിനു്ശേ

ഷമോ ആണെങ്കിൽ കരാറിലൊപ്പിട്ടവർ തടസ്സമൊന്നും ഉന്നയിക്കുകയില്ല. തന്നെ ഒഴിവാക്കുവാൻ തൊഴിലാളി ആവശ്യപ്പെടുമ്പോഴൊ തൊഴിലാളിയെ പിരിച്ചുവിടുവാൻ മാനേജ്മെൻറ് മുൻകൈ എടുക്കുമ്പോഴൊ ആണ് തർക്കങ്ങൾ സാധാരണ ഉണ്ടാകുന്നതു്. പൌരന്മാരുടെ തൊഴിലവകാശങ്ങൾക്ക് പരിപൂർണ്ണ സംരക്ഷണം നൽകുന്നതിനുവേണ്ടി തൊഴിലാളികളെ ഏതു് പരിതസ്ഥിതികളിൽ പിരിച്ചുവിടാമെന്നു് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ നിയമം വ്യക്തമായും വിശദമായും വിവരിക്കുന്നുണ്ടു്. ഉദാഹരണത്തിനു് ബൾഗേറിയായിൽ ഒരു തൊഴിൽക്കരാർ അവസാനിപ്പിക്കുന്നതിനുള്ള അടിസ്ഥാനം ഇവയാണു്: കക്ഷികളുടെ പരസ്പരയോജിപ്പ്; കരാറിൻെറ കാലാവധി അവസാനിക്കൽ; ഏതു ജോലിക്കുവേണ്ടി കരാറുണ്ടാക്കിയൊ ആ ജോലിയുടെ പൂർത്തീകരണം; ഏതെങ്കിലും കക്ഷിയിൽ നിന്നുള്ള പ്രസ്താവന; സൈന്യസേവനത്തിലേയ്ക്കു് എടുക്കൽ; ട്രെയിഡ് യൂണിയനിൽ നിന്നുള്ള ആവശ്യപ്പെടൽ; ജോലി ചെയ്യുവാൻ സാധിക്കാത്തവിധം തൊഴിലാളിക്കു് സുഖക്കേടുബാധിക്കൽ. ഹങ്കേറിയൻ തൊഴിൽ നിയമമനുസരിച്ചു് നിശ്ചിത ജോലിയവസാനിക്കുമ്പോഴൊ, കരാറിൻെറ കാലാവധി തീരുമ്പോഴൊ, കക്ഷികളുടെ സമ്മതമനുസരിച്ചൊ തൊഴിൽബന്ധങ്ങളവസാനിക്കുന്നു. അനിശ്ചിതകാലത്തേയ്ക്കുണ്ടാക്കുന്ന തൊഴിൽക്കരാറുകൾ 15 ദിവസത്തെ നോട്ടീസ്സ് നൽകിക്കൊണ്ടു് അവസാനിപ്പിക്കുവാൻ മാനേജ്മെൻറുകൾക്കവകാശമുണ്ടു്. സോഷ്യലിസ്റ്റ് തൊഴിൽനിയമമനുസരിച്ചു്, തൊഴിലാളികളാഗ്രഹിക്കുന്നപക്ഷം, അനിശ്ചിതകാലത്തേയ്ക്കുണ്ടാക്കിട്ടുള്ള തൊഴിൽക്കരാർ, രണ്ടാഴ്ച സമയംവെച്ചുകൊണ്ടുള്ള നോട്ടീസ്സ് മുൻകൂർ നൽകിക്കൊണ്ടുമാത്രമേ, അവസാനിപ്പിക്കുവാൻ പാടുള്ളൂ. തൊഴിലാളിയുടെ രാജി സ്വീകരിക്കാതിരിക്കുവാൻ മാനേജ്മെൻറിന്നധികാരമില്ല. രണ്ടാഴ്ചകൾ കഴിഞ്ഞാൽ, ജോലിക്കു് ചെല്ലേണ്ടതായ ആവശ്യം തൊഴിലാളിക്കില്ല. തൊഴിലാളിയുടെ സ്വന്തം ഇഷ്ടമനുസരിച്ചു് അയാളെ

ജോലിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നുവെന്ന് അയാളുടെ സർവ്വീസ്സ് റിക്കാർഡിൽ രേഖപ്പെടുത്തിക്കൊണ്ട്, അത് തൊഴിലാളിക്ക് നൽകുവാൻ മാനേജ്മെൻറ് ബാദ്ധ്യസ്ഥമാണ്. തൊഴിൽക്കരാർ ഒരു പ്രത്യേക കാലത്തേയ്ക്കാണ് ഉണ്ടാക്കീട്ടുള്ളതെങ്കിൽ ബന്ധപ്പെട്ട തൊഴിലാളിയുടെ പിരിഞ്ഞുപോകണമെന്നുള്ള അഭ്യർത്ഥന നിരസിക്കുവാൻ മാനേജ്മെൻറിന്നവകാശമുണ്ട്. എന്നിരുന്നാലും മാനേജ്മെൻറിന്റെ തീരുമാനത്തിന്മേൽ തൊഴിലാളിക്ക്, നിശ്ചിതസമ്പ്രദായമനുസരിച്ച്, അപ്പീൽ പോകാവുന്നതാണ്. തന്നെ ഒഴിവാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് രണ്ടാഴ്ചകൾക്ക് മുമ്പ് തൊഴിലാളി നൽകുന്ന നോട്ടീസ്സിന്റെയും, ഒരു പ്രത്യേക കാലത്തേയ്ക്കുള്ള കരാർപ്രകാരം തൊഴിലാളിയെ നിയമിച്ചിരിക്കുന്നുവെന്നുള്ളതുകൊണ്ട്, അയാളുടെ അഭ്യർത്ഥന നിരാകരിക്കുവാനുള്ള മാനേജ്മെൻറിന്റെ അവകാശത്തിന്റെയും പിന്നിലുള്ള ഉദ്ദേശം, ആ തൊഴിലാളിയെ ഒഴിവാക്കുന്നതുമൂലം, സ്ഥാപനത്തിന് വേറെ ഒരാളെ ലഭിക്കേണ്ട ബുദ്ധിമുട്ട് വന്നുചേരരുതെന്നുള്ളതാണ്. ഇക്കാര്യത്തിൽ തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം സോഷ്യലിസ്റ്റ് സ്ഥാപനങ്ങളുടെ സാധാരണഗതിയിലുള്ള പ്രവർത്തനം നിലനിർത്തണമെന്നും തൊഴിൽനിയമം ഉദ്ദേശിക്കുന്നു. സോവിയററ് യൂണിയനിലും മററ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലും തൊഴിലാളികളെ ലഭിക്കുവാൻ സാധാരണമായി ക്ഷാമം നേരിടാറുണ്ടെന്നും ചുരുങ്ങിയ സമയംകൊണ്ട് ഇടയ്ക്കിടയ്ക്ക് വിദഗ്ദ്ധതൊഴിലാളികളെ പകരത്തിന്ന ലഭിക്കുവാൻ സോഷ്യലിസ്റ്റ് സ്ഥാപനങ്ങൾക്ക് വിഷമമുണ്ടെന്നും ധരിക്കേണ്ടതുണ്ട്.

മാനേജ്മെൻറിന് അതിന്റെ ഇഷ്ടമനുസരിച്ച് ചില പ്രത്യേക കാരണങ്ങളാൽ മാത്രമെ, ഒരു തൊഴിലാളിയെ ഒഴിവാക്കുവാൻ പാടുള്ളുവെന്ന് കർശനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോവിയററ് നിയമമനുസരിച്ചുള്ള ആ കാരണങ്ങൾ ഇവയാണ്;

എ) ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുവാൻ തീരുമാനി ക്കുകയോ സ്ഥാപനം അവസാനിപ്പിക്കുകയൊ ചെയ്യുമ്പോറം. ജോലിക്കാർക്കു രണ്ടാഴ്ചവെച്ചുകൊണ്ടുള്ള നോട്ടീസ്സും വിട്ടുതൽ അലവൻസും നൽകണം. ഒരു സ്ഥാപനം ലിക്വിഡേററു് ചെയ്യപ്പെടുകയാണെങ്കിൽ അതിലെ മുഴുവൻ ജോലിക്കാരും പിരിച്ചുവിടലിനു് വിധേയരാണു്. അങ്ങിനെ സംഭവിക്കുമ്പോറം പിരിച്ചുവിടപ്പെടുന്ന എല്ലാ ജോലിക്കാർക്കും ജോലി നൽകുവാൻ ഉയർന്ന നിലവാരത്തിലുള്ള മാനേജിംഗ്സമിതി ബാദ്ധ്യസ്ഥമാണു്. ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുമ്പോറം രണ്ടോ അതിലധികമൊ ആശ്രിതരുള്ളവർക്കും കുടുംബങ്ങളുടെ ഏകാവലംബമായിട്ടുള്ളവർക്കും അവശരായിത്തീർന്നവരും യുദ്ധകാലയോഗ്യതയുള്ളവരുമായവർക്കും ചെറിയ കുട്ടികളുള്ള അവിവാഹിതസ്ത്രീകറംക്കും പട്ടാളത്തിൽനിന്നു് പിരിഞ്ഞുപോന്നശേഷം ജോലിക്കെടുത്തിട്ടുള്ളവർക്കും ജോലിനല്കുന്നതിൽ മുൻഗണന കാണിക്കുവാൻ മാനേജ്മെൻറു് ബാദ്ധ്യസ്ഥമാണു്. തന്നെയുമല്ലാ പിരിച്ചുവിടപ്പെടുന്നവർക്കു് പുതിയ ജോലി കണ്ടുപിടിക്കുവാനുള്ള നടവടികറം എടുക്കുന്നതിനും മാനേജ്മെൻറു് ചുമതലപ്പെട്ടിരിക്കുന്നു.

ബി) ഉല്പാദനം സംബന്ധിച്ച കാരണങ്ങളാൽ ഒന്നിലധികം മാസക്കാലത്തേയ്ക്കു് ജോലി നിർത്തിവെയ്ക്കൽ.

സി) ചെയ്യുന്ന ജോലിക്കുള്ള പ്രാപ്തിയില്ലായ്മ. ഒരു തൊഴിലാളി ചെയ്യുന്ന ജോലിക്കു് അയാറം പ്രാപ്തനല്ലെന്നു പറയുന്നതിനുള്ള കാരണം അയാളുടെ കഴിവുകേടൊ സാങ്കേതികവിദ്യയുടെ വികസനം മൂലമുണ്ടായ പുതിയ പരിതസ്ഥിതികളെ നേരിടുവാനുള്ള അയോഗ്യതയൊ ആയിരിക്കാം. എന്നാൽ ഇക്കാരണങ്ങളാൽ യാതൊരു തൊഴിലാളിയെയും കുറഃപ്പെടുത്തുവാൻ പാടില്ല.

ഡി) മതിയായ കാരണങ്ങറംകൂടാതെ ജോലിചെയ്യുന്നതിൽ തുടർച്ചയായി പരാജയം വരിക്കൽ. തൊഴിലിൽ തുടർച്ചയായ പരാജയം വരിക്കുന്ന ഒരു തൊഴിലാളിയെ പിരിച്ചുവിടണമെ

ങ്കിൽ ആ പരാജയത്തിന് അയാൾ മാത്രമായിരിക്കണം ഉത്തരവാദി. അതായത് തൻെറ കുററംകൊണ്ടു മാത്രമാണ് അയാൾ പരാജയപ്പെടുന്നതെന്നർത്ഥം. ഇക്കാര്യത്തിൽ അച്ചടക്കമില്ലാത്ത തൊഴിലാളികൾക്കെതിരായി നിയമം നിലകൊള്ളുകയും സമുദായത്തിൻേറയും ഗവർമ്മെണ്ടിൻെറയും താല്പര്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു.

ഇ) ഒരു തൊഴിലാളിയുടെ ജോലിയുമായി നേരിട്ടു ബന്ധമുള്ള ഒരു കുററം ഉത്ഭവിക്കുകയും അതു് കോടതിമൂലം സ്ഥാപിക്കപ്പെടുകയും ചെയ്യുക.

എഫ്) മതിയായ കാരണംകൂടാതെ ഒരു ജോലിദിവസം മുഴുവനും ജോലിയിൽനിന്നു് ഒഴിഞ്ഞുനില്ക്കുക. ഇക്കാര്യത്തിൽ ആ തൊഴിലാളിക്കു് എന്തെങ്കിലും ശിക്ഷനൽകുകയെന്ന മററെന്തെങ്കിലും നടവടി സ്വീകരിക്കുവാനും മാനേജ്മെൻറിനു് നിയമം അനുമതി നൽകുന്നുണ്ടു്.

തൊഴിൽക്കരാർ അവസാനിപ്പിച്ചുകൊണ്ടു് ഒരു തൊഴിലാളിയെ പിരിച്ചുവിടുവാൻ മാനേജ്മെൻറിനു് കഴിവുണ്ടാകുന്ന പ്രധാന കാരണങ്ങളാണു് മേൽപറഞ്ഞവ. മാനേജ്മെൻറിൻെറ മുൻകയ്യനുസരിച്ചുള്ള ഏതു പിരിച്ചുവിടലിനും ബന്ധപ്പെട്ട ട്രെയിഡ് യൂണിയൻെറ സമ്മതം ഉണ്ടായിരിക്കണം. ഒരു തൊഴിലാളിയെ പിരിച്ചുവിടുന്നതു് തൊഴിൽ അച്ചടക്കലംഘനത്തിൻെറ പേരിലാണെങ്കിൽ അയാൾക്കു് പിരിച്ചുവിടൽ അലവൻസു് ലഭിക്കുന്നതല്ല.

ഒരു തൊഴിൽക്കരാറവസാനിക്കുമ്പോൾ അതു സംബന്ധിച്ചുള്ള ട്രെയിഡ്യൂണിയൻ കമ്മററിയുടെ അഭിപ്രായം കൂടി മാനേജ്മെൻറു് കേൾക്കണമെന്നു് പോളണ്ടിലെ തൊഴിൽനിയമം അനുശാസിക്കുന്നു. മുൻകൂട്ടിയുള്ള നോട്ടീസ്കൂടാതെ തൊഴിൽക്കരാറവസാനിപ്പിക്കുന്നതു് ട്രെയിഡ്യൂണിയൻ കമ്മററിയുടെ അഭിപ്രായം അറിഞ്ഞതിനുശേഷമായിരിക്കണം. പോള

ങ്ങളിലും മററ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ഒരു തൊഴിലാളിയെ വാർഷിക ഒഴിവുകാലത്തോ, സുഖക്കേടായിരിക്കുമ്പോഴോ, തിരഞ്ഞെടുപ്പ് സംബന്ധിച്ച ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോഴൊ പിരിച്ചുവിടുവാൻ പാടില്ലെന്നുണ്ട്.

## VI ജോലിസമയവും വിശ്രമ-ഒഴിവ് സമയങ്ങളും.

ഒരു തൊഴിലാളി തൻെറ ചുമതലകൾ നിർവ്വഹിക്കുന്ന നിയമാനുസൃതമായ സമയത്തെയാണ് ജോലിസമയമെന്ന് പറയുന്നത്. എല്ലാം മനുഷ്യനും മനുഷ്യൻെറ ഗുണത്തിനും വേണ്ടിയെന്നുള്ള തത്വം അവിരാമം നടപ്പിലാക്കുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ജോലിസമയത്തിൻെറ ദൈർഘ്യം കുറച്ചുകൊണ്ടുവരികയാണ്. മുതലാളിത്തസമുദായത്തിൽ ജോലിസമയം കഴിയുന്നത്ര വർദ്ധിപ്പിക്കുവാൻ ചൂഷകൻ ഉത്സാഹിക്കുന്നു. കാരണം, അങ്ങിനെ ചെയ്യുന്നതുകൊണ്ട് അയാളുടെ മിച്ചലാഭം വർദ്ധിക്കുകയും അയാൾക്ക് കൂടുതൽ ധനമുണ്ടാക്കുവാൻ സഹായകമാവുകയും ചെയ്യുന്നു. അയാളുടെ ജോലിക്കാർക്ക് എന്തു സംഭവിക്കുന്നുവെന്ന നോട്ടം അയാൾക്കില്ല. അയാൾ പറഞ്ഞയയ്ക്കുവാനാഗ്രഹിക്കുന്ന ജോലിക്കാരൻെറ സ്ഥാനത്ത് പണിയെടുക്കുവാൻ എത്രയോ ആളുകൾ തയ്യാറുണ്ടെന്നും തൻെറ മിച്ചലാഭം വർദ്ധിക്കുമെന്നും അയാൾക്കറിയാം. സ്വന്തം ഭാവിയെക്കരുതിയും ജോലിസമയം കുറയ്ക്കണമെന്നുദ്ദേശിച്ചും തൊഴിലാളികൾതന്നെ പ്രവർത്തിച്ചുവരുന്നുണ്ടെന്നുള്ളതിന് തെളിവാണ്, മുതലാളിത്തത്തിനെതിരായും കുറഞ്ഞ ജോലിസമയത്തിനും കൂടുതൽ നല്ല ജോലിവ്യവസ്ഥകൾക്ക് വേണ്ടിയും, അവർ നടത്തുന്ന സമരങ്ങൾ. ദിവസത്തിൽ എട്ടുമണിക്കൂർ ജോലി എന്നതാണവരുടെ ആവശ്യങ്ങളിലൊന്ന്. ഉറങ്ങുവാനും വിശ്രമിക്കുവാനും ഒഴിവുസമയം ലഭിക്കുവാനും വേണ്ടിയാണ് എട്ടുമണിക്കൂർ ജോലിയെപ്പെടുത്തിട്ടുള്ളത്. ഇതനുസരിച്ച് 24 മണിക്കൂറുകളുള്ള ദിവസത്തെ മൂന്ന്

തുല്യ വിഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. എട്ടുമണിക്കൂർ ജോലിക്കും എട്ടുമണിക്കൂർ വിശ്രമത്തിനും ഒഴിവെടുക്കുന്നതിനു, എട്ടു മണിക്കൂർ ഉറങ്ങുവാനും, സ്വേച്ഛാധികമായ ഈ വിഭജനം സ്വയം സാധൂകരിക്കപ്പെട്ടിട്ടുണ്ട്. ഒരു ദിവസത്തിലും ആഴ്ചയിലും കൊല്ലത്തിലും ഇത്ര മണിക്കൂറുകൾ ജോലിചെയ്യണമെന്ന് സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വ്യവസ്ഥചെയ്യുകയും അതംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവ ഒരുഭാഗത്ത് തൊഴിലാളി സംരക്ഷണത്തിനും തൊഴിലാളികളുടെ വിശ്രമത്തിനും വിനോദത്തിനും വ്യവസ്ഥചെയ്യുകയും മറുഭാഗത്ത് മതിയായത്ര ജോലിചെയ്യുമെന്നുള്ളതിന് ഉറപ്പുനൽകുകയും ചെയ്യുന്നു.

1960-ൽ സോവിയററ്യൂണിയനിൽ എല്ലാം വ്യാവസായികതൊഴിലാളികൾക്കും ആപ്പീസ്സുകൾ മുതലായവയിലെ ജോലിക്കാർക്കും ഏഴുമണിക്കൂറും ആറുമണിക്കൂറും ജോലി ബാധകമാക്കി. ജോലിസമയം സാധാരണ ഏഴുമണിക്കൂറുകളാണ്. എന്നാൽ സോവിയററ് യൂണിയൻെറ ഭരണഘടന 119-ാം ഖണ്ഡികയിൽ അദ്ധ്വാനം കൂടുതലുള്ള ജോലിക്ക് ആറുമണിക്കൂറുകളെന്നും തൊഴിൽസ്ഥിതി പ്രത്യേകിച്ചും ബുദ്ധിമുട്ടുള്ളേടങ്ങളിൽ നാല് മണിക്കൂറുകളെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ആഴ്ചയിൽ ആറു ദിവസം ജോലിയും ഒരുദിവസം ഒഴിവും സോവിയററ്യൂണിയനിൽ ബലത്തിലിരിക്കുന്നു നേരെമറിച്ച് ആഴ്ചയിലെ ജോലിസമയം 45—46.5 മണിക്കൂറുകൾ എന്നു് പ്രഖ്യപിച്ചിട്ടുള്ള മുതലാളിത്തരാജ്യങ്ങളിൽ കഴിഞ്ഞ 30 കൊല്ലങ്ങളായിട്ടു ജോലിസമയം പൊതുവെ കുറച്ചിട്ടില്ല. മുതലാളിത്തരാജ്യങ്ങളിൽ ജോലിസമയം ദിവസത്തിൽ ഒമ്പതും പത്തും മണിക്കൂറുകളും ചില സംഗതികളിൽ പന്ത്രണ്ടു മണിക്കൂറുകളാണെന്നും ആഴ്ചയിൽ 54—60 മണിക്കൂറുകൾ ജോലി ചെയ്യേണ്ടിവരുന്നുണ്ടെന്നും നാലാം അഖില

* വേൾഡ് ട്രെയ്ഡ് യൂണിയൻ മൂവ്മെൻറ്, മോസ്കോ, 1962, നമ്പ്ര് 2 പെയിജ് 3—23

ലോക ട്രെയിഡ് യൂണിയൻ കോൺഗ്രസ്സ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇങ്ങിനെയാണെങ്കിലും സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ജോലിസമയം കുറയ്ക്കുവാനാണ് പ്ലാനിട്ടുവരുന്നത്. 1970–ൽ ആഴ്ചയിൽ 35 മണിക്കൂറും 30 മണിക്കൂറും ജോലിയും രണ്ടു ദിവസം ഒഴിവും തൊഴിലാളികൾക്ക് നൽകുകയെന്നതാണ് സോവിയററ യൂണിയന്റെ ലക്ഷ്യം. സാധാരണജോലിസമയം ദിവസത്തിൽ ആറും അഞ്ചും മണിക്കൂറുകൾ മാത്രമായിരിക്കും. ആറു മണിക്കൂറുകൾ ഉള്ളതാണ് ഇപ്പോഴത്തെ ജോലിദിവസം.

സോവിയററ് യൂണിയൻ, ചെക്കൊസ്ലാവാക്കിയ, ഹങ്കറി മുതലായ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ഒട്ടധികം വ്യവസായസ്ഥാപനങ്ങളിൽ ജോലിദിനത്തിന്റെയും ജോലിവാരത്തിന്റെയും ദൈർഘ്യം വീണ്ടും കുറച്ചിട്ടുണ്ട്. ഖനികൾ, തുരങ്കങ്ങൾ, ഭൂഗർഭറെയിൽവെകൾ മുതലായവയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ആറുമണിക്കൂർ ജോലിയെന്നു് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. അപായകരമായ പരിതസ്ഥിതികളിൽ ജോലിചെയ്യുന്നവർക്ക് ആറും അതിൽ കുറവും മണിക്കൂർ ജോലിയായി നിശ്ചയിച്ചിട്ടുണ്ട്.

ഡോക്ടർമാർ, ജൂനിയർ മെഡിക്കൽ ഉദ്യോഗസ്ഥന്മാർ 16 വയസ്സിനും 18 വയസ്സിനും മദ്ധ്യേ പ്രായമുള്ള ചെറുപ്പക്കാർ എന്നിവർക്കും ജോലിസമയം കുറച്ചിരിക്കുന്നു.

ഒരു പൊതുനയമെന്ന നിലയിൽ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഓവർടൈം ജോലി നിരോധിച്ചിരിക്കുകയാണ്. എന്നാൽ താഴെപറയുന്ന ജോലികൾ ഈ നിരോധനത്തിൽനിന്നൊഴിവാക്കപ്പെട്ടിരിക്കുന്നു.

എ) രാജ്യരക്ഷയ്ക്കും, അഗ്നിബാധ, വെള്ളപ്പൊക്കം, ഭൂകമ്പം മുതലായ പ്രകൃതിക്ഷോഭം ഒഴിവാക്കുവാനും ആവശ്യമായ ജോലി.

ബി) സമുദായത്തിന്നാവശ്യമായ ജലവിതരണം, അശുദ്ധിനിർമ്മാർജ്ജനം, വെളിച്ചംനൽകൽ, ഗതാഗതം, ജോലിസ്തംഭന നിവാരണം മുതലായ ജോലികൾ.

സി) ഒരു ദിവസത്തിൽ മുഴമിപ്പിക്കുവാൻ കഴിയാതെ വരുന്നതും മുഴമിപ്പിക്കാതിരുന്നാൽ സാധനസാമഗ്രികൾക്ക് നാശവും യന്ത്രങ്ങൾക്ക് കേടും വരുത്തുന്നതുമായ ജോലി മുഴമിപ്പിക്കൽ.

ഡി) യന്ത്രങ്ങളുടെ കേടുപാടു തീക്കുകയോ പൂൎവ്വസ്ഥിതിയിൽ വരുത്താതിരിക്കുകയോ ചെയ്യുന്നതുമൂലം അനേകം ആളുകൾക്ക് ജോലി നിറുത്തേണ്ടിവരികയാണെങ്കിൽ അങ്ങിനെയുള്ള യന്ത്രങ്ങളുടെയും മററും കേടുപാടുതീക്കലും പൂൎവ്വസ്ഥിതിയിലാക്കലുമെന്ന ജോലി.

കൂടാതെ ജോലി അവിരാമം തുടരേണ്ട ഒന്നാണെങ്കിൽ ജോലിചെയ്യുന്ന ആളുടെ, അയാൾക്ക് പകരംവരേണ്ട ആളുടെ അഭാവത്തിൽ, ഓവർടൈം, ജോലിചെയ്യുവാൻ ആവശ്യപ്പെടാവുന്നതാണ്. അങ്ങിനെയുള്ള സംഗതികളിൽ വരാതിരുന്ന ആൾക്ക് പകരം മറെറാരാളെ ഉടനെ നിയമിക്കുന്നതാണ്.

ഓവർടൈം ജോലി ചെയ്യിപ്പിക്കുന്നതു് ഫാക്ടറിയിലേയോ ആപ്പീസ്സിലേയോ ട്രെയിഡ്‌യൂണിയൻ കമ്മററിയുടെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയായിരിക്കണം.

ഓവർടൈംജോലിക്ക് ഉയൎന്നതോതിലുള്ള വേതനം നല്കുന്നു. 18 വയസ്സിനു് താഴെയുള്ളവരും ബലഹീനരും പ്രസവമടുത്ത സ്ത്രീകളും ഓവർടൈം ജോലിയിൽനിന്നു് ഒഴിവാക്കപ്പെട്ടവരാണ്.

ജോലിസമയം സംബന്ധിച്ച നിയമം കൎശനമായി പാലിക്കപ്പെടുന്നുണ്ടോയെന്നു് ട്രെയിഡ് യൂണിയനുകളും നീതിന്യായ കേന്ദ്രങ്ങളും പരിശോധിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യുന്നു.

ജനങ്ങളുടെ വിശ്രമം, ഒഴിവു്സമയം എന്നിവയും സോഷ്യലിസ്റ്റ് നിയമനിയന്ത്രണത്തിനു് വിധേയമാണ്. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ഭരണഘടനകൾ വിശ്രമിക്കുവാനും ഒഴിവെടുക്കുവാനുമുള്ള പൌരന്മാരുടെ അവകാശത്തിനു് ഉറപ്പു നൽകുന്നുണ്ടു്. തന്റെ ജോലിബാദ്ധ്യതയിൽനിന്നു് ഒരാൾ ഒഴിഞ്ഞി

രിക്കുകയും അതേയവസരത്തിൽതന്നെ തന്റെ ജോലി നിലനിർത്തുകയും ചെയ്യുകയെന്ന അർത്ഥത്തിലാണ് ഒഴിവ് സമയം അംഗീകരിക്കപ്പെട്ടിരിക്കുന്നതു്. ഒഴിവുസമയത്തിന്റെ കാലാവധിയും സമ്പ്രദായങ്ങളും നിയമംമൂലം നിർവ്വചിക്കപ്പെട്ടിരിക്കുന്നു. തൊഴിൽചെയ്യുന്ന സമയത്തു് തൊഴിലിൽനിന്നു് കുറച്ചുനേരം ഒഴിഞ്ഞുനില്ക്കുകയെന്നതാണു് ഒഴിവുസമയ സമ്പ്രദായത്തിന്റെ രൂപങ്ങളിലൊന്നു്. ജോലിദിവസത്തിൽ വിശ്രമത്തിനും ഭക്ഷണം കഴിക്കുന്നതിനും ഒഴിവെടുക്കുവാൻ തൊഴിലാളികൾക്കും മററു ജോലിക്കാക്കും അവകാശമുണ്ടു്. ജോലിചെയ്യാനുള്ള മണിക്കൂറുകളിൽ ഈ ഒഴിവ് സമയം ഉൾക്കൊള്ളുന്നതല്ല. ജോലിക്കാക്കു ഇഷ്ടമുള്ളവിധത്തിൽ ഈ ഒഴിവുസമയം ഉപയോഗപ്പെടുത്താവുന്നതാണു്. 30 മിനിററിൽ കുറവല്ലാതെയും രണ്ടുമണിക്കൂറിൽ കൂടുതലാകാതേയുമുള്ള ഈ ഒഴിവുസമയം ഓരോ വ്യവസായത്തിലും നടപ്പിലുള്ള നിയമങ്ങൾവഴി വ്യവസ്ഥചെയ്തിട്ടുണ്ടു്. പൊതു ഒഴിവുദിവസങ്ങൾക്കു് പുറമെ, കുട്ടികളുള്ള അമ്മമാക്കു്, ഓരോ മൂന്നരമണിക്കൂർ നേരത്തെ ജോലിക്കു്ശേഷവും, അരമണിക്കൂർ വീതം ഒഴിവനുവദിച്ചിട്ടുണ്ടു്. ജോലി പൊതുവെ നിർത്തിയിരിക്കുന്ന അവസരത്തിൽ കുട്ടികളെ പരിചരിക്കുന്ന അമ്മമാർ ഫലത്തിൽ ഒരു മണിക്കൂർ മുമ്പു് ജോലിനിർത്തുക.

ആഴ്ചയിൽ ആറുദിവസം ജോലിയുള്ള വ്യവസായത്തൊഴിലാളികൾ, ആപ്പീസ്സ് ജീവനക്കാർ മുതലായവക്കു ഏഴാംദിവസം ഒഴിവാണു്. അവക്കങ്ങിനെ കൊല്ലത്തിൽ 52 ദിവസങ്ങൾ ഒഴിവായിക്കിട്ടും. ആഴ്ചയിൽ അഞ്ചുദിവസം ജോലിയുള്ളവക്കു രണ്ടുദിവസം ഒഴിവു ലഭിക്കുന്നു. അവക്കു കൊല്ലത്തിൽ അങ്ങിനെ 104 ദിവസം ഒഴിവു ലഭിക്കുന്നു. ഈ ഒഴിവുകൾക്കു് പുറമെ സോവിയററു് യൂണിയനിലെ തൊഴിലാളികൾക്കു് താഴെ പറയുന്ന ഒഴിവുകളും ലഭിക്കുന്നു.

പുതുവഷദിനം (ജനുവരി 1) അന്താരാഷ്ട്രീയ വനിതാദിനം (മാച്ച് 8) അന്താരാഷ്ട്രീയ തൊഴിലാളി ഒഴിവുദിനം (മെയ്

1, 2) നാസി ജമ്മനിയുടെ മേലുള്ള വിജയദിനം (മെയ് 9) ഒക്ടോബർ വിപ്ലവ വാഷികദിനം (നവമ്പർ 7, 8) ഭരണഘടനാദിനം (ഡിസമ്പർ 5)

ഹങ്കറിയിൽ എട്ടും പോളണ്ടിൽ പത്തും ഒഴിവുദിവസങ്ങളുണ്ട്.

വിശ്രമത്തിൻേറയും ഒഴിവെടുക്കലിൻേറയും മറെറാരു രൂപമാണ് വാഷികാവധികം. പതിനൊന്നുമാസം ഏതെങ്കിലും സ്ഥാപനത്തിൽ തുടച്ച്യായി ജോലിചെയ്യുന്ന ഒരു തൊഴിലാളിക്ക് ശമ്പളത്തോടുകൂടിയ ഒരവധിക്കവകാശമുണ്ട്. അയാാം തുടച്ച്യായി കുറെ കൊല്ലങ്ങളോളം ഒരു സ്ഥാപനത്തിൽ പണിയെടുക്കുന്നപക്ഷം, ഒഴിവുസമയപട്ടിക നിശ്ചയിക്കപ്പെടുമ്പോാം, അയാളുടെ അഭിപ്രായം കൂടി പറയുവാൻ അനുവദിക്കുന്നതാണ്. ജോലിചെയ്യുന്ന പരിതസ്ഥിതി, തൊഴിലാളിയുടെ നിലവാരം, ചില സംഗതികളിൽ തൊഴിലാളിയുടെ അവിരാമമായ സേവനം എന്നിവയെ ആശ്രയിച്ചാണ് വാഷികാവധിയുടെ ദൈർഘ്യം കണക്കാക്കപ്പെടുന്നത്. വാഷികാവധിയുടെ ദൈർഘ്യം പൊതുവെ 12 ദിവസവും ആ കാലത്തിന്നഹമായ മററ ഒഴിവുസമയവും കൂടിയതായിരിക്കും. വ്യവസായ സ്ഥാപനങ്ങളിൽ തുടച്ച്യായി രണ്ടുവഷത്തിൽ കുറയാതെ ജോലിചെയ്യുന്നവക്ക് മൂന്നുദിവസത്തെ അവധി കൂടുതലായി അനുവദിക്കപ്പെടുന്നു. വക്ഷോപ്പുകാം, അനാരോഗ്യകരമായ പരിതസ്ഥിതിയുള്ള ജോലി സ്ഥലങ്ങാം എന്നിവയിൽ പണിയെടുക്കുന്നവക്ക ആറ മുതൽ മുപ്പത്തിയാറദിവസംവരെ കൂടുതൽ അവധി നൽകുന്നതാണ്. വ്യക്തമാക്കാത്ത തൊഴിൽസമയത്തിൻെറ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവക്ക് 12 ദിവസംവരെയുള്ള കൂടുതൽ അവധി അനുവദിക്കുന്നു. ചിലതരം തൊഴിലാളികാംക്ക് കൂടുതൽ സമയത്തേയ്ക്കുള്ള വാഷികാവധി ലഭിക്കും. 18 വയസ്സിനു താഴെയുള്ളവക്ക 1 മാസവും ഗവേഷകന്മാർ, അദ്ധ്യാപകന്മാർ, സാംസ്കാരിക സ്ഥാപനങ്ങളിലെ ജോലിക്കാർ എന്നിവക്ക 24

മുതൽ 48 ദിവസംവരെയുള്ള വാർഷികാവധിയും ആ കാലത്തേയ്ക്കുള്ള മററു ഒഴിവുകളും ലഭിക്കുന്നതാണ്.

സ്ത്രീകൾക്ക് 16 ആഴ്ച പ്രസവാവധിയും (സാധാരണ പ്രസവമാണെങ്കിൽ പ്രസവത്തിനു് 56 ദിവസം മുമ്പും 56 ദിവസം പ്രസവിച്ചശേഷവും) രണ്ടോ അതിലധികമോ കുട്ടികളെ പ്രസവിക്കുന്നവക്ക് പ്രസവശേഷം 72 ദിവസവും പ്രസവാവധി നല്കുവാൻ സോവിയററ് തൊഴിൽനിയമം വ്യവസ്ഥചെയ്തിട്ടുണ്ട്.

കൊല്ലാരംഭത്തിൽ ഒരു സ്ഥാപനത്തിലെ എല്ലാ ജോലിക്കാരെയും ബാധിക്കുന്ന ഒരു ഒഴിവുകാലപ്പട്ടിക മാനേജ്മെൻറും ട്രെയിഡ് യൂണിയനുംകൂടി തയ്യാറാക്കുന്നു.

സാധാരണ ഗതിയിലുള്ള ഉല്പാദനത്തിനു് എന്തെങ്കിലും തകരാറ് സംഭവിക്കാതിരിക്കാനാണ് അങ്ങിനെയൊരു അവധി കാലപ്പട്ടിക തയ്യാറാക്കുന്നതു്.

## VII തൊഴിൽതക്കത്തീരുമാനം

തൊഴിൽനിയമം ബാധകമാക്കുന്നതു സംബന്ധിച്ചു് തൊഴിലാളികളും മാനേജ്മെൻറും തമ്മിലുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങളാണ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ തൊഴിൽതക്കങ്ങൾ.

നികുതി, ഭൂമി, സാമ്പത്തികപ്രശ്നങ്ങൾ, ഗൃഹകാര്യങ്ങൾ മുതലായവ സംബന്ധിച്ചു് പൌരന്മാരും സ്ഥാപനങ്ങളും തമ്മിലുണ്ടാകാവുന്ന തക്കങ്ങളിൽനിന്നു വ്യത്യസ്തമായിട്ടാണ് തൊഴിൽതക്കങ്ങളെ പ്രത്യേകം തരം തിരിച്ചിരിക്കുന്നതു്.

തങ്ങളുടെ തൊഴിലവകാശം സംരക്ഷിക്കുന്നതിന്നാവശ്യപ്പെടുവാൻ വേണ്ടത്ര സന്ദർഭങ്ങൾ എല്ലാ തൊഴിലാളികൾക്കും സോഷ്യലിസ്റ്റ് തൊഴിൽനിയമം നൽകുന്നുണ്ട്. പരസ്പരമുള്ള നിയമപരമായ ബന്ധത്തിന്നിടയിൽ ഏതെങ്കിലും ഒരു കക്ഷി മററെ കക്ഷിയുടെ അവകാശങ്ങളും ചുമതലകളും ലംഘിക്കുമ്പോൾ അതു് നിയമത്തിനു നിരക്കാത്തതാവുകയും അങ്ങിനെ തൊഴിൽ

തർക്കങ്ങൾക്കിടയാക്കുകയും ചെയ്യുന്നു. തൊഴിൽതർക്കങ്ങൾ തീരുമാനിക്കുവാനുള്ള അധികാരത്തോടുകൂടിയ പ്രത്യേക സമിതികൾ എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളിലുമുണ്ട്.

തൊഴിൽതർക്കങ്ങൾ തീർക്കേണ്ട നടവടികൾ സംബന്ധിച്ചുള്ള വ്യവസ്ഥകൾ യു. എസ്സ്. എസ്സ്. ആർ. സുപ്രീം സോവിയററ് അദ്ധ്യക്ഷമണ്ഡലത്തിന്റെ 1957 ജനുവരിയിലെ കല്പനയിൽ വിവരിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകളനുസരിച്ച് തൊഴിൽതർക്കങ്ങൾ തീരുമാനിക്കുന്നത്: (എ) തൊഴിൽതർക്കസമിതികളും ബി) ഫാക്ടറിയിലെയും ട്രെയിഡ് യൂണിയനിലെയും ആപ്പീസ് കമ്മററികളും, (സി) ജനകീയ കോടതികളുമാണ്.

സ്ഥാപനങ്ങളിലും സംരംഭങ്ങളിലുമുണ്ടാകുന്ന എല്ലാ തൊഴിൽതർക്കങ്ങളും തീർക്കുവാൻ ബാദ്ധ്യസ്ഥമായവയാണ് തൊഴിൽതർക്കസമിതികൾ. ഇതുമൂലം തൊഴിലാളികൾക്കനുകൂലമായി തൊഴിൽതർക്കമവസാനിപ്പിക്കുവാൻ വേറെ. വഴിയില്ലെന്നർത്ഥമാക്കരുത്. ഒരു തൊഴിൽതർക്കസമിതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നകാര്യം പരിഗണിക്കാതെത്തന്നെ ഏതു തൊഴിലാളിക്കും, തൊഴിൽനിയമലംഘനമില്ലാതാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഒരു ഉയർന്ന ഭരണസമിതിക്ക് ആക്ഷേപം ബോധിപ്പിക്കാവുന്നതാണ്. ആക്ഷേപം പരിശോധിക്കപ്പെടേണ്ടതും അതിന്മേൽ ഒരു തീരുമാനം എടുക്കേണ്ടതുമാണ്.

തൊഴിൽതർക്കം തീർക്കുവാൻ ചുമതലപ്പെട്ട തൊഴിൽതർക്കസമിതി, ഒരു തൊഴിൽതർക്കം പരിശോധിക്കുന്നതിനുമുമ്പ്, ഒരു ജനകീയകോടതിക്ക് ആ തർക്കത്തെപ്പററി ആക്ഷേപം സ്വീകരിക്കുവാനൊ അതിന്മേൽ ഒരു തീരുമാനം എടുക്കുവാനൊ പാടില്ല. (ഫാക്ടറിയിലെയൊ ആപ്പീസ്സിലെയൊ ട്രെയിഡ് യൂണിയന്റെ സമ്മതത്തോടുകൂടിയുള്ള പിരിച്ചുവിടലിനെ ഈ നിയമത്തിൽനിന്നൊഴിവാക്കിയിരിക്കുന്നു. എന്നാൽ ഇതും ഒരു ജനകീയകോടതിയുടെ പരിശോധനയ്ക്കു വിധേയമാണ്)

ട്രെയിഡ് യൂണിയനും മാനേജ്മെൻറിനും തുല്യ പ്രാതിനിദ്ധ്യമുള്ള തൊഴിൽതക്കസമിതികൾ എല്ലാ സ്ഥാപനങ്ങളിലും സംരംഭങ്ങളിലും രൂപീകരിക്കപ്പെടുന്നു. ഓരോ ഭാഗത്തുമുള്ള പ്രതിനിധികളുടെ സംഖ്യ ട്രെയിഡ് യൂണിയൻ കമ്മററിയും മാനേജ്മെൻറുംകൂടി ആലോചിച്ചാണ് തീരുമാനിക്കുന്നത്. ഓരോ ഭാഗത്തും സാധാരണ രണ്ടോ മൂന്നോ നാലോ ചിലപ്പോൾ അതിലധികമൊ പ്രതിനിധികൾ ഉണ്ടായിരിക്കും. ട്രെയിഡ് യൂണിയൻ കമ്മററിയുടെ അധികാരം നിലനില്ക്കുന്ന ഒരു കൊല്ലക്കാലത്തേക്കാണ് സമിതിയിലേക്കു് പ്രതിനിധികളെ നിശ്ചയിക്കുന്നത്. തീരുമാനങ്ങളെടുക്കുന്നതു് വോട്ടനുസരിച്ചല്ലാ, കക്ഷികളുടെ ഉഭയസമ്മതപ്രകാരമാണ്.

ഫാക്ടറികളിലേയും ആപ്പീസ്സുകളിലേയും ട്രെയിഡ് യൂണിയൻ കമ്മററികളുടെ നിയമമനുസരിച്ച് തങ്ങളുടെ മെമ്പർമാരുടെ തൊഴിൽതക്കങ്ങളും തൊഴിലാളികളെ പിരിച്ചുവിടാനുള്ള മാനേജ്മെൻറിൻെറ അപേക്ഷകളും പരിശോധിക്കുവാൻ ട്രെയിഡ്യൂണിയൻ കമ്മററികൾ ബാദ്ധ്യസ്ഥമാണ്.

ആക്ഷേപം സംബന്ധിച്ച് യോജിപ്പുണ്ടാക്കുവാൻ കഴിയാതെവരികയും എടുത്ത തീരുമാനത്തിൽ അസംതൃപ്തനായ തൊഴിലാളി പുതിയ ആക്ഷേപം ബോധിപ്പിക്കുകയും ചെയ്യുമ്പോൾ ആ തക്കത്തെപ്പററി ട്രെയിഡ് യൂണിയൻ കമ്മററിക്ക പരിശോധിക്കേണ്ടിവരുന്നു. ഈ ചുമതലമൂലം സ്ഥാപനങ്ങളിലും സംരംഭങ്ങളിലുമുള്ള ട്രെയിഡ് യൂണിയനുകളുടെ പങ്ക് മഹത്തരമായിത്തീരുന്നു.

ഒട്ടനവധി തൊഴിൽതക്കങ്ങൾ ജനകീയക്കോടതികളാണ് കൈകാര്യം ചെയ്യുന്നതു്. ഈ കോടതികൾ തക്കങ്ങൾ കൈകാര്യം ചെയ്യുന്നതു് താഴെ പറയുന്ന സന്ദർഭങ്ങളിലാണ്.

—ഫാക്ടറിയിലേയോ ആപ്പീസ്സിലേയോ ട്രെയിഡ്യൂണിയൻ കമ്മററിയുടെ അംഗീകാരത്തോടുകൂടി ഒരു തൊഴിലാളിയെ

യെ മററു ജീവനക്കാരനെയൊ മാനേജ്മെൻറ് പിരിച്ചുവിട്ടുമ്പോഠം

—ഒരു തൊഴിൽതക്കം സംബന്ധിച്ച് ഫാക്ടറി ട്രെയിഡ് യൂണിയൻ കമ്മററിയൊ ആപ്പീസ്സ് ട്രെയിഡ് യൂണിയൻ, കമ്മററിയൊ എടുത്ത തീരുമാനത്തിൽ ബന്ധപ്പെട്ട തൊഴിലാളിക്ക് അതൃപ്തി നേരിടുമ്പോഠം

—ട്രെയിഡ് യൂണിയൻ കമ്മററിയുടെ തീരുമാനം സ്ഥാപനത്തിൻെറ പ്രവർത്തനം സംബന്ധിച്ച നിയമത്തിനു് എതിരാണെന്നു് മാനേജ്മെൻറ് കരുതുകയും തൊഴിൽതക്കം ഒരു നിയമക്കോടതിയുടെ തീരുമാനത്തിനു് സമർപ്പിക്കുകയും ചെയ്യുമ്പോഠം

—ട്രെയിഡ് യൂണിയൻ സംഘടന ഇല്ലാതിരിക്കുകയും ഒരു ട്രെയിഡ് യൂണിയൻ സംഘാടകനും സ്ഥാപനത്തിൻെറ തലവനുംകൂടി തക്കം പരിശോധിച്ചുണ്ടാക്കുന്ന വിധി തൊഴിലാളിക്ക് സ്വീകാര്യമല്ലാതാവുകയും ചെയ്യുമ്പോഠം

—ഒരു സ്ഥാപനത്തിൽ ട്രെയിഡ് യൂണിയൻ കമ്മററിയൊ സംഘാടകനോ ഇല്ലാതെ വരുമ്പോഠം

ഇങ്ങിനെയുള്ള എല്ലാ സംഗതികളിലും തൊഴിൽതക്കങ്ങഠം കേട്ട് അവയിന്മേൽ തീരുമാനമുണ്ടാക്കുവാൻ ജനകീയകോടതികഠം ബാദ്ധ്യസ്ഥമാണു്.

ബഠംഗേറിയയിൽ തൊഴിൽതക്കങ്ങഠം കൈകാര്യം ചെയ്യുന്നതു് അനുരഞ്ജനക്കമ്മീഷനുകളും നിയമക്കോടതികളും മററു ഉയന്ന സമിതികളുമാണു്, തക്കങ്ങഠം പരിശോധിക്കുന്ന പ്രധാന സമിതികഠം അനുരഞ്ജനക്കമ്മീഷനുകളാണു്. മാനേജ്മെൻറിൻേറയും ട്രെയിഡ് യൂണിയൻ കമ്മററിയുടേയും തുല്യ പ്രാതിനിധ്യത്തോടുകൂടിയ ഈ കമ്മീഷനുകഠം പരസ്പരം യോജിച്ചുകൊണ്ടാണു് തീരുമാനങ്ങളെടുക്കുന്നതു്.

പോളണ്ടിലും തക്കം പരിഹരിക്കുന്നതു് ഇങ്ങിനെത്തന്നെയാണു്. ഹങ്കറിയിൽ ഈ തക്കങ്ങഠം പരിശോധിക്കുന്നതു്

ഷാപ്പ് അനുരഞ്ജനക്കമ്മീഷനും, ഫാക്ടറി അനുരഞ്ജനക്കമ്മിഷനും പ്രാദേശിക അനുരഞ്ജനക്കമ്മീഷനുമാണ്. ഓരോ കമ്മിഷനിലും മാനേജ്മെൻറിൻേറയും ട്രെയിഡ് യൂണിയൻേറയും ഈരണ്ടു പ്രതിനിധികരം ഉണ്ടായിരിക്കും. തൊഴിൽബന്ധങ്ങരം ഇല്ലാതാവുകമൂലമുണ്ടാകുന്ന തൊഴിൽതക്കങ്ങളാണ് കോടതികരം പരിശോധിക്കുന്നതു്. എക്സിക്യൂട്ടീവ് ജോലിക്കാരെ ബാധിക്കുന്ന തക്കങ്ങളും ഇവയുടെ പരിശോധനയ്ക്കുവരും.

ചെക്കൊസ്ലാവാക്കിയയിൽ തൊഴിൽ തക്കങ്ങരം തീക്കുന്നതു് ട്രെയിഡ് യൂണിയൻ കമ്മററികളാണ്. ഒരു ട്രെയിഡ് യൂണിയൻ കമ്മററിയുടെ തീർപ്പിൽ അതൃപ്തിതോന്നുന്ന കക്ഷിക്കു് കോടതിയിൽ അന്യായം ബോധിപ്പിക്കാം. തന്നെയുമല്ലാ ട്രെയിഡ്യൂണിയനുകരം ഇല്ലാത്ത സ്ഥലങ്ങളിൽനിന്നുള്ള തൊഴിൽതക്കങ്ങളും കോടതികരം കൈകാര്യംചെയ്യുകയും ട്രെയിഡ്യൂണിയനുകരംക്കെതിരായ ആക്ഷേപങ്ങരം പരിശോധിക്കുകയും ചെയ്യുന്നു.

റമാനിയയിൽ തൊഴിൽതക്കങ്ങരം തീക്കുന്നതു് തൊഴിൽതക്കകമ്മീഷനുകളും ട്രെയിഡ് യൂണിയൻ കമ്മററികളും നിയമക്കോടതികളുമാണ്.

## VIII സോഷ്യൽ ഇൻഷുറൻസ്

ലോകത്തിൽ ഏററവുമധികം നീതിലഭിക്കുന്ന സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നതാണ് സോഷ്യലിസം, സോഷ്യലിസത്തിനു് കീഴിൽ മനുഷ്യൻെറ ജീവിതത്തോത്തു അനുക്രമം വധിച്ചുവരുന്നു. കൂലിയുടെ അടിസ്ഥാനത്തിൽ മാത്രമല്ലാ പൌരന്മാരുടെ സുഖസൌകര്യങ്ങരം തീരുമാനിക്കപ്പെടുന്നതു്. ഭൌതികമായ സുഖസൌകര്യങ്ങളുടെ പൂണ്ണമായ ചിത്രം ലഭിക്കണമെങ്കിൽ എല്ലാവിധത്തിലുമുള്ള ഭൌതികവും സാംസ്കാരികവുമായ സേവനങ്ങളേയും സൌകര്യങ്ങളേയും കണക്കിലെടുക്കണം. ഉദാഹരണത്തിനു സോവിയററ് യൂണിയനിൽ പൌരന്മാക്കു പല ഗുണങ്ങ

ളും സൌജന്യമായോ തുച്ഛമായ ചിലവിലോ ലഭിക്കുന്നുണ്ട്. ഈ ഗുണങ്ങളുടെ നാലിലൊരുഭാഗത്തിലധികം ഇപ്പ്രാകം സൌജന്യമായി ലഭിക്കുന്നു. സൌജന്യമായും ലഘുവായ ചിലവിലും ലഭിക്കാവുന്ന ഗുണങ്ങളുടെ വ്യാപ്തി വദ്ധിച്ചുകൊണ്ടുവരികയാണ്. പൊതുജനങ്ങളുടെ ആവശ്യങ്ങഠംക്ക് നീക്കിവെച്ചിട്ടുള്ള ഈ തുക കൊണ്ട് താഴെ പറയുന്ന കാര്യങ്ങഠം നിവ്വഹിക്കുന്നു.

പെൻഷൻ, സോഷ്യൽ ഇൻഷ്വറൻസ് (സാമൂഹ്യരക്ഷാ ഭോഗം) അലവൻസ്, സൌജന്യവിദ്യാഭ്യാസം, സൌജന്യവൈദ്യസേവനം, വിനോദപരിപാടികഠം, ആതുരശുശ്രൂഷാകേന്ദ്രങ്ങഠം, ആരോഗ്യകേന്ദ്രങ്ങഠം, ബാലശുശ്രൂഷാകേന്ദ്രങ്ങഠം, കൊച്ചുകുട്ടികഠംക്കുള്ള കിണ്ടർ ഗാർട്ടൻ വിദ്യാലയങ്ങഠം, ബോർഡിംഗ് സ്കൂളുകഠം, വലിയ കുഡുംബങ്ങളുള്ള അമ്മമാക്കു അലവൻസ്, സുഖക്കേടു പിടിപെട്ടവക്ക് ശമ്പളം മുതലായവ.

ചെയ്യുന്ന ജോലിയുടെ അളവും ഗുണവുമെന്ന അടിസ്ഥാനത്തിൽ കൂലി വദ്ധിപ്പിച്ചും സാധനസാമഗ്രികളുടെ വിലകുറച്ചും നികുതികഠം ഇല്ലാതാക്കിയും സൌജന്യസേവനങ്ങഠംക്കുള്ള തുകകഠം വദ്ധിപ്പിച്ച് സമൂഹത്തിന്റെ താല്പര്യങ്ങഠം തൃപ്തിപ്പെടുത്തിയും, ഏറ്റവും മുതലാളിത്തരാജ്യത്തുമുള്ളതിനേക്കാഠം, ഉയന്ന ജീവിതത്തോതു കൈവരുത്തുകയെന്നതാണ് സോവിയററ് യൂണിയൻ അതിന്റെ മുമ്പിൽ വെച്ചിട്ടുള്ള ലക്ഷ്യം.

അവശരായവരും വയസ്സായവരും സോഷ്യലിസ്റ്റ് സമുദായത്തിൽ പരിരക്ഷിക്കപ്പെടുന്നു. അവക്കും കുഡുംബം നോക്കുന്ന ആഠം നഷ്ടപ്പെട്ട കുഡുംബക്കാക്കും പെൻഷൻ നൽകുന്നു. സോവിയററ് യൂണിയനിൽ സീനിയരായിട്ടി പെൻഷനും നൽകുന്നുണ്ട്. താൽക്കാലികാവശത, ഗഭധാരണ—പ്രസവകാലം, ശവസംസ്കാരം, മുതലായവയ്ക്കുള്ളതും, സാമൂഹ്യസംരക്ഷ, സോഷ്യൽ ഇൻഷ്വറൻസ് എന്നിവയുടെ പരിധിയിൽ വരുന്നതുമായ താൽക്കാലിക അലവൻസുകളും സോവിയററ് യൂണിയനിൽ അനുവദിക്കുന്നുണ്ട്.

സോവിയററ് യൂണിയനിലെ സോഷ്യൽ ഇൻഷ്വറൻസ് എല്ലാ വ്യവസായത്തൊഴിലാളികൾക്കും ആപ്പീസ്സ് ജീവനക്കാർ മുതലായവർക്കും ബാധകമാണ്. ഇതിനുള്ള പണം സ്ഥാപനങ്ങളും സംരംഭങ്ങളുമാണ് നൽകുന്നത്. തങ്ങളുടെ തൊഴിൽനിധിയുടെ ഒരു നിശ്ചിത ശതമാനം, സംഭാവനയെന്ന നിലയിൽ, നൽകുകയാണ് ഇവ ചെയ്യുന്നത്. ഈ സംഭാവനകൾ ട്രെയിഡ്യൂണിയൻ സോഷ്യൽ ഇൻഷ്വറൻസ് നിധിയിലേയ്ക്കാണ് ചെല്ലുന്നത്. അതിൽനിന്ന് വിവിധ പെൻഷനുകളും അലവൻസുകളും അനുവദിക്കപ്പെടുന്നു. പെൻഷനുകൾക്കും അലവൻസുകൾക്കും സംഖ്യ നീക്കിവെച്ചുകൊണ്ട് സാമൂഹ്യസംരക്ഷണത്തിന് ഗവമ്മേണ്ട് ഉറപ്പുവരുത്തിയിരിക്കുന്നു. പട്ടാളക്കാർ, ശാസ്ത്രജ്ഞന്മാർ, പ്രത്യേക സേവനങ്ങൾ നടത്തുന്നവർ മുതലായവരും ഈ സംരക്ഷണത്തിന് വിധേയരാണ്. സാമൂഹ്യസംരക്ഷണം കൂട്ടുകൃഷിസ്ഥലങ്ങളിലെ ജോലിക്കാർക്കും ബാധകമാണ്. അതിനുള്ള പണം ഗവമ്മേണ്ടും കൂട്ടുകൃഷിസ്ഥലങ്ങളും നൽകുന്നു. പെൻഷന് യോഗ്യതയുള്ള എല്ലാവർക്കും പെൻഷൻ ലഭിക്കുമെന്നുള്ളതും ജനങ്ങൾ ഇൻഷ്വറൻസ് വിഹിതം അടക്കുന്നില്ലെന്നുള്ളതും പെൻഷൻ നൽകുന്ന കാര്യത്തിൽ ബഹുജനസംഘടനകൾ പങ്കെടുക്കുന്നുണ്ടെന്നുള്ളതുമാണ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ പെൻഷൻ സമ്പ്രദായത്തിന്റെ സവിശേഷത. യു. എസ്സ്. എസ്സ്. ആറിൽ പെൻഷൻ നിയന്ത്രിക്കുന്ന ഒരടിസ്ഥാന നിയമമാണ് 1956-ലെ സ്റ്റേയിററ് പെൻഷൻ നിയമം. ഈ നിയമമനുസരിച്ച് വ്യവസായത്തൊഴിലാളികൾക്കും ആപ്പീസ്സ് ജോലിക്കാർ മുതലായവർക്കും പെൻഷൻ ലഭിക്കുന്നു. സ്റ്റേയിററ് പെൻഷൻ നിയമത്തിന്റെ തത്വങ്ങളനുസരിച്ചുതന്നെ കൂട്ടുകൃഷിസ്ഥലങ്ങളിലെ ജോലിക്കാർക്ക് പെൻഷനും അലവൻസും അനുവദിച്ചുകൊണ്ടുള്ള ഒരു നിയമം 1964-ൽ സോവിയററ് യൂണിയനിൽ നടപ്പിൽ വരുത്തിട്ടുണ്ട്. കൂടാതെ ഉദ്യോഗമൊഴിഞ്ഞവരും റിസർവ്വ് ചെയ്യപ്പെട്ടവരുമായ ജനറൽമാർക്കും പട്ടാളത്തിലെ ഓഫീസ്സർമാ

ക്കും പെൻഷൻ നൽകാനുള്ള ഒരു നിയമവും ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടു്. രാഷ്ട്രത്തിനു് അനന്യസാധാരണമായ സേവനം ചെയ്യുന്നവർക്കും ശാസ്ത്രജ്ഞന്മാർക്കും ഗവണ്മെണ്ടു് അംഗീകരിച്ച നിയമമനുസരിച്ചു് പ്രത്യേക പെൻഷൻ നൽകുന്നുണ്ടു്. പ്രത്യേക പെൻഷനും, ജനറൽമാർക്കും പട്ടാള ഉദ്യോഗസ്ഥന്മാർക്കും ശാസ്ത്രജ്ഞന്മാർക്കുമുള്ള പെൻഷനും, സാധാരണ പെൻഷനേക്കാൾ ഉയർന്നതാകും.

സ്റ്റെയിററു് പെൻഷൻ നിയമമനുസരിച്ചു് അറുപതു വയസ്സു തികഞ്ഞവരും 25 കൊല്ലത്തിൽ കുറയാതെ ജോലിയെടുത്തിട്ടുള്ളവരുമായ പുരുഷന്മാർക്കും 55 വയസ്സു തികഞ്ഞവരും 20 കൊല്ലത്തിൽ കുറയാതെ ജോലിയെടുത്തിട്ടുള്ളവരുമായ സ്ത്രീകൾക്കും സാർവ്വത്രികമായി പെൻഷൻ അനുഭവിക്കുന്നു. ഭൂഗർഭത്തിൽ ജോലിയെടുക്കുന്നവർക്കും മററു വിഷമംപിടിച്ച ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർക്കും ചില പ്രത്യേക ആനുകൂല്യങ്ങൾ അനുവദിക്കപ്പെടുന്നുണ്ടു്. 20 കൊല്ലത്തെ സേവനപാരമ്പര്യമുള്ള പുരുഷന്മാർക്കു് 50-ാംവയസ്സിലും 15 കൊല്ലത്തെ സേവനപാരമ്പര്യമുള്ള സ്ത്രീകൾക്കു് 45-ാംവയസ്സിലും പെൻഷൻ അനുഭവിക്കുന്നു. വയസ്സുകാലപെൻഷൻസമ്പ്രദായം അമ്മമാർക്കും ആനുകൂല്യങ്ങളനുവദിക്കുന്നു. അഞ്ചോ അതിലധികമോ കുട്ടികളെ പ്രസവിക്കുകയും അവരെ എട്ടു വയസ്സുവരെ വളർത്തിക്കൊണ്ടുവരികയും ചെയ്തിട്ടുള്ളവർ 50-ാംവയസ്സിൽ പെൻഷനു് അർഹതയുള്ളവരാകുന്നു. അവർ സാധാരണഗതിയിൽ 15 കൊല്ലം ജോലിചെയ്തിട്ടുണ്ടായിരിക്കണം.

മാസവരുമാനത്തിന്റെ ശതമാനാടിസ്ഥാനത്തിലാണു പെൻഷൻ കണക്കാക്കുന്നതു്. പ്രതിമാസം 60 രൂബിൾ വരുമാനമുള്ളവർക്കു് ആ സംഖ്യയുടെ 85 ശതമാനമാണു് പെൻഷൻ അനുവദിക്കുന്നതു്. നൂറും അതിലധികവും മാസവരുമാനമുള്ളവർക്കു് അതിന്റെ 50 ശതമാനം—പ്രതിമാസം 55 രൂബിളിൽ കുറയാതെ—പെൻഷൻ ലഭിക്കും. 15 കൊല്ലത്തിലധികകാലം മുടങ്ങാ

തെ സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്കൊ പെൻഷൻകാലത്തേക്കാറം കൂടുതലായി പത്തും അതിലധികവും കൊല്ലക്കാലത്തെ സേവന പാരമ്പര്യമുള്ളവർക്കോ അവരുടെ പെൻഷന്റെ 10 ശതമാനം കൂടുതൽ ലഭിക്കുന്നതാണ്. പണിയെടുക്കുവാൻ കഴിയാത്ത, ആശ്രിതന്മാരുള്ള പെൻഷൻകാർക്ക് വേറെ വേതനവും നല്കുന്നതാണ്. ഒരാശ്രിതനുള്ള ആറംക്ക് 10 ശതമാനവും രണ്ടോ അതിലധികമൊ ആശ്രിതന്മാരുള്ളവർക്ക് 15 ശതമാനവുമാണ് കൂടുതൽ ലഭിക്കുക. പണിയെടുക്കുവാനുള്ള കഴിവ് പരിഗണിക്കാതെയാണ് വയസ്സുകാലപെൻഷൻ ആജീവനാന്തം നൽകുന്നത്. ഏറ്റവും കുറഞ്ഞ പെൻഷൻ 30 റൂബിളും ഏററവും കൂടിയതു 120 റൂബിളുമാണ്. മററു വേതനങ്ങറം കൂടാതെയാണിതു്.

ജോലിചെയ്യുവാനുള്ള കഴിവു് സ്ഥിരമായി നഷ്ടപ്പെട്ടവർക്കും നീണ്ട കാലമായി അവശത അനുഭവിക്കുന്നവർക്കും അവശതാ പെൻഷൻ അനുവദിക്കപ്പെടുന്നു. ജോലിചെയ്യുവാനുള്ള കഴിവ് എത്രകണ്ടു് നഷ്ടപ്പെട്ടുവെന്നതിന്റെ അടിസ്ഥാനത്തിൽ, ഡോക്ടർമാരും വിദഗ്ദ്ധന്മാരും അടങ്ങിയ ഒരു ബോർഡു് പരിശോധിച്ചിട്ടാണ് അങ്ങിനെയുള്ളവർക്കു പെൻഷൻ നിശ്ചയിക്കുന്നതു്.

സുഖക്കേടുമൂലം പണിയെടുക്കുവാനുള്ള കഴിവ് നഷ്ടപ്പെടുമ്പോഴൊ വ്യവസായാപകടമൊ ജോലിസംബന്ധമായ സുഖക്കേടൊ പിടിപെടുമ്പോഴൊ ആണ് ഈ പെൻഷൻ അനുവദിക്കുന്നതു്. താഴെ പറയുംവിധമാണ് പെൻഷൻ അനുവദിക്കുന്നതു്.

എ) അവശരുടെ ഗ്രൂപ്പ് 1: പ്രതിമാസം 50 റൂബിറം ലഭിക്കാവുന്ന വിധത്തിൽ വരുമാനത്തിന്റെ 100 ശതമാനവും മററു വരുമാനത്തിന്റെ പത്തു ശതമാനവും.

ബി) അവശരുടെ ഗ്രൂപ്പ് 2: പ്രതിമാസം 45 റൂബിറം ലഭിക്കാവുന്ന വിധത്തിൽ വരുമാനത്തിന്റെ 80 ശതമാനവും മററു വരുമാനത്തിന്റെ പത്തു ശതമാനവും.

സി) അവശരുടെ ഗ്രൂപ്പ് 3: പ്രതിമാസം 40 റൂബിം ലഭിക്കാവുന്ന വിധത്തിൽ വരുമാനത്തിൻെറ 65 ശതമാനവും മററു വരുമാനത്തിൻെറ പത്തു ശതമാനവും.

ഭൂഗർഭത്തിൽ ജോലിചെയ്യുന്നവർക്ക് കൂടുതൽ വലിയ അവശതാപെൻഷൻ ലഭിക്കുന്നതാണ്. വ്യവസായസ്ഥാപനത്തിലോ ആപ്പീസ്സിലൊ കൂട്ടുകൃഷിസ്ഥലത്തൊ മററൊ പ്രവൃത്തിയെടുക്കുന്ന കുഡുംബനാഥൻ മരിക്കുകയാണെങ്കിൽ ജോലിചെയ്യുവാൻ കഴിയാത്ത കുഡുംബാംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതാണ്. ഈ പെൻഷൻ താഴെ പറയുംപ്രകാരമാണ്:

എ) ജോലിചെയ്യുവാൻ കഴിയാത്ത മൂന്നൊ അതിലധികമൊ ആശ്രിതരുള്ള കുഡുംബത്തിനു് പ്രതിമാസം 50 റൂബിം ലഭിക്കുംവിധത്തിൽ വരുമാനത്തിൻെറ നൂറു ശതമാനവും കുഡുംബനാഥൻെറ മററു വരുമാനത്തിൻെറ പത്തു ശതമാനവും

ബി) രണ്ടാശ്രിതന്മാരുള്ള കുഡുംബത്തിനു് 45 റൂബിം പ്രതിമാസം ലഭിക്കാവുന്ന വിധത്തിൽ വരുമാനത്തിൻെറ തൊണ്ണൂറു ശതമാനവും കുഡുംബനാഥൻെറ മററു വരുമാനത്തിൻെറ പത്തു ശതമാനവും.

സി) ഒരാശ്രിതനുള്ള കുഡുംബത്തിനു് പ്രതിമാസം 40 റൂബിം ലഭിക്കാവുന്ന വിധത്തിൽ വരുമാനത്തിൻെറ 65 ശതമാനവും കുഡുംബനാഥൻെറ മററു വരുമാനത്തിൻെറ പത്തു ശതമാനവും.

ഏററവും കൂടുതലുള്ള പെൻഷൻതുക 120 റൂബിളാണ്.

സോവിയററു് പെൻഷൻ നിയമമനുസരിച്ച് പല പെൻഷനുകൾക്കും അർഹനാവുന്ന ഒരാൾക്ക് അയാൾ തിരഞ്ഞെടുക്കുന്ന പെൻഷൻ വാങ്ങാവുന്നതാണ്. ഉദാഹരണത്തിനു് ഒരാൾ സാധാരണപെൻഷനും ഒരു ശാസ്ത്രജ്ഞനെന്ന നിലയ്ക്കുള്ള പെൻഷനും അർഹിക്കുന്നുണ്ടെങ്കിൽ ഏററവും വലിയ പെൻഷൻ ഏതാണെങ്കിൽ അയാൾക്കതു് തിരഞ്ഞെടുക്കാവുന്നതാണ്.

തൊഴിലാളിവർഗ്ഗ പ്രതിനിധികളുടെ ജില്ലാ സോവിയററ് എക്സിക്യൂട്ടീവ് കമ്മററികളിലും നഗരസോവിയററ് എക്സിക്യൂട്ടീവ് കമ്മററികളിലും വെച്ചാണ് ഈ പെൻഷൻ, പ്രത്യേക കമ്മീഷനുകൾ മുഖാന്തിരം, അനുവദിക്കുന്നത്.

ബന്ധപ്പെട്ട ആൾ പെൻഷനാകുന്നതിനു മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനവും അവിടത്തെ ട്രെയിഡ്‌യൂണിയനും ആവശ്യമുള്ള എല്ലാ രേഖകളും സമർപ്പിക്കുന്നു. ജില്ലാ സാമൂഹ്യസംരക്ഷണ ഏജൻസികളും നഗര സാമൂഹ്യസംരക്ഷണ ഏജൻസികളുമാണ് പെൻഷൻ കൊടുത്തുതീർക്കുന്നത്.

സേവനകാലത്തിന്റെ ദൈർഘ്യം അനുസരിച്ചാണ് താല്ക്കാലികാവശതാപ്രതിഫലത്തിന്റെ വലുപ്പം കണക്കാക്കുന്നത്. 12 കൊല്ലത്തെ മുറിയാത്ത സേവനപാരമ്പര്യമുള്ളവർ അവരുടെ വരുമാനത്തിന്റെ 90 ശതമാനം വരുന്ന താല്ക്കാലികാവശതാപ്രതിഫലത്തിന്നർഹരാണ്. 8 കൊല്ലം മുതൽ 12 കൊല്ലം വരെയുള്ള മുറിയാത്ത സേവനപാരമ്പര്യമുള്ളവർക്ക് വരുമാനത്തിന്റെ 80 ശതമാനവും 3 കൊല്ലംവരെയുള്ളവർക്ക് വരുമാനത്തിന്റെ 50 ശതമാനവും താൽക്കാലികാവശതാപ്രതിഫലമായി വാങ്ങാവുന്നതാണ്. ഒരു തൊഴിലാളിയെ ഒരു സ്ഥാപനത്തിൽ നിന്ന് മറെറാന്നിലേക്ക് മാററുമ്പോഴും അയാളെ ഒഴിവാക്കിയതിനുശേഷം ഒരുമാസം കഴിയുന്നതിന് മുമ്പ് അയാൾ വേറെയൊരു സ്ഥലത്ത് ജോലിക്ക് ചേരുമ്പോഴും മററചില സന്ദർഭങ്ങളിലും സീനിയോറിററി നഷ്ടപ്പെടുന്നില്ല.

വ്യാവസായികാപായമൊ ജോലിസംബന്ധമായ സുഖക്കേടൊ സംഭവിക്കുന്നവർക്കു സേവനദൈർഘ്യം പരിഗണിക്കാതെ വരുമാനത്തിന്റെ 100ശതമാനവും താല്ക്കാലികാവശതാപരിഹാരമായി നൽകപ്പെടുന്നു.

ജോലിസ്ഥലത്തുള്ള ട്രെയിഡ്‌യൂണിയൻ സംഘടനയാണ് ഈ ആനുകൂല്യം അനുവദിക്കുന്നത്. ശമ്പളത്തിന്റെ ഭാഗമെന്ന നിലയിൽ അത് വിതരണം ചെയ്യപ്പെടുന്നു.

സോവിയററ് സാമൂഹ്യസംരക്ഷാസമ്പ്രദായം നന്നാക്കി ക്കൊണ്ടുവരികയാണ്. ജനങ്ങഠംക്ക് കൂടുതൽ ഉയൻ് പെൻഷ നം ആനുകൂല്യങ്ങളും ലഭിക്കുന്നു. സോവിയററ് യൂണിയനി ലെ മുഴുവൻ ജനതക്കും ഇവ ബാധകമാണ്.

ഹംഗേറിയായിൽ 60 വയസ്സായവരും 25 കൊല്ലത്തെ സേവനമുള്ളവരുമായ പുരുഷന്മാക്കും 55 വയസ്സായവരും 20 കൊ ല്ലത്തെ സേവനമുള്ളവരുമായ സ്ത്രീകഠംക്കും വയസ്സുകാല പെൻഷൻ ലഭിക്കുന്നു. ഭൂഗർഭത്തിൽ ജോലിചെയ്യുന്നവക്ക് പ്രത്യേകാനുകൂല്യ ങ്ങഠം ലഭിക്കുന്നതാണ്. പ്രതിമാസവരുമാനത്തിൻെറ 55 മുതൽ 80 ശതമാനംവരെയുള്ള സംഖ്യയാണ് സാധാരണ പെൻഷനാ യി അനുവദിക്കപ്പെടുന്നത്. മററു സോഷ്യലിസ്റ്റ് രാജ്യങ്ങളി ലും ഏതാണ്ടിങ്ങനെത്തന്നെയാണ്. ചെക്കോസ്ലാവാക്കിയ യിലെ തൊഴിൽനിയമം കുടുംബനാഥൻ മരിക്കുമ്പോഴുള്ള പെൻ ഷനും വയസ്സുകാല-അവശതാ-സീനിയോറിററി-പ്രത്യേകതാ പെൻഷനുകളും നൽകുവൻ വ്യവസ്ഥചെയ്തിട്ടുണ്ട്. പെൻഷൻ സമ്പ്രദായമനുസരിച്ച് എല്ലാ വ്യാവസായികത്തൊഴിലാളികളേ യും ആപ്പീസ് മുതലായവയിലെ ജോലിക്കാരേയും മൂന്നായി തരംതിരിച്ചിട്ടുണ്ട്. ഭൂഗർഭത്തിലും വിമാനങ്ങളിലും പണിയെടു ക്കുന്നവർ, പ്രത്യേകം വിഷമമുള്ള ജോലിചെയ്യുന്നവർ, മററല്ലാ തൊഴിലാളികഠം എന്നിവക്ക് പ്രതിമാസവരുമാനത്തിൻെറ 50 ശ തമാനം മുതൽ 90 ശതമാനംവരെയാണ് വയസ്സുകാല പെൻഷ നായി അനുവദിക്കുന്നത്. സുഖക്കേടോ, വ്യാവസായാപകടമൊ, അവശതയോ, വയസ്സുകാലമൊ സംഭവിക്കുമ്പോഠം ഭൌതികസം രക്ഷണത്തിന്നുറപ്പുവരുത്തുന്ന ഏകീകൃത സാമൂഹ്യ ഇൻഷുറൻസ് ജമ്മൻ ഡെമൊക്രാററിക്ക് റിപ്പബ്ലിക്കിലും നടപ്പിലുണ്ട്.

### അദ്ധ്യായം രണ്ടു്

# സോഷ്യലിസ്റ്റ് സിവിൽ നിയമത്തിന്റെ രൂപരേഖ

## 1. സോഷ്യലിസ്റ്റ് സിവിൽ നിയമസങ്കല്പവും അതിന്റെ പ്രവർത്തനമേഖലയും

സോഷ്യലിസ്റ്റ് നിയമസംഹിതയുടെ ഒരു പ്രധാന ശാഖയാണു് സോഷ്യലിസ്റ്റ് സിവിൽ നിയമം. ഈ നിയമം ഏകീകൃതവും ഐക്യരൂപ്യത്തിലുള്ളതുമാണു്. കാരണം, ഉല്പാദനോപകരണങ്ങളുടെ സോഷ്യലിസ്റ്റ് ഉടമാവകാശം, സോഷ്യലിസ്റ്റ് ആസൂത്രിത സമ്പദ്‌വ്യവസ്ഥ എന്നിവയിൽ സ്ഥാപിക്കപ്പെട്ട സാമൂഹ്യബന്ധങ്ങളെ അതു് നിയന്ത്രിക്കുന്നു. വർഗ്ഗരഹിതമായ കമ്മ്യൂണിസ്റ്റ് സമുദായം സൃഷ്ടിക്കുന്നതിനുവേണ്ടിയാണു് അതുപയോഗിക്കപ്പെടുന്നതു്.

നിയമത്തിന്റെ പൊതുസമ്പ്രദായത്തിൻകീഴിൽ മുതലാളിത്ത സാമൂഹ്യ ശാസ്ത്രജ്ഞന്മാർ പൊതു (public) നിയമത്തെയും സ്വകാര്യ (private) നിയമത്തെയും തരംതിരിച്ചു കാണുന്നു. സിവിൽ നിയമവും ട്രേയിഡ് നിയമവും സ്വകാര്യനിയമത്തിൽ ഉൾക്കൊള്ളുന്നുണ്ടെന്നാണവരുടെ അഭിപ്രായം. ഈ തരംതിരിവിനു് അവർ പല ന്യായങ്ങളും ഉന്നയിക്കുന്നുണ്ടു്. പൊതുനിയമം സമൂ

ഹത്തിന്നു മുഴുവനും ബാധകമാണെന്നും സ്വകാര്യനിയമം വ്യക്തിക്കുമാത്രമെ ബാധകമുള്ളവെന്നും അല്ലെങ്കിൽ പൊതുനിയമം സാമൂഹ്യതാല്പര്യങ്ങളെയും സ്വകാര്യനിയമം വ്യക്തിതാല്പര്യങ്ങളെയും സംരക്ഷിക്കുന്നുവെന്നും ചിലർ അഭിപ്രായപ്പെടുന്നു. സ്വകാര്യാവകാശങ്ങൾ വ്യക്തിയുടെ ആഗ്രഹാനുസരണം ഏർപ്പെടുത്തിട്ടുള്ളവയും അയാൾ ആവശ്യപ്പെടുന്നുവെങ്കിൽ മാത്രം സംരക്ഷിക്കപ്പെടുന്നവയുമാണെന്നു് മററു ചിലരും അഭിപ്രായപ്പെടുന്നുണ്ടു്. പൊതുനിയമം ലംഘിക്കുന്നതുമൂലം ഗവർമ്മേണ്ടിന്റെ ആഗ്രഹത്തിന്നെതിരായി പ്രവർത്തിക്കുന്നുവെന്നും സ്വകാര്യനിയമലംഘനംമൂലം വ്യക്തിയുടെ ആഗ്രഹത്തിന്നെതിരായി പ്രവർത്തിക്കുന്നുവെന്നും ഇവർക്കഭിപ്രായമുണ്ടു്.

അശാസ്ത്രീയമായ സങ്കല്പങ്ങളാണിവ. സ്വകാര്യ ഉടമാവകാശവും, മുതലാളിമാരും തൊഴിലാളികളും തമ്മിലും വൻകിട ഭൂഉടമകളും കൃഷിക്കാരും തമ്മിലും പണക്കാരും പാവപ്പെട്ടവരും തമ്മിലും രഞ്ജിപ്പിക്കുവാൻ കഴിയാത്തവിധത്തിലുള്ള വൈരുദ്ധ്യവും നിലനില്ക്കുന്ന ഒരു സമുദായത്തിൽ പൊതുഉദ്ദേശങ്ങൾക്കും പൊതുതാല്പര്യങ്ങൾക്കുംവേണ്ടി പൊതുനിയമമുണ്ടെന്നു് വാദിച്ചാൽപോലും ഈ പൊതുലക്ഷ്യങ്ങളും പൊതുതാല്പര്യങ്ങളും ഉണ്ടാകുവാൻ പോകുന്നില്ല. സ്വകാര്യനിയമം പൊതുവായി വ്യക്തികളുടെ താല്പര്യങ്ങളെയല്ലാ മുതലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളെയാണു് വ്യക്തമാക്കുകയും പരിരക്ഷിക്കുകയും പരിധിയില്ലാത്ത സ്വകാര്യ ഉടമാവകാശത്തിനുള്ള അവകാശം അംഗീകരിച്ചുകൊടുക്കുകയും ചെയ്യുന്നതു്.

ബൂർഷ്വാനിയമം പബ്ലിക്കെന്നും പ്രൈവററെന്നും വിഭജിക്കുവാനുള്ള കാരണം, മുതലാളിത്തത്തിന്നു കീഴിലുള്ള സ്വകാര്യസ്വത്തവകാശംമൂലം, വ്യക്തിയും സമൂഹവും തമ്മിൽ ഒത്തുതീർപ്പിന്നു് സാദ്ധ്യതയില്ലാത്ത വൈരുദ്ധ്യങ്ങൾ നിലനില്ക്കുന്നുണ്ടെന്നുള്ളതുകൊണ്ടാണു്. മററുള്ളവരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്യുവാൻ മുതലാളിമാർക്കു് പൂർണ്ണസ്വാതന്ത്ര്യം നിയമം അനുവദിച്ചിട്ടു

ള്ള പശ്ചാത്തലത്തിൽ, സാധ്യുക്കളും മർദ്ദിതരുമായുള്ള ബന്ധങ്ങളിൽ ഈ വൈരുദ്ധ്യങ്ങൾ സ്വയം പ്രകടമാകുന്നു. കുത്തകമുതലാളിത്തത്തിൻെറ താല്പര്യം ഗവമ്മേണ്ട് പ്രകടമാക്കുന്നതുമൂലം വ്യക്തികളായിട്ടുള്ള മുതലാളിമാരുടെ താല്പര്യങ്ങൾക്ക് ഹാനി സംഭവിക്കുക സാധാരണമാണ്. ഉദാഹരണത്തിന് അമേരിക്കൻ ഐക്യനാടുകളും ബ്രിട്ടനും ആഫ്രിക്കയിലും ഏഷ്യയിലും പുതുതായി ജന്മമെടുത്ത സ്വതന്ത്രരാജ്യങ്ങളുമായി വ്യാപാരം ചെയ്യുന്നതിൽ ഇപ്പോൾ ചരടുകൾ ഏർപ്പെടുത്തിവരികയാണ്. മാക്കററുകൾ ചുരുങ്ങിവരുന്നതുമൂലം ഉല്പാദനം മന്ദീഭവിപ്പിക്കുവാൻ നിർബ്ബന്ധിതരായ ഈ മുതലാളിമാക്ക ഈ ചരടുകൾ ഭൗതികമായ നഷ്ടങ്ങളുണ്ടാക്കുന്നു. ഉൽപാദനം കുറയുന്നതുമൂലം അവരുടെ ലാഭം സ്വാഭാവികമായും കുറയുന്നു. ഈ സംഗതിയിൽ അവരുടെ നഷ്ടത്തിന്നവർ ഗവമ്മേണ്ടിനെ കുററം പറയുന്നു. അതുകൊണ്ടാണ് മുതലാളിത്തത്തിൻെറ കീഴിൽ ജനങ്ങൾ രണ്ടുതരത്തിലുള്ള ജീവിതം നയിക്കുവാനിടവരുന്നത്. "രാഷ്ട്രീയസമൂഹത്തിലെ ജീവിതത്തിൽ ഒരു വ്യക്തി അയാളെ ഒരു സാമൂഹ്യജീവിയായിക്കാണുന്നു. സിവിൽസമുദായത്തിലെ ജീവിതത്തിൽ അയാൾ ഒരു സ്വകാര്യവ്യക്തിയെന്ന നിലയിൽ അഭിനയിക്കുന്നു."* പബ്ളിക്ക്, പ്രൈവററ് എന്നിങ്ങനെ ബൂഷ്വാ നിയമം രണ്ടായി വിഭജിക്കപ്പെടുവാനുള്ള യഥാൎത്ഥ കാരണമിതാണ്.

സോഷ്യലിസത്തിനു കീഴിൽ വ്യക്തിയുടേയും സമൂഹത്തിൻേറയും താല്പര്യങ്ങൾ തമ്മിൽ വൈരുദ്ധ്യങ്ങളൊന്നുമില്ല. സോഷ്യലിസ്റ്റ് സ്റ്റേയിററിൻെറ ലക്ഷ്യങ്ങൾ പൌരന്മാരുടെ താൽപര്യങ്ങളുമായി പൊരുത്തപ്പെടുന്നു. സമുദായത്തിലെ എല്ലാ അംഗങ്ങളുടെയും ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി, പ്ലാൻ അനുസരിച്ച്

* കളക്ററഡ് വർക്സ് എന്ന പുസ്തകത്തിൽ 'യഹൂദപ്രശ്നം സംബന്ധിച്ച്' എന്ന ഭാഗത്തിൽ മാർക്സും ഏംഗൽസും. 2-ാം റഷ്യൻ പതിപ്പ്. പുസ്തകം 1 പെ: 300—91

സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ വികസിക്കുന്നു. അതുകൊണ്ടാണ് റഷ്യയിലെ സോഷ്യലിസ്റ്റ് പുനഃസംഘടനയുടെ ആദ്യവർഷങ്ങളിൽ സോഷ്യലിസ്റ്റ് നിയമത്തെ പബ്ളിക്കെന്നും പ്രൈവററന്നും രണ്ടായി തരംതിരിക്കുന്നതിനെ ലെനിൻ നിരാകരിച്ചതു്. അദ്ദേഹം പ്രഖ്യാപിച്ചു: "സ്വകാര്യമായ ഒന്നിനേയും നാം അംഗീകരിക്കുന്നില്ല. നമ്മെ സംബന്ധിച്ചേടത്തോളം സമ്പദ്‌വ്യവസ്ഥയിലുള്ള എല്ലാതും പൊതുവായിട്ടുള്ളതാണു്; ഒന്നും സ്വകാര്യമായിട്ടില്ല."*

സോഷ്യലിസ്റ്റ് നിയമസംഹിതയുടെ ഒരു ഭാഗമെന്ന നിലയിൽ സിവിൽ നിയമം സംയുക്ത (Corporal) ബന്ധങ്ങളേയും അവയുമായി ബന്ധപ്പെട്ട വ്യക്തിപരമായ അസംയുക്ത ബന്ധങ്ങളേയും നിയന്ത്രിക്കുന്നു. സിവിൽ നിയമത്താൽ നിയന്ത്രിക്കപ്പെടുന്ന സംയുക്ത (കൂട്ട) ബന്ധങ്ങൾ സമ്പദ്‌വ്യവസ്ഥയിന്മേലും ഉൽപാദനോപകരണങ്ങളുടെ സോഷ്യലിസ്റ്റ് ഉടമസ്ഥതയിന്മേലും അടിസ്ഥാനപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതുകൊണ്ടാണു് സിവിൽ നിയമത്തിന്റെ സോഷ്യലിസ്റ്റ് സ്വഭാവം നിർണ്ണയിക്കപ്പെടുന്നതു്. സോഷ്യലിസത്തിനു് കീഴിൽ ഭൌതികമൂല്യം നിർമ്മിക്കപ്പെടുന്നതു് വസ്തുക്കളുടെ രൂപത്തിലായെന്നും അങ്ങിനെ മൂല്യത്തിനു് പരിമിതമായ പ്രവർത്തനമെ അനുവദിക്കപ്പെടുന്നുള്ളുവെന്നുമുള്ള പരിതസ്ഥിതിയിൽനിന്നാണു്, സിവിൽ നിയമപ്രകാരം, സോഷ്യലിസ്റ്റ് സമുദായത്തിന്റെ സംയുക്തബന്ധങ്ങൾ നിയന്ത്രിക്കേണ്ടതായ ആവശ്യമുത്ഭവിക്കുന്നതു്. ഈ മൂല്യങ്ങളുടെ വിതരണവും പ്രചാരവും സാധിക്കപ്പെടുന്നതു് സാധനസാമഗ്രികളുടേയും പണത്തിന്റേയും രൂപത്തിലാണു്.

സോഷ്യലിസത്തിനു് കീഴിൽ സാധനങ്ങളുടെ ഉല്പാദനം നിലനിർത്തപ്പെടുകയും സാധന–പണബന്ധങ്ങൾ പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ അർത്ഥം ഒരാം മററാ

* 'കളക്ററഡ് വർക്സ്' എന്ന പുസ്തകത്തിൽ ലെനിൻ. 3–ാം റഷ്യൻ പതിപ്പ് പുസ്തകം 29. പേ: 419.

മറെറാരാൾക്ക് മുതൽ കൈമാറുന്നതു് തുല്യമൂല്യമുള്ള മററന്തെങ്കിലും വസ്തു സ്വീകരിച്ചുകൊണ്ടാണെന്നുള്ളതാണു്. അതായതു് വില കൊടുക്കൽ, നിർമ്മാണച്ചിലവു്, ലാഭം മുതലായ സാമ്പത്തിക വളർച്ചയുടെ മററു പ്രധാന ഘടകങ്ങൾ ഉപയോഗിച്ചുകൊണ്ടാണെന്നർത്ഥം.

സാധന-പണബന്ധങ്ങളുടെ ഉപയോഗത്തെപ്പററി നാം പറയുമ്പോൾ സോഷ്യലിസ്റ്റ് നിർമ്മാണസമ്പ്രദായത്തിനു കീഴിൽ ഈ ബന്ധങ്ങളുടെ ഉള്ളടക്കം, ഗുണത്തിൻെറ അടിസ്ഥാനത്തിൽ, നൂതനമാണെന്നു് ഓർക്കണം. മുതലാളിത്തസമുദായത്തിൽ വസ്തുക്കളുടെ കൈമാററം നടക്കുന്നതു് അവ്യവസ്ഥിതമായതും കടുത്തതുമായ മത്സരത്തോടുകൂടിയും ഏററവും കൂടുതൽ ലാഭമടിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയുമാണു്. ആ സമുദായത്തിൽ സാധന-പണബന്ധങ്ങൾ കാണിക്കുന്നതു് ഉല്പാദന അരാജകത്വവും വാങ്ങുന്നവനും വില്ക്കുന്നവനും തമ്മിലുള്ള ശത്രുതയും വിപണിശക്തികളുടെ അവ്യവസ്ഥിതമായ മേധാവിത്വവുമാണു്. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൻകീഴിൽ, സോഷ്യലിസ്റ്റ് ഉടമസ്ഥാവകാശത്തിൻെറ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന വിനിമയത്തിൻെറ കാതൽ, അടിസ്ഥാനപരമായ മാററത്തിനു് വിധേയമാകുന്നു. അതു് സംഘടിതവും ആസൂത്രിതവും ഗവർമ്മെണ്ടിനാൽ നിയന്ത്രിതവുമാണു്. ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി സോഷ്യലിസ്റ്റ് ഗവർമ്മെണ്ടു് ഉല്പാദനത്തെയും വിതരണത്തെയും നിയന്ത്രിക്കുകയും ഉപഭോഗവസ്തുക്കൾക്ക് തീർച്ചവില നിശ്ചയിക്കുകയും സമൂഹത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാൻ തക്കവണ്ണം ഉല്പാദനവർദ്ധനവിനു് ഉറപ്പുനല്കുകയും ചെയ്യുന്നു. ഈ പരിതസ്ഥിതികൾക്കു കീഴിൽ സാധന-പണബന്ധങ്ങൾ പ്രകടമാക്കുന്നതു് ഉല്പാദനവർദ്ധനയിൻെറ ആസൂത്രിതസ്വഭാവത്തെയും ഉല്പാദകനിൽനിന്നു് ഉപഭോക്താവിലേക്കുള്ള സാധനങ്ങളുടെ അനിയന്ത്രിതവും അവ്യവസ്ഥിതവുമായ പ്രയാണരാഹിത്യത്തെയും വാങ്ങുന്നവനും വില്ക്കുന്നവനും തമ്മിലുള്ള താല്പ

ത്യങ്ങളുടെ ഐക്യത്തെയുമാണ്. അവ സംഘടിതവും സുനിയന്ത്രിതവുമായ ബന്ധങ്ങളായിത്തീരുന്നു. രാഷ്ട്രത്തിന്റെ സാമ്പത്തിക വികസനപദ്ധതിക്കനുസരിച്ച് ഫലത്തിൽ വരുത്തപ്പെടുന്ന ഈ ബന്ധങ്ങൾ ജനങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ ആവശ്യങ്ങളെ അങ്ങേയററം തൃപ്തിപ്പെടുത്തണമെന്ന ഏക ഉദ്ദേശമാണ് പിന്തുടരുന്നത്.

എന്താണ് സംയുക്തബന്ധങ്ങൾ? ചുരുക്കത്തിൽ പറഞ്ഞാൽ ജനങ്ങളുടെ ഉദ്ദേശപരമായ പ്രവർത്തനത്തിലുള്ള ഭൗതികോല്പാദനബന്ധങ്ങളുടെ ഒരു പ്രതിഫലനമാണവ. സമൂഹത്തിന്റെയും അതിലെ ഓരോ പൌരന്റെയും ഭൗതികാവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാൻവേണ്ടി, വസ്തു (മുതൽ) സംബന്ധിച്ച്, ജനങ്ങൾക്കു വിവിധ ബന്ധങ്ങളിൽ ബോധപൂർവ്വം ഏർപ്പെടേണ്ടതുണ്ട്. (വസ്തുക്കളുടെ ഉടമാവകാശം, മൂല്യരൂപത്തിലെടുക്കുന്ന ഭൗതികസാധനങ്ങളുടെ കൈമാററമൊ വിതരണമൊ സംബന്ധിച്ച്) നിലവിലുള്ള ഉല്പാദനബന്ധങ്ങളിൽനിന്നാണവരുടെ ബോധവും ആഗ്രഹവും ഉത്ഭവിക്കുന്നത്. തങ്ങളുടെ ആഗ്രഹമനുസരിച്ച് വ്യക്തികൾക്ക് ഈ ബന്ധങ്ങളെ മാററുവാനൊ മറികടക്കുവാനൊ സാദ്ധ്യമല്ല. ഉദാഹരണത്തിന്, സോഷ്യലിസ്റ്റ് സമുദായത്തിൽ പ്രധാന ഉല്പാദനോപകരണങ്ങൾ (ഫാക്ടറികൾ, റെയിൽവെകൾ, ജലവാഹനങ്ങൾ വിദ്യുച്ഛക്തിസ്ഥാപനങ്ങൾ) ഗവർമ്മെണ്ടുടമയിലുള്ളവയാകയാൽ ആർക്കും ഒരു റെയിൽവെയൊ ഫാക്ടറിയൊ സ്വന്തമാക്കുവാൻ സാദ്ധ്യമല്ല. അങ്ങിനെ സ്വന്തമാക്കുന്നത്—കൈമാററം ചെയ്യുന്നത്—സോഷ്യലിസ്റ്റ് ഉല്പാദനബന്ധങ്ങൾക്കെതിരാവുകയും അവയുടെ അടിസ്ഥാനം തന്നെ തകക്കുവാൻ പര്യാപ്തമാവുകയും ചെയ്യുന്നു.

കൂടാതെ, സിവിൽ നിയമം വ്യക്തിപരമായ അസംയുക്തബന്ധങ്ങളെ (പകപ്പവകാശം, ട്രെയിഡ്മാർക്ക് അവകാശം മുതലായവ) നിയന്ത്രിക്കുന്നു. ഇവയ്ക്കു് സംയുക്തബന്ധങ്ങളുമായി അടുത്ത ബന്ധമുണ്ട്. വ്യക്തിപരമായ അസംയുക്തബന്ധങ്ങൾ

ക്ക് ഒരു വിലയുണ്ടെന്നും അവ കണക്കാക്കുവാനും അവയ്ക്ക് ഒരു നിശ്ചിതവില നിശ്ചയിക്കുവാനും കഴിയുമെന്നും ഇതിന്നർത്ഥമില്ല. ഈ ബന്ധങ്ങളിൽ ഒരാളുടെ വ്യക്തിത്വം സ്വയം പ്രകടമാക്കുന്നു വെന്നുള്ളതാണ് കാര്യം. തൻെറ പുസ്തകത്തിൻെറ പരിഭാഷ വില്ക്കുന്നത് നിർത്തണമെന്നോ അല്ലെങ്കിൽ അതിലെ വളച്ചൊടിക്കലുകൾ അതിൽനിന്ന് നീക്കം ചെയ്യണമെന്നോ ഒരു ഗ്രന്ഥകർത്താവ് ആവശ്യപ്പെടുമ്പോൾ അയാൾ ഭൗതികമായ ഒരു നേട്ടം ആഗ്രഹിക്കുകയല്ല; താൻ സൃഷ്ടിച്ചവിധത്തിൽ തൻെറ കൃതി ജനതാമദ്ധ്യത്തിൽ അവതരിപ്പിക്കണമെന്ന് ആവശ്യപ്പെടുകമാത്രമാണ്. ഒരു പുസ്തകത്തിൻെറ കർത്താവെന്നോ ഒരു കണ്ടുപിടുത്തത്തിൻെറ ഉടമയെന്നോ ഉള്ള നിലയിൽ ഒരു വ്യക്തിക്ക് സിദ്ധിക്കുന്ന അംഗീകാരം അയാൾക്ക് പ്രതിഫലം ലഭിക്കുവാനുള്ള അവകാശം കൂടി ഉണ്ടാക്കുന്നുവെന്നുള്ളതാണ്. ഈ സംഗതിയിൽ വ്യക്തിപരമായ സംയുക്തബന്ധങ്ങളും അസംയുക്തബന്ധങ്ങളും, സിവിൽ നിയമത്തിന് ഒരേ നിയമസ്ഥാപനങ്ങൾമാത്രം ഉണ്ടാകുവാനിടയാക്കുന്നു. (പകർപ്പവകാശം, പെയിററൻറ് നിയമം, കണ്ടുപിടുത്തം സംബന്ധിച്ച നിയമം മുതലായവ)

സംയുക്തബന്ധങ്ങളിൽനിന്ന് സ്വതന്ത്രമായ മററു ബന്ധങ്ങളും (വ്യക്തിപരമായ അസംയുക്തബന്ധങ്ങൾ) നിലവിലുണ്ട്. ഉദാഹരണത്തിന്, യു എസ്സ്. എസ്സ്. ആറിലെയും യൂണിയൻ റിപ്പബ്ളിക്കുകളിലെയും സിവിൽ നിയമത്തിലെ അടിസ്ഥാനതത്വങ്ങളുടെ 7-ാം ഖണ്ഡികയനുസരിച്ച് ഒരാൾ ഒരു പൌരൻേറയോ സംഘടനയുടേയോ അഭിമാനത്തിനും അന്തസ്സിനും ക്ഷതംവരുത്തുന്ന പ്രസ്താവനകൾ പ്രചരിപ്പിക്കുകയും അവ സത്യമാണെന്ന് തെളിയിക്കാതിരിക്കുകയും ചെയ്താൽ അങ്ങിനെയുള്ള പ്രസ്താവനകൾ പിൻവലിക്കുന്നതിനുവേണ്ടി ആ പൌരനോ സംഘടനയ്ക്കോ അന്യായം ബോധിപ്പിക്കാവുന്നതാണ്. പത്രങ്ങളിൽക്കൂടിയാണ് ആ പ്രസ്താവന പ്രചരിപ്പിക്കപ്പെ

ട്ടതെങ്കിൽ, അവ അസത്യമാണെന്നു് വരുന്ന പക്ഷം, പത്രങ്ങൾ വഴിയായിത്തന്നെ അതു് പിൻവലിക്കണം. മററു സംഗതികളിൽ ഈ പിൻവലിക്കൽ എങ്ങിനെ വേണമെന്നു് കോടതികൾ നിശ്ചയിച്ചിട്ടുണ്ടു്. കോടതി കൽപന നിറവേററപ്പെടാത്ത പക്ഷം കുററവാളിക്കു് പിഴ കല്പിക്കാം. ഈ പിഴ വസൂൽ ചെയ്തു രാജ്യനന്മയ്ക്കു് വേണ്ടി ഉപയോഗിക്കുന്നു. പിഴയടയ്ക്കുന്നതുകൊണ്ടു മാത്രം കോടതി വിധിയിൽ പറയുന്ന ചുമതല നിർവ്വഹിക്കുന്നതിൽനിന്നു് കുററവാളി വിമുക്തനാവുന്നില്ല.

സോഷ്യലിസ്റ്റ് സിവിൽ നിയമം അങ്ങിനെ സംയുക്ത ബന്ധങ്ങളെയും അവയോടു ബന്ധപ്പെട്ടുകിടക്കുന്ന പുരുഷപരമായ അസംയുക്തബന്ധങ്ങളേയും നിയന്ത്രിക്കുന്നു.

എ) ഗവർമ്മെണ്ടും സഹകരണ–ബഹുജനസംഘടനകളും തമ്മിൽ.

ബി) പൌരന്മാർ ഒരു വശത്തും ഗവമ്മെണ്ടും സഹകരണ–ബഹുജനസംഘടനകളും മറുവശത്തും തമ്മിൽ.

സി) പൌരന്മാർ തമ്മിൽ.

നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ചു് മററു സംഘടനകൾക്കു് (ഉദാ: സ്വകാര്യ മുതലാളിത്ത സംഘടനകൾ)* സിവിൽ നിയമത്താൽ നിയന്ത്രിക്കപ്പെടുന്ന ബന്ധങ്ങളിൽ ഏപ്പെടാവുന്നതാണു്. എന്നിരുന്നാലും സിവിൽ നിയമം ബാധകമാക്കീട്ടുള്ള മേഖല എല്ലാ സംയുക്തബന്ധങ്ങളേയും പുരുഷപരമായ സംയുക്തബന്ധങ്ങളേയും സമാശ്ലേഷിക്കുന്നില്ല. ഒരു ഗവ

* സോവിയററു് യൂണിയനിൽ മുതലാളിത്തസ്ഥാപനങ്ങൾ നിലവിൽ ഇല്ലെന്നും സ്വകാര്യസ്ഥാപനങ്ങൾ നിരോധിക്കപ്പെട്ടിരിക്കുകയാണെന്നും ഓർക്കേണ്ടതുണ്ടു്. സ്വന്തം അദ്ധ്വാനത്തിൽ അധിഷ്ഠിതവും മററുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണംചെയ്യാത്തതും കൃഷിക്കാരും കരകൌശലക്കാരും നടത്തുന്നതുമായ ചെറിയ സ്വകാര്യസംരംഭങ്ങൾ മാത്രമെ യു. എസ്സ്. എസ്സ്. ആർ. ഭരണഘടനപ്രകാരം അനുവദിക്കപ്പെടുന്നുള്ളു.

മ്മെണ്ട്സമിതിയുടെ ഉത്തരവനുസരിച്ച് ഒരു ഉടമയിൽനിന്ന് മററാരാൾക്ക് വസ്തു കൈമാറുമ്പോൾ, ഈ ബന്ധങ്ങൾ നിയന്ത്രിക്കപ്പെടുന്നതു് ഭരണപരമായ നിയമംവഴിക്കാണ്. ഇതിനുള്ള കാരണം, യോഗ്യമായ അധികൃതകല്പനയിൽനിന്നുത്ഭവിക്കുന്ന സംയുക്തബന്ധങ്ങളിൽപ്പെട്ട കക്ഷികൾ തുല്യരല്ലെന്നുള്ളതാണ്. ഒരു കക്ഷി എപ്പോഴും മററ കക്ഷിയുടെമേൽ അധികാരമുള്ള ഗവർമ്മെണ്ട് ഏജൻസിയായിരിക്കും. സംയുക്തമൂല്യങ്ങളെ ബാധിക്കുന്ന ഒരു നിയമം നിർമ്മിക്കുന്ന പ്രശ്നം തീരുമാനിക്കുന്നതു് ഒരു ഗവർമ്മെണ്ട് ഏജൻസിയുടെ ആഗ്രഹമനുസരിച്ചാണ്. (ഉദാ: ഒരു സ്ഥാപനത്തിന് കെട്ടിടങ്ങളൊ മററാ വീതിച്ചു കൊടുക്കൽ, കെട്ടിടത്തിന് പണം ചിലവാക്കൽ, നികുതിചുമത്തൽ, പെൻഷൻ അനുവദിക്കൽ മുതലായവ.)

അതുപോലെത്തന്നെ വ്യവസായത്തൊഴിലാളികളൊ ആപ്പീസ്സ്ജീവനക്കാരൊ മററു ജോലിക്കാരൊ അദ്ധ്വാനത്തിൽ പങ്കെടുക്കുന്നതുമൂലമുണ്ടാകുന്ന ബന്ധങ്ങളും സിവിൽ നിയമത്താൽ നിയന്ത്രിക്കപ്പെടുന്ന മേഖലയ്ക്കു് വിധേയമല്ല. സോഷ്യലിസ്റ്റ് സമുദായത്തിൽ അദ്ധ്വാനം ഒരു ചരക്കല്ല സ്ഥാപനങ്ങളിലും സംരംഭങ്ങളിലുമുള്ള തൊഴിൽബന്ധങ്ങളും ചരക്ക്-പണബന്ധങ്ങളും ഒന്നായിക്കാണുന്നതു് തെററായിരിക്കും.

## 2. സോഷ്യലിസ്റ്റ് സിവിൽ നിയമത്തിൻെറ മൌലികതത്വങ്ങൾ

സോഷ്യലിസ്റ്റ് നിയമത്താൽ നിയന്ത്രിക്കപ്പെടുന്ന സാമൂഹ്യബന്ധങ്ങൾക്ക് വ്യത്യസ്തതകളും വൈവിദ്ധ്യങ്ങളുമുണ്ടെങ്കിലും സമൂഹത്തിൻെറ സോഷ്യലിസ്റ്റ് സ്വഭാവം പ്രകടിപ്പിക്കുന്ന അനേകം പൊതുസ്വഭാവങ്ങൾ അവയ്ക്കുണ്ട്. തത്ഫലമായി സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സിവിൽനിയമ മാനദണ്ഡങ്ങൾക്കു്, ഉള്ളടക്കത്തിലും രൂപത്തിലും വൈവിദ്ധ്യമുണ്ടെങ്കിലും, പൊതുവായ തത്വങ്ങളുണ്ടു്. അവയുടെ പ്രവർത്തനം സംയുക്തബന്ധ

ങ്ങളേയും വ്യക്തിപരമായ അസംയുക്തബന്ധങ്ങളേയും നിയന്ത്രിക്കുന്നതിൽ സ്വയം പ്രകടമാവുകയും ചെയ്യുന്നു.

I സംയുക്തബന്ധങ്ങളിൽ പങ്കെടുക്കുന്നവരുടെ കലർപ്പില്ലാത്ത സമത്വം, സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സിവിൽ നിയമത്തിൻെറ പ്രധാന തത്വങ്ങളിലൊന്നാണ്. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയും മുതലാളിത്ത ഉടമാവകാശത്തിൻെറയും ചൂഷണത്തിൻെറയും തിരോധാനവുമാണ് ഈ സമത്വത്തിന് നിദാനമായിട്ടുള്ളത്. ഒരു സോഷ്യലിസ്റ്റ് സമുദായത്തിൽ തൻെറ കഴിവനുസരിച്ച് പണിയെടുക്കുവാനും സമുദായത്തിൽനിന്ന് തുല്യജോലിക്ക് തുല്യവേതനം ലഭിക്കുവാനും ഓരോ പൌരനും ശരിയായ സാദ്ധ്യതയുണ്ട്. ഈ സാമ്പത്തിക സമത്വമനുസരിച്ച് നിയമപരമായ സമത്വവും അനുവദിക്കപ്പെടുന്നു. എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും പൌരന്മാക്ക് അവരുടെ ദേശം, വംശം, ലിംഗം, ജാതി, മതം, ധനപരമായ നില എന്നിവ പരിഗണിക്കാതെ തുല്യമായ നിയമസംരക്ഷണം ലഭിക്കുന്നു.

തുല്യാവകാശങ്ങളോടൊപ്പം തുല്യ കടമകളുമുണ്ടെന്നു മനസ്സിലാക്കേണ്ടതുണ്ട്. ഭൌതികാനുഗ്രഹങ്ങൾ അനുഭവിക്കുന്ന ഓരോ പൌരനും ജോലിയെടുക്കുവാനും സമുദായത്തിന് ഉപകാരമുള്ളവനായിരിക്കുവാനും കടമപ്പെട്ടവനാണ്. അദ്ധ്വാനിച്ചുണ്ടാക്കാത്ത ആദായംകൊണ്ട് സമ്പാദിച്ച മുതൽ ഗവർമ്മെണ്ട് പിടിച്ചെടുത്ത് ജനങ്ങളുടെ താല്പര്യങ്ങൾക്ക് വേണ്ടി ചിലവഴിക്കുന്നതാണ്.

II പൌരനും സമുദായവും തമ്മിലുള്ള, ഒത്തുതീർപ്പിലെത്തിക്കുവാൻ കഴിയാത്ത, വൈരുദ്ധ്യങ്ങൾ അവരുടെ താല്പര്യങ്ങൾ ഒന്നാവുകമൂലം, നാമാവശേഷമായിത്തീരുന്നു. വ്യക്തിയുടെ താല്പര്യവും സമൂഹത്തിൻെറ താൽപര്യവും തമ്മിലുള്ള യോജിപ്പ് സിവിൽ നിയമത്തിൻെറ മറെറാരു പ്രത്യേകതയാണ്. സംയുക്തബന്ധങ്ങളിലേപ്പെടുന്ന സംഘടനകളും പൌരന്മാരും

നിയമത്തേയും സോഷ്യലിസ്റ്റ് സമുദായനിബന്ധനകളേയും സോഷ്യലിസ്റ്റ് സമുദായത്തിൻെറ സദാചാരപരമായ തത്വങ്ങളേയും അനുസരിക്കണമെന്നും പൊതുതാൽപര്യങ്ങളെ വ്യക്തിപരമായ താൽപര്യങ്ങളെ അപകടത്തിലാക്കണമെന്ന ഉദ്ദേശത്തോടുകൂടി തങ്ങളുടെ അവകാശങ്ങൾ ഉപയോഗിക്കാതിരിക്കണമെന്നും നിയമം അനുശാസിക്കുന്നു.

അതുകൊണ്ട്, സോഷ്യലിസ്റ്റ് രാഷ്ട്രത്തിൻെറയും സമുദായത്തിൻെറയും താൽപര്യങ്ങൾക്ക് വിരുദ്ധമായി ഉണ്ടാക്കീട്ടുള്ളതെന്നറിയപ്പെടുന്ന നിയമപരമായ ഇടപാടുകൾ റദ്ദാക്കപ്പെടുകയും കക്ഷികൾ ബോധപൂർവ്വമാണ് ആ ഇടപാടുകൾ നടത്തീട്ടുള്ളതെങ്കിൽ അവമൂലം സിദ്ധിച്ചിട്ടുള്ളതെല്ലാം രാജ്യത്തിൻെറ നന്മയ്ക്കുവേണ്ടി പിടിച്ചെടുക്കപ്പെടുകയും ചെയ്യുന്നു.

ചില സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ചെറിയ തോതിലുള്ള സ്വകാര്യസംരംഭങ്ങൾ നടത്തുവാൻ സിവിൽ നിയമം പൌരന്മാർക്കനുവാദം നല്കുന്നുണ്ട്. എന്നാൽ അതേസമയംതന്നെ സമുദായത്തിൻെറ താല്പര്യങ്ങൾ അവർ കണക്കിലെടുക്കണമെന്നും അനുശാസിക്കപ്പെട്ടിരിക്കുന്നു (ഉദാ: ചെക്കോസ്ലാവാക്കിയൻ സിവിൽ നിയമം 3-ാംഖണ്ഡിക) സുപ്രസിദ്ധരായ എഴുത്തുകാരുടെയോ ചിത്രകാരന്മാരുടെയോ കവികളുടെയോ കയ്യെഴുത്തുപ്രതികൾ, ചിത്രങ്ങൾ മുതലായവയോ മററു കലാരൂപങ്ങളോ സ്വന്തമായി കൈവശംവെച്ചിട്ടുള്ളവർ അവയെ അനാസ്ഥയോടുകൂടി കൈകാര്യം ചെയ്യുവാൻ പാടില്ല. കാരണം, അവ ചരിത്രപരമായ മൂല്യങ്ങളുള്ളവയാണ്; അവ സൂക്ഷിച്ചുവെയ്ക്കുന്നതിൽ സമുദായത്തിന് താല്പര്യവുമുണ്ട്.

**III** പ്രധാന ഉൽപാദനോപകരണങ്ങളുടെ കേന്ദ്രീകരണം സോഷ്യലിസ്റ്റ് രാഷ്ട്രത്തിൻെറ കൈവശമാണെന്നുള്ളതുകൊണ്ട് അതിൻെറ സമ്പദ്‌വ്യവസ്ഥ ആസൂത്രിതാടിസ്ഥാനത്തിൽ വികസിപ്പിക്കപ്പെടുന്നു. അങ്ങിനെയിരിക്കെ ആസൂത്ര

ണം സംയുക്തബന്ധനിയന്ത്രണത്തെ അടിസ്ഥാനമാക്കിയിരിക്കുന്നു. ഉദാഹരണത്തിനു് ചെക്കൊസ്ലാവാക്കിയയിൽ സിവിൽ നിയമത്തിലെ 212–ാംഖണ്ഡികയിൽ പറയുന്ന സാമ്പത്തികാസൂത്രണത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു്, പ്രത്യേകം അംഗീകരിക്കപ്പെട്ട കരാറുകൾ മൂലം, ഓരോ സാമ്പത്തിക പദ്ധതിയുടേയും നടത്തിപ്പിനു് ഉറപ്പുനൽകപ്പെട്ടിരിക്കുന്നുവെന്നു് 1950 നവംബർ 3–ാംനു- ഹംഗേറിയയിൽ അംഗീകരിക്കപ്പെട്ട കടമകളും കരാറുകളും സംബന്ധിച്ച നിയമം സാമ്പത്തിക വികസന പദ്ധതിയുടെ പൂർത്തീകരണം കടമകളുടെ നിയമപരമായ നിയന്ത്രണത്തിന്റെ പരമലക്ഷ്യമായി പ്രഖ്യാപിക്കുകയും കടമകളുടെ പ്രധാന അടിസ്ഥാനമെന്ന നിലയിൽ ആസൂത്രണനടപടികളെ പ്രധാന ഭാഗമായി കാണുകയും ചെയ്യുന്നു.

വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സംരംഭങ്ങളും ഇതുപോലെ ഒരു പദ്ധതിക്കു് വിധേയമാണു്. തങ്ങൾക്കുവേണ്ടി നീക്കിവെയ്ക്കപ്പെട്ടിട്ടുള്ള ജോലികൾ നിർവ്വഹിക്കുകയും രാജ്യത്തിന്റെ പൊതുവായ ഏക സാമ്പത്തികപദ്ധതിയുടെ കടമകൾക്കനുസൃതമായി തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുവാൻ നിയമം സ്വകാര്യഉടമകളെ ചുമതലപ്പെടുത്തുന്നു. (ഉദാ: ചെക്കൊസ്ലോവാക്കിയയിലെ സിവിൽനിയമം 164–ാം ഖണ്ഡിക.)

IV സോഷ്യലിസ്റ്റ് സമുദായത്തിൽ ചരക്കു്–പണബന്ധങ്ങൾ, അവയുടെ പുതിയ ഉള്ളടക്കമനുസരിച്ചു്, പ്രയോഗിക്കപ്പെടുന്നു. മൂല്യംസംബന്ധിച്ച നിയമം ചില പരിമിതികൾക്കകത്തുനിന്നാണു് പ്രവർത്തിക്കുന്നതു്.

കടമകൾ നിർവ്വഹിക്കുകയും സോഷ്യലിസ്റ്റ് ഉല്പാദനം വികസിപ്പിക്കുകയും നന്നാക്കുകയും ചെയ്യുകയെന്ന പൌരന്മാരുടെയും സംഘടനകളുടേയും ഭൌതികതാല്പര്യത്തിൽ അധിഷ്ഠിതമായിട്ടാണു് സംയുക്തബന്ധങ്ങൾ നിയന്ത്രിക്കപ്പെടുന്നതു്.

സോഷ്യലിസം പടുത്തുയർത്തുന്നതു് "വെറും ആവേശത്തെ ആശ്രയിച്ചുകൊണ്ടല്ലാ. പ്രത്യുത മഹത്തായ വിപ്ലവം പകർന്നുതന്ന

ആവേശത്തിന്റെ സഹായത്തോടുകൂടിയും വ്യക്തിപരമായ താല്പര്യം, വ്യക്തിപരമായ പ്രചോദനം, വ്യക്തിപരമായ നേട്ടം എന്നിവയുടെ അടിസ്ഥാനത്തിലുമാണെ"ന്നു് ലെനിൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.*

ഒരു കണ്ടുപിടുത്തമൊ കാര്യക്ഷമതാനിർദ്ദേശമൊ പ്രതിഫലത്തിനു് വിധേയമാകുന്നതു്, അതുകൊണ്ടുള്ള ആദായത്തെയാശ്രയിച്ചിരിക്കുമെന്നതിൽനിന്നു്, പൌരന്മാരുടെ ഭൌതികതാൽപര്യത്തിന്റെ പൊരുൾ വ്യക്തമാകുന്നു. ഒരു കലാസൃഷ്ടിക്കു് അതിന്റെ മൌതികമൂല്യമനുസരിച്ചു് പ്രതിഫലം നല്കുന്നു. ഒരു സംഘടനയുടെ ഭൌതികതാൽപര്യം അതിന്റെ സ്വയംപര്യാപ്തതാടിസ്ഥാനത്തിലുള്ള പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു. സിവിൽ കടമകൾ ശരിക്കു് നിർവ്വഹിക്കുന്ന ഒരു സംഘടന നല്കുന്ന ഉൽപാദിതവസ്തുക്കൾക്കു് പൂർണ്ണമായ വില സമയത്തിനു് ലഭിക്കുന്നതാണു്. അതിനു് പണദൌർല്ലഭ്യം മുതലായവ അനുഭവപ്പെടുന്നതല്ല. നേരെമറിച്ചു് കരാറപ്രകാരമുള്ള കടമകൾ ലംഘിക്കുന്നതുമൂലം സാമ്പത്തികമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും തന്മൂലം ചില സംരംഭങ്ങളിലുണ്ടാകുന്ന കുറവുകളും പണിനിർത്തലുകളും മററുള്ളവയുടെ സാമ്പത്തികനിലയെ ദോഷകരമായവിധത്തിൽ ബാധിക്കുകയും ചെയ്യുന്നു. തത്ഫലമായി വിനിയോഗമുതൽ സ്വരൂപിക്കുന്നതിൽ മാന്ദ്യം സംഭവിക്കുകയും പദ്ധതി തകരാനുള്ള സാദ്ധ്യതയുളവാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണു് നിശ്ചിത സമയത്തിനുള്ളിൽ തീക്കാത്തതും കുററമുള്ളതുമായ കരാറ പൂർത്തീകരണം ഭൌതിക ബാദ്ധ്യതകൾക്കു് വിധേയമാണെന്നു് സിവിൽ നിയമം വ്യവസ്ഥചെയ്തിട്ടുള്ളതു്. (ഉദാ: പിഴ, കുന്നപ്പലിശ, പിടിച്ചുടക്കൽ, നഷ്ടം.)

ഈ സംഖ്യകൾ കൊടുക്കുന്നതുമൂലം കടമകൾ ലംഘിക്കുന്ന സംഘടനയുടെ സാമ്പത്തികനിലക്കു് ദോഷം തട്ടുന്നു. അതി

---

* ലെനിൻ—തിരഞ്ഞെടുത്ത കൃതികൾ. 3-ാം പുസ്തകം പേ: 696.

ൻെറ തലയിൽ ഭൌതികമായ ചുമതല കെട്ടിവെയ്ക്കുവാനും അതിനു് ബോണസ്സ് നിഷേധിക്കുവാനും മററും ഇടയാകുന്നു.

സ്വാശ്രയാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി മുതലുള്ള സംഘടനകളെ നിയമപരമായ സ്ഥാപനങ്ങളായി സിവിൽനിയമം അംഗീകരിക്കുന്നു. സോഷ്യലിസ്റ്റ് സംഘടനകാം തമ്മിലുള്ള ബന്ധങ്ങളിലെ കരാറസമ്പ്രദായം, അതു് ഒരു സോഷ്യലിസ്റ്റ് സംഘടനയുടെ മുതൽ നിലവാരത്തെ അതിൻെറ പ്രവർത്തനഫലത്തോടും കരാറുകാം സമയത്തിനു് നിർവ്വഹിക്കുകയെന്ന ചുമതലയോടും നേരിട്ടു ബന്ധപ്പെടുത്തിയിരിക്കുന്നുവെന്നുള്ളതാണു്.

**V** എല്ലാം ഗവമ്മേണ്ടു് ഉദ്യോഗസ്ഥന്മാരും, ഗവമ്മേണ്ടു് ഏജൻസികളും സംഘടനകളും, പൌരന്മാരും നിയമം നിഷ്കൃഷ്ടമായി അനുസരിക്കുകയെന്ന സോഷ്യലിസ്റ്റ് നിയമത്തിന്മേൽ അടിസ്ഥാനമാക്കിക്കൊണ്ടാണു് സംയുക്തബന്ധങ്ങാം നിയമപരമായി നിയന്ത്രിക്കപ്പെടുന്നതു്. ഈ തത്വം ജനങ്ങളുടെ താല്പര്യങ്ങാംക്കുവേണ്ടി പ്രവർത്തിക്കുന്ന സോഷ്യലിസ്റ്റ് നിയമത്തിൻെറ ജനാധിപത്യരൂപത്തെ പ്രതിഫലിപ്പിക്കുന്നു. പൌരന്മാരുടെ അവകാശങ്ങാം സംരക്ഷിക്കുന്നതിനുപുറമെ ഈ അവകാശങ്ങാം സോഷ്യലിസ്റ്റ് സമുദായത്തിനു് അനുഗുണമായവിധത്തിൽ പ്രയോഗിക്കപ്പെടണമെന്നും നിയമം അനുശാസിക്കുന്നു. നിയമത്തെ കവച്ചുവെച്ചുകൊണ്ടുള്ളതോ നിർബ്ബന്ധപൂർവ്വമുള്ളതോ ആയ സിവിൽ ഇടപാടുകാം റദ്ദാക്കപ്പെടുന്നു. കടമകാം ലംഘിക്കുകയും സമയത്തിനു് നിറവേററപ്പെടാതിരിക്കുകയും ചെയ്യുന്നതു് ഭൌതികമായ കടപ്പാടുകാംക്കിടയാക്കും.

## 3. സോഷ്യലിസ്റ്റ് സിവിൽ നിയമത്തിൻെറ വിഷയങ്ങാം.

സിവിൽ നിയമബന്ധങ്ങളുടെ വിഷയങ്ങാം നിയമപ്രകാരം പൌരന്മാരും നിയമവിധേയമായ സ്ഥാപനങ്ങളുമാണു്.

ഇവയെ രണ്ടായി തരംതിരിച്ചിരിക്കുന്നു. നിയമപരമായ കഴിവു് (യോഗ്യത)യുള്ളവരും നിയമപരമായ മിടുക്കുള്ളവരും. സിവിൽ അധികാരങ്ങളും കടമകളും ഉൾക്കൊള്ളുകയെന്ന യോഗ്യതയാണു് നിയമപരമായ യോഗ്യത. തന്റെ പ്രവൃത്തികൊണ്ടു് സിവിൽ അധികാരങ്ങൾ സമ്പാദിക്കുകയും സിവിൽ കടമകൾ ഏറ്റെടുക്കുകയും ചെയ്യുകയെന്ന മിടുക്കാണു് നിയമപരമായ മിടുക്കു്.

I സിവിൽ നിയമത്തിന്റെ വിഷയങ്ങൾ (സിവിൽനിയമത്തിനു് വിധേയത്വം വഹിക്കുന്നവ) എന്ന നിലയിൽ ജാതി, മത, വംശ, ലിംഗ, മുതൽ, സ്ഥിതിഭേദങ്ങൾ കൂടാതെ പൌരന്മാർ തുല്യമായ നിയമസംരക്ഷണത്തിന്നർഹരാണു്. എണ്ണിപ്പറയുവാൻ കഴിയാത്തത്ര വിപുലമായ അധികാരങ്ങളും കടമകളും ഉൾക്കൊണ്ടതാണു് പൌരന്മാരുടെ നിയമപരമായ കഴിവു്. പൌരന്മാരുടെ അടിസ്ഥാനപരമായ സിവിൽ അധികാരങ്ങളും ചുമതലകളും സാധാരണ നിശ്ചയിക്കപ്പെടുന്നതു്, ഭരണഘടനകൾ, സിവിൽ നിയമങ്ങൾ, മററു നിയമനിർമ്മാണങ്ങൾ എന്നിവ വഴിയ്ക്കാണു്. ഉദാഹരണത്തിനു്, പൌരന്മാർക്കു വ്യക്തിപരമായി മുതൽ സ്വന്തമാക്കി വെക്കുവാനും വീടുകൾ മുതലായ വസ്തുക്കൾ ഉപയോഗിക്കുവാനും സ്വത്തവകാശം സമ്പാദിക്കുവാനും നൽകുവാനും, തൊഴിൽ തിരഞ്ഞെടുക്കുവാനും പൌരത്വം സ്വീകരിക്കുവാനും, ശാസ്ത്രം, സാഹിത്യം, കല എന്നിവയുടെ പകർപ്പവകാശം നേടുവാനും, ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെയും വിദഗ്ധതാനിർദ്ദേശങ്ങളുടെയും കർത്തൃത്വം വഹിക്കുവാനും മററു സംയുക്താവകാശങ്ങളും വ്യക്തിപരമായ അസംയുക്താവകാശങ്ങളും അനുഭവിക്കുവാനും അവകാശമുണ്ടെന്നു് യു. എസ്സ്. എസ്സ്. ആറിന്റെയും യൂണിയൻ റിപ്പബ്ളിക്കുകളുടെ സിവിൽ നിയമത്തിലെ അടിസ്ഥാനതത്വങ്ങൾ അനുശാസിക്കുന്നു. സിവിൽ നിയമക്കഴിവു് വ്യക്തികളുടെ ആഗ്രഹമനുസരിച്ചു കൂട്ടുവാനോ കുറയ്ക്കുവാനോ സാദ്ധ്യമല്ല. അതുകൊണ്ടു് നിയമം അനു

ശാസിക്കുന്ന സംഗതികളിലും വിധത്തിലുമല്ലാതെ ആരുടെയും നിയമപരമായകഴിവ് ചുരുക്കുവാനും സാദ്ധ്യമല്ല. ഒരു പ്രത്യേക പ്രവർത്തനത്തിലേർപ്പെടുവാനൊ വിവാഹം കഴിക്കുവാനോ കോടതിയിൽ നിയമപരമായ നടപടി എടുക്കുവാനോ ഉള്ള ഒരു പൌരൻെറ അവകാശം നിരാകരിച്ചുകൊണ്ടുണ്ടാക്കുന്ന യാതൊരു കരാറും സാധുവല്ല. ഒരു കുററം ചെയ്യുന്നതുസംബന്ധിച്ച് ഒരാളുടെ നിയമപരമായ കഴിവ് ഒരു കോടതിക്കു ചുരുക്കുകയോ നിയന്ത്രിക്കുകയൊ ചെയ്യാം അതുപോലെതന്നെ സ്വാതന്ത്ര്യം ഇല്ലാതാക്കുവാനും തടവുശിക്ഷ നൽകുവാനും നാടുകടത്തുവാനും ഒരുദ്യോഗം വഹിക്കുന്നതൊ ഒരു പ്രവർത്തനത്തിൽ ഏർപ്പെടുന്നതോ തടയുവാനും കോടതിക്കു കഴിയും. ഒരു പ്രത്യേക കാലഘട്ടത്തേയ്ക്കു മാത്രമെ ഈ നിയന്ത്രണമൊ തടയലൊ നിലനില്ക്കുവാൻ പാടുള്ളു. ആരുടേയും നിയമപരമായ യോഗ്യത നിശ്ശേഷം ഇല്ലാതാക്കുവാനൊ, ആജീവനാന്തം തടയുവാനൊ പാടില്ല. നിയമപരമായ യോഗ്യത ജനനത്തോടുകൂടി ഉത്ഭവിക്കുന്നതും വയസ്സ്, ആരോഗ്യം, മാനസികനില മുതലായവ പരിഗണിക്കാതെ, മരണത്തോടുകൂടി മാത്രം അവസാനിക്കുന്നതുമാണ്.

പൂർണ്ണമായ നിയമയോഗ്യത ഒരു പൌരനു് 18-ാംവയസ്സിൽ സിദ്ധിക്കുന്നു. ആ വയസ്സാകാത്തവർ ഭാഗികമായ നിയമകഴിവുള്ളവരൊ അല്ലെങ്കിൽ തീരെ കഴിവില്ലാത്തവരോ ആയി പരിഗണിക്കപ്പെടും. ജൂനിയർമാർ (ഹംഗറിയിൽ 12 വയസ്സുവരെയും രുമാനിയയിൽ 14 വയസ്സുവരെയുമുള്ള കുട്ടികൾ) നിയമപരമായ യോഗ്യതയില്ലാത്തവരായി കണക്കാക്കപ്പെടുന്നു. അവരുടെ പേക്കുള്ള ഇടപാടുകൾ അവക്കുവേണ്ടി അവരുടെ മാതാപിതാക്കന്മാരൊ രക്ഷാകർത്താക്കന്മാരൊ നടത്തുന്നു. പക്ഷെ ചുരുക്കം ചില സന്ദർഭങ്ങളിൽ ജൂനിയർമാക്കു ചില്ലറ ഇടപാടുകൾ (മധുരപദാർത്ഥങ്ങൾ വാങ്ങൽ മുതലായവ) നടത്താവുന്നതാണ്.

12 മുതൽ 14 വയസ്സുള്ളവരും 15 മുതൽ 18 വയസ്സുള്ളവരുമായ ജൂനിയർമാർ പകുതിമാത്രം നിയമയോഗ്യതയുള്ളവരായി

കണക്കാക്കപ്പെട്ടിട്ടുണ്ട്. (ഈ വയസ്സ്ക്ലിപ്തി പല രാജ്യങ്ങളിലും പലവിധത്തിലാണ്) മാതാപിതാക്കന്മാരുടെയൊ രക്ഷിതാക്കന്മാരുടേയോ അനുമതിയോടുകൂടി അവക്ക് സ്വയം ഇടപാടുകൾ നടത്താം. ഒരു ജൂനിയർ പണിയെടുക്കുന്നുവെങ്കിൽ അവൻെറ കൂലി അവനുതന്നെ ചിലവാക്കാനുള്ള അധികാരമുണ്ട്.

മുതിർന്നവക്ക് മാനസികരോഗമൊ സഹജമായ മാനസീക തകരാറുകളൊ ഉണ്ടെങ്കിൽ മാത്രമെ അവരുടെ നിയമപരമായ യോഗ്യത ഇല്ലാതാകുവാൻ പാടുള്ളു. അങ്ങിനെയുള്ളവക്ക് അവരുടെ പ്രവർത്തനങ്ങളുടെ പരിണതഫലം ബോധപൂർവ്വം മനസ്സിലാക്കുവാനൊ മുൻകൂട്ടിക്കാണുവാനോ സാദ്ധ്യമല്ല. ഭ്രാന്തുള്ളവർക്കും മാനസികതകരാറുള്ളവക്കും വേണ്ടിയുള്ള ഇടപാടുകൾ അവരുടെ രക്ഷിതാക്കന്മാരാണ് നിർവ്വഹിക്കുന്നതു്.

II നിയമപ്രാബല്യമുള്ള സ്ഥാപനങ്ങൾ വ്യവസായ-വ്യാപാരസ്ഥാപനങ്ങളും സംഘടനകളുമാണ്. (Juridical Persons) അങ്ങിനെയുള്ള ഒരു സ്ഥാപനമായി പരിഗണിക്കപ്പെടണമെങ്കിൽ അതിന് എ) സ്വന്തമായ വസ്തുക്കൾ ഉള്ളവയൊ അല്ലെങ്കിൽ ക്രയവിക്രയം ചെയ്യുവാനായി വസ്തുക്കൾ ഏല്പിക്കപ്പെട്ടവയൊ ആയിരിക്കണം ബി) സിവിൽ നിയമബന്ധങ്ങളിൽ ഏർപ്പെടുവാൻ അവയ്ക്ക് അധികാരമുണ്ടായിരിക്കണം. സി) സ്വതന്ത്രമായ ഭൌതികച്ചുമതലയുണ്ടായിരിക്കണം. ഡി) വ്യക്തമായ സംഘടനാരൂപമുണ്ടായിരിക്കണം. ഗവമ്മെൻറിൻെറതല്ലാത്ത സംഘടനയ്ക്ക് (സ്ഥാപനത്തിന്) സ്വന്തമായ മുതലുണ്ടായിരിക്കും. ഒരു ഗവമ്മെണ്ടുസ്ഥാപനത്തിന് ഭരണം നടത്തുന്നതിനുവേണ്ടിയുള്ള മുതൽ ഏൽപിച്ചുകൊടുത്തതായിരിക്കും. ഈ സ്ഥാപനം മെമ്പർഷിപ്പിൻെറ (അംഗങ്ങളുടെ) അടിസ്ഥാനത്തിലുള്ളതാണെങ്കിൽ അതിൻെറ മുതൽ മററു സ്ഥാപനങ്ങളുടെയൊ മെമ്പർമാരുടെയൊ മുതലുകളുമായി കൂട്ടിക്കലർത്തുവാൻ പാടില്ല. മുതലിനെ അടിസ്ഥാനമാക്കിയുള്ള ഇവയുടെ സ്ഥാപനത്തിന് വ്യത്യസ്തങ്ങളായ നിയമ പശ്ചാത്തലങ്ങളാണു

ള്ളതു്. ഗവർമ്മെണ്ടിൽനിന്നും സ്ഥാപനങ്ങൾക്കു് നൽകുന്ന മുതൽ ഗവർമ്മെണ്ടു് മുതലായി നിലനില്ക്കുന്നു. ഈ സ്ഥാപനങ്ങൾക്കു് മുതലിന്മേൽ ഭരണം നടത്തുവാനേ അധികാരമുള്ളു. മുതൽ കൈവശം വെയ്ക്കുകയും ഉപയോഗിക്കുകയും കൈവിടുകയും ചെയ്യുകയെന്നതു് ഒരു പ്രത്യേകസ്ഥാപനത്തിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും അനുസരിച്ചായിരിക്കുമെന്നർത്ഥം.

ഒരു നിയമപരമായ സ്ഥാപനത്തിനു് നിയമപരമായ ഇടവാടുകളിൽ പ്രവേശിക്കുവാനുള്ള അവകാശം എന്നതിന്റെ അർത്ഥം വിവിധങ്ങളായ സിവിലും നിയമപരവുമായ ഇടവാടുകൾ ആ സ്ഥാപനത്തിന്റെപേരിൽ നടത്തപ്പെടുന്നുവെന്നുള്ളതാണു്. അങ്ങിനെയാണു് ആ സ്ഥാപനം വ്യക്തമായ അവകാശങ്ങളും ചുമതലകളുമുള്ളതായിത്തീരുന്നതു്.

ഭൗതികമായ ചുമതലയ്ക്കു് മുതൽനിലവാരവുമായി അടുത്ത ബന്ധമുണ്ടു്. കടമകൾ നിർവ്വഹിക്കുവാനുള്ള ചുമതല ബന്ധപ്പെട്ട നിയമപരമായ സ്ഥാപനത്തിനു മാത്രമാണു്. ഉദാഹരണത്തിനു്, ഒരു വലിയ സ്ഥാപനത്തിന്റെ കീഴിലുള്ള താഴ്ന്ന സ്ഥാപനത്തിനു് ഉയർന്ന സ്ഥാപനത്തിന്റെയോ ഗവർമ്മെണ്ടിന്റെയോമേൽ, ബാദ്ധ്യതയുടെപേരിൽ, വ്യവഹാരം കൊടുക്കുവാൻ പാടില്ല. ഒരു ഡയറക്ടറുടെയോ ബോർഡിന്റെയോ നേതൃത്വത്തിലുള്ള നിയമപരമായ സ്ഥാപനത്തോടു് ബന്ധപ്പെട്ടുനില്ക്കുന്ന ചെറിയ നിയമപരമായ സ്ഥാപനത്തിനു് വ്യക്തമായ ഒരു സംഘടനയുണ്ടു്. ആ സ്ഥാപനത്തിന്റെ സംഘടനയുടെ രൂപം അതിന്റെ നിയമാവലിയിൽ സാധാരണ വിവരിക്കപ്പെട്ടിരിക്കും. ഗവർമ്മെണ്ടു സ്ഥാപനങ്ങളെ രണ്ടു തരത്തിൽ വിഭജിക്കാം. സ്വാശ്രയത്വമുള്ളവയും ധനസഹായത്തിനു് വിധേയമായിട്ടുള്ളവയും. ഗവർമ്മെണ്ടു് ബഡ്ജറ്റിൽനിന്നു് ധനസഹായം ലഭിക്കുന്ന സംഘടനകളും ആപ്പീസ്സുകളും ചിലവുചെയ്യലിനെപ്പററി സ്വതന്ത്രമായി ചിന്തിച്ചു പ്രവർത്തിക്കുകയും അവയുടെ തലവന്മാരെ (മന്ത്രികാര്യാലയങ്ങൾ, വിദ്യാഭ്യാസസ്ഥാ

പനങ്ങൾ മുതലായവ) കടം വീട്ടുന്നതിന്നധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രമെ അവയെ നിയമപരമായ സ്ഥാപനങ്ങളായി കണക്കാക്കപ്പെടുകയുള്ളു.

ഇങ്ങിനെയൊക്കെയാണെങ്കിലും നിയമപരമായ സ്ഥാപനങ്ങളിൽ മിക്കവയും ഉല്പാദനത്തിലൊ വിതരണത്തിലൊ ഏർപ്പെട്ടിട്ടുള്ള സാമ്പത്തിക സംഘടനകളാണ്. (ഫാക്ടറികൾ, ഖനികൾ, വൻകിട സ്റ്റോറുകൾ, റെയിൽവെകൾ മുതലായവ) സാമ്പത്തിക സംഘടനകളുടെ പ്രവർത്തനത്തിനുവേണ്ടി അവർക്ക് നിശ്ചിതതോതിൽ പ്രവർത്തന മൂലധനം അനുവദിക്കപ്പെടുന്നു. ഈ മുതലുകൾ അവയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനുള്ള അടിസ്ഥാനമുണ്ടാക്കുകയും സ്വാശ്രയാടിസ്ഥാനത്തിൽ പ്രവർത്തനം സംഘടിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഇതിന്റെ അർത്ഥം, ഗവൺമെണ്ടിൽനിന്നു് പ്രവർത്തനമൂലധനം ലഭിച്ചശേഷം ഈ സ്ഥാപനങ്ങൾ അവയുടെ ചിലവുകൾ സ്വതന്ത്രമായി നിർവ്വഹിക്കുകയും, നിക്ഷേപധനം മടക്കിക്കൊടുക്കുവാൻ മാത്രമല്ല, അനുകൂലപ്രദമായ ആദായം ഉണ്ടാക്കുവാൻകൂടി ശ്രമിക്കുകയും ചെയ്യുന്നുവെന്നുള്ളതാണ്. സ്വാശ്രയാടിസ്ഥാനത്തിലുള്ള പ്രവർത്തനം ഈ സ്ഥാപനങ്ങൾക്ക് പദ്ധതിലക്ഷ്യങ്ങൾ നിറവേററുവാനും ജോലിയുടെ അളവും ഗുണവും വർദ്ധിപ്പിക്കുവാനും കഴിവുണ്ടാക്കുന്നു. കാരണം, അവയുടെ പ്രവർത്തനഫലത്തിന്റെ അടിസ്ഥാനത്തിലാണ് അവയിൽ ജോലിചെയ്യുന്നവരുടെ കൂലിത്തോതും അവയുടെ പ്രവർത്തനധനവും ജോലിക്കാരുടെ സാമൂഹ്യവും സാംസ്കാരികവുമായ ആവശ്യങ്ങൾക്കുള്ള നിധികളും നിർണ്ണയിക്കപ്പെടുന്നതു്.

ഭരണപരമായ ഉത്തരവനുസരിച്ചാണ് ഗവർമ്മെണ്ട് സ്ഥാപനങ്ങൾ രൂപീകരിക്കപ്പെടുന്നതു്. പ്രാപ്തമായ ഗവർമ്മേണ്ട് സമിതി ഒരു ഗവർമ്മേണ്ട് സ്ഥാപനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുകയും നിയമപരമായ സ്ഥാപനത്തിനുള്ള അധികാരം അതിന്നു് നൽകുകയും ചെയ്യുന്നു. സ്വാഭാവിക

മായും ഒരു ഗവർമ്മെണ്ട് സ്ഥാപനത്തിൻെറ പ്രവർത്തനം പുനഃസംഘടനവഴിക്കും (കൂട്ടിച്ചേർക്കലൊ വിഭജിക്കലൊ) അവസാനിപ്പിക്കൽ, പിരിച്ചുവിടൽ എന്നിവ വഴിക്കും അവസാനിപ്പിക്കുന്നതു്, അതിനു് പ്രാപ്തമായ ഗവർമ്മെണ്ടു് സമിതിയുടെ ആജ്ഞയനുസരിച്ചായിരിക്കും. ഇത്തരം സ്ഥാപനങ്ങൾ ഏർപ്പെടുത്തുവാൻ തീരുമാനമെടുത്ത ഗവർമ്മെണ്ടു് സമിതികൾതന്നെയായിരിക്കും സാധാരണഗതിയിൽ മേൽപറഞ്ഞ കാര്യവും ചെയ്യുക.

സഹകരണസംഘടനകളും (കാർഷിക, വ്യാവസായിക, ഉപഭോക്തൃ, വിതരണ, വിപണനസംഘങ്ങൾ) നിയമപരമായ സ്ഥാപനങ്ങളാണു്. ചിലയിനം സഹകരണസംഘങ്ങൾ (ഉദാ: ഉപഭോക്തൃ സംഘങ്ങളും വ്യാവസായിക സംഘങ്ങളും) മററു സംഘങ്ങളുമായി യോജിക്കുകയും അങ്ങിനെ യോജിപ്പിക്കപ്പെട്ട സംഘടനകൾ സഹകരണസമ്പ്രദായത്തിൻെറ കേന്ദ്രങ്ങളാവുകയും ചെയ്യുന്നു. അങ്ങിനെയുള്ള ഒരു സമ്പ്രദായത്തിലെ എല്ലാ ഘടകങ്ങളും—സഹകരണസംഘം, യൂണിയൻ, കേന്ദ്രം—നിയമപരമായ സ്ഥാപനങ്ങളായി അംഗീകരിക്കപ്പെടുന്നു. കാർഷിക സഹകരണസംഘങ്ങൾ ഉയർന്ന സമിതികൾ ഉണ്ടാക്കുന്നില്ല. സ്വേച്ഛാനുസാരണമുള്ള അംഗത്വത്തിൻെറ അടിസ്ഥാനത്തിലാണു് ഒരു സഹകരണസംഘം രൂപീകരിക്കപ്പെടുന്നതു്. അതിൻെറ വസ്തുക്കളുടെ ഉടമ അതുതന്നെയാണു്. അംഗങ്ങളും സംഘവും തമ്മിലുള്ള ബന്ധങ്ങൾ സംഘത്തിൻെറ നിയമാവലിയിൽ വിവരിച്ചിരിക്കും. ഈ സംഘത്തിൻെറ മുതൽക്കൂട്ടിലേയ്ക്കു് പ്രവേശനഫീസ്സും ഓഹരിസംഖ്യയും നൽകുവാൻ ഒരു മെമ്പർ കടപ്പെട്ടവനാണു്. പകരം അയാൾക്കു് സംഘത്തിൻെറ സാമ്പത്തിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും ലാഭത്തിൻെറ ഒരു ഭാഗം അനുഭവിക്കുവാനും, സംഘം അവസാനിപ്പിക്കപ്പെടുകയാണെങ്കിലൊ അയാൾ പിരിഞ്ഞുപോവുകയാണെങ്കിലൊ, മുതലിൻെറ ഒരു ഭാഗം ലഭിക്കുവാനും അർഹനാണു്. അങ്ങിനെയുള്ള ഒരു

സംഘത്തിന്റെ ഏററവും ഉയന്ന സമിതി ജനറൽബോഡിയാണ്. എല്ലാ സഹകരണസമിതികളും തിരഞ്ഞെടുക്കപ്പെടുന്നവയാണ്.

സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതു് പൌരന്മാർ തന്നെയാണ്. അതിന്നൊരു അനുമതിയൊന്നും ആവശ്യമില്ല. അവ രൂപീകരിക്കുന്നതെങ്ങിനെയാണെന്നും മററും പ്രമാണരേഖകളിലും നിയമനിർമ്മാണങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട്, ഏതെങ്കിലും സംഘം രൂപീകരിക്കുവാനുദ്ദേശിക്കുന്നവർ, സംഘം നിയമാവലിയും കൊണ്ട് ബന്ധപ്പെട്ട ഗവർമ്മെണ്ട് ആപ്പീസ്സിൽ ചെല്ലുമ്പോൾ ആ സംഘത്തെ നിയമപരമായ ഒരു സ്ഥാപനമായി അംഗീകരിക്കുവാൻ ആ ഗവർമ്മെണ്ട് ആപ്പീസ്സ് നിർബ്ബന്ധിതമാകുന്നു.

നിയമാവലിയിൽ പറയുന്ന കാരണങ്ങൾ അടിസ്ഥാനമാക്കി, അംഗങ്ങളുടെ പൊതുയോഗതീരുമാനംവഴി, ഒരു സംഘത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതാണ്. സ്വന്തം ലക്ഷ്യങ്ങൾ മറികടക്കുന്ന സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുവാൻ ഗവർമ്മേണ്ടിന്നധികാരമുണ്ട്.

തങ്ങളുടെ ഭൌതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുകയെന്ന ഉദ്ദേശത്തോടുകൂടി പൌരന്മാർ രൂപീകരിക്കുന്ന ബഹുജനസംഘടനകളും നിയമപരമായ സ്ഥാപനങ്ങൾക്കുള്ള അവകാശങ്ങളനുഭവിക്കുന്നു. ട്രെയിഡ് യൂണിയനുകൾ, ക്ലബ്ബുകൾ, ശാസ്ത്രീയ—സാങ്കേതികസ്ഥാപനങ്ങൾ, ഗാനരചയിതാക്കൾ, ചിത്രകാരന്മാർ, എഴുത്തുകാർ മുതലായവരുടെ സംഘടനകൾ ഇവയിൽ ഉൾപ്പെടുന്നു. ഇത്തരുണത്തിൽ ട്രെയിഡ്‌യൂണിയനുകളെപ്പററി പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ട്. ഒരു ട്രെയിഡ്‌യൂണിയന്റെ മുതൽ അംഗങ്ങളുടെ പ്രവേശനഫീസ്സ്, മാസവരി മുതലായവയും അതു് നടത്തുന്ന സാംസ്കാരികവും സാമ്പത്തികവുമായ സംഘടനകളിൽനിന്നു് ലഭിക്കുന്ന ആദായവുമാണ്. ഓരോ പ്രത്യേക ട്രെയിഡ്‌യൂണിയൻ ശാഖയും—ട്രെയി

ഡ്യൂണിയന്റെ ഏററവും താഴ്ന്ന ഘടകം ഉൾപ്പടെ—നിയമപരമായ സ്ഥാപനമായി അംഗീകരിക്കപ്പെടുന്നു. ഇതിനു് ട്രെയിഡ്യൂണിയൻ ഒട്ടാകെയെന്നർത്ഥമില്ല. സാധാരണഗതിയിൽ ഉയർന്നതും താഴ്ന്നതുമായ ട്രെയിഡ്യൂണിയൻ സംഘടനകൾ അവയുടെ പരസ്പര ഋണബാദ്ധ്യതകൾക്കു് ഉത്തരവാദിത്വം വഹിക്കുന്നില്ല. പൌരന്മാർ മുൻകയ്യെടുത്തു് അനുവാദം സമ്പാദിച്ചുകൊണ്ടാണു് സാധാരണ ബഹുജനസംഘടനകൾ രൂപീകരിക്കാറു്. മററുതരത്തിൽ പറഞ്ഞാൽ അങ്ങിനെയുള്ള നിയമപരമായ ഒരു സംഘടന രൂപീകരിക്കുവാൻ ഒരു ഗവമ്മേണ്ടു് ഏജൻസിയിൽനിന്നു് അനുമതി ലഭിച്ചിരിക്കണം. ഒരു ട്രെയിഡ്യൂണിയൻ രൂപീകരിക്കണമെങ്കിൽ ബന്ധപ്പെട്ട ട്രെയിഡ്യൂണിയൻ കേന്ദ്രസമിതിയുടെ അനുവാദം വാങ്ങേണ്ടതുണ്ടു്. ഭരണപരമായ ഉത്തരവനുസരിച്ചു് നിയമപരമായ സ്ഥാപനങ്ങളേർപ്പെടുത്തുന്നതിൽനിന്നു് വ്യത്യസ്തമായ ഒരു നിയമനടപടിയും സ്വീകരിക്കുവാൻ പാടില്ല. അങ്ങിനെയുള്ള ഒരു സംഘടന രൂപീകരിക്കുന്നതിന്റെ ന്യായവും ആവശ്യകതയും മാത്രമെ പരിഗണിക്കപ്പെടുന്നുള്ളു.

ചെറിയ സ്വകാര്യസ്ഥാപനങ്ങൾ അനുവദിക്കപ്പെടുന്ന സോഷ്യലിസ്റ്റു് രാജ്യങ്ങളിൽ, ഒരു സാധാരണ നിയമമെന്നനിലയിൽ, വ്യക്തികളുടേതായ സംരംഭങ്ങൾ നിയമപരമായ സ്ഥാപനങ്ങളായി കണക്കാക്കപ്പെടും. സ്വകാര്യകുത്തകസ്ഥാപനങ്ങൾ (കാർട്ടൽ, ട്രസ്റ്റ് മുതലായവ) നിരോധിക്കപ്പെട്ടിട്ടുണ്ടു്. ചില രാജ്യങ്ങളിൽ (ഉദാ: ജർമ്മൻ ഡെമോക്രാററിക്കു് റിപ്പബ്ളിക്കു്) ഗവർമ്മേണ്ടും സ്വകാര്യസ്ഥാപനങ്ങളും കൂട്ടായുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനെ അനുവദിച്ചിരിക്കുന്നു. നിയമപരമായ സ്ഥാപനങ്ങൾക്കനുവദിച്ചിട്ടുള്ള അവകാശങ്ങൾ ഇവയ്ക്കും അനുവദിച്ചിരിക്കുന്നു, അർദ്ധസോഷ്യലിസ്റ്റു് സ്ഥാപനങ്ങളായ ഇവയുടെ മുതലുകൾ ഉണ്ടാക്കപ്പെടുന്നതു് ഗവർമ്മേണ്ടും സ്വകാര്യവ്യക്തികളും നിക്ഷേപിക്കുന്നസംഖ്യകൾകൊണ്ടാണു്.

നിയമപരമായ സ്ഥാപനങ്ങളുടെ നിയമപരമായ യോഗ്യത്വവും നിയമപരമായ കഴിവിനും അവയുടേതായ പ്രത്യേകതകളുണ്ട്. പൌരന്മാർ നിയമപരമായ യോഗ്യതയഹിക്കുന്നവരാണ്. അവർ മുതിരുമ്പോഴാം നിയമപരമായ ഈ യോഗ്യതയോടു കൂടി നിയമപരമായ കഴിവും ആർജ്ജിക്കുന്നു. ഈ സ്ഥിതി നിയമപരമായ സ്ഥാപനങ്ങൾക്ക് ബാധകമല്ല നിയമപരമായ യോഗ്യത കൂടാതെയുള്ള നിയമപരമായ കഴിവുകൊണ്ട് അവകാശങ്ങൾ പ്രാവർത്തികമാക്കുവാനൊ കടമകൾ നിർവ്വഹിക്കുവാനൊ നിയമപരമായ സ്ഥാപനങ്ങൾക്ക് സാദ്ധ്യമല്ല. അതുകൊണ്ട് നിയമപരമായ ഒരു സ്ഥാപനം ഏർപ്പെടുത്തുന്നതോടുകൂടി മാത്രമാണ് നിയമപരമായ യോഗ്യതയും ഉണ്ടാകുന്നുള്ളു.

നിയമമനുവദിക്കുന്ന എല്ലാ സിവിൽ അവകാശങ്ങളും പൌരന്മാർ അനുഭവിക്കുന്നു. നിയമപരമായ സ്ഥാപനങ്ങളുടെ നിയമപരമായ കഴിവ് പ്രത്യേകതരത്തിലുള്ളതും പരിമിതവുമാണ്. ഒരു നിയമപരമായ സ്ഥാപനം പ്രത്യേകം ലക്ഷ്യങ്ങൾ വെച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അതിന്നനുസൃതമായ അവകാശങ്ങളും ചുമതലകളും ആ സ്ഥാപനത്തിനുണ്ടായിരിക്കണം. അതുകൊണ്ട് നിയമപരമായ സ്ഥാപനങ്ങൾക്ക് അവയുടെ നിയമാവലിയിൽ പറഞ്ഞിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ അവകാശങ്ങളും ലക്ഷ്യങ്ങളും സിവിൽ നിയമം കല്പിച്ചനുവദിക്കുന്നു. നിർദ്ദിഷ്ടലക്ഷ്യങ്ങൾക്കെതിരായി ഈ നിയമപരമായ സ്ഥാപനങ്ങളുണ്ടാക്കുന്ന സിവിൽ ഇടവാടുകൾ അസാധുവായി കണക്കാക്കപ്പെടും.

നിയമപരമായ സ്ഥാപനങ്ങൾ സിവിൽ അവകാശങ്ങൾ സമ്പാദിക്കുകയും അവയുടെ ഉപാധികൾവഴിയായി സിവിൽ കടമകൾ ഏറ്റെടുക്കുകയും ചെയ്യുന്നു. നിയമവും നിയമാവലിയുംവഴി സിദ്ധിച്ചിട്ടുള്ള അധികാരപരിധിയിൽ നിന്നുകൊണ്ടാണ് ഈ കടമകൾ നിർവ്വഹിക്കപ്പെടുന്നത്. ഈ ഉപാധികൾ ഒരു വ്യക്തിയോ (ഡയറക്ടർ, മാനേജർ—സാധാരണ ഗവർമ്മെണ്ട്

സ്ഥാപനങ്ങളിൽ) ഒരു സമിതിയൊ (ബോർഡ്, പൊതു യോഗം — സഹകരണസംഘങ്ങളിലും ബഹുജനസംഘടനക ളിലും) ആകാം.

നിയമപരമായ സ്ഥാപനങ്ങൾക്കുവേണ്ടി വ്യക്തിപരമായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു് പ്രതിനിധികളെ നിയോ ഗിക്കാം. ഒരു പ്രമാണരേഖയുടെ (Charter) അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഉപാധികളിൽനിന്നു് വ്യത്യസ്തമായിട്ടാണു് പ്രതി നിധികൾ പ്രവർത്തിക്കുന്നതു്. പ്രതിനിധികൾ അവരെ ചുമതല പ്പെടുത്തിയതനുസരിച്ചു മാത്രം പ്രവർത്തിക്കുന്നു.

ഉപാധികളുടെയും പ്രതിനിധികളുടേയും പ്രവർത്തനങ്ങളെ നിയമപരമായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളായി കണ ക്കാക്കപ്പെടുന്നു. ഉപാധിയൊ പ്രതിനിധിയൊ അതിൻെറയൊ അയാളുടെയൊ അധികാരത്തിന്നതീതമായി പ്രവർത്തിക്കാത്തട ത്തോളംകാലം ആ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം നിയമ പരമായ സ്ഥാപനങ്ങൾതന്നെ വഹിക്കുന്നു. നിയമപരമായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന സമയംമുതൽ അവസാനിപ്പിക്കുന്ന സമയംവരെ അവയ്ക്കു് നിയമപരമായ യോഗ്യതയും കഴിവും ഉണ്ടായിരിക്കും. ഒരു നിയമപരമായ സ്ഥാപനത്തിൻെറ നിയമാ വലി അംഗീകരിക്കപ്പെടുമ്പോഴൊ രജിസ്ട്രേഷനു് വിധേയ മാണെങ്കിൽ രജിസ്ട്രേഷൻ കഴിയുമ്പോഴൊ ആ സ്ഥാപനം നില വിൽവന്നതായി കണക്കാക്കാം.

ഓരോ പുതിയ സ്ഥാപനവും വ്യക്തിത്വമുള്ളതായിരി ക്കണം. അതിനുവേണ്ടി അതു് ഒരു പേർ സ്വീകരിക്കുകയും ട്രെയിഡ് മാർക്കൊ ട്രെയിഡ് അടയാളമൊ ഉപയോഗിക്കുകയും വേണം.

ഒരു നിയമപരമായ സ്ഥാപനം ലിക്വിഡേഷൻ (പ്രവർ ത്തനമവസാനിപ്പിക്കൽ)മൂലമൊ പുനഃസംഘടനവഴിയ്ക്കൊ അവ സാനിപ്പിക്കപ്പെടുന്നു. ഒരു സ്ഥാപനം ലിക്വിഡേററ് ചെയ്യ പ്പെടുമ്പോൾ അതിൻെറ പ്രവർത്തനം നിഃശ്ശേഷം നിലയ്ക്കുന്നു.

ഒരു പ്രത്യേക കാലപരിധിക്കകം കടക്കാരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നു. അതിനുശേഷം യാതൊരവകാശവും അനുവദിക്കുന്നതല്ല. സ്ഥാപനത്തിന്റെ ഇടപാടുകളും മുതലുകളും അവസാനിപ്പിക്കപ്പെടുന്നു. ഒരു സ്ഥാപനം പുനഃസംഘടിപ്പിക്കപ്പെടുമ്പോൾ അതിന്റെ മുതലും ബാദ്ധ്യതയും അതിന്റെ പിൻഗാമിയിലേയ്ക്കു് മാററപ്പെടുന്നു. മുൻഗാമിയുടെ ചുമതലകളുടെ ഉത്തരവാദിത്വം പിൻഗാമിക്കായിരിക്കും.

III സിവിൽനിയമപരമായ ബന്ധങ്ങളുടെ ഒരു വിഷയമെന്ന നിലയിൽ ഒരു സോഷ്യലിസ്റ്റ് രാജ്യത്തെപ്പററി പ്രത്യേകം പറയേണ്ടതുണ്ടു്. ഇതു് നിയമത്തിന്റെ ഒരു സാധാരണ വിഷയമല്ല.

ഒരു സോഷ്യലിസ്റ്റ് രാജ്യത്തിന്റെ പ്രത്യേകമായ സവിശേഷത, അതു് രാജ്യത്തിലെ എല്ലാ മുതലുകളുടേയും ഏക ഉടമയാണെന്നുള്ളതും അതേ സമയംതന്നെ അതു് സമുദായത്തിനു് രാഷ്ട്രീയവും സാമ്പത്തികവുമായ നേതൃത്വം നല്കുന്നുവെന്നുള്ളതുമാണു്. വ്യത്യസ്തങ്ങളായ ഗവമ്മെണ്ടു് സംഘടനകൾ, സിവിൽ നിയമബന്ധങ്ങൾ സംബന്ധിച്ചേടത്തോളം, നിയമപരമായ സ്ഥാപനങ്ങളുടെ അവകാശങ്ങളനുഭവിക്കുന്നുണ്ടു്. എന്നിരുന്നാലും ചില സംഗതികളിൽ ഗവർമ്മെണ്ടു് നേരിട്ടുള്ള സിവിൽ നിയമബന്ധങ്ങളിലേയ്ക്കു് പ്രവേശിക്കുന്നു. ഉദാഹരണത്തിനു്, എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും വിദേശവ്യാപാരം സാധാരണമായി ഒരു ഗവർമ്മേണ്ടു് കുത്തകയാണു്. നയതന്ത്രപദവിയുള്ള വ്യാപാരസംഘങ്ങളാണു് പലപ്പോഴും കയററുമതി—ഇറക്കുമതി സംബന്ധിച്ചുള്ള ഇടപാടുകൾ ഉണ്ടാക്കുന്നതു്. ഈ ഇടപാടുകൾ ഗവർമ്മേണ്ടിനുവേണ്ടിയാണുണ്ടാക്കുന്നതു്. ഇടപാടുകൾ സംബന്ധിച്ചുള്ള ചുമതലകൾ നിർവ്വഹിക്കപ്പെടാതിരുന്നാൽ അതിനുത്തരവാദി ഗവർമ്മേണ്ടായിരിക്കുകയും ചെയ്യും.

രാജ്യത്തിനുള്ളിലുള്ള സിവിൽബന്ധങ്ങളെ സംബന്ധിച്ചേടത്തോളം ഗവമ്മേണ്ടു് ചുരുക്കമായിട്ടേ സിവിൽ നിയമത്തി

ന്നൊരു വിഷയമാകുന്നുള്ള. ഈ സംഗതികൾ പ്രധാനമായും ഋണബന്ധങ്ങളും (ഗവർമ്മെണ്ടു് കടബോണ്ടുകൾ വില്ക്കൽ) ഉടമസ്ഥനില്ലാത്തതും ചതിവുമൂലം കരസ്ഥമാക്കിയതുമായ മുതലുകൾ ഗവർമ്മെണ്ടു് ഉടമയിലേക്കു മാററലുമാണു്. തന്നെയുമല്ലാ, ഒരു കണ്ടുപിടുത്തത്തിൻെറ ഉടമാവകാശം (Patent) അതു് കണ്ടുപിടിച്ച ആളിൽനിന്നു് വാങ്ങുമ്പോൾ ഗവർമ്മെണ്ടു് സിവിൽ നിയമബന്ധങ്ങൾക്കു് വിധേയമാകുന്നു.

എന്നിരുന്നാലും ഒരു സോഷ്യലിസ്റ്റ് ഗവർമ്മെണ്ടിനെ നിയമപരമായി ഒരു സ്ഥാപനമായി (Juridical person) കണക്കാക്കുവാൻ തരമില്ല. കാരണം, ആ ഗവർമ്മെണ്ടുതന്നെയാണു് നിയമപരമായ സ്ഥാപനങ്ങളെ സൃഷ്ടിക്കുന്നതും അവയുത്ഭവിക്കുവാനുള്ള സമ്പ്രദായത്തെ നിയന്ത്രിക്കുന്നതും. നിയമത്തിൻെറ ഒരു വിഷയമെന്നനിലയിൽ ഗവർമ്മെണ്ടിൻെറ നിയമപരമായ കഴിവു് അനിയന്ത്രിതമാണു്. അതേയവസരത്തിൽത്തന്നെ നിയമപരമായ ഒരു സ്ഥാപനത്തിനു് പ്രത്യേകം നിയമപരമായ കഴിവു് ഉണ്ടുതാനും. നിയമപരമായ സ്ഥാപനങ്ങളുടെ നിയമസംഹിതകൾ ഗവർമ്മെണ്ടിനു് ബാധകമാക്കുവാൻ സാദ്ധ്യമല്ല.

## 4. ഉടമസ്ഥാവകാശനിയമം

I സോഷ്യലിസ്റ്റ് സിവിൽനിയമത്തിൻെറ മൌലികഭാഗമാണു് ഉടമസ്ഥാവകാശനിയമം. ഉടമസ്ഥാവകാശം സംബന്ധിച്ച സങ്കല്പത്തേയും ഉടമസ്ഥാവകാശനിയമത്തേയും ശാസ്ത്രം രണ്ടായിക്കാണുന്നു.

ഉടമസ്ഥാവകാശം സാമ്പത്തികമായ ഒരു സങ്കല്പമാണു്. ഉല്പാദനോപകരണങ്ങൾ സംബന്ധിച്ച ചരിത്രപരമായ സുവ്യക്തബന്ധങ്ങളാണു് തദനുസാരിയായ വിതരണസമ്പ്രദായത്തെ നിയന്ത്രിക്കുന്നതെന്നു് ഉടമസ്ഥാവകാശത്തെ മാർക്സ് സാമ്പത്തികാർത്ഥത്തിൽ വിവരിച്ചിരിക്കുന്നു. അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു. ''ഏതു് ഉല്പാദനസമ്പ്രദായവും പ്രകൃതിയിലെ

വസ്തുക്കളെ ഒരു പ്രത്യേകമായ സാമൂഹ്യസമ്പ്രദായമനുസരിച്ച് ഒരു വ്യക്തി വിനിയോഗിക്കലാണ്."* ഏതു സമൂഹത്തിന്റെയും അടിസ്ഥാനം ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥാവകാശമാണ്. "ഉടമസ്ഥാവകാശം ഇല്ലാത്തിടത്ത് ഉല്പാദനം ഉണ്ടാകുവാനൊ തത്ഫലമായി സമൂഹം ഉണ്ടാകുവാനൊ ഇടയില്ല."† ഉടമസ്ഥാവകാശത്തിന്റെ രൂപങ്ങൾ വ്യത്യസ്തമാകാം. രൂപങ്ങളിൽ വ്യത്യാസങ്ങളുണ്ടാകുന്നത് സാമ്പത്തികനിയമങ്ങളുടെ പ്രസക്തിയേയും പ്രകൃതിയേയും ഉല്പാദകശക്തികളുടെ വളർച്ചയുടെ തോതിനേയും ആശ്രയിച്ചിരിക്കും. അതുകൊണ്ട് പ്രത്യേകതരം ഉല്പാദനബന്ധങ്ങൾ—അപരിഷ്കൃത, സാമുദായിക, അടിമത്ത, നാടുവാഴിപ്രഭുത്വ, മുതലാളിത്ത, സ്ഥിതിസമത്വ ഉല്പാദനബന്ധങ്ങൾ—ഉടമസ്ഥാവകാശത്തിന്റെ ചരിത്രപരമായ സമ്പ്രദായങ്ങൾക്കനുസൃതമായിരിക്കും.

ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള സാമ്പത്തികബന്ധങ്ങൾ ഉറപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന ആവശ്യത്തിൽനിന്നാണ് ഉടമസ്ഥാവകാശം സംബന്ധിച്ച നിയമം ഉത്ഭവിക്കുന്നത്. ഉടമാവകാശനിയമത്തിന്റെ ഉള്ളടക്കവും സ്വഭാവവും ഈ ബന്ധങ്ങളോടൊപ്പം മാറിക്കൊണ്ടിരിക്കുന്നു.

മുതലാളിത്തഉടമാവകാശവും സോഷ്യലിസ്റ്റ് ഉടമാവകാശവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. സോഷ്യലിസ്റ്റ് ഉടമാവകാശം ജനങ്ങളുടെ ആഗ്രഹം പ്രതിഫലിപ്പിക്കുകയും ഉല്പാദകശക്തികളുടെയും ഉല്പാദനബന്ധങ്ങളുടേയും വളർച്ചക്കനുസൃതമായിരിക്കുകയും ചെയ്യുന്നു. മുഴുവൻ രാജ്യത്തിന്റെയും താല്പര്യം സോഷ്യലിസ്റ്റ് ഉടമാവകാശം പ്രതിനിധാനം ചെയ്യുന്നു. "ഉടമസ്ഥാവകാശനിയമം" എന്ന നിർവ്വചനം വസ്തു

---

* Marx. A contribution to the Critique of Political Economy. Russ. ed, 1952. P. 198

† Ibid

നിഷ്ഠവും (Objective) ആപേക്ഷികവും (Subjective) എന്നീ രണ്ടു തരത്തിലാണ് വീക്ഷിക്കപ്പെടുന്നത്. വസ്തുനിഷ്ഠമായ വീക്ഷണ കോണത്തിൽകൂടി നോക്കുമ്പോൾ അതിൻെറ അർത്ഥം, ഉടമസ്ഥാവകാശത്തിലെ ബന്ധങ്ങൾ ഉല്പാദനോപകരണങ്ങളുടെയും അദ്ധ്വാനഫലത്തിൻേറയും ഉപയോഗം, വിതരണം എന്നിവ ഉറപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള, നിയമങ്ങളുടെ ആകത്തുകയാണെന്നാണ്. ആപേക്ഷികമായി നോക്കുമ്പോൾ അതിൻെറ അർത്ഥം ഒരു വ്യക്തിയുടെയൊ സംഘടനയുടേയൊ മുതൽ അയാൾക്കൊ അതിനൊ സ്വതന്ത്രമായി ഉപയോഗിക്കുവാനൊ കൈമാറുവാനൊ ഉള്ള അധികാരമെന്നുള്ളതാണ്. ഉല്പാദനബന്ധങ്ങളുടെ സ്വഭാവമനുസരിച്ച് ഉടമാവകാശനിയമം ന്യൂനപക്ഷത്തിൻേറയൊ (മുതലാളിത്ത സമുദായത്തിൽ) മുഴുവൻ ജനങ്ങളുടെയൊ (സോഷ്യലിസ്റ്റ് സമുദായത്തിൽ) താല്പര്യങ്ങൾ പരിരക്ഷിക്കുന്നു.

ഗവർമ്മെണ്ടു മുതൽ (പൊതുമുതൽ) സഹകരണ—കൂട്ടുകൃഷിസ്ഥാപനങ്ങളുടെ മുതൽ എന്നിവയെല്ലാം സോഷ്യലിസ്റ്റ് മുതലിൽ ഉൾപ്പെടുന്നു.

ഭൌതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാൻവേണ്ടി സമ്പാദിക്കുന്ന ആദായമാണ് പൌരന്മാരുടെ വ്യക്തിപരമായ മുതൽ. സ്വകാര്യ ഉടമാവകാശം അനുവദിച്ചിട്ടുള്ള ഇടങ്ങളിൽ ഇതു് വ്യക്തിപരമായ അദ്ധ്വാനത്തിൽ അധിഷ്ഠിതമായ ചെറുകിട ഉല്പാദകരുടെ മുതലും മുതലാളിമാരുടെ മുതലുമായി വിഭജിക്കപ്പെട്ടിരിക്കുന്നു. മുതലിൻെറ തരങ്ങളും സമ്പ്രദായങ്ങളും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ഭരണഘടനകളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

II ഉടമാവകാശത്തിൻെറ ഉള്ളടക്കം, മുതൽ കൈവശം വെക്കുവാനും ഉപയോഗിക്കുവാനും കൈമാറുവാനുള്ള അധികാരങ്ങളിൽ, വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. യാതൊരുതരത്തിലും ഈ അധികാരങ്ങളെ ധിക്കരിക്കുവാനൊ തടസ്സപ്പെടുത്തുവാനൊ പാ

ടില്ല. വിവിധ രൂപത്തിലും സമ്പ്രദായത്തിലുമുള്ള മുതലുകളുള്ള തിനാൽ അവയുടെ ഉപയോഗം, കൈവശം വെയ്ക്കൽ, കൈമാറൽ എന്നിവയും വിവിധതരത്തിലുള്ളവയാണ്. തങ്ങൾക്ക് ഏല്പിച്ചുകൊടുത്തിട്ടുള്ള മുതലുകൾ കൈമാറുവാൻ ഗവർമ്മെണ്ട് സ്ഥാപനങ്ങൾക്കുള്ള അവകാശത്തിൽനിന്നു ഭിന്നമാണ്, കൈവശാവകാശത്തിൻെറ അടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾക്കും പൌരന്മാക്കും തങ്ങളുടേതാക്കിവെച്ചിട്ടുള്ള മുതലുകൾ, കൈമാറുവാനുള്ള അവകാശം. അതുകൊണ്ട് മുതൽ അല്ലെങ്കിൽ വസ്തു കൈമാറുമ്പോൾ പുതിയ ഉടമസ്ഥൻെറ അധികാരപരിധിക്കും ഉള്ളടക്കത്തിനും, ആദ്യത്തെ ഉടമസ്ഥൻെറ അധികാരപരിധിയെയും ഉള്ളടക്കത്തെയും അപേക്ഷിച്ച്, പൂണ്ണമായ വ്യത്യാസം സംഭവിക്കാവുന്നതാണ്. ഇതാ ഒരു ഉദാഹരണം. ഒരു സഹകരണസംഘത്തിൽനിന്നു് അതിൻെറ ഉല്പാദിതവസ്തുക്കൾ വാങ്ങുന്ന ഒരു ഗവമ്മേണ്ട് സ്ഥാപനത്തിന് ആ വസ്തുക്കൾ അതിൻെറ ഇഷ്ടംപോലെ വില്ക്കുവാൻ സാദ്ധ്യമല്ല. ഒരു പദ്ധതിയനുസരിച്ചുള്ള ചുമതല നിവ്വഹിക്കുന്ന രൂപത്തിലേ ഈ വസ്തുക്കൾ ഉപയോഗിക്കപ്പെടുവാൻ പാടുള്ളു. ഇക്കാര്യത്തിൽ സഹകരണസംഘത്തിന് അതിൻെറ ഉൽപാദിത വസ്തുക്കൾ വില്ക്കുവാൻ അധികാരമുണ്ടെന്നുള്ള വാദത്തിന് യാതൊരു പ്രസക്തിയുമില്ല.

മുതൽ കൈവശം വെയ്ക്കുവാനുള്ള അവകാശം കാണിക്കുന്നതു്, ആ മുതൽ ഭൌതികമായും സാമ്പത്തികമായും കൈകാര്യം ചെയ്യുവാനുള്ള കഴിവ് നൽകുന്ന യഥാത്ഥവും നിയമപരവുമായ അവകാശത്തെയാണ്. ഈ അവകാശം സാധാരണ കൈകാര്യം ചെയ്യുന്നതു് ഉടമയാണ്. എന്നാൽ മുതൽ കൈകാര്യം ചെയ്യുവാൻ നിയമം മൂലം അവകാശം സിദ്ധിച്ച മററുള്ളവക്കും ഈ അവകാശമുണ്ടായിരിക്കും. (കരാർ, ഗവർമ്മെണ്ട് സമിതിയുടെ തീരുമാനം മുതലായവ അനുസരിച്ച്.)

മുതൽ കൈകാര്യം ചെയ്യുവാനുള്ള അവകാശം എന്നുവെച്ചാൽ, മുതൽ ഉപയോഗിക്കുകയും അതിൽനിന്നു് ആദായമെടുക്കു

കയും ചെയ്യുകയെന്നാണു് അർത്ഥം. അതു് കൈവശാധികാരവുമായി അടുത്തു് ബന്ധപ്പെട്ടിരിക്കുന്നു. കൈവശാധികാരം കൂടാതെ മുതൽ ഉപയോഗപ്പെടുത്തുവാൻ സാദ്ധ്യമല്ലല്ലൊ. സാധാരണഗതിയിൽ ഉടമസ്ഥൻതന്നെയാണു് തന്റെ മുതൽ ഉപയോഗിക്കുന്നതിനുള്ള അധികാരം കൈകാര്യം ചെയ്യുന്നതു്. പക്ഷെ തന്റെ മുതൽ വേറെ ഒരാളുടെ കൈകാര്യകർത്തൃത്വത്തിനു് വിധേയമാക്കുവാനും അയാൾക്കു് കഴിയും

തന്റെ മുതലിനെക്കൊണ്ടു എന്തുചെയ്യണമെന്നു് തീരുമാനിക്കുവാനുള്ള ഉടമസ്ഥന്റെ അധികാരം. (വില്ക്കുക, പണയപ്പെടുത്തുക, കൊടുക്കുക, പാട്ടത്തിന്നേല്പിക്കുക മുതലായവ) ആ മുതൽ വിലയില്ലാത്തതും ഉപയോഗരഹിതവുമാണെങ്കിൽ അതു് സ്വേച്ഛാനുസൃതം നശിപ്പിക്കുവാനും ഉടമസ്ഥന്നധികാരമുണ്ടു്.

മുതൽ കൈവശം വെക്കുവാനും ഉപയോഗിക്കുവാനും കൈഒഴിവാക്കുവാനുമുള്ള അധികാരം നിയമപരിധിയിൽ നിന്നുകൊണ്ടാണു് പ്രയോഗിക്കപ്പെടുന്നതു്.

III ഗവർമ്മെണ്ടു് ഉടമസ്ഥാവകാശമാണു് സോഷ്യലിസ്റ്റു് ഉടമസ്ഥാവകാശത്തിന്റെ പ്രധാന രൂപം. ഇതു് താഴെ പറയുന്നവയിൽനിന്നുത്ഭവിക്കുന്നു.

എ) ഗവർമ്മെണ്ടു മുതൽ എന്നുവെച്ചാൽ മുഴുവൻ ജനതയും ഉടമയായിട്ടുള്ള മുതലെന്നാണു് അർത്ഥം. പ്രകൃതിസമ്പത്തും മുതലുകളും ഏററവും ഉയർന്നതോതിൽ പൊതുഉടമയിലാക്കുകയെന്നതാണു് ഗവർമ്മെണ്ടു് മുതലിന്റെ പ്രധാന സ്വഭാവം.

ബി) സോഷ്യലിസ്റ്റു് സമുദായ സമ്പദ്വ്യവസ്ഥയുടെ നേതൃത്വം വഹിക്കുന്നതു് ഗവർമ്മെണ്ടു് മുതലാണു്. അതു് പ്രധാന ഉല്പാദനോപകരണങ്ങൾ ഉൾക്കൊള്ളുന്നു. സോഷ്യലിസ്റ്റു്സമുദായത്തിലെ രാഷ്ട്രീയ–സാമ്പത്തിക നേതൃത്വത്തിന്റെ ഐക്യത്തിനുള്ള ഭൗതികാടിസ്ഥാനം അതുണ്ടാക്കുന്നു. രാഷ്ട്രീയാധികാരത്തിന്റെ ഉപാധിയെന്നനിലയിലും പ്രധാന ഉല്പാദനോപകര

ങ്ങളുടെ ഉടമയെന്ന നിലയിലും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ വഴിയിൽക്കൂടിയുള്ള സമ്പദ്‌വ്യവസ്ഥയുടെ ആസൂത്രിതവികസനത്തിനും തൊഴിലെടുക്കുന്നതിനും വിശ്രമിക്കുന്നതിനും വിനോദിക്കുന്നതിനും വയസ്സുകാലത്തു് ഭൗതികരക്ഷ ലഭിക്കുന്നതിനുമുള്ള അവകാശത്തിനും ഗവമ്മേണ്ടു് ഉറപ്പു നൽകുന്നു.

സി) ഗവമ്മേണ്ടു് ഉടമാവകാശം മുഴുവൻ ജനതയുടേയും താല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നതിനാൽ അതിനെ ശക്തിപ്പെടുത്തുന്നതിനെയും വികസിപ്പിക്കുന്നതിനെയും ആശ്രയിച്ചാണു് സോഷ്യലിസ്റ്റ് സമുദായത്തിന്റെ നന്മ സ്ഥിതിചെയ്യുന്നതു്.

ഡി) ഉടമാവകാശത്തിന്റെ മററു വിധത്തിലും രൂപത്തിലുമുള്ള ഉടമാവകാശങ്ങളിന്മേൽ ഗവർമ്മേണ്ടു് നേരിട്ടുള്ള സ്വാധീനം ചെലുത്തുന്നു. ഉദാഹരണത്തിനു്, ഗവർമ്മേണ്ടു് സംരംഭങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുമ്പോൾ ഈ രംഗത്തിലെ സ്വകാര്യസംരംഭങ്ങളുടെ എണ്ണത്തിൽ ഒരു കുറവു് അനുഭവപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഗവർമ്മേണ്ടു് സംരംഭങ്ങളിൽ നിർമ്മിക്കപ്പെടുന്ന സാധനങ്ങൾക്കു് വിലക്കുറവും ഗുണക്കൂടുതലും ഉണ്ടായിരിക്കും.

വസ്തുനിഷ്ഠമായി പരിശോധിക്കുമ്പോൾ, സ്റ്റേയിററു് സോഷ്യലിസ്റ്റ് ഉടമാവകാശം എ) ഉല്പാദനോപകരണങ്ങളേയും മററു മുതലുകളേയും ഒന്നാക്കുകയും ബി) ഉടമയെന്ന നിലയിൽ ഗവമ്മേണ്ടു് അധികാരങ്ങളുടെ ഉള്ളടക്കവും അതു നടപ്പിലാക്കുന്നവിധവും വിവരിക്കുകയും വിവിധരൂപത്തിലുള്ള ഗവർമ്മേണ്ടു മുതലുകളുടെ നിയമപരമായ സ്ഥാനം നിശ്ചയിക്കുകയും സി) ഗവർമ്മേണ്ടു് ഉടമാവകാശനിയമത്തെ പരിരക്ഷിന്നതിനുള്ള മാർഗ്ഗങ്ങളും ഉപാധികളും നിർണ്ണയിക്കുകയും ചെയ്യുന്ന, നിയമപരമായ വ്യവസ്ഥകളുടെ ആകത്തുകയാണു്.

ആപേക്ഷികമായി പരിശോധിക്കുമ്പോൾ അതു് ഗവർമ്മേണ്ടു് മുതൽ കൈവശം വെയ്ക്കുവാനും ഉപയോഗിക്കുവാനും കൈ

മാറുവാനുമുള്ള അധികാരമാണു്. എല്ലാ സ്റ്റേയിററ് സോഷ്യലിസ്റ്റ് ഉടമാവകാശത്തിന്റേയും ഏക ഉടമ ഗവർമ്മെണ്ടാണു് ഗവർമ്മെണ്ടു് മുതലിൽ എന്തൊക്കെ കൊണ്ടിരുന്നാലും അതു് ആരുടെ അധികാരപരിധിയിൽ ഇരുന്നാലും തരക്കേടില്ല, അതു് സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ ഉടമയിലുള്ള ഏക മുതലാണു്. ഗവർമ്മെണ്ടിൽ അധിഷ്ഠിതമായ അധികാരം ഉപയോഗിച്ചുകൊണ്ടു്, ഗവർമ്മെണ്ടിന്റെ അധീനത്തിലുള്ള മുതലിന്റെ നിയമപരമായ സ്ഥാനം നിർണ്ണയിക്കുകയും, ആ മുതലിന്റെ മേൽനോട്ടം വഹിക്കുവാൻ ഉപാധികൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. ഗവർമ്മെണ്ടു് മുതലാകുന്ന ഏകവിധിയുടെ ഭാഗത്തിന്മേൽ അധികാരം ലഭിക്കുന്ന വിവിധ ഗവർമ്മെണ്ടു് സംഘടനകൾ അവയുടെ പ്രവർത്തനംവഴിക്കാണു് ആ മുതൽ ഉപയോഗപ്പെടുത്തുന്നതു്. ഉടമയെന്ന നിലയിൽ ഈ സംഘടനകളിൽക്കൂടി ഗവർമ്മെണ്ടു് അതിന്റെ അധികാരങ്ങൾ പ്രയോഗിക്കുന്നു. അങ്ങിനെ ഗവർമ്മെണ്ടു സംഘടനകളുടെ അധീനത്തിലുള്ള മുതലുകൾ ഗവർമ്മെണ്ടിന്റെതായിത്തന്നെ നിലകൊള്ളുന്നു. ഈ അധികാരം പങ്കുവെക്കുവാൻ സാദ്ധ്യമല്ല. അങ്ങിനെ ചെയ്താൽ ആ മുതൽ മുഴുവൻ ജനതയ്ക്കും അവകാശപ്പെട്ടതായ സോഷ്യലിസ്റ്റ് മുതലല്ലാതായിത്തീരും. സോഷ്യലിസ്റ്റ് രാഷ്ട്രത്തിനു് ഏതു മുതലും സ്വന്തമാക്കാം. പ്രകൃതിസമ്പത്തു്, ജലവിഭവങ്ങൾ, വലിയ കാടുകൾ, ധാതുവസ്തുക്കൾ മുതലായവ ഗവർമ്മെണ്ടിന്റെ മാത്രം മുതലാണെന്നു് പ്രത്യേകം പറയേണ്ടതുണ്ടു്. ഈ മുതൽ അന്യാധീനപ്പെടുത്തുവാൻ പാടില്ല; ഉപയോഗത്തിനുവേണ്ടി ഏല്പിച്ചുകൊടുക്കുവാൻ മാത്രമെ പാടുള്ളു.

ഭൂമിയുടെ കുത്തകാവകാശം ഗവർമ്മെണ്ടിനു മാത്രമെന്ന വ്യവസ്ഥിതി നിലവിലുള്ളതു് സോവിയററ് യൂനിയനിലും മംഗോളിയായിലും മാത്രമാണു്. മററു സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഭൂമി പരിപൂർണ്ണമായും ദേശവൽക്കരിക്കപ്പെട്ടിട്ടില്ല. ഉപയോഗിക്കുന്ന ഭൂമിയും ദേശീയ താല്പര്യങ്ങൾക്കുവേണ്ടി ഉപയോ

ഗിക്കുന്ന ഭൂമിയും (സ്ഥാപനങ്ങളും സംരംഭങ്ങളും ഉപയോഗിക്കുന്ന ഭൂമി) ഗവർമ്മേണ്ട ഉടമയിലേയ്ക്കു് നീങ്ങിയിട്ടുണ്ടു്. സാധാരണ ഗതിയിൽ ഈ രാജ്യങ്ങളിലെ ഭൂഉടമകൾ അതുപയോഗിക്കുന്നവരാണു്. ഗവർമ്മേണ്ടു് ഉടമസ്ഥതയുടെ കുത്തകാവകാശലക്ഷ്യങ്ങളെപ്പററിയും ഗവർമ്മേണ്ടുമാത്രം കൈകാര്യം ചെയ്യുന്ന പ്രവർത്തന ശാഖകളെപ്പററിയും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ഭരണഘടനകളിൽ പ്രസ്താവിച്ചിട്ടുണ്ടു്. (വിദേശവ്യാപാരം, ഗതാഗതം, വാർത്താവിതരണം, റേഡിയോ-ടെലിവിഷൻ, പ്രക്ഷേപണം, ബാങ്കിങ്ങു് മുതലായവ) സോഷ്യലിസ്റ്റ് സ്റ്റേയിററു് മുതലിൻെറ ആദ്യത്തെ വരുമാനമാർഗ്ഗമായിരുന്നു ദേശവൽക്കരണം. റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവത്തിനു് ശേഷമുള്ള ആദ്യത്തെ ഏതാനും കൊല്ലങ്ങൾകൊണ്ടാണു് കുത്തകക്കാൎക്കും വൻകിട മുതലാളിമാൎക്കും വിദേശ മുതലാളിമാൎക്കുമുണ്ടായിരുന്ന മുതലുകൾ പിടിച്ചടക്കിക്കൊണ്ടു്, ഗവർമ്മേണ്ടു് മുതൽ സ്വരൂപിച്ചുണ്ടാക്കിയതു്. ദേശവൽക്കരണത്തിൻെറ ലക്ഷ്യങ്ങൾ വിവിധ രാജ്യങ്ങളിൽ വിവിധങ്ങളായിരുന്നു. ചില രാജ്യങ്ങളിൽ എല്ലാ മുതലാളിത്തസംരംഭങ്ങളും ദേശവൽക്കരിക്കപ്പെട്ടു. ചില രാജ്യങ്ങളിൽ ചില ശാഖകളെ മാത്രമെ ദേശവൽക്കരണം ബാധിച്ചുള്ളു. അവിടങ്ങളിലെ അന്നത്തെ രാഷ്ട്രീയസ്ഥിതിയാണതിനു കാരണം. പ്രകൃതിസമ്പത്തു്, ഖനികൾ, വിദ്യുച്ഛക്തികേന്ദ്രങ്ങൾ, റെയിൽവെ, വ്യോമ-ജലഗതാഗതം, ബാങ്കുകൾ എന്നിവ എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ദേശവൽക്കരിക്കപ്പെട്ടിട്ടുണ്ടു്. ഈ പ്രക്രിയക്കു് അനേക കൊല്ലങ്ങൾ എടുക്കേണ്ടിവന്നു.

ചില സംഗതികളിൽ നഷ്ടപരിഹാരം നൽകാതെയാണു് ദേശവൽക്കരണം നടത്തിയതു്. മററു ചിലവയിൽ മുമ്പത്തെ ഉടകൾക്കു് ഏതാനും നഷ്ടപരിഹാരം അനുവദിച്ചു. ജംഗമവസ്തുക്കൾ, തോട്ടങ്ങൾ, കുത്തവകാശങ്ങൾ (പേററൻറ്, ലൈസൻസ് മുതലായവ) ഉൾപ്പെടെ ദേശവൽക്കരിക്കപ്പെട്ട എല്ലാ സംരംഭങ്ങളുടേയും സ്ഥാപനങ്ങളുടേയും എല്ലാ മുതലുകളും

ഗവർമ്മെണ്ടിലേയ്ക്കു് മാററപ്പെട്ടു. ബാദ്ധ്യതകൾ സംബന്ധിച്ചേടത്തോളം മുമ്പത്തെ എല്ലാ ഉടമകളുടേയും ചുമതലകൾ ഗവർമ്മേണ്ടു് നിറവേററിയില്ല. ഉദാഹരണത്തിന്നു ഹംഗേറിയൻ ബാങ്കുകൾ ദേശവല്ക്കരിച്ചപ്പോൾ തൊഴിലാളികൾക്കും അവരുടെ സംഘടനകൾക്കും ബാങ്കുകൾ കൊടുത്തുതീക്കുവാനുണ്ടായിരുന്ന കടങ്ങൾ മാത്രമെ ഗവർമ്മെണ്ടു് കൊടുത്തുതീർത്തുള്ളു.

ഇപ്പോൾ ഗവർമ്മേണ്ടു്മുതലിന്റെ അടിസ്ഥാനപരമായ ആദായമാർഗ്ഗം വിപുലമാക്കപ്പെട്ട സോഷ്യലിസ്റ്റ് പുനർനിമ്മാണവും നികുതികളും വില്പനകളുള്ള മുതലും രാജ്യത്തിനകത്തും പുറത്തുമുള്ള വാങ്ങൽ കരാറുകളു (Purchase Contracts) മാണു്.

IV സഹകരണസംഘങ്ങളുടേയും ബഹുജനസംഘടനകളുടെയും മുതൽ, ഗവർമ്മേണ്ടു്പിൻബലമുള്ള, സോഷ്യലിസ്റ്റ് ഉടമാവകാശത്തിന്റെ മറെറാരു രൂപമാണു്.

സഹകരണസംഘങ്ങൾക്കും ബഹുജനസംഘടനകൾക്കും ഉടമസ്ഥാവകാശം വഹിക്കാവുന്ന വസ്തുക്കളുടെ എണ്ണം പരിമിതപ്പെടുത്തീട്ടുണ്ടു്. അവയുടെ അടിസ്ഥാന പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുവാനും അവയിലെ അംഗങ്ങളുടെ ഭൗതീകവും സാംസ്കാരികവുമായ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുവാനും ആവശ്യമായ വസ്തുക്കൾമാത്രമേ അവയ്ക്കു് സ്വന്തമാക്കാവൂ.

ഗവർമ്മെണ്ടിനുമാത്രം കുത്തകാവകാശമുള്ള വസ്തുക്കൾക്കു് സഹകരണസംഘങ്ങളുടെ വസ്തുക്കളാകുവാൻ സാദ്ധ്യമല്ല. ഉല്പാദകസഹകരണസംഘങ്ങളുടെ വസ്തുക്കൾ ഉണ്ടാകുന്നതു്, പൌരന്മാരുടെ കൂററു മുതൽ പൊതു ഉടമയിലാക്കുന്നതുമൂലമാണു്. ഈ പൌരന്മാർ സംഘങ്ങളിലെ അംഗങ്ങളാവുകയും ചെയ്യുന്നു. പൊതു ഉടമയിലാക്കുന്ന വസ്തുക്കളുടെ വിവരം സംഘങ്ങളുടെ പ്രമാണരേഖകളിൽ വിവരിച്ചിരിക്കും. ഈ വസ്തു വിവിധ നിധികളായി തരംതിരിക്കപ്പെടുകയും ഓരോന്നിനും അതിന്റേതായ നിയമപരമായ സ്ഥാനം അനുവദിക്കപ്പെടുകയും ചെയ്യുന്നു. ജനങ്ങൾ ഒരു സഹകരണസംഘത്തിൽ ചേന്നു് ഓഹരിസംഖ്യ

കൾ നൽകുന്നതുമൂലമാണ് അതിന്നു് ഓഹരിഫണ്ടുണ്ടാകുന്നതു്. ഒരാൾ സംഘത്തിലെ അംഗത്വം രാജിവെച്ചാൽ അയാൾക്കു് അടച്ച ഓഹരിസംഖ്യ മടക്കിക്കിട്ടുവാൻ അവകാശമുണ്ടു്. എന്നാൽ ഒരു സഹകരണസംഘത്തിൽ അംഗത്വം ഉണ്ടെന്നുള്ളതുകൊണ്ടു്, ഓഹരിയെന്നനിലയിൽ, സംഘത്തിലേയ്ക്കു കൊടുത്ത വസ്തുവിന്മേൽ ഉടമാവകാശം അനുവദിക്കപ്പെടുന്നതല്ല. സംഘത്തിൽ അംഗത്വംമൂലം അവകാശം സിദ്ധിച്ച ഉത്തമർണ്ണന്മാർക്കു്, ഓഹരി ഇല്ലാതാക്കിക്കൊണ്ടു്, അവരുടെ സംഖ്യ തിരിച്ചുവാങ്ങുവാൻ സാദ്ധ്യമല്ല. ഓഹരി മടക്കിക്കൊടുക്കുക റൊക്കം സംഖ്യയായിട്ടാണു്. ഓഹരിസംഖ്യ ആദ്യം കൊടുത്തതു് റൊക്കമായിട്ടോ അല്ലാതെയോ എന്ന കാര്യം അപ്പോൾ പരിഗണിക്കുന്നതല്ല.

ഓഹരിനിധികൂടാതെയുള്ള മറ്റെല്ലാം മുതലുകളും വിഭജിക്കാത്ത മുതലുകളായി അറിയപ്പെടുന്നു. ഈ മുതലുകൾ ചില പ്രത്യേക കാര്യങ്ങൾക്കുവേണ്ടിയാണു് സാധാരണ ഉപയോഗിക്കാറു്. ഒരു സഹകരണസംഘം ഏതു് വിധത്തിലുള്ള നിധി രൂപീകരിക്കുന്നു, അതെങ്ങിനെ ഉപയോഗപ്പെടുത്തുന്നുവെന്നെല്ലാം ആ സംഘത്തിൻെറ നിയമാവലിയിൽ പറഞ്ഞിരിക്കും.

ഉടമയെന്നനിലയിൽ ഒരു സഹകരണസംഘം അതിൻെറ അധികാരങ്ങൾ (മുതൽ കൈവശം വെയ്ക്കുക, ഉപയോഗിക്കുക, കൈ ഒഴിക്കുക) കൈകാര്യം ചെയ്യുന്നതു് നിയമവും സാമ്പത്തികവികസനപദ്ധതിയും സംഘത്തിൻെറ നിയമാവലിയും അനുസരിച്ചാണു്. പൊതുയോഗതീരുമാനമനുസരിച്ചാണു് വസ്തു കൈ ഒഴിക്കുന്നതു്. ഗവമ്മേണ്ടു് സൌജന്യമായി നൽകിയ വസ്തു കയ്യൊഴിക്കുവാൻ ഒരു സഹകരണസംഘത്തിനും അധികാരമില്ല.

കൃഷികസഹകരണസംഘങ്ങളുടെ നിയമപരമായ സ്ഥാനം കുറച്ചു് തല്പരൃമുളവാക്കുന്നവിധത്തിലുള്ളതാണു്. വിവിധ സോഷ്യലിസ്റ്റ്രാജ്യങ്ങളിൽ മുതൽ പൊതു ഉടമയിലാക്കുന്നതിൻെറയും

ആദായം വീതിക്കുന്ന സമ്പ്രദായത്തിൻെറയും തോതു് സംബന്ധിച്ചു് ചില വ്യത്യാസങ്ങളുണ്ടു്.

ഒരു കാൎഷികസഹകരണസംഘത്തിൻെറ ഏററവും ലഘുവായ രൂപം ഭൂമിയിൽ കൂട്ടുകൃഷിചെയ്യുവാനുള്ള ഒരു സംഘടന രൂപീകരിക്കലാണു്. അങ്ങിനെയുള്ള ഒരു സംഘടനയുടെ മുതൽ, അംഗങ്ങളുടെ ഓഹരിപ്പണവും (പൊതുയോഗം നിശ്ചയിക്കുന്നതു്) കൂട്ടായി സമ്പാദിച്ച യന്ത്രോപകരണങ്ങൾ, മററു ഉപകരണങ്ങൾ മുതലായവയുമാണു്. സംഘത്തിൻെറ സ്ഥിരം മുതൽ ഇവയെല്ലാം ചേൎന്നതായിരിക്കും. ഈ മുതലുകൾ കൂട്ടായ സ്വത്തും അംഗങ്ങൾക്കു് വീതിച്ചുകൊടുക്കുവാൻ പാടില്ലാത്തതുമാണു്. ഭൂമിയിൽ കൂട്ടായി കൃഷി നടത്തുന്നു. സംഘംനിയമാവലിയിൽ അനുശാസിക്കുന്നവിധത്തിൽ ആദായം വിതരണംചെയ്യപ്പെടുന്നു. ഓരോ അംഗത്തിൻെറ കൈവശമുള്ള ഭൂമിയുടെയും അയാളുടെ കുടുംബത്തിൻെറയും വലിപ്പവും അയാൾ ചിലവഴിക്കുന്ന അധ്വാനത്തിൻെറ തോതും കണക്കിലെടുക്കുന്നതാണു്. ഉദാഹരണത്തിനു്, ഭൂമിയിൽ കൂട്ടായി കൃഷി നടത്തുന്നു. മററു ജോലികൾ പൊതുയോഗനിശ്ചയമനുസരിച്ചു കൂട്ടായോ ഒററയ്ക്കോ ചെയ്യുന്നു. ഓരോ ഭൂവിഭാഗത്തിലും ഉണ്ടാകുന്ന വിളവു് ഉടമസ്ഥനു് ഇഷ്ടംപോലെ കൈകാര്യം ചെയ്യുവാനോ സംഘത്തിനു് ഏല്പിച്ചുകൊടുത്തുകൊണ്ടു്, പൊതുയോഗതീരുമാനമനുസരിച്ചു്, വിതരണം ചെയ്യുവാനോ സാധിക്കും.

കാൎഷികസഹകരണസംഘത്തിൻെറ മറെറാരു സവിശേഷത, പൊതുഉടമയുടെ വ്യാപകത്വം കൂടുതൽ വൎദ്ധിപ്പിച്ചിട്ടുള്ളതാണു്. ഉദാഹരണത്തിനു് ചെക്കൊസ്ലോവാക്കിയയെ എടുക്കാം. അവിടെ സഹകരണസംഘത്തിൽ പെരുത്ത ജനങ്ങൾ തങ്ങളുടെ ഭൂമിയും കന്നുകാലികൾ മുതലായവയും കാൎഷികായുധങ്ങളും കൃഷിനടത്തുന്ന പരിസരങ്ങളും കൂട്ടുഉടമസ്ഥതയ്ക്കു് വിട്ടുകൊടുക്കുന്നു.

കന്നുകാലികൾ, ഉപകരണങ്ങൾ, ഉല്പാദനപരിസരങ്ങൾ എന്നിവയുടെ വിലയുടെ 20 ശതമാനം, സഹകരണസംഘത്തിന്റെ വിതിക്കുവാൻ പാടില്ലാത്ത മുതലിലേക്കു്, സൌജന്യമെന്ന നിലയിൽ നല്കപ്പെടുന്നു. ബാക്കിയുള്ളതിന്റെ വില സംഘം കൊടുക്കുന്നു. പ്രതിവർഷം ഇങ്ങിനെ കൊടുക്കുവാൻ വേണ്ടി നീക്കിവെക്കപ്പെട്ടിട്ടുള്ള വകയിൽനിന്നാണു് ഈ സംഖ്യ കൊടുക്കുന്നതു്. കൂട്ടുകൃഷി ചെയ്യുവാൻവേണ്ടി സംഘത്തെ ഏല്പിച്ച ഭൂമി അംഗങ്ങളുടെ സ്വകാര്യമുതലായിരിക്കുമെങ്കിലും അതിലുണ്ടാകുന്ന വിളവു് സംഘത്തിന്റെ മുതലായിരിക്കും. റൊക്കമായിട്ടും പണമായിട്ടുമാണു് അംഗങ്ങൾ ആദായം വാങ്ങുന്നതു്. (ചെക്കൊസ്ലോവാക്കിയൻ കാർഷികസഹകരണസംഘങ്ങളുടെ നിയമം നോക്കുക.)

കാർഷികസഹകരണസംഘത്തിന്റെ ഏററവും ഉയർന്നതും മൂന്നാമത്തേതുമായ രൂപം കൂട്ടുകൃഷിയാണു്. ഭൂമി, കന്നുകാലികൾ മുതലായവ, ഉല്പാദനപരിസരങ്ങൾ, കാർഷികയന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ അതിൽ പൊതുസ്വത്തായിരിക്കും. (ഉദാ: സോവിയററ് യൂണിയനിലെ കൂട്ടുകൃഷിസ്ഥലങ്ങൾ) അങ്ങിനെയുള്ള സഹകരണസംഘങ്ങളിൽ അംഗങ്ങൾക്കു പ്രതിഫലം നല്കുന്നതു് അവരുടെ ജോലിയുടെ അളവും ഗുണവുമനുസരിച്ചാണു്. കൃഷിക്കാർക്കു് ഭൂമി നല്കിക്കൊണ്ടു് ഭൂപരിഷ്കരണം നടപ്പിലാക്കിയതിനുശേഷം, ഒട്ടധികം കാർഷിക സഹകരണസംഘങ്ങൾ സ്ഥാപിക്കപ്പെടുകയുണ്ടായി.

കാർഷിക സഹകരണസംഘങ്ങൾക്കു് എല്ലാ സഹായങ്ങളും സോഷ്യലിസ്റ്റ് ഗവമ്മെണ്ടു് നല്കുന്നു. അവയെ ചില നികുതികളിൽനിന്നൊഴിവാക്കുകയും ദീർഘകാലവായ്പകളും, വിളനാശമോ മററു ദോഷങ്ങളോ സംഭവിച്ചാൽ, ധനസഹായവും നല്കുകയും ചെയ്യുന്നു. വിത്തും വളവും വിതരണം ചെയ്യുമ്പോൾ അവയ്ക്കു മുൻഗണനയും ലഭിക്കുന്നതാണു്.

DISTRIBUTING LIBRARY
No. ........ ........
KOTTAYAM

**V** പൌരന്മാരുടെ ഉടമസ്ഥാവകാശനിയമം, വ്യക്തിപരവും സ്വകാര്യവുമെന്നിങ്ങനെ രണ്ടുതരത്തിലുള്ള വസ്തുക്കളെ നിയന്ത്രിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പൌരന്മാരുടെ വ്യക്തിപരമായ ഉടമസ്ഥതയിലുള്ള വസ്തുവാണു് പൌരാധീനത്തിലുള്ള പ്രധാന വസ്തു. വ്യക്തിയുടെ വസ്തുവും സ്വകാര്യവസ്തുവും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം ആദ്യത്തേതു് വ്യക്തിപരമായ ആവശ്യങ്ങൾക്കും രണ്ടാമത്തേതു് ഒരാദായസമ്പാദനത്തിനുംവേണ്ടി ഉപയോഗപ്പെടുത്തുന്നുവെന്നുള്ളതാണു്.

പൌരന്മാർ തങ്ങളുടെ ഭൌതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഭൂമി സ്വന്തമാക്കുന്നു. വ്യക്തിപരമായ മുതലിൽ, താമസസ്ഥലങ്ങൾ, സമ്പാദിച്ച ആദായം, നിക്ഷേപം, വീട്ടുപകരണങ്ങൾ, വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള സാധനങ്ങൾ മുതലായവ ഉൾപ്പെടുന്നു. അദ്ധ്വാനിക്കാതെ ആദായമുണ്ടാക്കുവാനോ പൊതുതാല്പര്യത്തിന്നെതിരായ വിധത്തിൽ പ്രവൎത്തിക്കുവാനോ വ്യക്തിപരമായ മുതൽ വിനിയോഗിക്കുവാൻ പാടില്ല. അതുകൊണ്ടു് ചില സംഗതികളിൽ, ഈ മുതൽ ഉപയോഗിക്കുന്നതു സംബന്ധിച്ചു്, ചില പരിധികൾ നിശ്ചയിച്ചിട്ടുണ്ടു്. അദ്ധ്വാനിക്കാതെയുള്ള ആദായമുണ്ടാക്കുവാൻവേണ്ടി ഉപയോഗിക്കാവുന്ന വസ്തുക്കളെ (വസതികൾ, കന്നുകാലികൾ, ഭൂമി മുതലായവ) സംബന്ധിച്ചാണവ. വ്യക്തികളുടെ അധീനത്തിലുള്ള മററ വസ്തുക്കൾക്കു് ഈ നിയമം നിയന്ത്രണമേൎപ്പെടുത്തുന്നില്ല.

കൎശനമായി വ്യവസ്ഥ ചെയ്യപ്പെട്ട പരിധിക്കുള്ളിൽ മാത്രമെ സ്വകാര്യ ഉടമാവകാശം അനുവദിച്ചിട്ടുള്ളു. ഉല്പാദനോപകരണമെന്ന നിലയിൽ ഉപയോഗപ്പെടുത്തിയേക്കാവുന്ന വസ്തുക്കളൊ സാധനങ്ങളൊ ആയിരിക്കും സ്വകാര്യ ഉടമസ്ഥതയ്ക്കു കീഴിൽ വരുന്ന മുതലുകൾ. സ്വകാര്യസ്വത്തുക്കൾ പലവിധത്തിലുണ്ടു്. ചെറിയതരം സാധനങ്ങൾ ഉല്പാദിപ്പിക്കുന്നവരുടെ

കാര്യത്തിൽ, ഉല്പാദനോപകരണങ്ങളുടെ ഉടമാവകാശവും വിപണനാവസ്ഥകളും നിശ്ചയിക്കപ്പെടുന്നതു്, അവരുടെ വ്യക്തിപരമായ അദ്ധ്വാനത്തെ അടിസ്ഥാനമാക്കിയാണു്. ഇതേയവസരത്തിൽ മുതലാളിത്ത ഉടമാവകാശം, മററുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണം ചെയ്യുകയെന്നതിനെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതാണു്. നികുതികളും മററും ചുമത്തിക്കൊണ്ടു്, ഈ സ്വകാര്യ മുതലാളിത്ത ഉടമാവകാശത്തിന്റെ പരിധി ക്രമേണ ചുരുക്കിക്കൊണ്ടുവരികയാണു്.

സ്വകാര്യ ഉടമാവകാശത്തിന്റെ വ്യാപകമായ വസ്തു ഭൂമിയാണു്. എന്നാലും സോഷ്യലിസ്റ്റ്രാജ്യങ്ങളിൽ ഭൂമി കണ്ടമാനം വാങ്ങുവാനൊ വില്ക്കുവാനൊ പാടില്ല. ഉദാഹരണത്തിനു്, ബാംഗെറിയായിൽ കൃഷിക്കസഹകരണസംഘത്തിലെ ഒരംഗത്തിനു് തന്റെ ഭൂമി സംഘത്തിനൊ അല്ലെങ്കിൽ അതിലെ മറെറാരംഗത്തിനൊ മാത്രമെ വില്ക്കുവാൻ പാടുള്ളു. ജമ്മൻ ഡെമൊക്രാററിക് റിപ്പബ്ലിക്കിലെ ഭൂപരിഷ്കരണനിയമമനുസരിച്ചു് കൃഷിക്കാക്കു ലഭിച്ചിട്ടുള്ള ഭൂമി വില്ക്കുവാനൊ പാട്ടത്തിനു കൊടുക്കുവാനൊ പാടില്ല. റുമാനിയ, ഹങ്കറി, ചെക്കൊസ്ലോവാക്കിയ എന്നീ രാജ്യങ്ങളിൽ ബന്ധപ്പെട്ട അധികാരികളുടെ അനുവാദത്തോടുകൂടി മാത്രമേ ഭൂമി കൈ മാറുവാൻ പാടുള്ളൂ

ഇതുപോലെതന്നെ സ്വകാര്യവ്യാപാരവും നിയന്ത്രിക്കപ്പെട്ടിട്ടുണ്ടു്. ഒന്നാമതായി സ്വകാര്യവ്യക്തികാംക്കു എല്ലാ വസ്തുക്കളും വാങ്ങുവാനും വില്ക്കുവാനും പാടില്ല. രണ്ടാമതായി ഒരു പൌരനു് കച്ചവടം ചെയ്യണമെങ്കിൽ അധികൃതന്മാരുടെ അനുമതി വാങ്ങണം. അനുമതി ലഭിച്ചാൽ തന്നെ നിയമത്തിലെ വ്യവസ്ഥകളനുസരിച്ചേ പ്രവത്തിക്കാവൂ. മൂന്നാമതായി കൂലിക്കു് ആളെയെടുക്കുന്നതു് നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. (ഉദാ: ഹങ്കറിയിൽ രണ്ടിലധികംപേരെ കൂലിക്കു വെയ്ക്കുവാൻ പാടില്ല.)

**VI** രണ്ടോ അതിലധികമോ പേർ ചേൎന്നുകൊണ്ടു് ഉടമസ്ഥാവകാശം വഹിക്കാം. ഗവൎമ്മെണ്ടും ഒരു സഹകരണസംഘമോ ബഹുജനസംഘടനയോ ചേൎന്നു്, ഗവൎമ്മെണ്ടും പൌരന്മാരും ചേൎന്നോ അല്ലെങ്കിൽ ഗവൎമ്മെണ്ടും പല സഹകരണസംഘങ്ങളും ചേൎന്നു്. ഇതിനെയാണു് കൂട്ടുടമസ്ഥാവകാശമെന്നു പറയുന്നതു്. ഓഹരികൾമൂലമുള്ള കൂട്ടുടമസ്ഥാവകാശവും വിഭജിക്കപ്പെടാത്ത കൂട്ടുടമസ്ഥാവകാശവും എന്നിങ്ങനെ ഉടമസ്ഥാവകാശത്തെ നാം രണ്ടായി കാണുന്നു. കൂട്ടുടമസ്ഥതയ്ക്കു് കീഴിൽ വസ്തു കൈവശം വെയ്ക്കൽ, ഉപയോഗിക്കൽ കയ്യൊഴിക്കൽ എന്നിവ എല്ലാ മെമ്പർമാരുടെയും യോജിപ്പോടുകൂടിയാണു് നിൎവ്വഹിക്കപ്പെടുന്നതു്. തൎക്കമുണ്ടായാൽ കോടതിവഴി പരിഹാരം കാണാവുന്നതാണു്. ഓഹരിമൂലം കൂട്ടുടമസ്ഥതയുണ്ടാക്കീട്ടുള്ളവരിൽ ഏതെങ്കിലും ഒരാൾക്കു് വില്ക്കുവാൻ അധികാരമുണ്ടു്. പക്ഷേ അതു വാങ്ങുന്ന കാര്യത്തിൽ മുൻഗണന നല്കപ്പെടേണ്ടതു് കൂട്ടുടമസ്ഥതയിൽപെട്ട മറ്റേ കക്ഷിക്കാണു്. കൂട്ടുടമസ്ഥതയിൽപെട്ടവൎക്കു്, പരസ്പരസമ്മതത്തോടുകൂടി, വസ്തു വിഭജിച്ചുകൊണ്ടു്, കൂട്ടുടമസ്ഥത സ്വയം അവസാനിപ്പിക്കാം. ഇക്കാര്യത്തിലവർ യോജിപ്പിലെത്താത്തപക്ഷം കോടതിവിധിയനുസരിച്ചു് വസ്തു വിഭജിക്കപ്പെടുന്നു.

**VII** സിവിൽനിയമമനുസരിച്ചു് ഉടമസ്ഥന്മാരുടെ അവകാശങ്ങൾ പലവിധത്തിലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

എ) തന്റെ സ്വത്തു് ഒരാൾ അനധികൃതമായി കൈവശം വെച്ചാൽ അതു് വീണ്ടെടുക്കുന്നതിന്നാവശ്യപ്പെടുവാൻ ഉടമസ്ഥന്നവകാശമുണ്ടു് (Recorvery suit) ഒരാൾ അനധികൃതമായി കൈവശം വെച്ചിട്ടുള്ള ഒരു പ്രത്യേക വസ്തുവായിരിക്കണം അത്തരമൊരു വ്യവഹാരത്തിനു് നിദാനം. ഉത്തമവിശ്വാസത്തോടുകൂടിയും അധമവിശ്വാസത്തോടുകൂടിയും, ഭൂമി കൈവശം വെക്കുന്നവർ എന്നിങ്ങനെ ഭൂമി കൈവശക്കാൎക്കു വ്യത്യാസം കല്പിക്കപ്പെട്ടിട്ടുണ്ടു് ഒരു വസ്തു കൈവശക്കാരൻ ഉത്തമവിശ്വാസ

ത്തോടുകൂടിയാണ് വസ്തു വാങ്ങിയതെന്നു കരുതപ്പെടണമെങ്കിൽ, അയാൾക്ക് ഭൂമി കൈമാറിയ ആൾ അങ്ങിനെ ചെയ്തതു് കൈമാററാധികാരം ഇല്ലാതെയാണെന്നു് അറിയാതിരിക്കുകയോ അറിയുവാൻ സാധ്യതയില്ലാതിരിക്കുകയോ വേണം. വസ്തു ഉടമസ്ഥനോ അല്ലെങ്കിൽ വസ്തു കൈമാററം ചെയ്യപ്പെട്ട ആൾക്കോ അതു് നഷ്ടപ്പെട്ടുവെങ്കിൽ മാത്രമേ, അതുമല്ലെങ്കിൽ വസ്തു മോഷ്ടിക്കപ്പെടുകയോ ഉടമസ്ഥനിൽനിന്നോ മേൽപറഞ്ഞ ആളിൽനിന്നോ അവരുടെ ഹിതത്തിന്നെതിരായി മാററപ്പെടുകയോ ചെയ്യുവെങ്കിൽമാത്രമേ, ആ വസ്തു വീണ്ടെടുക്കുവാൻ പാടുള്ളു. ഉത്തമവിശ്വാസത്തോടുകൂടിയവനല്ലാത്ത വസ്തു കൈവശക്കാരനെന്നു കരുതപ്പെടണമെങ്കിൽ, തൻെറ കൈവശാവകാശം അനധികൃതമാണെന്നു് അയാൾ അറിഞ്ഞിരിക്കുകയോ അറിയുവാനുള്ള സാധ്യത ഉണ്ടായിരിക്കുകയോ വേണം. ഉത്തമവിശ്വാസത്തോടുകൂടിയല്ലാതെ കൈവശംവെച്ചിട്ടുള്ള ഏതു വസ്തുവും എപ്പോഴും വീണ്ടെടുക്കാവുന്നതാണു്.

വസ്തു വീണ്ടെടുക്കുമ്പോൾ, അനധികൃതമായി അതു് കൈവശംവെച്ച ആളിൽനിന്നു് ആ വസ്തുമൂലം സമ്പാദിച്ച എല്ലാ ആദായവും മടക്കിക്കിട്ടണമെന്നു് വാദിക്കുവാൻ വസ്തുവിൻെറ യഥാൎത്ഥ ഉടമസ്ഥനു് അധികാരമുണ്ടു്.

അധമവിശ്വാസത്തോടുകൂടി വസ്തു കൈവശംവെച്ച ആൾ അങ്ങിനെ കൈവശംവച്ച സമയംമുതൽ ഉണ്ടാക്കിട്ടുള്ള ആദായം മടക്കിക്കൊടുക്കുന്നു. ഉത്തമവിശ്വാസത്തോടുകൂടി വസ്തു കൈവശംവെച്ച ആൾ അങ്ങിനെ ചെയ്തതു് അനധികൃതമാണെന്നറിഞ്ഞ സമയംമുതൽ ഉണ്ടാക്കുന്ന ആദായം മടക്കി കൊടുക്കുന്നു. പകരം വസ്തുവിൻെറ യഥാൎത്ഥ ഉടമസ്ഥൻ, ആ വസ്തു പരിരക്ഷിക്കുന്നതിന്നു് ഉത്തമവിശ്വാസിക്കും അധമവിശ്വാസിക്കും ചെയ്യേണ്ടിവന്നിട്ടുള്ള, ചിലവുകൾക്ക് പരിഹാരം ചെയ്യണം. തൻെറ വസ്തു എവിടെയാണെന്നു് യഥാൎത്ഥ ഉടമസ്ഥൻ അറിയുന്ന ദിവസംമുതൽ ഒരു നിശ്ചിതസമയത്തിനുള്ളിൽ പൌരന്മാരുടെയോ

20447



സഹകരണസംഘങ്ങളുടെയോ ബഹുജനസംഘങ്ങളുടെയോ പേരിൽ വസ്തു വീണ്ടെടുക്കുന്നതിന് വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്. (വിവിധ രാജ്യങ്ങളിൽ ഈ സമയപരിധി ഒരു കൊല്ലംമുതൽ അഞ്ചു കൊല്ലംവരെയാണ്.)

സോഷ്യലിസ്റ്റ് വസ്തുവിന്, പ്രധാനമായും ഗവണ്മെണ്ടുടമയിലുള്ള വസ്തുവിന്, സോഷ്യലിസ്റ്റ് നിയമം പ്രത്യേകം പരിരക്ഷ ഏർപ്പെടുത്തുന്നുണ്ട്. ഉത്തമവിശ്വാസത്തോടുകൂടിയും അധമവിശ്വാസത്തോടുകൂടിയും വസ്തു കൈവശംവെച്ചിട്ടുള്ളവരിൽ നിന്നു് സോഷ്യലിസ്റ്റ് സംഘടനകൾക്ക് അവയുടെ വസ്തു വീണ്ടെടുക്കാവുന്നതാണ്. ഇതിന് അനിയന്ത്രിതവീണ്ടെടുക്കലെന്നു പറയുന്നു. ഉത്തമവിശ്വാസിയിൽ നിന്നു് ബാങ്ക് നോട്ടുകളും സെക്യൂരിററികളും വീണ്ടെടുക്കുവാൻ പാടില്ല. പൌരന്മാർ, സഹകരണസംഘങ്ങൾ, ബഹുജനസംഘടനകൾ എന്നിവ അനധികൃതമായി കൈവശംവെച്ചിട്ടുള്ള വസ്തു ഏതു സമയത്തും ഏതു് സമയപരിധികൂടാതെയും വീണ്ടെടുക്കാവുന്നതാണ്.

ബി) ഉടമസ്ഥാവകാശലംഘനം വസ്തുനഷ്ടത്തിന്നിടയാക്കാത്ത സംഗതികളിൽപോലും, ഒരു വസ്തുഉടമസ്ഥന് തന്റെ ഉടമാവകാശലംഘനം ഇല്ലാതാക്കുവാൻ വ്യവഹാരംമുഖേന ആവശ്യപ്പെടാവുന്നതാണ്. (Negatory Suit) എന്നിരുന്നാലും അയാളുടെ എല്ലാ ആവശ്യങ്ങളും തൃപ്തിപ്പെടുത്തണമെന്നില്ല: അയാളുടെ ഭൂമിയിൽക്കൂടി മററുള്ളവർക്കു കടന്നുപോകുവാനുള്ള അവകാശം അംഗീകരിക്കുവാനും മററുള്ളവർ ആ ഭൂമിയിൽ പൈപ്പുകൾ, ടെലിഗ്രാഫ് കമ്പികൾ മുതലായവ സ്ഥാപിക്കുന്നതു് തടയാതിരിക്കുവാനും അയാൾ ബാദ്ധ്യസ്ഥനാണ്. ഇക്കാര്യങ്ങളിൽ ഉടമസ്ഥന് ചില അസൌകര്യങ്ങൾ നേരിടുമെങ്കിലും ഇത്തരം ലംഘനങ്ങൾ തടയണമെന്ന വാദം തിരസ്കരിക്കപ്പെടുന്നതാണ്.

സി) ഒരു പ്രത്യേകവസ്തുവിന്റെ ഉടമസ്ഥാവകാശത്തെപ്പററി വേറെയൊരാൾ തർക്കമുന്നയിച്ചാൽ ആ വസ്തുവിന്റെ

ഉടമസ്ഥന് തന്റെ അവകാശം സ്ഥാപിച്ചുകിട്ടുന്നതിന് വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്.

## 5. സോഷ്യലിസ്റ്റ് സംഘടനകൾ തമ്മിലുള്ള സംയുക്തബന്ധങ്ങളുടെ നിയമപരമായ നിയന്ത്രണം.

സോഷ്യലിസ്റ്റ് സ്റ്റേററ് ഉടമാവകാശമെന്ന ഏകക [illegible]യുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ്, സോഷ്യലിസത്തിന് കീഴിൽ, ഗവൺമെന്റ് സംഘടനകൾ ചരക്കുകൾ കൈമാററം ചെയ്യുന്നത്. സാമ്പത്തികമായി നോക്കുമ്പോൾ ഈ കൈമാററം വാങ്ങുകയും വില്ക്കുകയും ചെയ്യുകയെന്ന ഒരു നടപടിയാണ്. ഉടമസ്ഥന്മാർക്ക് മാററമുണ്ടാകുന്നില്ലെന്നുള്ളതാണ് ഇതിന്റെ സവിശേഷത. ഒരു ഗവൺമെന്റുസ്ഥാപനത്തിൽനിന്ന് മറെറാരു ഗവൺമെന്റുസ്ഥാപനത്തിലേക്കും ഉല്പാദകനിൽനിന്ന് ഉപഭോക്താവിലേക്കുമുള്ള ചരക്കുകൈമാററം, ചരക്കെത്തിച്ചുകൊടുക്കുന്നതുസംബന്ധിച്ചുള്ള കരാർമൂലം, നിയമപരമായി നിയന്ത്രിക്കപ്പെടുന്നു. സാധനങ്ങൾ വിതരണം ചെയ്യുന്നതുസംബന്ധിച്ച് സോഷ്യലിസ്റ്റ് സംഘടനകൾതമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനപരമായ നിയമരൂപമാണ് ഈ കരാർ. ആവശ്യമുള്ള ഉല്പാദിതവസ്തുക്കൾ സമ്പദ്‌വ്യവസ്ഥയ്ക്ക് പ്രദാനം ചെയ്യുന്നതിലും സോഷ്യലിസ്റ്റ് ഉല്പാദനത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയെ സഹായിക്കുന്നതിലും ഈ കരാർ വലിയ പങ്കു വഹിക്കുന്നു. ഈ കരാർസമ്പ്രദായം പൊതുവിലും ചരക്കെത്തിച്ചുകൊടുക്കാനുള്ള കരാർ പ്രത്യേകിച്ചും സോഷ്യലിസ്റ്റ് സംരംഭങ്ങളുടെ ആസൂത്രിതമൽസരത്തിനും സ്വാശ്രയാടിസ്ഥാനത്തിലുള്ള പ്രവർത്തനം പുരോഗമിപ്പിക്കുന്നതിനും സംരംഭങ്ങളുടെ കൂട്ടുതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വളരെയേറെ പ്രാധാന്യമുള്ള ഉപാധികളാണ്; ഗവൺമെന്റും ബഹുജനസംഘടനകളും സഹകരണ

സംഘങ്ങളും തമ്മിലുള്ള സാമ്പത്തികബന്ധങ്ങൾ നിയന്ത്രിക്കുവാനാണ്, ചരക്കെത്തിക്കൽ സംബന്ധിച്ച കരാർ, ഉപയോഗപ്പെടുത്തുന്നത്.

ചരക്കെത്തിച്ചുകൊടുക്കുവാനുള്ള കരാറനുസരിച്ച്, ഒരു നിശ്ചിതകാലയളവിനുള്ളിൽ, മാനേജ്മെൻറിൻെറ പ്രവൃത്തിസ്ഥലത്തേയ്ക്കോ പതിവുകാരൻെറ പക്കലേയ്ക്കോ ചരക്കെത്തിച്ചു കൊടുക്കാമെന്നു ചരക്ക് കൊടുക്കുന്നവൻ ഏല്ക്കുന്നു. ചരക്കുകളുടെ വിതരണം സംബന്ധിച്ച ആസൂത്രണനിയമമനുസരിച്ച്—ഇതു കരാറിലേപ്പെടുന്ന ഉഭയകക്ഷികളും അനുസരിച്ചുകൊള്ളുന്നമെന്നുണ്ട്—പതിവുകാരൻ (Customer) ചരക്ക് സ്വീകരിക്കാമെന്നും നിശ്ചിത വില കൊടുക്കാമെന്നും ഏല്ക്കുന്നു.

സോഷ്യലിസ്റ്റ്സ്ഥാപനങ്ങൾ തമ്മിലുള്ള സാമ്പത്തികബന്ധങ്ങളെ ഒരു കരാർ നിയന്ത്രിക്കുന്നുവെന്നുള്ളതുകൊണ്ട്, ചരക്കെത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ച് ഐകരൂപ്യമുള്ള നിയന്ത്രണങ്ങളാവശ്യമാണ്. ഇതിനുവേണ്ടി പൊതുവ്യവസ്ഥകൾ അല്ലെങ്കിൽ അടിസ്ഥാനവ്യവസ്ഥകൾ മുതലായ ഒരുകൂട്ടം പ്രത്യേകപട്ടങ്ങൾ ഓരോ സോഷ്യലിസ്റ്റ്രാജ്യവും അംഗീകരിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ എല്ലാവിധത്തിലുമുള്ള ചരക്കുകളും എത്തിച്ചുകൊടുക്കുന്നതിൽ പാലിക്കപ്പെടണമെന്നുണ്ട്. പ്രത്യേകതരം ചരക്കുകൾ എത്തിച്ചുകൊടുക്കുന്നതിനാണ് പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തിയിരിക്കുന്നത്. സമ്പദ്‌വ്യവസ്ഥയെ പൊതുവെ സഹായിക്കുന്ന ഗവൺമെണ്ടുവകുപ്പുകളാണ് ആദ്യത്തേത് അംഗീകരിച്ചിട്ടുള്ളത്; ഒരു പ്രത്യേകതരം ചരക്ക് സപ്ലൈ ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന മന്ത്രികാര്യാലയങ്ങളാണ് രണ്ടാമത്തേതു് അംഗീകരിച്ചിട്ടുള്ളത്. ചരക്കുകളുടെ പ്രധാന വിതരണക്കാരോ പതിവുകാരോ സഹകരണസംഘങ്ങളാണെങ്കിൽ, സഹകരണസമ്പ്രദായത്തിൻെറ കേന്ദ്രസമിതിയുമായി ഈ പ്രത്യേക വ്യവസ്ഥകളെ ബന്ധപ്പെടുത്തുന്നു. ഈ വ്യവസ്ഥകൾ അടിസ്ഥാനനിയമങ്ങൾ ഉൾക്കൊള്ളുകയും ചര

കെത്തിച്ചുകൊടുക്കുന്നതു സംബന്ധിച്ചുള്ള കരാറിലെ എല്ലാ സംഗതികളെക്കുറിച്ചും വിശദമായി വിവരിക്കുകയും ചെയ്യുന്നു. താഴെപ്പറയുന്നവയെപ്പററിയാണ് അവ സാധാരണ പ്രതിപാദിക്കാറുള്ളതു്. നിത്യോപയോഗസാധനങ്ങൾ, കരാറുകളുണ്ടാകുവാനുള്ള നടപടിസമ്പ്രദായം, ചരക്കുകളുടെ അളവും ഗുണവും, ചരക്കെത്തിക്കുവാനുള്ള സമയപരിധി, ചരക്കെത്തിച്ചുകൊടുക്കുന്ന സമ്പ്രദായം, ചരക്കിനു് വില കൊടുക്കൽ, വിലകൾ, കണക്കുതീർക്കൽ, കരാറുലംഘനത്തിനുള്ള ശിക്ഷകൾ. ഈ നിയമങ്ങൾ നടപ്പിലാക്കുവാൻ ചരക്ക് സപ്ലൈ ചെയ്യുന്നവനും വാങ്ങുന്നവനും ഒരുപോലെ ചുമതലപ്പെട്ടിരിക്കുന്നു. കരാർ ഉണ്ടാക്കുമ്പോൾ ഈ നിയമങ്ങളെ ഒരു വഴികാട്ടിയായി അവർ അംഗീകരിക്കണം.

ഒരാസൂത്രിതകടമയുടെ അടിസ്ഥാനത്തിലും അതു് നിറവേററണമെന്ന ഉദ്ദേശത്തോടുകൂടിയുമാണു്, ചരക്കെത്തിച്ചുകൊടുക്കുന്നതുസംബന്ധിച്ച, കരാറുണ്ടാകുന്നതു്. ഒരു ഭാവികരാറിനുള്ള കക്ഷികളെയും കരാറിന്നടിസ്ഥാനമായ വസ്തുക്കളെയും ആസൂത്രിതനിയോഗമനുസരിച്ച് നിശ്ചയിക്കപ്പെടുന്നു. ആസൂത്രിതനിയോഗം ലഭിക്കുന്നതോടുകൂടി ഒരു കരാറിലേർപ്പെടുവാൻ കക്ഷികൾ കടപ്പെട്ടവരായിത്തീരുന്നു. ശരിയായ കാരണംകൂടാതെ കരാറിലേർപ്പെടുവാൻ വിസമ്മതിക്കുന്ന കക്ഷിക്ക് പിഴയിടുന്നു. ഇതുസംബന്ധിച്ചുള്ള തക്കങ്ങൾ ഗവമ്മെണ്ടുമാധ്യസ്ഥസമിതികളാണു് തീർക്കുന്നതു്. ബന്ധപ്പെട്ട കക്ഷിയെ കരാറിലേർപ്പെടുവാനും പിഴയടയ്ക്കുവാനും ഈ സമിതികൾ നിർബ്ബന്ധിക്കുന്നു.

ചരക്കെത്തിച്ചുകൊടുക്കുന്നതുസംബന്ധിച്ച്, കരാറുസമ്പ്രദായങ്ങളുടേതായ ഒരു പ്രത്യേകസമ്പ്രദായം സോഷ്യലിസ്റ്റ്‌രാജ്യങ്ങൾക്കുണ്ടു്. പൊതുക്കരാറുകൾ, പ്രാദേശികക്കരാറുകൾ, നേരിട്ടുള്ള കരാറുകൾ എന്നീ മൂന്നുവിധത്തിലുള്ള കരാറുകളാണുള്ളതു്. പൊതുക്കരാറുകളും പ്രാദേശികക്കരാറുകളും ഉണ്ടാകുന്നതു്,

ഉയർന്ന ഒരു സ്ഥാപനത്തിനു് സ്വാശ്രയാടിസ്ഥാനത്തിലുള്ള അനേകം ശാഖകൾ ഉണ്ടായിരിക്കുമ്പോഴാണു്. ഉയർന്ന സ്ഥാപനങ്ങൾ ശാഖകൾക്കു് വിട്ടുകൊടുക്കുന്ന ചരക്കുകളുടെ വിതരണത്തിനു് ഏകീകൃതമായ പദ്ധതിയുണ്ടു്. പദ്ധതി ഏകീകരിക്കപ്പെടുമ്പോൾ ചരക്കുകളുടെ ഗുണം, തരംതിരിവു്, ചരക്കു നല്കുന്നവനും ഉപഭോക്താവും തമ്മിൽ മുമ്മൂന്നുമാസത്തേയ്ക്കുള്ള ഉല്പാദനം വിതരണംചെയ്യൽ, ചരക്കെത്തിച്ചുകൊടുക്കുന്ന സമ്പ്രദായം, തീയതി, വ്യവസ്ഥകളുടെയും ഓർഡറുകളുടെയും സമ്പ്രദായം, ചുമതലകൾ നിറവേറാഞ്ഞാലുണ്ടാകുന്ന ഭൌതികബാധ്യതകൾ എന്നിവസംബന്ധിച്ചു് ഈ ഉയർന്ന സമിതികൾ ഒരു പൊതുക്കരാറുണ്ടാക്കുന്നു പൊതുക്കരാറുകൾ നടപ്പിലാക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിനു്, ചരക്കെത്തിക്കുന്നതിന്റെ വ്യവസ്ഥകൾ വിശദമാക്കുന്ന, പ്രാദേശികക്കരാറുകൾ ഇവ ഉണ്ടാക്കുന്നു.

ഒരു മന്ത്രികാര്യാലയത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ തമ്മിൽ കരാർബന്ധങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുമ്പോഴാണു് നേരിട്ടുള്ള കരാറുകൾ ഉണ്ടാക്കുന്നതു്. ചരക്കു് സപ്ലൈ ചെയ്യുന്നവരും ഉപഭോക്താക്കളും തമ്മിൽ നേരിട്ടുള്ള ബന്ധം ഈ കരാറുകൾവഴി സൃഷ്ടിക്കപ്പെടുന്നു.

ഈ കരാറുകളുടെ വ്യാപ്തി വർദ്ധിച്ചുവരികയാണു്. കരാറുകൾ കൂടാതെയാണു് ഉയർന്ന സംഘടനകൾതമ്മിൽ ചരക്കെത്തിക്കുവാനുള്ള പദ്ധതികൾ ഏകീകരിക്കുന്നതു്.

ചരക്കെത്തിച്ചുകൊടുക്കുവാനുള്ള കരാറുണ്ടാക്കുന്നതു് രേഖാമൂലമായിരിക്കണം. എന്നാൽ ചുരുങ്ങിയ സംഖ്യകൾക്കുള്ളതു് കത്തുകൾ കൈമാറിക്കൊണ്ടാകാവുന്നതാണു്. ഈ കത്തുകളിൽ ചരക്കെത്തിച്ചുകൊടുക്കാനുള്ള ഓർഡറും ചരക്കു് എടുത്തുകൊള്ളാമെന്ന വാഗ്ദാനവും ഉണ്ടായിരിക്കും.

കരാറിന്റെ ഒരു കരടുപകർപ്പുണ്ടാക്കി ചരക്കു വില്ക്കുന്നവർ വാങ്ങുന്നവനെ ഏല്പിക്കുന്നു. ചരക്കെത്തിച്ചുകൊടുക്കുവാനുള്ള

ഓർഡർ കിട്ടി സാധാരണ പത്തുദിവസങ്ങൾക്കകം ഇതു ചെയ്യണം. അല്ലെങ്കിൽ അംഗീകൃതവിതരണപദ്ധതി ലഭിച്ച് 15 ദിവസങ്ങൾക്കകം ഇങ്ങിനെ ചെയ്യണം. ചരക്കു വില്ക്കുന്നവനിൽനിന്ന് കരടുകരാർ ലഭിച്ച് പത്തുദിവസങ്ങൾക്കകം ചരക്കെടുക്കുന്നവൻ അതിന്മേലൊപ്പിട്ട് അതു മടക്കി അയച്ചുകൊടുക്കണം. കരാറിലെ ഏതെങ്കിലും ഭാഗത്തോടു ചരക്കെടുക്കുന്നവനു വിയോജിപ്പുണ്ടെങ്കിൽ, അയാൾ അതു സംബന്ധിച്ച്, ഒരു പ്രസ്താവനയുണ്ടാക്കി കരാറിനോടൊപ്പം ചരക്കുവില്പനക്കാരനു് എത്തിച്ചുകൊടുക്കേണ്ടതാണ്. ചരക്കു വില്ക്കുന്നവനും വാങ്ങുന്നവനും തമ്മിലുണ്ടാകുന്ന വിയോജിപ്പുകൾ പത്തുദിവസങ്ങൾക്കകം ആദ്യം പറഞ്ഞയാൾ തീരുമാനിക്കുകയോ അതല്ലെങ്കിൽ തർക്കം മാദ്ധ്യസ്ഥകോടതിക്കു വിടുകയാണെന്നു കാണിച്ച് വാങ്ങുന്നവനു നോട്ടീസയയ്ക്കുകയോ വേണം. തർക്കം മാദ്ധ്യസ്ഥസമിതിക്കു വിടുന്നില്ലെങ്കിൽ വാങ്ങുന്നവൻ ഉന്നയിച്ച വ്യവസ്ഥകൾ അംഗീകരിച്ചതായി കണക്കാക്കപ്പെടുന്നതാണ്.

കരാറനുസരിച്ചു നല്കപ്പെടുന്ന ചരക്കിന്റെ അളവ് ഒരാസൂത്രിതനിയോഗമനുസരിച്ചായിരിക്കണം. അതു മാറ്റപ്പെടുന്നുണ്ടെങ്കിൽ അതിന്നനുസരിച്ച തിരുത്തലുകൾ കരാറിൽ വരുത്തുവാൻ ഉഭയകക്ഷികളും ബാദ്ധ്യസ്ഥരാണ്.

ചരക്കുകൾക്കു ഗവൺമെണ്ടു നിശ്ചയിച്ചിട്ടുള്ള ഗുണത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ അനുസരിച്ച് നല്കപ്പെടുന്ന ചരക്കുകളുടെ ഗുണമൊ മേന്മയോ തീരുമാനിക്കപ്പെടുന്നതു്. ഈ ചരക്കുകൾ സാങ്കേതികനിലവാരത്തിനും പാർട്ടികൾതമ്മിൽ സമ്മതിച്ചിട്ടുള്ള സാമ്പിളുകൾക്കും അനുസൃതമായിരിക്കുകയും വേണം.

ചരക്കുകളുടെ വിലകൾ ബന്ധപ്പെട്ട ഗവൺമെണ്ടുസ്ഥാപനം അംഗീകരിച്ചിട്ടുള്ള വിലകൾക്കനുസൃതമാകണം. കരാറിൽ പറയുന്ന വില നിശ്ചിതവിലയ്ക്കു യോജിക്കാത്തതാണെങ്കിൽ

ത്തു് അസാധുവായി കണക്കാക്കപ്പെടുന്നതും നിയമത്താൽ നിശ്ചയിക്കപ്പെട്ട വില മാത്രം കൊടുക്കപ്പെടുന്നതുമാണ്.

കരാർ ബലത്തിലിരിക്കുന്ന കാലയളവിനെ പൊതുക്കാലയളവെന്നും പ്രത്യേക കാലയളവെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. കരാർ മുഴുവനുമായി ബലത്തിലിരിക്കുന്ന സമയത്തെ പൊതുകാലയളവെന്നു (സാധാരണ ഒരു കൊല്ലം) പറയുന്നു. പ്രത്യേകകാലയളവ് ചരക്കു നല്കുന്ന തിയതികളെ കുറിക്കുന്നു. (ഒരു മാസം, മൂന്നു മാസം, പത്തുകൊല്ലം) ഒരു കരാർ, അതിലെ വ്യവസ്ഥകളനുസരിച്ച്, കർശനമായും നിറവേററപ്പെടണം. ഏകപക്ഷീയമായ മാററത്തിനൊ റദ്ദാക്കലിനൊ കരാറിനെ വിധേയമാക്കിക്കൂടാ. കരാർവ്യവസ്ഥകൾ ശരിയായി നിറവേററപ്പെടുകയെന്നുള്ളതു്, സാമ്പത്തികപദ്ധതികളുടെ പൂർത്തീകരണത്തിനുള്ള പ്രധാന ഉപാധിയാണ്. ചരക്കുകൾ എത്തിക്കുന്നതു സംബന്ധിച്ചുള്ള കരാറുകൾ നിറവേററുന്നതിൽ സിവിൽ നിയമ (ഭൗതിക) ബാദ്ധ്യത ഒരു പ്രധാന പങ്കു വഹിക്കുന്നു. കരാറുവ്യവസ്ഥകൾ ലംഘിക്കുന്ന കക്ഷി മററെ കക്ഷിക്കു് നഷ്ടപരിഹാരം (പിഴ, പലിശ) നല്കുന്നു. നഷ്ടം വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ പിഴയ്ക്കുപുറമെ നഷ്ടപരിഹാരവും നല്കേണ്ടിയിരിക്കുന്നു. ചരക്കിന്റെ അളവിലും ഗുണത്തിലും കുറവു വരുത്തുക, ചരക്കു് തരംതിരിക്കലും നിലവാരത്തിന്നനുസരിച്ച് പാക്ക് ചെയ്യലും വേണ്ടമാതിരി നിർവ്വഹിക്കാതിരിക്കുക, മുതലായ കൃത്യവിലോപങ്ങൾ സംഭവിക്കാനിടയുള്ളതുകൊണ്ടു് ഈ ലംഘനങ്ങൾക്കു് പിഴ നിശ്ചയിക്കേണ്ടതാവശ്യമാണ്.

എത്തിക്കപ്പെടുന്ന ചരക്കു് കരാർവ്യവസ്ഥകൾക്കനുസരിച്ചല്ലെങ്കിൽ ചരക്കു വാങ്ങുന്ന ആൾ നഷ്ടപരിഹാരം ഈടാക്കുന്നു. തന്നെയുമല്ലാ, ചരക്കു് പകരം കൊടുക്കുന്നതിനും, ചരക്കിനു കേടു സംഭവിച്ചിട്ടുണ്ടെങ്കിൽ, അതു നന്നാക്കിക്കൊടുക്കുന്നതിനും വില കുറയ്ക്കുന്നതിനും കൊടുക്കുന്നവന്റെ ചിലവിൽ മററു തിരുത്തലുകളുണ്ടാക്കി നാശം വരാവുന്ന ചരക്കു് വില്പിക്കുന്നതിനും

ആവശ്യപ്പെടുവാൻ വാങ്ങുന്നവന്നധികാരമുണ്ടു്. ചരക്കെത്തിക്കുന്നതിൽ കരാർവ്യവസ്ഥയ്ക്കെതിരായി താമസം വരുത്തിയാൽ അതു കൈപ്പററാതിരിക്കുവാനും അയാൾക്കു് സാധിക്കും. പക്ഷേ അങ്ങിനെ താമസം വന്നതുകൊണ്ടു് ചരക്കു് തനിക്കു് ഉപകാരമില്ലാതെ വന്നുവെന്നു് അയാൾ തെളിയിക്കണം.

സോഷ്യലിസ്റ്റ് സംഘടനകൾ തമ്മിലുള്ള സംയുക്തബന്ധങ്ങൾ നിയന്ത്രിക്കുന്ന മറെറാരു പ്രധാന കരാറാണു് വൻകിട നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള കോൺട്രാക്ടരുടെ കരാർ.

സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വൻകിട നിർമ്മാണപ്രവർത്തനങ്ങൾ വലിയതോതിലും വർദ്ധമാനമായ വേഗതയിലും നിർവ്വഹിക്കപ്പെടുന്നു. ഇതു സോഷ്യലിസ്റ്റ് വ്യാവസായിക വികസനത്തിനും പുനർനിർമ്മാണത്തിനും ഉറപ്പുനല്കുന്നു. ഈ നിർമ്മാണത്തിലേർപ്പെടുന്ന സംഘടന നിർമ്മാണത്തിനുശേഷം അതു നേരിട്ടു നടത്തുകയോ, അല്ലെങ്കിൽ കരാർ അനുസരിച്ചു് മററു നിർമ്മാണസംഘടനകളെ ആ നിർമ്മാണം നടത്തുവാൻ അനുവദിക്കുകയോ ചെയ്യുന്നു. രണ്ടാമതു പറഞ്ഞ കാര്യത്തിൽ പതിവുകാരനും കരാറുകാരനും തമ്മിലുള്ള ബന്ധങ്ങൾ ഒരു കരാർമൂലം വ്യവസ്ഥപ്പെടുത്തുന്നു. ഈ നിർമ്മാണം സാമ്പത്തികവികസനപദ്ധതികളുടെ അടുത്ത ഭാഗമാകയാൽ, പദ്ധതിയിൽ പറയുന്ന ഒരിനമാണെങ്കിൽമാത്രമേ, അതുസംബന്ധിച്ചു് ഒരു കരാർ ഉണ്ടാക്കുവാൻ പാടുള്ളു അതായതു് വൻകിട നിർമ്മാണത്തിനുള്ള പദ്ധതിയിൽ ആ സംരംഭം ആദ്യം ഉൾപ്പെടുത്തിയിരിക്കണമെന്നു സാരം. പിന്നീടു കെട്ടിടങ്ങൾ പണിയുന്ന സ്ഥലം പ്രത്യേക ലിസ്റ്റുകളിൽ ഉൾപ്പെടുത്തണം. കെട്ടിടങ്ങൾ പണിയുവാനുള്ള സ്ഥലം, സ്ഥാനം ആസൂത്രിതമായ കഴിവു്, എന്നു പണിയാരംഭിച്ചു് എന്നവസാനിക്കുമെന്ന സമയപരിധി, പതിവുകാരൻെറ വിവരം (കെട്ടിടങ്ങൾ ഉപയോഗിക്കേണ്ട സംഘടന) മുതലായവ ഈ ലിസ്റ്റുകളിൽ പ്രതിപാദിക്കപ്പെട്ടിരിക്കും. ബന്ധ

പ്പെട്ട ഗവർമ്മെണ്ടുവകുപ്പുകൾ ഈ ലിസ്റ്റുകളെ പിന്നീടംഗീകരിക്കുന്നു. നിർമ്മാണസംരംഭം ഉൾപ്പെടുത്തപ്പെട്ട പ്രത്യേക ലിസ്റ്റിനോടുകൂടി സ്വാശ്രയത്വമുള്ള ഗവർമ്മെണ്ടുസംഘടനകൾ തയ്യാറാക്കിയ കരടുരൂപവും മതിപ്പുചിലവും അറിയിച്ചിരിക്കണം. ഗവർമ്മെണ്ടു് നിർമ്മാണസംരംഭങ്ങളുടെ (Projects) രൂപനിർദ്ദേശത്തിന്നാവശ്യപ്പെടുവാൻ സ്വകാര്യവ്യക്തികൾക്കവകാശമില്ല. ഈ വ്യവസ്ഥകളെല്ലാം അംഗീകരിക്കുന്നതോടുകൂടി വൻകിട നിർമ്മാണത്തിനുള്ള കോൺട്രാക്ടുകളുടെ കരാർ പൂർത്തീകരിക്കപ്പെടുന്നു. കരാറുകൾ രണ്ടു തരത്തിലുണ്ടു്. പൊതുക്കരാറും വാർഷികക്കരാറും. നിർമ്മാണം പൂർത്തീകരിക്കുവാൻ ഒന്നിലധികം കൊല്ലം വേണ്ടിവരുമ്പോഴാണു് പൊതുക്കരാർ ഉണ്ടാക്കുന്നതു്. അതിൻെറ അടിസ്ഥാനത്തിൽ കക്ഷികൾ ഒരു വാർഷികക്കരാർ ഉണ്ടാക്കുന്നു. ആ കൊല്ലത്തെ നിർമ്മാണപ്രവർത്തനങ്ങൾ അതിൽ വിവരിക്കുന്നു. ഒരു കൊല്ലത്തിൽകുറഞ്ഞ നിർമ്മാണകാലാവധിയുള്ള നിർമ്മാണസംരംഭങ്ങൾക്കു് വേണ്ടി പൊതുക്കരാർ ഉണ്ടാക്കുന്നതല്ല.

ഒരു പൊതുക്കരാറുകാരനുമായിട്ടാണു് ഒരു മുഴുവൻ പ്രൊജക്ട് നിർമ്മിക്കുവാനുള്ള കരാറുണ്ടാക്കുന്നതു്. ഈ പൊതുക്കരാറുകാരൻ—ഒരു കെട്ടിടനിർമ്മാണസംഘടന—പ്രൊജക്ട് നിർമ്മിക്കുവാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുകയും, ഒരു വിദഗ്ദ്ധക്കമ്മററിയുടെ അധികാരപ്പെടുത്തലിനുശേഷം, അതു പതിവുകാരനു് (പ്രൊജക്ട് ഉപയോഗിക്കുന്ന ആൾ) ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്നു. പൊതുക്കരാറുകാരനു് മൺപണി, മിനുക്കുപണി മുതലായ ജോലികൾ ചെയ്യുവാൻ സബ്ബ്കോൺട്രാക്ടർമാരെ ക്ഷണിക്കാവുന്നതാണു്. ഇക്കാര്യത്തിൽ പതിവുകാരനും സബ്ബ്കോൺട്രാക്ടരും തമ്മിൽ യാതൊരു നിയമബന്ധവും ഉത്ഭവിക്കുന്നില്ല. സബ്ബ്കോൺട്രാക്ടർ ചെയ്യുന്ന പണിയും താൻ ചെയ്യുന്ന പണിയും സംബന്ധിച്ച പതിവുകാരനോടുള്ള ഉത്തരവാദിത്വം വഹിക്കേണ്ടതു് പൊതുകരാറുകാരൻമാത്രമാണു്.

കോൺട്രാക്റ്റരുടെ അദ്ധ്വാനശക്തിയും കഴിവുമുപയോഗിച്ചു കരാറപ്രകാരമുള്ള ജോലി അവസാനിപ്പിക്കുന്നു. പണിക്കുള്ള സാമഗ്രികൾ നൽകുവാനും കോൺട്രാക്റ്റർ ബാദ്ധ്യസ്ഥനാണ്. ചില സംഗതികളിൽ പ്രാപ്തമായ സമിതികളുടെ പ്രത്യേക ഉത്തരവനുസരിച്ചു പതിവുകാരൻ സാമഗ്രികൾ സപ്ലൈ ചെയ്യാറുണ്ട്. കെട്ടിടത്തിന്റെ അളവ്, ചിലവ്, ഗുണം, പണി, കരടുരൂപം, മതിപ്പുചിലവ് എന്നിവസംബന്ധിച്ച, സാങ്കേതികവുമൽ്ലാത്ത മുറപ്പാടെയുള്ള നിയന്ത്രണാധികാരം പതിവുകാരനുണ്ട്. കരടുരൂപത്തിലും മതിപ്പുചിലവിലുമുള്ള പോരായ്മകളെയും കുറവുകളെയും കരാറുകാരൻ പതിവുകാരന്റെ ശ്രദ്ധയിൽ പെടുത്തുന്നു. ഈ ന്യൂനതകൾ ഒരു നിശ്ചിതസമയത്തിനകം പരിഹരിക്കപ്പെടാത്തപക്ഷം പണി നിർത്തുവാനുള്ള അവകാശം കോൺട്രാക്റ്റർക്കുണ്ട്. നിർമ്മാണച്ചിലവു കുറയ്ക്കുവാൻ കരാറുകാരനെ പ്രേരിപ്പിക്കുന്നതിനു് കരാറിൽ വ്യവസ്ഥയുണ്ട്. മതിപ്പുചിലവിൽ കുറവുവരുത്തുന്നതിനുള്ള നടപടികൾ കരാറുകാരൻ സ്വീകരിക്കുകയാണെങ്കിൽ അങ്ങിനെ മിച്ചംവരുത്തുന്ന സംഖ്യയുടെ അമ്പതു ശതമാനം അയാൾക്കു ലഭിക്കുന്നതാണ്. പക്ഷെ അയാൾ മററു വ്യവസ്ഥകളെല്ലാം പാലിച്ചിരിക്കണം. കരാർസംബന്ധമായ വ്യവസ്ഥകൾ ശരിയല്ലാത്തവിധം നിറവേററപ്പെടുകയാണെങ്കിൽ, പിഴകൾ, നഷ്ടസംഖ്യ തിരിച്ചെടുക്കൽ എന്നീരൂപത്തിലുള്ള ഭൌതികകടപ്പാടുകൾക്ക് ഉഭയകക്ഷികളും വിധേയരാകുന്നതാണ്. ഒരു പ്രോജക്റ്റിൽപെട്ട പ്രത്യേക ജോലികൾ നിർവ്വഹിക്കുവാനുള്ള സമയപ്പട്ടിക ലംഘിക്കുകമൂലം കരാറുകാരനിൽ നിന്നു് ഈടാക്കുന്ന പിഴ, മുഴുവൻ പ്രോജക്റ്റ് പണികളും കരാറിൽ പറയുന്ന സമയത്തിനകം കോൺട്രാക്റ്റർ പൂർത്തീകരിക്കുകയാണെങ്കിൽ, തിരിച്ചുകൊടുക്കുന്നുവെന്നുള്ളതാണ് ഇതിലെ രസാവഹമായ ഒരു പ്രത്യേകത.

പൂർത്തീകരിക്കപ്പെട്ട പ്രോജക്റ്റിലെ എല്ലാ കുറവുകളും കരാറുകാരൻ സ്വന്തം ചിലവിൽ, കരാറിൽ പറഞ്ഞിട്ടുള്ള സമയ

ത്തിനുള്ളിൽ, തീർത്തുകൊടുക്കണം. പിന്നീടു കണ്ടുപിടിക്കപ്പെടുന്ന കേടുകളും കുറവുകളും കരാറുകാരൻതന്നെ തീർത്തുകൊടുക്കേണ്ടതുണ്ട്. ഇങ്ങിനെയുള്ള ന്യൂനതകൾ കണ്ടുപിടിക്കുവാനുള്ള കാലാവധി ആറു മാസമോ ഒരു കൊല്ലമോ ആയി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

ഒരപകടംമൂലം പ്രോജക്ട് നശിക്കുകയാണെങ്കിൽ തന്റെ ചിലവിലോ പതിവുകാരന്റെ ചിലവിലോ അതു ശരിയാക്കിക്കൊടുക്കുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനല്ല. അതിന്റെ പണി വീണ്ടും തുടങ്ങുന്നതു്, അതു പ്രത്യേക നിർമ്മാണലിസ്റ്റിൽ ഉൾപ്പെടുത്തിയതിനുശേഷം മാത്രമായിരിക്കും.

ചരക്കുകൾ കൊണ്ടുപോവുകയും എത്തിക്കുകയും സംബന്ധിച്ച് സോഷ്യലിസ്റ്റ് സംഘടനകൾ തമ്മിലുള്ള ബന്ധങ്ങളും കരാറുമൂലം നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. ഉല്പാദനം വികസിപ്പിക്കുന്നതിലും സാമ്പത്തികപദ്ധതികൾ നിറവേറുന്നതിലും ചരക്കുകൾ യഥാസമയം കൊണ്ടുപോവുകയെന്ന സമ്പ്രദായം വഹിക്കുന്ന പങ്ക് എത്രകണ്ടു കൂടുതലാണെന്നു കണക്കാക്കുവാൻ പ്രയാസമാണ്. തുടർച്ചയായ ഉല്പാദനപ്രക്രിയയ്ക്കു് ഉറപ്പു നൽകിക്കൊണ്ട്, ഉല്പാദകരെയും ഉപഭോക്താക്കളെയും ബന്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒന്നാണ് ട്രാൻസ്പോർട്ട്. (ചരക്കുകളുടെ ഗതാഗതം) സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ റെയിൽവേ, വിമാനം, മററു ട്രാൻസ്പോർട്ട് ഉപാധികൾ എന്നിവ ഗവമ്മെണ്ടിന്റെ മാത്രം മുതലുകളാണ്. ചരക്ക് കൊണ്ടുപോകലെന്ന പദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഗവമ്മെണ്ടട്രാൻസ്പോർട്ട് ഉപയോഗിക്കപ്പെടുന്നതു്. ചരക്കയയ്ക്കുന്നവരും കൊണ്ടുപോകുന്നവരും തമ്മിലുള്ള കരാറുബന്ധങ്ങൾ ഈ പദ്ധതി നിറവേററുമെന്നതിനു് ഉറപ്പുനല്കുന്നു. റെയിൽവേവഴി ചരക്ക് കൊണ്ടുപോകാനുള്ള കരാർ വിവരിച്ചുകൊണ്ട് ഈ ബന്ധങ്ങളുടെ സവിശേഷതകൾ വിവരിക്കാം. ഉഭയകക്ഷികൾക്കും നിയമബാധ്യതയുണ്ടാക്കുന്ന ചരക്ക് കൊണ്ടുപോകൽപദ്ധതി, ആ കൊണ്ടുപോകുന്നതുസംബ

ന്ധിച്ചുണ്ടാകുന്ന, കരാറിൻെറ നിർണ്ണായകമായ വസ്തുതയാണ്. ചരക്കയയ്ക്കുവാൻ ലഭിക്കുന്നുവെന്ന കാരണംകൊണ്ടുമാത്രമല്ലാ, അംഗീകൃതപദ്ധതിയനുസരിച്ചുകൂടിയാണ്, ചരക്കുകൾ റെയിൽവേ സ്വീകരിക്കുവാൻ സന്നദ്ധമാകുന്നതു്. ഒരു കരാറിൽ ഏർപ്പെടുന്ന കക്ഷികളുടെ അവകാശങ്ങളും ചുമതലകളും പ്രത്യേകം നിയമംമൂലം വിവരിക്കപ്പെട്ടിരിക്കുന്നു. അയയ്ക്കുന്ന ചരക്കിൻെറ കൂടെ ചരക്കയയ്ക്കുന്ന ആൾ റെയിൽവേബില്ലും അയക്കണം. ഇതിൽ ചരക്കിൻെറ സ്വഭാവം, അതിൻെറ പ്രത്യേകസമ്പ്രദായം, തൂക്കം എന്നിവ എഴുതിയിരിക്കും. കരാറിൻെറ ആസൂത്രിതസ്വഭാവം ഇതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. കാരണം, ചരക്ക് ഒരു പ്രത്യേക പാർട്ടിക്ക്—ചരക്കെടുക്കുന്നവനു്—ഡെലിവറി നല്കേണ്ടതാണ്. ചരക്ക് കയററിക്കൊണ്ടുപോകുമ്പോൾ കേടു വരാതിരിക്കുന്നതിനു് നല്ലവണ്ണം പാക്ക്ചെയ്തിരിക്കണം. ഗവൺമെണ്ടുവകുപ്പുകളുടെ തീരുമാനമനുസരിച്ചു്, ചരക്കുകൾ എത്തേണ്ട സമയം ഏതാണെന്നു നിർണ്ണയിച്ചിരിക്കും. കാരണം സോഷ്യലിസ്റ്റ്സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ ചരക്ക് സമയത്തിനെത്തിച്ചുകൊടുക്കൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ചരക്കു കയററിക്കൊണ്ടുപോകുന്നതുസംബന്ധിച്ചുള്ള കരാറിൻെറ മറെറാരുസവിശേഷത, ചരക്കയക്കുന്ന പാർട്ടിക്കും റെയിൽവേയ്ക്കും പുറമേ, ചരക്കു സ്വീകരിക്കുന്ന പാർട്ടിയും കരാറിൻെറ പൂർത്തീകരണത്തിൽ ഒരു പങ്കു വഹിക്കുന്നുവെന്നുള്ളതാണ്. ചരക്കെത്തുന്ന സമയം ചരക്കെടുക്കുന്ന പാർട്ടിയെ അറിയിക്കുവാൻ കാരിയർ—ഇവിടെ റെയിൽവേ—കടപ്പെട്ടിരിക്കുന്നു. സമയത്തിനു് ചരക്കേറേറുവാങ്ങുവാൻ ചരക്കെടുക്കുന്ന പാർട്ടിക്കും കടമയുണ്ടു്. ഉപയോഗിക്കുവാൻ പററാത്തവിധം ചരക്കിനു കേടു സംഭവിച്ചാൽ, അതു നിരാകരിക്കുവാനും ചരക്കേറേറുവാങ്ങുന്ന പാർട്ടിക്കവകാശമുണ്ടു്. ചരക്കിനു നാശമോ നഷ്ടമോ സംഭവിച്ചാൽ, അതു താൻമൂലമല്ലെന്നു് ചരക്ക് കയററിക്കൊണ്ടുപോകുന്ന ഏജൻസിക്കു തെളിയിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, ആ

നാശങ്ങൾക്ക് ആ ഏജൻസി നഷ്ടപരിഹാരം നല്കേണ്ടിവരും. ഒരു സാധാരണനിയമമെന്നനിലയിൽ നഷ്ടപ്പെട്ടതോ കേടുവന്നതോ ആയ ചരക്കുകളുടെ വില മാത്രമേ റെയിൽവേ കൊടുക്കാറുള്ളു. മററു ചിലവുകളും ചരക്ക് കോട്ടംകൂടാതെ എത്തിച്ചാൽ കിട്ടാവുന്ന ലാഭവും റെയിൽവെ വകവെച്ചുകൊടുക്കുന്നില്ല.

വായ്പ, സംഖ്യകൊടുക്കൽനടവടി എന്നിവകളുടെ നിയമപരമായ നിയന്ത്രണംമൂലം സോഷ്യലിസ്റ്റ്സംഘടനകൾ തമ്മിലുള്ള കൂട്ടുബന്ധങ്ങൾക്ക ഗവമ്മെണ്ട് ഉറപ്പുനല്കുന്നു. സോഷ്യലിസ്റ്റ്രാജ്യങ്ങളിൽ ബാങ്കുകൾ ദേശവല്ക്കരിക്കപ്പെട്ടിരിക്കുന്നു. അവ നടത്തുന്നതു ഗവമ്മെണ്ടാണ്.

വായ്പ, സംഖ്യകൊടുക്കൽനടവടി എന്നിവകളുടെ നിയന്ത്രണം സംബന്ധിച്ച പ്രധാന തത്ത്വങ്ങൾ ചുവടെക്കൊടുക്കുന്നു:

എല്ലാം സോഷ്യലിസ്റ്റ് സ്ഥാപനങ്ങളും സംഘടനകളും സ്വകാര്യസ്ഥാപനങ്ങളും തങ്ങളുടെ പണം ബാങ്കിൽ നിക്ഷേപിക്കുവാൻ കടമപ്പെട്ടവയാണ്. സാമ്പത്തിസംഘടനകളും സ്ഥാപനങ്ങളും അവയുടെ പണം പരിശോധനാകണക്കിലും (Checking account) ഗവമ്മേണ്ടു് ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ കറൻറ് കണക്കിലും (Current account) നിക്ഷേപിക്കുന്നു. സോഷ്യലിസ്റ്റ് സംഘടനകൾ തമ്മിൽ സംഖ്യ കൈമാറുന്നതു് ഇടവാടു അവസാനിക്കൽ നടപടികൾ Clearing operations) വഴിയായിട്ടാണ്. ഈ നടവടിക്കാധാരമായ സംഖ്യ ഒരുകണക്കിൽനിന്നു് മറെറാന്നിലേക്കു് മാററപ്പെടുന്നു. ചെറിയ സംഖ്യകളും നിയമത്തിൽ പറയുന്ന മററുള്ളവയും ഇതിൽ ഉൾപ്പെടുന്നതല്ല. ഒരു സംഘടന മാററുന്നതിനു് വ്യാപാരവായ്പ നൽകുന്നതു് തീരഞ്ഞും നിരോധിക്കപ്പെട്ടിരിക്കുന്നു. അതിൻെറ ഫലമായി സോഷ്യലിസ്റ്റ് സംഘടനകൾ പരസ്പരം പ്രോമിസ്സറി നോട്ടുകൾ (വാഗ്ദത്തപത്രങ്ങൾ) കൈമാറുന്നില്ല. പണം മുൻകൂറായി കൊടുക്കുന്നതു് സാധാരണ അനുവദിക്കാറില്ല. എത്തിക്കാത്ത ചരക്കിനു് പണംകൊടുക്കുവാനുള്ള

കരാർ അസാധുവായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഈ വ്യവ
സ്ഥയിൽനിന്നു് വൻകിട നിർമ്മാണത്തിനുള്ള കോൺട്രാക്ടുകളുടെ
കരാർ മാത്രമാണു് ഒഴിവാക്കപ്പെട്ടിരിക്കുന്നതു്. ഈ കരാറനുസ
രിച്ചു് പൊതു കോൺട്രാക്ടുകൾക്കു് സംഖ്യ മുൻകൂർ കൊടുക്കാവുന്നതാ
ണു്. സോഷ്യലിസ്റ്റു് സംഘടനകൾക്കു് പ്ലാൻ അനുസരിച്ചുള്ള
ബാങ്കു് വായ്പകൾ അനുവദിക്കപ്പെടുന്നു. ഒരു നിശ്ചിതസമയ
ത്തിനകം മടക്കിക്കൊടുക്കാമെന്ന വ്യവസ്ഥയിന്മേലാണു് ഒരു
പ്രത്യേകാവശ്യത്തിനായി, വായ്പകൾ അനുവദിക്കപ്പെടുന്നതു്.
വായ്പയിന്മേൽ ഒരു നിശ്ചിത പലിശ ചുമത്തപ്പെടും. ഹ്രസ്വ
കാലവായ്പ, ദീർഘകാലവായ്പ എന്നിങ്ങനെ രണ്ടുതരം വായ്പകളാ
ണു് അനുവദിക്കപ്പെടുന്നതു്.

ഒരു സംഘടനയിൽനിന്നുള്ള അപേക്ഷയനുസരിച്ചാണു്
ബാങ്കിൽ ചെക്കിങ്ങു്—കറന്റു് കണക്കുകളാരംഭിക്കുന്നതു്. കണ
ക്കാരംഭിക്കുവാൻ ബാങ്കു് സമ്മതിച്ചയുടനെ ബാങ്കും ബന്ധപ്പെട്ട
സംഘടനയും തമ്മിൽ ചെക്കിംഗ് കണക്കൊ കറന്റു് കണ
ക്കൊ സംബന്ധിച്ചുണ്ടാക്കുന്ന കരാർ പ്രാബല്യത്തിൽ വരുന്നു.
ഈ കരാറനുസരിച്ചു് പണം ബാങ്കിൽ നിക്ഷേപിക്കുവാനും
മൂന്നാംകക്ഷിയുമായിട്ടുള്ള ബാദ്ധ്യതകൾ ആ കണക്കിൽക്കൂടി
തീർക്കുവാനും ആ സംഘടന സമ്മതിക്കുന്നു. ബാങ്കിനെ സംബ
ന്ധിച്ചേടത്തോളം കണക്കു തുടങ്ങിയ സ്ഥാപനത്തിൽനിന്നും
മൂന്നാംകക്ഷിയിൽനിന്നും കിട്ടുന്ന നിക്ഷേപസംഖ്യകൾ കണ
ക്കിൽ ചേർക്കുവാനും സംഖ്യ കൊടുക്കുവാനുള്ള നിക്ഷേപക്കാര
ന്റെ എല്ലാ ഓർഡറുകളും അനുസരിക്കുവാനും പലിശ നൽകു
വാനും ചുമതലപ്പെട്ടിരിക്കുന്നു. ബന്ധപ്പെട്ട സ്ഥാപനം അതി
ന്റെ പ്രവർത്തനം അവസാനിപ്പിക്കുമ്പോഴാണു് കരാർ ഇല്ലാതാകു
ന്നതു്. ഡ്രാഫ്റ്റു്, ചെക്കു്, ലെറേറർസ് ഓഫ് ക്രെഡിററു്
എന്നിവയെക്കാൾ ബിൽ (ഹുണ്ടി) അംഗീകരണത്തിനാണു് മുൻ
ഗണന നൽകുന്നതു്. ഏതെങ്കിലും ഒരാളുടെ പേരിൽ ഒരു
ബിൽ തയ്യാറാക്കപ്പെടുകയും അതിന്റെ കാലാവധിക്കു് ആ

ആൾ പണം കൊടുക്കാമെന്നു് സമ്മതിക്കുകയും ചെയ്യുന്നതിനെയാണു് "അംഗീകരിക്കൽ" എന്നു് പറയുന്നതു്.

പണം കൊടുക്കുന്നവൻ താമസിക്കുന്ന പ്രദേശത്തുവെച്ചാണു് പണം കൊടുക്കപ്പെടുന്നതു്. ബിൽ (ഹുണ്ടി) കണിശമായും അംഗീകരിക്കുകയെന്നുള്ളതു് പ്രധാനമായ ഒരു കാര്യമാണു്. ഒരു നിശ്ചിത കാലാവധിക്കകം സംഖ്യ കൊടുക്കേണ്ടവൻ ബില്ലിന്റെ അംഗീകരണം നിരാകരിക്കാതിരിക്കുന്നുവെങ്കിൽ, സംഖ്യ കൊടുക്കേണ്ട ബാദ്ധ്യത ബാങ്കു് നിറവേററുന്നു. ചില സോഷ്യലിസ്റ്റ് സംഘടനകൾക്കു് (കാർഷികസഹകരണസംഘങ്ങൾ, ബഹുജനസംഘടനകൾ മുതലായവ) ബിൽ അംഗീകാരം അനുവദിക്കപ്പെടുന്നില്ല.

ഗവ: കൃഷിസ്ഥലങ്ങൾ, കാർഷികസഹകരണസംഘങ്ങൾ എന്നിവ കൃഷിയിൽ ഏർപ്പെടുത്തിയതുമൂലം, പട്ടണവും നാട്ടിൻപ്രദേശവും തമ്മിലുള്ള വിനിമയസമ്പ്രദായത്തിനു പുതിയ രൂപങ്ങളുണ്ടായിട്ടുണ്ടു്. ഈ സന്ദർഭത്തിൽ കാർഷികവിഭവങ്ങൾ സംഭരിക്കുന്ന സോവിയററു് യൂണിയനുണ്ടായിട്ടുള്ള അനുഭവങ്ങൾ പരിശോധിക്കുന്നതു രസാവഹമായിരിക്കും. കാർഷികവിഭവങ്ങൾ കരാറുചെയ്യുന്ന സമ്പ്രദായത്തിനു് സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ ആദ്യവർഷങ്ങളിൽ വ്യാപകത്വം സിദ്ധിച്ചു. കൃഷിക്കാരുടെ കൃഷിസ്ഥലങ്ങളുമായി സംഭരണസംഘടനകൾ കരാറുകളുണ്ടാക്കി. അതനുസരിച്ചു് ഒരു പ്രത്യേകസ്ഥലത്തു് ഒരു പ്രത്യേക കൃഷി ചെയ്യാമെന്നും വിളവു മുഴുവൻ സംഭരണസംഘടനയ്ക്കു് നല്കാമെന്നും ഈ കൃഷിക്കളങ്ങൾ ഏററു. കൃഷിക്കളങ്ങൾക്കു് ഒരു സംഖ്യ മുൻകൂറായി നല്കി. പുറമെ, വിത്തു്, വളം, യന്ത്രങ്ങൾ മുതലായവയും നല്കപ്പെട്ടു. സോവിയററു് കൃഷി ചെറിയ, ഛിന്നിച്ചിതറിയ കൃഷിക്കളങ്ങളായി കിടന്നിരുന്ന കാലത്തു്, കാർഷികോല്പാദനത്തിൽ ആസൂത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടി, ഗവർമ്മെണ്ടു് കരാറുകൾ ഉപയോഗപ്പെടുത്തുകയും കാർഷികോല്പന്നങ്ങൾക്കു് വിപണി ലഭിക്കുമെന്നു് ഉറപ്പു നല്കുകയും വിളവെടു

പ്പിനുമുമ്പായി കൃഷിക്കാർക്കു ഭൗതികമായ സഹായങ്ങൾ നല്കുകയും ചെയ്തു. കൂട്ടുകൃഷി നടത്തുന്നതിനുവേണ്ടി കൃഷിക്കാരെ യോജിപ്പിക്കുന്നതിന് ഈ കരാറുകൾ ഉപയോഗപ്രദമായിട്ടുണ്ട്. വിത്തും വളവും വാങ്ങുവാനുള്ള കഴിവ് കുറച്ചു കൃഷിക്കാരക്കേ ഉണ്ടായിരുന്നുള്ളു. ഒരു കൃഷിസ്ഥലത്തുമാത്രം യന്ത്രങ്ങളുപയോഗിക്കുന്നതു് ലാഭകരമായിരുന്നില്ല. അതുകൊണ്ട് കൂട്ടുകൃഷി നടത്തുന്നതിനുവേണ്ടി കൃഷിക്കാരെല്ലാം യോജിച്ചു; അവർ സംഘടനകളുണ്ടാക്കി. സംഘടനകൾ രൂപീകരിക്കപ്പെട്ടപ്പോൾ കാർഷികോല്പാദനസഹകരണസംഘങ്ങളുടെ ഗുണം അവക്കു ബോദ്ധ്യപ്പെട്ടു.

ഇന്നു് യു. എസ്സ്. എസ്സ്. ആറിൽ കൂട്ടുകൃഷിസ്ഥലങ്ങളിൽനിന്നും ഗവമ്മെണ്ട് കൃഷിസ്ഥലങ്ങളിൽനിന്നും കാർഷികവിഭവങ്ങൾ വാങ്ങുന്നതു് കരാറുകളുടെ അടിസ്ഥാനത്തിലാണു്. ഗവമ്മെണ്ടിന്റെ വാങ്ങൽപദ്ധതിയുടെ വെളിച്ചത്തിലാണു് ഈ പാർട്ടികൾ (കൂട്ടുകൃഷിസ്ഥലങ്ങളും ഗവമ്മെണ്ട് കൃഷിസ്ഥലങ്ങളും) കരാറുകൾ ഉണ്ടാക്കുന്നതു്. ഈ പദ്ധതി രാഷ്ട്രത്തിന്റെ താല്പര്യങ്ങൾ പ്രകടമാക്കുന്നു. ജനങ്ങളുടെയും വ്യവസായത്തിന്റെയും ആവശ്യങ്ങൾ നിറവേററുവാൻവേണ്ടിയും ഗവമ്മെണ്ടിന്റെ വകയായി ഒരു കരുതൽസ്റ്റോക്ക് ഏർപ്പെടുത്തുന്നതിനും ഇത്ര വിഭവങ്ങൾ ഉല്പാദിപ്പിക്കുകയും വില്ക്കുകയും വേണമെന്ന ഗവർമ്മെണ്ടിന്റെ ഒരു ഓർഡറാണതു്.

ഉല്പാദകരും സംഭരണസംഘടനകളും തമ്മിൽ യോജിച്ചുകൊണ്ടുണ്ടാക്കുന്ന ഒരു കരാറിൽ താഴെ പറയുന്ന വ്യവസ്ഥകൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. കൂട്ടുകൃഷിസ്ഥലമൊ ഗവമ്മെണ്ട് കൃഷിസ്ഥലമൊ വില്ക്കുവാനുദ്ദേശിക്കുന്ന കാർഷികോല്പാദനത്തിന്റെ അളവും തരവും; ഉല്പന്നങ്ങളുടെ തരംതിരിവും സംഭരണസംഘടനകൾക്ക് അവ ഏല്പിക്കപ്പെടുന്ന കാലപരിധിയും, ഉല്പന്നങ്ങളുടെ ഗുണം; അവ ഏതു വഴിക്ക് കയററി അയയ്ക്കുകയും ഏല്പിക്കുകയും ചെയ്യുമെന്ന വിവരങ്ങൾ; കക്ഷികൾ അവരുടെ

ചുമതലകൾ ലംഘിക്കുന്നുവെങ്കിൽ അതിനുള്ള ഭൌതികബാദ്ധ്യതകൾ. വിളവെടുപ്പിനുമുമ്പ്; കൂട്ടുകൃഷിസ്ഥാപനങ്ങൾക്കും ഗവമ്മെണ്ട് കൃഷിസ്ഥാപനങ്ങൾക്കും കരാർ ചെയ്യപ്പെട്ടിട്ടുള്ള ഉല്പന്നവിലയുടെ മുപ്പതുശതമാനം വരുന്ന, പലിശയില്ലാത്ത മുൻകൂർ സംഖ്യയും, സാക്ഷ്യപ്പെടുത്തിയ വിത്തുകൾ, കീടനാശിനികൾ മുതലായവയും നല്കുവാനും ഉല്പന്നങ്ങളുടെ സംഭരണം, സൂക്ഷിക്കൽ, ഏല്പിച്ചുകൊടുക്കൽ എന്നിവ സംബന്ധിച്ച് കൂടിയാലോചനകൾ സംഘടിപ്പിക്കുവാനും കരാറനുസരിച്ച് സംഭരണസംഘടനകൾ ഏല്ക്കുന്നു. കരാറിന്റെ അടിസ്ഥാനത്തിൽ വില്ക്കപ്പെടുന്ന കാർഷികോല്പന്നത്തിന്റെ വില ഗവമ്മെണ്ട് നിശ്ചയിക്കുന്നു. കൂട്ടുകൃഷിസ്ഥാപനങ്ങൾക്കും ഗവമ്മെണ്ട് കൃഷിസ്ഥാപനങ്ങൾക്കും ചിലവായ സംഖ്യയും അതിന്മേൽ ഒരു ലാഭവും കിട്ടുമെന്നുള്ളതിനു ഒരുറപ്പാണിതു്.

മേല്പറഞ്ഞ കരാറുകൾക്കുപുറമെ, സോഷ്യലിസ്റ്റ് സംഘടനകൾ തമ്മിലുള്ള കൂട്ടുബന്ധങ്ങൾ, വാങ്ങൽ, വില്ക്കൽ, വസ്തു പാട്ടത്തിനു നല്കൽ, കീഴ്ക്കരാർ കൊടുക്കൽ മുതലായവയാൽ നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നു.

ഇങ്ങിനെ, സംഘടനകൾ തമ്മിലുള്ള സംയുക്തബന്ധങ്ങളുടെ സമ്പ്രദായങ്ങൾ കണക്കിലെടുക്കുമ്പോൾ, സോവിയററ് ഭരണകൂടം ഈ ബന്ധങ്ങളുടെ വിവിധങ്ങളായ നിയമോപാധികൾ മൂലം നിയന്ത്രിക്കുന്നുവെന്നു് കാണാവുന്നതാണു്. അറിയപ്പെട്ട നിയമോപാധികൾ മാത്രമല്ലാ ഉപയോഗപ്പെടുത്തുന്നതു്; ഉള്ളടക്കത്തിലും രൂപത്തിലും തീരെ വ്യത്യസ്തമായ പുതിയ കരാറുകളും ഉപയോഗപ്പെടുത്തുന്നുണ്ടു്. സോഷ്യലിസ്റ്റ് സംഘടനകളുടെ സംയുക്തബന്ധങ്ങൾ നിയന്ത്രിക്കുന്ന എല്ലാ കരാറുകളുടെയും അടിയിൽ കിടക്കുന്നതു് യഥാർത്ഥമായ കരാറുപൂർത്തീകരണമെന്ന തത്വമാണു്. ഒരു സോഷ്യലിസ്റ്റ് സംഘടന മറെറാന്നിനു് കരാറിൽ പറഞ്ഞിട്ടുള്ള വസ്തു കൈമാറുവാൻ ചുമതലപ്പെട്ടിരിക്കുന്നുവെന്നുള്ളതാണു് ഈ തത്വത്തിന്റെ കാതൽ. പകരം ആ

വസ്തുവിൻെറ വില കൊടുത്താൽ മതിയാവുന്നതല്ല. സാധനങ്ങളെ സംബന്ധിച്ച കരാർ പാലിക്കുന്നതിനു് ബൃഷ്പാസമുദായത്തിൽ വലിയ പ്രാധാന്യം നല്കുന്നില്ല. കരാറിൽ ഏർപ്പെടുന്നവക്കു് ഒരു ലാഭം കിട്ടണമെന്നു മാത്രമെയുള്ളൂ. ഈ ലാഭം ഏതു മാർഗ്ഗത്തിൽ കൂടി ഏതു രൂപത്തിലുണ്ടാക്കണമെന്ന കാര്യം അവക്കൊരു പ്രശ്നമല്ല. ജനങ്ങളുടെ ഭൌതികവും സാംസ്കാരികവുമായ ആവശ്യങ്ങളെ അങ്ങേയററം തൃപ്തിപ്പെടുത്തണമെന്ന കടമയുള്ള സോഷ്യലിസ്റ്റ്സമുദായത്തിൽ, ആ തൃപ്തിപ്പെടുത്തലിനുള്ള മാർഗ്ഗങ്ങളും തീരെ വ്യത്യസ്തങ്ങളാണു്. സോഷ്യലിസ്റ്റ് ഉല്പാദനത്തിൻെറ സാധാരണ വികസനത്തിനു് കരാർകടമകളുടെ ശരിയായ പൂർത്തീകരണം, വസ്തുനിഷ്ഠമായ, സോദ്ദേശപരമായ ഒരാവശ്യമാണു്. എന്തുകൊണ്ടെന്നാൽ, നഷ്ടങ്ങൾക്കു പകരമായി, ഭൌതികമൂല്യത്തിൻെറ സ്ഥാനത്തു്, പണം കൊടുക്കുന്നതുകൊണ്ടു് സമുദായത്തിൻെറ ഭൌതികസത്വത്തിൻെറ അളവു് വദ്ധിക്കുന്നില്ല. അക്കാരണത്താൽ സോഷ്യലിസ്റ്റ്നിയമം പറയുന്ന നഷ്ടപരിഹാരത്തിനു് പണം കൊടുക്കുന്നതുമൂലം സാധനങ്ങളായി കൊടുക്കണമെന്ന ചുമതലയുടെ നിവ്വഹണത്തിൽനിന്നു് ഒരു സോഷ്യലിസ്റ്റ്സംഘടനയ്ക്കു് ഒഴിഞ്ഞുമാറുവാൻ നിവൃത്തിയില്ലെന്നു്. കുററംകൊണ്ടു നഷ്ടപ്പെട്ടവയും, നഷ്ടങ്ങളും വീണ്ടെടുക്കുകയെന്ന വ്യവസ്ഥ, കടമകൾ ശരിക്കു നിവ്വഹിക്കുന്നതിനുള്ള ഉറപ്പാണു്. കൂടാതെ, ചുമതലകൾ ശരിക്കും നിവ്വഹിക്കപ്പെടുമെന്നതിനു് സത്യാവാങ്മൂലം, ജാമ്യം, നിക്ഷേപം അല്ലെങ്കിൽ ഗാറൻറി മുതലായവമൂലവും ഉറപ്പു വരുത്താവുന്നതാണു്.

സോഷ്യലിസ്റ്റ് സംഘടനകൾതമ്മിൽ മാത്രമുള്ള ചുമതലാനിവ്വഹണത്തിനു് ഒരുറപ്പു് (Guarantee) മതിയാകും. ആ ഉറപ്പു് നല്കുന്നതു് ഒരുയർന്ന സംഘടനയാണു്. അങ്ങിനെ ഉറപ്പു നല്കുന്നതുമൂലം, ചുമതലാനിവ്വഹണം സംബന്ധിച്ചു്, അതു് കടക്കാരനു് വിധേയമാകുന്നു. ഉദാഹരണത്തിനു്, ഒരു സ്ഥാപനം നഷ്ടത്തിലാണു് നടത്തപ്പെടുന്നതെങ്കിൽ, അതിനു് പണം മുടക്കു

യായി ലഭിക്കണമെങ്കിൽ, കൊടുക്കുന്ന പണം നിശ്ചിതതീയതിക്ക് തിരിച്ചുകൊടുക്കാമെന്ന് ഒരു ഉയർന്ന സ്ഥാപനം ഉറപ്പു നല്കണം.

പൌരന്മാരും സോഷ്യലിസ്റ്റ് സംഘടനകളും തമ്മിലുള്ള ബന്ധങ്ങളിൽ പണയപ്പെടുത്തൽ (Pledge) എന്ന സമ്പ്രദായം പലപ്പോഴും ഉപയോഗിക്കാറുണ്ട്. (സാധനങ്ങൾ പണയപ്പെടുത്തൽ, ഗവൺമെണ്ടുസഹായംകൊണ്ട് നിർമ്മിച്ച വസതികൾ പണയപ്പെടുത്തൽ മുതലായവ). ഈ പണയപ്പെടുത്തലനുസരിച്ച് പണം കടംമേടിച്ച ആൾ തന്റെ കടമ നിർവ്വഹിക്കാത്ത പക്ഷം, പണയപ്പെടുത്തിയ വസ്തുമുഖേന തന്റെ പണം പിരിച്ചെടുക്കുവാൻ പണം കൊടുത്ത ആൾക്കു സാധിക്കും.

ജാമ്യസംഖ്യ (നിരതദ്രവ്യം) ഉപയോഗപ്പെടുത്തുന്നതു് പൌരന്മാർതമ്മിലുള്ള കരാറുകളിൽ മാത്രമാണ്. കരാറിൽ ഏർപ്പെടുന്ന സമയത്തു്, ചുമതലകൾ നിർവ്വഹിക്കുമെന്നുള്ളതിന്, കടം കൊടുക്കുന്നവനെ ഏല്പിക്കുന്ന സംഖ്യയ്ക്കാണ് ജാമ്യസംഖ്യയെന്നു പറയുന്നതു്. കടം മേടിക്കുന്ന ആളുടെ കുററംകൊണ്ട് ചുമതലകൾ നിറവേററപ്പെടാത്തപക്ഷം കടം കൊടുത്ത ആൾക്ക് ജാമ്യസംഖ്യ അവകാശപ്പെടാവുന്നതാണ്. പണം കടം കൊടുത്ത ആളാണ് കുററക്കാരനെങ്കിൽ കടം മേടിച്ച ആൾക്ക് ജാമ്യസംഖ്യയുടെ ഇരട്ടി കൊടുക്കുവാൻ ആദ്യത്തെ ആൾ ബാദ്ധ്യസ്ഥനാണ്.

കടക്കാരന്റെ അപേക്ഷയോ അറിവോ അനുസരിച്ച് കടം കൊടുക്കുന്ന ആളും അതിനുറപ്പുനില്ക്കുന്ന ജാമ്യക്കാരനും തമ്മിലുണ്ടാകുന്നതാണ് ജാമ്യ (Surety) കരാർ. ഉറപ്പുനില്ക്കുന്ന ആളിൽ മറെറാരു കടക്കാരനെയാണ് കടംകൊടുക്കുന്നവൻ കാണുന്നതു്. പ്രധാന കടക്കാരൻ ചുമതല നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടാൽ ജാമ്യക്കാരനിൽനിന്നു് കടം കൊടുത്ത ആൾക്ക് പണം ഈടാക്കാവുന്നതാണ്.

ചുമതലകഠം ശരിക്ക് നിർവ്വഹിക്കുന്നതിന് ഉറപ്പുവരുത്തുന്ന അനേകം മാർഗ്ഗങ്ങളും സമ്പ്രദായങ്ങളും നിയമമങ്ങിനെ സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഒരു കരാറിൻെറ യഥാർത്ഥമായ നിർവ്വഹണം കരാറോടൊപ്പം വേണമെന്നാവശ്യപ്പെടുമെന്നോ, പരിതസ്ഥിതികഠം പരിഗണിക്കാതെ ഈ ആവശ്യം എല്ലാ സംഗതികളിലും ഉന്നയിക്കുമെന്നോ, കരുതുന്നതു് തെററായിരിക്കും. അത്തരം സംഗതികളിൽ എന്തുചെയ്യണമെന്നു് നിയമം അനുശാസിക്കുന്നുണ്ടു്. ഉദാഹരണത്തിന്, ഒരു കടമയുടെ പൂർത്തീകരണം പ്രകൃതിദോഷംകൊണ്ടു് അസാദ്ധ്യമാകുന്നുവെങ്കിൽ ചുമതലാനിർവ്വഹണത്തിന്നാവശ്യപ്പെട്ടവൻ പാടില്ല. കരാർ അസാധുവായിത്തീർന്നാൽ കടംകൊടുത്ത ആളുടെ കർത്തവ്യം നഷ്ടം വീണ്ടെടുക്കൽ മാത്രമായിരിക്കും. ആ കരാറിൻെറ പൂർത്തീകരണത്തിൽ അയാഠം പിന്നെ താല്പര്യം കാണിക്കുന്നില്ല.

കരാറുകാഠക്ക് ഒരു പൊതുലക്ഷ്യമാണുള്ളതു്. അതുകൊണ്ടു് സോഷ്യലിസ്റ്റ് സംഘടനകഠം തമ്മിലുള്ള ബന്ധങ്ങളുടെ സ്വഭാവത്തിന് അടിസ്ഥാനപരമായ മാററം സംഭവിക്കുന്നു. സൌഹാർദ്ദപരമായ സഹകരണവും പരസ്പരസഹായവുമെന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് ഈ ബന്ധങ്ങഠം നിലകൊള്ളുന്നതു്. ഒരു കരാർ നിറവേററുന്നതിൽ ബന്ധപ്പെട്ട സംഘടനകഠം സജീവമായി സഹകരിക്കുകയും പരസ്പരം സഹായിക്കുകയും വേണം. ഈ സഹകരണത്തിൻെറ തരവും സമ്പ്രദായവും തീരെ വ്യത്യസ്തങ്ങളാണു്; അവ പരിതസ്ഥിതികളെ ആശ്രയിച്ചുണ്ടാകുന്ന കരാറുകളിൽ നിർദ്ദേശിച്ചിരിക്കും. കരാർ ചുമതലകഠം കശ്നമായും പാളിച്ചകൂടാതെയും നിറവേററപ്പെടണമെന്നും നിയമം അനുശാസിക്കുന്നു. ഭൌതികവും സാങ്കേതികവുമായ വിഭവങ്ങഠംകൊണ്ടും ശാസ്ത്രീയമായ ഉല്പാദനബന്ധങ്ങഠംകൊണ്ടു് ഉയർന്ന ഗുണമുള്ള ഉല്പന്നങ്ങളുണ്ടാക്കിക്കൊണ്ടും സമ്പദ്‌വ്യവസ്ഥയ്ക്കു് ഉറപ്പുവരുത്താൻ സോഷ്യലിസ്റ്റ് ഗവമെൻറു് സ്വീകരിക്കുന്ന ഒരു ഉപാധിയാണു് കരാർ.

## 6. പൌരന്മാരുടെ പങ്കാളിത്തത്തോടുകൂടിയ സംയുക്തബന്ധങ്ങളുടെ നിയമപരമായ നിയന്ത്രണം.

തങ്ങൾ തമ്മിൽ തമ്മിൽ മാത്രമായിട്ടല്ല പൌരന്മാർ സംയുക്തബന്ധങ്ങളിൽ ഏർപ്പെടുന്നതു്. സോഷ്യലിസ്റ്റ് ഉടമാവകാശം വികസിക്കുന്നതോടുകൂടി, പൌരന്മാരും സോഷ്യലിസ്റ്റ് സംഘടനകളും തമ്മിൽ സിവിൽ നിയമപരമായ ഇടപാടുകളുണ്ടാകുന്നു. ഈ ബന്ധങ്ങളുടെ പരിധി സാമാന്യം വിസ്തൃതമാണു്. വാങ്ങൽ, വില്ക്കൽ, വസ്തു പാട്ടത്തിനുനല്കൽ, കോൺട്രാക്ടർമാരുടെ കരാറുകൾ, പകർപ്പവകാശം, കണ്ടുപിടുത്താവകാശം, മററുള്ളവർക്കു് വരുത്തുന്ന അപായം മൂലമുള്ള ചുമതലകൾ മുതലായവ സംബന്ധിച്ചുണ്ടാകുന്ന കരാറുകൾ ഇവയിലുൾപ്പെടും.

ഇവയിൽ ഏററവും സാധാരണമായതു് വാങ്ങൽ-കൊടുക്കൽ സംബന്ധിച്ച കരാറാണു്. പ്രധാന സാധന സാമഗ്രികൾ ക്രമീകൃതമായും അനുസ്യൂതമായും സപ്ലൈ ചെയ്യുന്നതിനുള്ള ഉറപ്പുവരുത്തുവാൻവേണ്ടി വ്യാപാരം ശരിയായി സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. ചില്ലറ വ്യാപാരം സ്വന്തം ഹസ്തങ്ങളിൽ കേന്ദ്രീകരിക്കുകമൂലം, സ്വകാര്യകച്ചവടക്കാരെയും എല്ലാതരത്തിലുമുള്ള മദ്ധ്യവർത്തികളെയും ഊഹക്കച്ചവടക്കാരെയും ഗവമ്മേണ്ടു് ഈ രംഗത്തുനിന്നു് പുറത്താക്കിയിരിക്കുന്നു. നിശ്ചിതമായ ഗവർമ്മേണ്ടു് വിലകൾ മാർക്കററു് വിലകളുടെ മേൽ നേരിട്ടുള്ള സ്വാധീനം ചെലുത്തുന്നു. വാങ്ങലും, കൊടുക്കലും സംബന്ധിച്ച കരാറുകളിൽ ഗവർമ്മേണ്ടു് സംഘടനകളും സഹകരണ സംഘങ്ങളും വില്പനക്കാരായിട്ടാണു് പ്രവർത്തിക്കുന്നതു്. തങ്ങളുടെ പക്കലുള്ള സാധനങ്ങൾ ഏതു പൌരനും വില്ക്കുന്നതിനു് അവ ചുമതലപ്പെട്ടിരിക്കുന്നു. ഒരു കരാറിലേർപ്പെടുവാനുള്ള സന്നദ്ധത, ചരക്കുകൾ കടകളിലും മററും പ്രദർശിപ്പിച്ചുകൊണ്ടു്, അവ പ്രകടിപ്പിക്കുന്നു. ഈ സമ്പ്രദായം പൊതുവാഗ്ദാനം (സന്നദ്ധത) എന്നാ

യപ്പെടുന്നു. ഗവർമ്മെൻറിൻെറ നിശ്ചിതവിലയനുസരിച്ചാണു് സാധനങ്ങൾ വില്ക്കപ്പെടുന്നതു്. സാധാരണയായി പണം റൊക്കം കൊടുത്താണു് സാധനങ്ങൾ വാങ്ങിക്കുക. അളവിലും തൂക്കത്തിലും കുറയ്ക്കുന്നതും വില കൂട്ടിയെടുക്കുന്നതും കുററകരമാണു്. ടെലിവിഷൻ സെററുകൾ, ക്ലോക്കുകൾ, വാച്ചുകൾ, റെഫ്രിജറേററുകൾ മുതലായി പലതിനും ഗാരൻറിസമ്പ്രദായം ബാധകമാക്കീട്ടുണ്ടായിരിക്കും. ഈ സമയപരിധിക്കുള്ളിൽ താൻ വാങ്ങിയ സാധനത്തിനു് കേടുസംഭവിച്ചാൽ അതു സൌജന്യമായി തീർത്തുകൊടുക്കുന്നതിനാവശ്യപ്പെടുവാൻ ഒരാൾക്കവകാശമുണ്ടു്. ആ കേടു തീർക്കുവാൻ സാധനം നല്കിയ കടയ്ക്കു കഴിയാത്തപക്ഷം, കേടുവന്നതിനുപകരം പുതിയതു കൊടുക്കുവാൻ കട ചുമതലപ്പെട്ടിരിക്കുന്നു. അത്തരം സാധനം കടയിലില്ലെങ്കിൽ വാങ്ങിയ ആൾക്കു് പണം തിരിച്ചുകൊടുക്കുന്നതാണു്. ഗാരൻറിയില്ലാത്തതും കേടുവന്നതുമായ സാധനങ്ങൾ പ്രത്യേക നിയമനിർമ്മാണത്തിൽ പറയുന്ന കാലാവധിക്കുള്ളിൽ മാററിക്കൊടുക്കേണ്ടതാണു്. വാങ്ങിയ ഒരു സാധനത്തിൻെറ രൂപം, നിറം മുതലായവ തനിക്കു് പററിയതല്ലെങ്കിൽ അതു മാററിമേടിക്കുവാനുള്ള അവകാശം വാങ്ങുന്നവനുണ്ടു്. തന്നെയുമല്ലാ, വാങ്ങിയ ഒരു സാധനം കേടുവരുത്താതെയും ഉപയോഗിക്കാതെയും അതിന്മേലുള്ള കമ്പനിമുദ്ര കളയാതെയും ബിൽസഹിതം ഒരു നിശ്ചിതസമയത്തിനുള്ളിൽ മടക്കിക്കൊണ്ടുചെന്നാൽ, പകരം സാധനം ലഭിക്കുവാനുള്ള അവകാശവും വാങ്ങുന്നവനുണ്ടു്. തവണകളായി പണമടയ്ക്കുകയെന്ന അടിസ്ഥാനത്തിൽ സാധനങ്ങൾ കടത്തിനു് വാങ്ങുന്ന സമ്പ്രദായം ധാരാളം പ്രചരിച്ചിട്ടുണ്ടു്. പട്ടണത്തിൽ സ്ഥിരം ജോലിയുള്ള വ്യവസായത്തൊഴിലാളികൾക്കും ആപ്പീസ്ജീവനക്കാർ മുതലായവക്കും സാധനങ്ങൾ കടംവാങ്ങുവാനുള്ള അവകാശമുണ്ടു്. അങ്ങിനെ സാധനം വാങ്ങുന്നുവെങ്കിൽ, രണ്ടു കോപ്പികളുള്ള ഒരു ബില്ലിൽ വാങ്ങുന്ന ആൾ ഒപ്പിടണം. അതിൻെറ ഒരു കോപ്പി കടയിൽ സൂക്ഷിക്കുകയും മറേറതു വാങ്ങുന്നവൻെറ

ജോലിസ്ഥലത്തേയ്ക്ക് അയക്കുകയും ചെയ്യുന്നു. വാങ്ങുന്നവൻ ജോലിചെയ്യുന്ന സ്ഥാപനം അയാളുടെ കൂലിയിൽനിന്നു് ഒരു പ്രത്യേകസംഖ്യ മാററിവെയ്ക്കുകയും അതു ബന്ധപ്പെട്ട വ്യാപാര സ്ഥാപനത്തിൻെറ കണക്കിലേയ്ക്കു മാററുകയും ചെയ്യുന്നു. കടത്തിനു കൊടുത്ത ചരക്കുവിലയിൽ മാററം വരുത്തുവാൻ പാടില്ല. ഒരാൾ കടത്തിന്മേൽ വാങ്ങിയ സാധനം ഏതു നിമിഷം അയാളുടെ പക്കൽ ചെന്നുചേരുന്നുവോ, ആ നിമിഷംമുതൽ അതിൻെറ ഉടമസ്ഥൻ അയാളാണു്. പൌരന്മാർ തമ്മിൽ ഉണ്ടാക്കിട്ടുള്ള വാങ്ങൽ—കൊടുക്കൽ കരാറുകളുടെ വ്യവസ്ഥകൾ അവരുടെ അഭിലാഷങ്ങളെയടിസ്ഥാനപ്പെടുത്തിയിരിക്കും. അവർ തമ്മിൽ യോജിച്ചുകൊണ്ടു് വില നിർണ്ണയിക്കുകയും തങ്ങൾചുമതലകളുടെ നിർവ്വഹണംസംബന്ധിച്ചുള്ള സ്ഥലം, സമയം മുതലായവ നിശ്ചയിക്കുകയും ചെയ്യുന്നു. വിററ സാധനങ്ങളുടെ ഗുണത്തിനു കുറവുണ്ടെങ്കിൽ വില്ക്കുന്നവൻ വാങ്ങുന്നവനു് നിയമപ്രകാരം കടപ്പെട്ടിരിക്കുന്നു. എന്നാൽ വാങ്ങുന്നവൻ ഈ തകരാറു് വാങ്ങുന്ന സമയത്തു് അറിഞ്ഞിരുന്നാൽ അത്തരം കടപ്പാടു വില്ക്കുന്നവനുണ്ടാവുകയില്ല.. വാങ്ങുന്നവനു് പിന്നെ താഴെ പറയുന്ന ആവശ്യങ്ങളിൽ ഏതെങ്കിലും ഉന്നയിക്കാം. കരാറിൽ മാററം വരുത്തുകയും നഷ്ടം വകവെച്ചുകൊടുക്കുകയും ചെയ്യണമെന്നാവശ്യപ്പെടുക; സാധനം കൈവശംവെച്ചുകൊണ്ടുതന്നെ വിലയിൽ കുറവുചെയ്യണമെന്നാവശ്യപ്പെടുക; തൻെറ ചിലവിൽ കേടുപാടു തീർത്തുകൊടുക്കണമെന്നോ സാധനം മാററിക്കൊടുക്കണമെന്നാ ആവശ്യപ്പെടുക. വാങ്ങലും വില്ക്കലും സംബന്ധിച്ച ഒരു കരാറിനു് ഒരു പ്രത്യേകരൂപം നിയമം കല്പിക്കുന്നില്ല. ഒരു വക്കീൽ സാക്ഷ്യപ്പെടുത്തിട്ടുള്ളതും ബന്ധപ്പെട്ട ഒരു ഗവമെൻറു് ആപ്പീസ്സിൽ രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ളതും രേഖാമൂലമുള്ളതുമായ ഒരു കരാർ ഉണ്ടാകുന്നതു് വസതികളും ഭൂമിയും (ഭൂമിവില്പന അനുവദിക്കുന്നേടത്തു്) വില്ക്കുന്നതുസംബന്ധിച്ചുമാത്രമാണു്.

പൌരന്മാൎക്കു താമസസ്ഥലസൌകൎയ്യങ്ങൾ വൎദ്ധിപ്പിക്കുന്നതിനു് എല്ലാ പരിശ്രമങ്ങളും ഗവൎമ്മെണ്ടു് ചെയ്യുന്നു. വലിയ ഭവനനിൎമ്മാണപദ്ധതികൾ എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളിലും ആരംഭിച്ചിട്ടുണ്ടു്. അവിടങ്ങളിലെ ആയിരക്കണക്കിനു ജനങ്ങൾ പുതിയ വസതികളിലേക്കു മാറിക്കൊണ്ടിരിക്കുകയാണു്. വസതികളുടെ ഉപയോഗം നിയമംമൂലം നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. മിക്ക ഭവനനിൎമ്മാണസൌകൎയ്യങ്ങളും ഗവൎമ്മെണ്ടിനുണ്ടു്. പ്രാദേശികസ്വയംഭരണസമിതികളുടെ വകുപ്പുകൾ ഉത്തരവാദിത്വം വഹിക്കുന്ന വീടുകൾ, ഗവൎമ്മെണ്ടുസ്ഥാപനങ്ങളും സംരംഭങ്ങളും ഉത്തരവാദിത്വം വഹിക്കുന്ന ഭവനങ്ങൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. പുതിയ വീടുകൾ ലഭിക്കുന്നതിൽ മുൻഗണന കല്പിക്കപ്പെടുന്നതു് വസതിസൌകൎയ്യങ്ങൾ കുറഞ്ഞവൎക്കാണു്. വീടു് ഉപയോഗിക്കുവാനുള്ള അവകാശം, വീടു വാടകയ്ക്കു കൊടുക്കുന്നതു സംബന്ധിച്ചു് ഔദ്യോഗികമായുണ്ടാക്കുന്ന, ഒരു കരാർമുഖേന വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. വീടു വാടകയ്ക്കു് എടുക്കുന്ന ആളുടെയും കുടുംബത്തിന്റെയും അധികാരവും ചുമതലകളും അതിൽ വിവരിക്കപ്പെട്ടിരിക്കും. അങ്ങിനെയുള്ള ഒരു കരാർ അനിശ്ചിതകാലത്തേക്കു് ഉണ്ടാക്കാവുന്നതാണു്. സമയപരിധി നിശ്ചയിക്കപ്പെട്ടാൽത്തന്നെ, അതിന്റെ അവസാനത്തിൽ കരാർ പുതുക്കുവാനുള്ള അവകാശം വീടു വാടകയ്ക്കു് എടുക്കുന്നവനുണ്ടു്. വാടകയ്ക്കു് എടുക്കുന്നവനുമായിട്ടാണു് കരാർ ഉണ്ടാക്കുന്നതെങ്കിലും അയാളുടെ കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും വീടുപയോഗിക്കുവാൻ തുല്യവും സ്വതന്ത്രവുമായ അവകാശമുണ്ടു്. വാടകക്കാരൻ മരിക്കുകയോ സ്ഥലം മാറിപ്പോവുകയോ ചെയ്താൽ അയാളുടെ കുടുംബക്കാൎക്കു് ആ വീട്ടിൽ താമസിക്കാം. കുടുംബക്കാരിൽ ആരെങ്കിലുമായി വീണ്ടുമൊരു കരാർ ഉണ്ടാക്കാവുന്നതാണു്. വീടു വാടകയ്ക്കു് കൊടുക്കുന്ന ആളുടെ ചുമതലകൾ ഇവയാണു്:

എ) വീടു നന്നാക്കി വാടകയ്ക്കു കൊടുക്കുക.

ബി) പ്രധാന റിപ്പയർപണികൾ നിർവ്വഹിക്കുക.

സി) കേടുവന്ന ഉപകരണങ്ങൾ (ഇലക്ട്രിക് കമ്പികൾ, വെള്ളമെടുക്കുന്ന പൈപ്പുകൾ, കക്കൂസ് ഉപകരണങ്ങൾ മുതലായവ) നന്നാക്കിക്കൊടുക്കുക.

വെള്ളയടിക്കൽ, ചായം തേയ്ക്കൽ, ജനാൽഗ്ലാസ്സുകൾ വെയ്ക്കൽ മുതലായവ, വീടു ഉപയോഗത്തിലിരിക്കുമ്പോഴുള്ള, റിപ്പയറുകൾ നിർവ്വഹിക്കുക, അനുവാദം കൂടാതെ വീടിനു രൂപഭേദം വരുത്തുന്നതിൽനിന്നു് ഒഴിഞ്ഞുനില്ക്കുക, വീടിനൊ അതിൽ ഘടിപ്പിച്ചിട്ടുള്ള സാധനങ്ങൾക്കോ സ്വന്തം തെററുകൊണ്ടോ കുററംകൊണ്ടോ കേടു വരുത്തുന്നുണ്ടെങ്കിൽ അതിനു നഷ്ടപരിഹാരം നല്കുക, വാടകയും സാമൂഹ്യസേവനബില്ലുകളും (വിദ്യുച്ഛക്തികരം, വെള്ളക്കരം മുതലായവയ്ക്കുള്ള ബിൽ) സമയത്തിനു തീർക്കുക എന്നിവയാണു് വാടകയ്ക്കെടുക്കുന്നവൻെറ ചുമതലകൾ. പട്ടണത്തിൻെറ വേറെയൊരു ഭാഗത്തേയ്ക്കോ അല്ലെങ്കിൽ മററു പട്ടണത്തിലേയ്ക്കോ താമസം മാററുവാനും വാടകക്കാരനു് അവകാശമുണ്ടു്. പല കാരണങ്ങളാലാണു് (ആരോഗ്യം, ജോലിമാററം, വിവാഹം മുതലായവ) വീടുമാററം വേണ്ടിവരുന്നതു്.

ഒരു വീടിനുപകരം മറെറാരു വീടു് സ്വീകരിക്കുന്നതു് ബന്ധപ്പെട്ട അധികൃതന്മാരുടെ സമ്മതത്തോടുകൂടിയാണു്. വാടകയ്ക്കു് എടുക്കുന്ന വസതി, തൻെറ കുടുംബത്തിലെ പ്രായപൂർത്തിയായവരുടെ സമ്മതത്തോടുകൂടി, മററാർക്കെങ്കിലും വാടകയ്ക്കു കൊടുക്കുവാൻ വസതി വാടകയ്ക്കു് എടുത്തവനു് അവകാശമുണ്ടു്. വാടകയ്ക്കു് എടുക്കുന്നവനു് വീടിന്മേൽ അധികാരമൊന്നുമില്ല. മറെറാരു വീടു് നല്കാതെതന്നെ ആയാളെ ആ വീട്ടിൽനിന്നു് ഒഴിപ്പിക്കാം.

വാടകക്കാരൻെറ അവകാശങ്ങൾ നിയമംമൂലം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. തൻെറ വസതി അതിലംഘിക്കാതിരിക്കുവാനുള്ള ഉറപ്പു് നിയമം നല്കുന്നു. മറേറതെങ്കിലും താമസസൌകര്യം ഉണ്ടാക്കിക്കൊടുക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ,

നിയമനിബന്ധനകൾക്കനുസരിച്ച്, വാടകക്കരാർ അവസാനിപ്പിക്കാവുന്നതും വാടകക്കാരനെ ഒരു വീട്ടിൽനിന്നു് ഒഴിപ്പിക്കാവുന്നതുമാണു്. വാടകക്കാരനും അയാളുടെ കുഡുംബവും വീട്ടുടമസ്ഥയായി കേടുവരുത്തുകയോ അവരുടെ നടവടികൾമൂലം വീടിന്റെ മററു ഭാഗങ്ങൾ വാടകയ്ക്കെടുത്തവക്ക് ആ വീട്ടിലെ കൂട്ടായ താമസം അസാദ്ധ്യമാക്കുകയോ ചെയ്യുകയാണെങ്കിൽ, വാടകക്കാരനു് മറെറാരു വസതിസൌകര്യം നല്കാതെത്തന്നെ, ഒഴിപ്പിക്കാവുന്നതാണു്. ഗവമ്മെണ്ടുസ്ഥാപനങ്ങളുടെ വകയായുള്ള വീടുകളിൽനിന്നു് ആളെ ഒഴിപ്പിക്കുവാൻ യു എസ്സ്. എസ്സ്. ആറിലെയും യൂണിയൻ റിപ്പബ്ലിക്കുകളിലെയും സിവിൽ നിയമങ്ങളിൽ വ്യവസ്ഥയുണ്ടു്. ഒരു തൊഴിലാളി സ്വയം രാജിവെച്ച് തൊഴിൽബന്ധങ്ങളവസാനിപ്പിക്കുകയാ, തൊഴിൽ അച്ചടക്കം ലംഘിക്കുകയോ, മററതെങ്കിലും കുററം ചെയ്യുകയോ ചെയ്താൽ, മറെറാരു വസതിസൌകര്യം ചെയ്തുകൊടുക്കാതെത്തന്നെ, അയാളെ ഒഴിപ്പിക്കാവുന്നതാണു്. ഈ അവകാശം ഏതാനും സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മാത്രമേ അനുവദിച്ചിട്ടുള്ളൂ. അതിന്റെ ഉദ്ദേശം, സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ശാഖകളിൽ തൊഴിലാളികളെ നിലനിർത്തുകയെന്നുള്ളതാണു്. ഉത്തരവാദിത്വമില്ലാതെയും വ്യവസ്ഥയില്ലാതെയും പെരുമാറുന്നതു് തടയുവാനുള്ള ഫലപ്രദമായ ഒരു നടവടിയാണിതു്.

സാങ്കേതിക വളച്ചയുടെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ തടസ്സംകൂടാതെ വളരുകയും നന്നാവുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. പുതിയ സാങ്കേതികാഭിപ്രായങ്ങളും മാർഗ്ഗങ്ങളും ഉന്നയിക്കുന്നതിനു് ജനങ്ങളെ പ്രേരിപ്പിക്കുവാൻ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ പലതും ചെയ്യുന്നുണ്ടു്. ദേശീയാടിസ്ഥാനത്തിലും സമ്പദ്‌വ്യവസ്ഥയുടെ ഓരോ ശാഖകൾ വഴിക്കും ഈ പ്രസ്ഥാനത്തിനു് നേതൃത്വം നൽകുന്ന പ്രത്യേകം ഗവമ്മെണ്ടു് വകുപ്പുകളുണ്ടു്.

കണ്ടുപിടുത്തപ്രസ്ഥാനത്തിന് നേതൃത്വവും സഹായവും നൽകുക, ഈ പ്രശ്നം സംബന്ധിച്ചുള്ള നിയമം നടപ്പിൽ വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കുക, പ്രധാന കണ്ടുപിടുത്തങ്ങൾ നടപ്പിലാക്കുവാൻ സഹായിക്കുക, ഇവയുടെ ഉടമാവകാശത്തിനും നിർമ്മാണാവകാശത്തിനും സർട്ടിഫിക്കററുകൾ നല്കുക എന്നിവയാണ് അവയുടെ പ്രധാന കർത്തവ്യങ്ങൾ. കണ്ടുപിടുത്തക്കാർക്കും നൂതനത്വം ആവിഷ്കരിക്കുന്നവർക്കും എല്ലാ ആനുകൂല്യങ്ങളും പ്രചോദനവും സാങ്കേതികസഹായങ്ങളും നൽകുവാൻ സാമ്പത്തിക സംഘടനകളുടെ തലവന്മാർ ചുമതലപ്പെട്ടിരിക്കുന്നു. കണ്ടുപിടുത്തം, വിദഗ്ദ്ധനിർദ്ദേശം, എന്നിവ കൈകാര്യംചെയ്യുന്ന വകുപ്പുകളോ ബ്യൂറോവുകളോ വൻകിട സ്ഥാപനങ്ങൾക്കുണ്ട്. കണ്ടുപിടുത്തനിയമങ്ങളുടെ ഉദ്ദേശം വിവിധങ്ങളായിട്ടാണ് വിവരിക്കപ്പെട്ടിരിക്കുന്നത്.. ജർമ്മൻ ഡെമൊക്രാററിക്ക് റിപ്പബ്ലിക്കിൽ ഒരു കണ്ടുപിടുത്തത്തിനും ഒരു വിദഗ്ദ്ധനിർദ്ദേശത്തിനും വ്യത്യാസം കല്പിച്ചിട്ടുണ്ട്. പോളണ്ടിൽ അവയ്ക്ക് സാങ്കേതികമായ മെച്ചപ്പെടുത്തലുകൾ എന്നു പറയുന്നു ഹങ്കറിയിൽ ഇവയുടെ പേർ കണ്ടുപിടുത്തങ്ങളും പരിഷ്കാരങ്ങളുമെന്നാണ്.

കണ്ടുപിടുത്ത നിയമലക്ഷ്യങ്ങളുടെ പ്രശ്നം പൊതുവിലെടുത്താൽ അവയിൽ രണ്ടുവിഭാഗങ്ങളുള്ളതായിക്കാണാം. കണ്ടുപിടുത്തങ്ങളും വിദഗ്ദ്ധനിർദ്ദേശങ്ങളും.

ഭൗതികലോകത്തിൻെറ നിയമങ്ങൾ, ഗുണങ്ങൾ, പ്രതിഭാസങ്ങൾ എന്നിവകളോടു ബന്ധപ്പെട്ട കണ്ടുപിടുത്തത്തിൽ (Discovery) നിന്ന് വ്യത്യസ്ഥമായ ഒരു കണ്ടുപിടുത്ത (Invention) മുണ്ട്. രണ്ടാമത്തേത് ഒരു സാങ്കേതിക പ്രശ്നത്തിൻെറ പ്രായോഗിക പരിഹാരനിർദ്ദേശമാണ്. ഈ പരിഹാരമാർഗ്ഗം നിലവിലുള്ള സാങ്കേതികമാർഗ്ഗത്തെയപേക്ഷിച്ച് ഒരു പടി മുന്നോട്ടുനില്ക്കുന്ന ഒന്നായിരിക്കണം. ഒരു കണ്ടുപിടുത്തത്തിൻെറ നൂതനത്വം യഥാർത്ഥഫലം നൽകുന്നതുമായിരിക്കണം. (ധനവ്യയത്തിലും സാധനസാമഗ്രികളുടെ ഉപയോഗത്തിലും

മിച്ചമുണ്ടാക്കൽ, അദ്ധ്വാനക്ഷമത വർദ്ധിപ്പിക്കൽ, സാധനത്തിന്റെ മെച്ചം വർദ്ധിപ്പിക്കൽ മുതലായവ.)

വിദഗ്ദ്ധതാനിർദ്ദേശമാകട്ടെ (Efficiency proposal) നിർമ്മാണതന്ത്രങ്ങൾ, സാങ്കേതികമാർഗ്ഗങ്ങൾ, രൂപപ്പെടുത്തലുകൾ എന്നിവയിൽ പുരോഗതിയുണ്ടാക്കുന്നതും ഉപകരണം, തൊഴിൽ മുതലായവ കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുവാൻ സഹായിക്കുന്നതുമാണ്. കണ്ടുപിടുത്തത്തിൽനിന്ന് വ്യത്യസ്തമായ വിദഗ്ദ്ധതാനിർദ്ദേശം, ലോക സാങ്കേതികവിദ്യയുടെ സ്ഥിതിയോടുപമിക്കുമ്പോൾ, ഒരവശ്യനവീകരണമാകണമെന്നില്ല. ഒരു പ്രത്യേക സ്ഥാപനത്തിനൊ അല്ലെങ്കിൽ സമ്പദ്‌വ്യവസ്ഥയുടെ ഒരു ശാഖയ്ക്കോമാത്രം അത് നൂതനമായിരിക്കണമെന്നേയുള്ളു.

ചില രാജ്യങ്ങളിലെ വിദഗ്ദ്ധതാനിർദ്ദേശങ്ങളിൽ തൊഴിലാളി സംഘടനകൾ നന്നാക്കുവാനും ജോലി സമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുവാനുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നു. (മാനേജ്മെന്റിന്റെ ഘടന നന്നാക്കുക, കണക്ക് സൂക്ഷിക്കൽ സമ്പ്രദായം ലഘൂകരിക്കുക മുതലായവ.) കണ്ടുപിടുത്തങ്ങളുടേയും വിദഗ്ദ്ധതാനിർദ്ദേശങ്ങളുടേയും സ്വഭാവം, നിയമങ്ങളും ചട്ടങ്ങളും വഴി, വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഉടമാവകാശ സർട്ടിഫിക്കറ്റൊ, പെറ്റന്റ് അവകാശമൊ നൽകിക്കൊണ്ട്, കണ്ടുപിടുത്തങ്ങളുടേയും വിദഗ്ദ്ധതാനിർദ്ദേശങ്ങളുടേയും കർത്താക്കന്മാരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു. കർത്തൃത്വ സർട്ടിഫിക്കറ്റ് അനുസരിച്ച് ഒരു കണ്ടുപിടുത്തത്തെ ഉപയോഗപ്പെടുത്തുവാനുള്ള എല്ലാ അവകാശങ്ങളും ഗവമ്മെണ്ടിലേയ്ക്ക് ചെന്നു ചേരുന്നു. കണ്ടുപിടുത്തക്കാരന് നിയമം നിശ്ചയിക്കുന്ന ഒരു പ്രതിഫലം പറ്റുവാനുള്ള അവകാശം നിലനില്ക്കുന്നതാണ്. ഈ കണ്ടുപിടുത്തം പ്രായോഗികമാക്കുന്നതുമൂലം സിദ്ധിക്കുന്ന മിച്ചത്തെ ആശ്രയിച്ചാണ് പ്രതിഫലം സാധാരണ നിശ്ചയിക്കപ്പെടുന്നതു്. ഒരു പെറ്റന്റ് അവകാശം ഒരു നിശ്ചിതകാലത്തേക്കാണ് (പതിനഞ്ചൊ ഇരുപതൊ കൊല്ലം) നൽകപ്പെടുന്ന

 തു്. ഈ കാലഘട്ടത്തിൽ തന്റെ കണ്ടുപിടുത്തം ഉപയോഗപ്പെടുത്തുവാൻ കണ്ടുപിടുത്തക്കാരനവകാശമുണ്ടു്. ചില രാജ്യങ്ങളിൽ (ഹങ്കറി, ജർമ്മൻ ഡെമൊക്രാററിക്ക് റിപ്പബ്ലിക്ക്) ഒരു കണ്ടുപിടുത്തത്തെ സംരക്ഷിക്കുന്നതിനുള്ള ഏക നിയമരൂപമാണു് പേറൻറ് അവകാശം. എന്നിരിക്കിലും പേറൻറ് കർത്തൃത്വത്തിനുള്ള സർട്ടിഫിക്കററിന്റെ ഒരേകദേശരൂപം പ്രസിദ്ധീകരിക്കുന്നതിനു് ഈ രാജ്യങ്ങളിൽ നടപടിയെടുത്തിട്ടുണ്ടു്. ഒരു തൊഴിൽക്കരാർ മൂലമൊ, പ്രത്യേകം ദൌത്യമനുസരിച്ചോ, ഒരു സ്ഥാപനത്തിൽ ഒരാറം ഗവേഷണം സംബന്ധിച്ചുള്ള ജോലിയിൽ വ്യാപൃതനായിരിക്കുകയും അയാളൊരു കണ്ടുപിടുത്തം നടത്തുകയും ചെയ്യുകയാണെങ്കിൽ, ആ കണ്ടുപിടുത്തത്തിന്റെ പേറൻറ് അവകാശം തങ്ങളുടെ പേരിൽ നൽകണമെന്നാവശ്യപ്പെടുവാനും കണ്ടുപിടുത്തക്കാരനു് ഒരു നിശ്ചിതസംഖ്യ കൊടുക്കുവാനും ആ സ്ഥാപനത്തിന്നവകാശമുണ്ടു്. പേറൻറ് അനുവദിക്കപ്പെട്ട ഒരു കണ്ടുപിടുത്തത്തെ ഒരു ഗവർമ്മെണ്ടുസ്ഥാപനം ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ, അതു് മെററല്ലാം ഗവർമ്മെണ്ടു് സ്ഥാപനങ്ങറംക്കും ഉപയോഗപ്പെടുത്താമെന്നാണു് ജർമ്മൻ ഡെമൊക്രാററിക്ക് റിപ്പബ്ളിക്കിലെ നിയമം. തന്നെയുമല്ലാ, ഈ രാജ്യത്തു് സാമ്പത്തിക പേറൻറുകളെന്നറിയപ്പെടുന്ന പേറൻറുകളുമുണ്ടു്. ഇതനുസരിച്ചു് ഒരു പേറൻറ് പ്രകാരമുള്ള കണ്ടുപിടുത്തം അതിന്റെ ഉടമസ്ഥനും കണ്ടുപിടുത്തം ഏതു സംഘടനയ്ക്കും ഉപയോഗിക്കാമെന്നു് പേറൻറ് ആപ്പീസ്സ് നിശ്ചയിച്ചിട്ടുള്ള സംഘടനയ്ക്കും ഉപയോഗപ്പെടുത്താവുന്നതാണു്. ഈ സംഗതിയിൽ കണ്ടുപിടുത്തക്കാരനു് പ്രതിഫലമായി ഒരു സംഖ്യ നൽകുന്നു. അങ്ങിനെ ഒരാളുടെ മാത്രം അവകാശത്തിനു് വിധേയമായിട്ടുള്ള പേറൻറ് ഒരു സാമ്പത്തിക പേറൻറ് ആയി മാററാവുന്നതാണു്.

പേറൻറ് നൽകാതിരിക്കുവാനും ഒരു കണ്ടുപിടുത്തത്തെ ഗവർമ്മെണ്ടിനു മാത്രമായി ഉപയോഗിക്കുവാനും (ഉദാ: രാജ്യരക്ഷ

ക്കാവശ്യമായിട്ടുള്ള കണ്ടുപിടുത്തങ്ങൾ) പേററൻറ് അവകാശം ഗവമ്മേണ്ടിനു് വില്ക്കണമെന്നാവശ്യപ്പെടുവാനും പേററൻറ് പ്രതിഫലം ചുരുക്കുവാനും ഗവർമ്മേണ്ടിന്നവകാശം നൽകുന്ന നിയമങ്ങൾ സോഷ്യലിസ്റ്റ് രാജ്യങ്ങളിലുണ്ടു്.

കർത്തൃത്വാവകാശ സർട്ടിഫിക്കററുകളും പേററൻറുകളും നിയമവിധേയരൂപത്തിലാണു് സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. ഒരു വിദഗ്ധതാനിർദ്ദേശത്തിൻെറ കർത്താവിനു് തദനുരൂപമായ സർട്ടിഫിക്കററ് വാങ്ങുവാൻ അവകാശമുണ്ടു്. അതു് ലഭിക്കുന്നതിനുവേണ്ടി അയാം തൻെറ നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപനത്തിനു് നേരിട്ടു സമപ്പിക്കുന്നു. നിർദ്ദേശം ഉപകാരപ്രദമെന്നു കണ്ടാൽ, അതു് നടപ്പിലാക്കിയിരിക്കുകയെന്ന വഴക്കത്തിനു് വിധേയമാക്കിക്കൊണ്ടു്, ആ സ്ഥാപനം അയാംക്കൊരു സർട്ടിഫിക്കററ് നൽകുന്നു. ഈ സർട്ടിഫിക്കററ്മൂലം പ്രതിഫലം വാങ്ങുവാനുള്ള അവകാശം അയാംക്കു് സിദ്ധിക്കുന്നു. അതുപോലെത്തന്നെ പരിഷ്ക്കരണനിർദ്ദേശങ്ങൾക്കുള്ള പ്രതിഫലവും അവയിൽനിന്നു് പ്രതീക്ഷിക്കുന്ന ആദായത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഇവയുടെ പ്രതിഫലം കണ്ടുപിടുത്തങ്ങൾക്കു് നൽകുന്ന പ്രതിഫലത്തേക്കാം കുറഞ്ഞതായിരിക്കും.

കണ്ടുപിടുത്തക്കാക്കും പരിഷ്കരണനിർദ്ദേശക്കാക്കും അവരുടെ വിദഗ്ദ്ധോപദേശങ്ങൾ പ്രാവത്തികമാക്കുന്നതിൽ പങ്കെടുക്കുവാനവകാശമുണ്ടു്. അവരങ്ങിനെ ചെയ്യുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകൾ കരാർമൂലം വിവരിക്കപ്പെടുകയും സാധാരണ നടവടികൾമൂലം സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്.

പൌരന്മാരെ ബാധിക്കുന്ന സംയുക്തബന്ധങ്ങൾ നിയന്ത്രിക്കുന്നതിൽ പകപ്പവകാശം പ്രധാന പങ്കു വഹിക്കുന്നു. ശാസ്ത്രം, സാഹിത്യം, കല എന്നിവ സംബന്ധിച്ച ഗ്രന്ഥങ്ങൾ നിമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിൽനിന്നുത്ഭവിക്കുന്ന ബന്ധങ്ങളെ അതു നിയന്ത്രിക്കുന്നു. പൌരന്മാരെയാണു് (ഒന്നോ അതിലധികമോ ആളുകൾ—സഹകത്താക്കന്മാർ പക

പ്പാവകാശം ബാധിക്കുന്നതു്. നിയമം നിശ്ചയിക്കുന്ന സംഗതികളിൽ മാത്രമേ ഇതു് സംഘടനകളേയും (പ്രസിദ്ധീകരണശാലകൾ, ചലച്ചിത്രനിർമ്മാണശാലകൾ) ബാധിക്കുന്നുള്ളു. ഒരു ഗ്രന്ഥകാരനു് വ്യക്തിപരവും സംയുക്തവുമായ അവകാശങ്ങളുണ്ടു്. വ്യക്തിപരമായ അവകാശങ്ങളിൽ ഗ്രന്ഥം രചിക്കുവാനും, പുനർപ്രസിദ്ധീകരിക്കുവാനും പ്രചരിപ്പിക്കുവാനും സ്വന്തം കൃതിയുടെ നേരെയുള്ള കയ്യേററങ്ങളിൽനിന്നു് വിമുക്തി സമ്പാദിക്കുവാനുമുള്ള അവകാശങ്ങൾ ഉൾപ്പെടുന്നു. ഒരു ഗ്രന്ഥകാരൻെറ സംയുക്താവകാശം തൻെറ കൃതി ഉപയോഗിക്കുന്നതിനുള്ള പ്രതിഫലം (Royalty) വാങ്ങുകയെന്ന അവകാശമാണു്. പകപ്പാവകാശം സാധാരണ ആജീവനാന്തം നിലനില്ക്കുന്നതാണു്. ചില കൃതികൾക്കുള്ള പകപ്പവകാശം ഒരു നിശ്ചിതകാലത്തേയ്ക്കു മാത്രമായിരിക്കും. ഗ്രന്ഥകർത്താവിൻെറ മരണാനന്തരം, പകപ്പവകാശം അയാളുടെ അവകാശികളിൽ ലയിക്കുന്നു. അവകാശികളുടെ എണ്ണം, പകപ്പവകാശം അവർക്കനുഭവിക്കുവാനുള്ള കാലപരിധി മുതലായവ നിയമംമൂലം നിശ്ചയിക്കപ്പെടും. ഉദാഹരണത്തിനു്, യു. എസ്സ്. എസ്സ്. ആറിൽ മരിച്ച ആളുടെ വസ്തുക്കൾക്കു് പിന്തുടച്ചാവകാശം സിദ്ധിക്കുന്നവരിലേയ്ക്കാണു്, പിന്തുടച്ചാവകാശനിയമമനുസരിച്ചു്, പകപ്പവകാശവും ഇറങ്ങിച്ചെല്ലുന്നതു്. ഗ്രന്ഥകാരൻ മരിച്ച കൊല്ലം ജനുവരി 1-ാംനു-മുതൽ 15 കൊല്ലത്തേയ്ക്കാണു് പകപ്പവകാശം അവകാശികൾക്കു നിലനില്ക്കുക: സാധാരണ ഗതിയിൽ ഒരു കൃതി പ്രസിദ്ധീകരിക്കുന്നതും പുനർപ്രസാധനം ചെയ്യുന്നതും പ്രചരിപ്പിക്കുന്നതും ഗ്രന്ഥകർത്താവുമായി ഉണ്ടാക്കിട്ടുള്ള കരാറനുസരിച്ചാണു്. എന്നാൽ പൊതുതാല്പര്യം പരിഗണിച്ചു്, ഗ്രന്ഥകർത്താവിൻെറ അനുവാദം കൂടാതെതന്നെ, ഒരു കൃതി ഉപയോഗപ്പെടുത്താമെന്നു് നിയമം അനുശാസിക്കുന്നുണ്ടു്. (പ്രസിദ്ധീകരിക്കപ്പെട്ട ഒരു കൃതിയുടെ മറെറാരു ഭാഷയിലേയ്ക്കുള്ള വിവർത്തനം, പരസ്യമായി ചെയ്ത പ്രസംഗം, പത്രങ്ങൾ, ഫിലിം, റേഡിയോ,

ടെലിവിഷൻ എന്നിവയിൽക്കൂടിയുള്ള റിപ്പോർട്ടുകൾ മുതലായവ) ഈ കാര്യങ്ങൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച്, തന്റെ ഒരു കൃതി തന്റെ സമ്മതംകൂടാതെ ഉപയോഗിക്കുന്നതിന് ഗ്രന്ഥകർത്താവ് എപ്പോൾ പ്രതിഫലം വാങ്ങുന്നു, ഏതു സംഗതികളിൽ പ്രതിഫലം വാങ്ങാതിരിക്കുന്നു എന്നെല്ലാം നിയമം വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. സാഹിത്യം, ശാസ്ത്രം, അല്ലെങ്കിൽ കല എന്നിവയും രാഷ്ട്രത്തിന്റെ മുതലായി പ്രഖ്യാപിക്കപ്പെടാം. ഉദാഹരണത്തിന്, യു. എസ്സ്. എസ്സ്. ആറിൽ ഒക്ടോബർ വിപ്ലവം കഴിഞ്ഞ ശേഷമുള്ള ആദ്യത്തെ കുറെ കൊല്ലങ്ങളിൽ എണ്ണപ്പെട്ട റഷ്യൻ എഴുത്തുകാർ, ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ എന്നിവരുടെ കൃതികൾ സംബന്ധിച്ച് സ്വകാര്യസ്ഥാപനങ്ങൾ കൈവച്ചിരുന്ന പകർപ്പവകാശം ജനങ്ങളുടെ മുതലായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി. ഈ കൃതികളുടെ പ്രസിദ്ധീകരണത്തിൽ ഗവർമ്മെണ്ട് കുത്തകാവകാശം സ്ഥാപിച്ചതിന്റെ ഫലമായി, ഇവയുടെ വലിയതും വിലകുറഞ്ഞതുമായ പതിപ്പുകൾ പുറത്തിറക്കുവാനും അങ്ങിനെ ഇവ ജനങ്ങൾക്ക് വായിക്കുന്നതിന് സൌകര്യമുണ്ടാക്കിക്കൊടുക്കുവാനും കഴിഞ്ഞു. ഒരു പ്രസിദ്ധീകരണത്തിന്റെ പ്രസാധനം, പൊതുജനങ്ങളുടെ മുമ്പിലുള്ള അവതരണം അല്ലെങ്കിൽ മറേറതെങ്കിലും രൂപത്തിലുള്ള ഉപയോഗം എന്നിവ സംബന്ധിച്ചുള്ള അവകാശം, പൊതുതാല്പര്യത്തിന്നാവശ്യമാണെങ്കിൽ, ഗവർമ്മെണ്ടിനു നിർബ്ബന്ധപൂർവ്വം വാങ്ങാമെന്നാണ് ഇന്നത്തെ നില. പകർപ്പവകാശം നിയമത്താൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഒരു ഗ്രന്ഥകാരന്റെ വ്യക്തിപരമായ അവകാശത്തെ ലംഘിക്കുന്നതു് (ഒരാളുടെ കൃതി മറെറാരാൾ സ്വന്തമാക്കി പ്രസിദ്ധീകരിക്കൽ, നിയമവിരുദ്ധമായി പുനർപ്രസാധനം ചെയ്യൽ, പ്രചരിപ്പിക്കൽ, നിർബ്ബന്ധപൂർവ്വമുള്ള സഹകരണകർത്തൃത്വം) കുററകരമാണ്.

ഒരു ഗ്രന്ഥകാരന്റെ വ്യക്തിപരമോ സംയുക്തമോ ആയ അവകാശങ്ങൾ ലംഘിക്കുന്നതു് ബാദ്ധ്യതക്കിടയാക്കുന്നു. വ്യക്തി

പരമായ അവകാശസംരക്ഷണം സിവിൽനിയമംവഴി സാധിക്കുന്നതു്, ഈ അവകാശങ്ങൾ പുനസ്ഥാപിച്ചുകൊണ്ടാണു്; ഒരു കൃതിയുടെ ശരിയായ കർത്താവിന്റെ പേർ കാണിച്ചുകൊണ്ടു് ഒരറിയിപ്പു് പ്രസിദ്ധീകരിക്കുക, കൂട്ടിച്ചേർക്കലുകളും വിട്ടുപോയ്ത ചേർക്കലും മററുംവഴി തെററുകൾ തിരുത്തുക, പ്രസിദ്ധീകരണം തടയുകയോ പ്രചരണം നിർത്തുകയോ ചെയ്യുക മുതലായവമൂലം ഇതു സാധിക്കുന്നു.

ഒരു ഗ്രന്ഥകർത്താവിന്റെ അവകാശങ്ങൾ ലംഘിക്കുന്നതുമൂലം അയാൾക്കു് നഷ്ടംസംഭവിക്കുകയാണെങ്കിൽ, മേൽപറഞ്ഞ നടവടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽകൂടി, ലംഘനത്തിനിടയാക്കിയ ആളിൽനിന്നു നഷ്ടപരിഹാരം വാങ്ങുവാൻ ഗ്രന്ഥകർത്താവിന്നവകാശമുണ്ടു്. എന്നിരുന്നാലും ഗ്രന്ഥകർത്താവിന്റെ വ്യക്തിപരമായ അവകാശങ്ങൾ ലംഘിക്കുന്നതുമൂലമുണ്ടാകുന്ന ധാർമ്മികനഷ്ടങ്ങൾക്കു് നഷ്ടപരിഹാരം റൊക്കമായി കൊടുക്കുന്ന ഒരു പ്രശ്നമല്ലാ ഇക്കാര്യത്തിലുള്ളതു്. സോഷ്യലിസ്റ്റ് നിയമത്തിൽ ഇതിന്നു വ്യവസ്ഥയില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അഭിമാനവും അന്തസ്സും പണംകൊണ്ടു് അളക്കാവുന്നതല്ലെന്നുള്ളതുതന്നെ. പൌരന്മാരുടെ കൂട്ടുബന്ധങ്ങൾ സിവിൽ നിയമത്തിന്റെ വിവിധ സ്ഥാപനങ്ങൾവഴിക്കു് നിയന്ത്രിക്കപ്പെടുന്നു. തങ്ങളുടെ ഭൌതികവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിവ്വഹിക്കുന്നതിനു് സമ്പത്തുൾപ്പെടുന്ന ഏതു് ഇടപാടുകളും (വസ്തു പാട്ടത്തിനു കൊടുക്കാനുള്ള കരാർ, കോൺട്രാക്ടർമാരുടെ കരാർ, മുതൽ സൂക്ഷിക്കുവാനുള്ള കരാർ, മുതലായവ) നടത്തുവാൻ പൌരന്മാക്കവകാശമുണ്ടു്. ഈ കരാറുകളുണ്ടാക്കുമ്പോൾ അവർ പ്രധാനമായി നോക്കേണ്ടതു്, ഇവ നിയമാനുസൃതമായിട്ടുള്ളവയും രാജ്യത്തിന്റെയും സമുദായത്തിന്റെയും താല്പര്യങ്ങൾ പരിരക്ഷിക്കുന്നവയുമാണോയെന്നാണു്. സോഷ്യലിസം പടുത്തുയർത്തുകയെന്ന ഉദ്ദേശത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചും സൗഹാർദ്ദപരമായ സഹകരണം പ്രകടിപ്പിച്ചുംകൊണ്ടായിരിക്കണം പൌരന്മാർ

പരസ്പരബന്ധങ്ങളുണ്ടാകുന്നതെന്നു് സോഷ്യലിസ്റ്റ് സിവിൽ നിയമം അനുശാസിക്കുന്നു. നിയമത്തിനും പൊതുതാല്പര്യത്തിനും നിരക്കാത്ത ഇടപാടുകളും ഏകപക്ഷീയമായ നടപടികളും (ഒരു ഭാഗത്തെ താല്പര്യംമാത്രം നോക്കിക്കൊണ്ടുള്ളവ) ഭീഷണി, ചതി മുതലായവയുടെ നിഴലിൽ ഉണ്ടാക്കപ്പെടുന്ന ഇടപാടുകൾ മുതലായവയും അസാധുവായി പ്രഖ്യാപിക്കപ്പെടുന്നതാണു്.

സ്വാർത്ഥച്ചുക്കൂടാതെയും മനഃസാക്ഷിയനുസരിച്ചും പ്രവർത്തിക്കുന്ന പൌരന്മാരുടെ അവകാശങ്ങളും നിയമപരമായ താല്പര്യങ്ങളും ഗവൺമെൻറ സംരക്ഷിക്കുന്നതാണു്. സിവിൽ ചുമതലകൾ സംബന്ധിച്ചുള്ള പൌരന്മാരുടെ പ്രവൃത്തികളിൽ കുററം കാണുന്നുണ്ടെങ്കിൽമാത്രമേ അത്തരം ചുമതലാലംഘനത്തിനു് ഭൌതികബാദ്ധ്യതകൾ കല്പിക്കുന്നുള്ളു. കല്പിച്ചുകൂട്ടിയോ അങ്ങേയററത്തെ അനാസ്ഥയോടുകൂടിയോ ഒരാൾ ഒരു ചുമതല ലംഘിക്കുകയാണെങ്കിൽ ചുമതലാലംഘനമോ അല്ലെങ്കിൽ ചുമതല നിർവ്വഹിക്കാതിരിക്കലോമൂലം സംഭവിക്കുന്ന എല്ലാ നഷ്ടങ്ങളും വകവെച്ചുകൊടുക്കുവാൻ ലംഘനംനടത്തുന്ന ആൾ ബാദ്ധ്യസ്ഥനാണു്.

## 7. മററാളുകൾക്കുണ്ടാകുന്ന ദോഷംമൂലമുള്ള ചുമതലകൾ

സോഷ്യലിസ്റ്റ് ഉടമാവകാശവും പൌരന്മാരുടെ ആരോഗ്യവും മുതലും സ്ഥാപനങ്ങളുടെയും. സംരംഭങ്ങളുടെ സംഘടനകളുടെയും സംയുക്താവകാശങ്ങളും സംരക്ഷിക്കുവാനുള്ള ഉപാധികളിലൊന്നാണു് ഈ ചുമതലകൾ.

ഒരു പൌരൻെറ വ്യക്തിത്വത്തിനോ, മുതലിനോ, ഒരു സ്ഥാപനത്തിൻെറ മുതലിനോ ഏതെങ്കിലുമൊരാൾ ദോഷം വരുത്തുന്നുണ്ടെങ്കിൽ, അതിനു് പൂർണ്ണമായ നഷ്ടപരിഹാരം നൽകുവാൻ, ദോഷം വരുത്തുന്നവൻ ബാദ്ധ്യസ്ഥനാണു്.

നിയമം നിർദ്ദേശിക്കുന്ന പ്രത്യേക പരിതസ്ഥിതികളിൽ മാത്രമേ ദോഷം ചെയ്യുന്നതിനുള്ള ബാദ്ധ്യത ഉൽഭവിക്കുന്നുള്ളു. 1. ദോഷം നിലനില്ക്കൽ 2. ദോഷമുണ്ടാക്കുന്ന പ്രവൃത്തിയുടെ നിയമവിരുദ്ധമായ സ്വഭാവം 3. നിയമവിരുദ്ധമായ നടവടിയുടേയും അതിൻെറ ദോഷകരമായ ഫലങ്ങളുടേയും ഇടയ്ക്കു് നിലനില്ക്കുന്ന അപായം. 4. ദോഷം വരുത്തുന്ന ആളുടെ പേരിലുള്ള കുററം. എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

ദോഷം അല്ലെങ്കിൽ നാശം സംയുക്തവും അസംയുക്തവുമാകാം. സോഷ്യലിസ്റ്റ് സിവിൽ നിയമത്തിനു കീഴിൽ സംയുക്തദോഷം—പണത്തിൽമാത്രം കണക്കാക്കുവാൻ കഴിയുന്നദോഷം—മാത്രമേ നഷ്ടപരിഹാരത്തിനു് വിധേയമാകുന്നുള്ളു.

ദോഷമുളവാക്കുന്നതുമൂലമുള്ള ബാദ്ധ്യതയ്ക്കു് ഒരു പൌരനൊ നിയമപരമായ സംഘടനയൊ വിധേയമാകാം. ഒരു സ്ഥാപനത്തിലെ തൊഴിലാളികളുടെ പ്രവർത്തനം മൂലം ഉണ്ടാകുന്ന ദോഷത്തിനൊ നാശത്തിനൊ നഷ്ടപരിഹാരം നൽകുവാൻ ആ സ്ഥാപനത്തിനു് ബാദ്ധ്യതയുണ്ടു്. ഈ സംഗതിയിൽ നാശംവരുത്തിയ ആൾ—സ്ഥാപനത്തിലെ ജോലിക്കാരൻ—നേരിട്ടല്ല, നാശം നേരിട്ട ആൾക്കു് നഷ്ടപരിഹാരം നൽകുന്നതു്; പ്രത്യുത അയാൾ പണിയെടുക്കുന്ന സ്ഥാപനമാണു്. ഉദാഹരണത്തിനു്, ഒരു സംഘടനയുടെ വാഹനംമുട്ടി ഒരു വഴിപോക്കനു് പരുക്കു് പററുകയും അയാളുടെ ആരോഗ്യത്തിന്നതു് ഹാനികരമാവുകയും ചെയ്യുകയാണെങ്കിൽ, പരുക്കു് പററിയവനു് നഷ്ടപരിഹാരം നൽകുന്നതു് വാഹനത്തിൻെറ ഉടമസ്ഥതവഹിക്കുന്ന സംഘടനയാണു്. പകരം പരുക്കു് വരുത്തിയ ജോലിക്കാരനോടു സംഘടനയ്ക്കു് നഷ്ടം ചോദിക്കാം. (Regresssive Suit)

അപ്രകാരം തന്നെ തങ്ങളുടെ കീഴിലുള്ള ജോലിക്കാർ തെററായ നടവടിമൂലം ഉണ്ടാകുന്ന അപകടങ്ങൾക്കു് പരിഹാരം ചെയ്യുവാൻ ഭരണകൂടത്തിലെ വകുപ്പുകളും ബാദ്ധ്യസ്ഥമാണു്.

തങ്ങളുടെ പ്രവൃത്തികൾകൊണ്ടു് സിവിൽ അവകാശങ്ങളും ചുമതലകളും സമ്പാദിക്കുവാൻ കഴിയാത്തവർക്ക് (മുതിരാത്തവർ, മാനസികക്കുറവുകളുള്ളവർ, ഭ്രാന്തന്മാർ മുതലായവർ) ഉണ്ടാകുന്ന ദോഷത്തിനോ നാശത്തിനോ പരിഹാരം അവനു ലഭിക്കുകയില്ല. പരിഹാരം ലഭിക്കുക അവരുടെ മാതാപിതാക്കന്മാർക്കോ രക്ഷിതാക്കന്മാർക്കോ ആയിരിക്കും. എന്നാൽ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റേയോ, മെഡിക്കൽ സ്ഥാപനത്തിന്റെയൊ സംരക്ഷണത്തിൽ കഴിയുന്ന, നിയമപരമായ യോഗ്യതയില്ലാത്തവർ ഒരപകടമുണ്ടാക്കിയാൽ, അതിനുള്ള ബാദ്ധ്യത ആ സ്ഥാപനങ്ങളെയാണു് ബാധിക്കുന്നതു്. പ്രായംതികയാത്ത തൊഴിലാളികളുണ്ടാക്കുന്ന അപകടവും പരിഹാരബാദ്ധ്യതയ്ക്കു് വിധേയമാണു്. അവരുടെ വസ്തുവൊ സമ്പാദ്യമൊ നഷ്ടപരിഹാരത്തിനു് മതിയാകുന്നില്ലെങ്കിൽ ബാക്കിവരുന്നതു് അവരുടെ മാതാപിതാക്കന്മാരൊ, രക്ഷിതാക്കളൊ നൽകണം. ഒരാൾക്കു് പരുക്കു് വരുത്തുന്ന മറ്റൊരാളുടെ ഭാഗത്തു് കുറ്റം ഉണ്ടാകുമ്പോഴാണു് നഷ്ടപരിഹാരബാദ്ധ്യതയുത്ഭവിക്കുന്നതു്. കുറ്റമില്ലാത്ത സംഗതികളിലും ബാദ്ധ്യതയുത്ഭവിക്കുന്ന ദൃഷ്ടാന്തങ്ങളുമുണ്ടു്. ഒരു സംഘടനയുടെയൊ പൌരന്റേയോ പ്രവർത്തനം അവരുമായി അടുത്തബന്ധം പുലർത്തുന്നവർക്ക് വമ്പിച്ചതോതിലുള്ള വിഷമം ഉണ്ടാക്കുന്ന ഒന്നാണെങ്കിൽ ആ സ്ഥാപനമൊ പൌരനൊ (ട്രാൻസ്പോർട്ട സ്ഥാപനങ്ങൾ, പ്രൊജക്ടുകൾ, കാറുടമസ്ഥന്മാർ മുതലായവ) നഷ്ടപരിഹാരബാദ്ധ്യതയ്ക്കു് വിധേയമാണു്. അതു കൂടാതെ കഴിക്കണമെങ്കിൽ അപകടംപിണഞ്ഞ ആൾ അപകടമുണ്ടാക്കിയതു് കല്പിച്ചുകൂട്ടിയാണെന്നു് സ്ഥാപനമൊ പൌരനൊ തെളിയിക്കണമെന്നാണു് നിയമം. ഈ വ്യവസ്ഥ സുസ്ഥാപിതമാണു്. കാരണം, സാങ്കേതികവിദ്യയുടെ വളർച്ചയോടുകൂടി, സാങ്കേതികമാർഗ്ഗങ്ങളും യന്ത്രങ്ങളുമുപയോഗിക്കുന്നതുമൂലമുണ്ടാകുന്ന അപകടങ്ങൾ തടയുന്നതിനു്, ഫലപ്രദമായ നടപടികൾ എടുക്കേണ്ട ആവശ്യം വർദ്ധിച്ചിരിക്കുകയാണു്.

പരുക്കിന്നു് പൂർണ്ണമായ പരിഹാരം ലഭിക്കുന്നതാണു്. പരുക്കേല്ക്കുന്നതു് ഒരാളുടെ അങ്ങേയററത്തെ അനാസ്ഥകൊണ്ടാണെങ്കിൽ മാത്രമെ നഷ്ടപരിഹാരത്തിൽ കുറവു് വരുത്തുകയുള്ളു.

ദേഹസംബന്ധമായ പരുക്കുകളോ ആരോഗ്യത്തിനു് ഹാനികരമായ പരുക്കോ ഒരാൾക്കേല്ക്കുകയും തന്മൂലം അയാൾക്കു് ജോലിയെടുക്കുവാൻ കഴിയാതെ സമ്പാദ്യഹാനി സംഭവിക്കുകയും ചെയ്താൽ, പരുക്കേല്പിക്കുന്നതിനു് ഉത്തരവാദിയായ സ്ഥാപനമോ പൌരനോ, പരുക്കുപററിയ ആൾക്കു് നഷ്ടപരിഹാരവും പ്രത്യേക ആഹാരങ്ങളും ചികിത്സയും കൂടുതൽ സംരക്ഷയ്ക്കാവശ്യമായ വകയും നൽകേണ്ടതാണു്.

പരുക്കു് മരണത്തിൽ കലാശിച്ചാൽ നഷ്ടപരിഹാരം ലഭിക്കുവാനുള്ള അഹ്ത മരിച്ച ആളുടെ സംരക്ഷണയിൽ കഴിയുന്നവരും ജീവസന്ധാരണത്തിനു് വഴിയില്ലാത്തവരുമായവക്കും അയാളുടെ മരണത്തിനുശേഷമുണ്ടായ കുട്ടിക്കുമാണു്.

പരുക്കേററതോ അല്ലെങ്കിൽ മരിച്ചതോ ആയ ആളും അയാളുടെ ആശ്രിതന്മാരോ ഗവണ്മെണ്ടു്പെൻഷനുള്ളവരാണെങ്കിൽ, നഷ്ടപരിഹാരസംഖ്യ തദനുസാരം കുറയ്ക്കപ്പെടുന്നതായിരിക്കും.

യു. എസ്സ്. എസ്സ്. ആറിൽ സ്ഥാപിക്കപ്പെട്ട നടവടിയനുസരിച്ചു് ഒരു തൊഴിലാളിയ്ക്കോ ജോലിക്കാരനോ ജോലിയിൽ പ്രവേശിച്ചിരിക്കുമ്പോൾ, സ്ഥാപനത്തിൻെറ കുററംമൂലം, ദേഹസംബന്ധമായ പരുക്കേററാൽ, ആ സ്ഥാപനത്തിൻെറ മാനേജുമെൻറ്തീരുമാനമനുസരിച്ചു്, പരുക്കേററവനു് നഷ്ടപരിഹാരം നല്കുന്നതാണു്.

മാനേജുമെൻറിൻെറ ഇക്കാര്യത്തിലുള്ള തീരുമാനത്തോടു ബന്ധപ്പെട്ട തൊഴിലാളി വിയോജിക്കുന്നപക്ഷം, തക്കം ട്രെയിഡ്യൂണിയൻകമ്മിററിയുടെ പരിശോധനയ്ക്കു് വിടുന്നതും എന്നിട്ടും തൃപ്തികരമായ ഫലം ഉണ്ടാകാത്തപക്ഷം, തക്കംസംബന്ധിച്ചു് കോടതിയിൽ ഒരു കേസ്സ് ഫയൽചെയ്യുന്നതുമാണു്.

സോഷ്യലിസ്റ്റ്‌വസ്തുക്കൾ സംരക്ഷിക്കുകയെന്നതിൽനിന്നു് ഉത്ഭവിക്കുന്നതും നിശ്ശേഷം നവീനവുമായ രൂപത്തിനു് യു. എസ്സ്. എസ്സ്. ആറിലേയും യൂണിയൻ റിപ്പബ്ലിക്കുകളിലേയും സിവിൽനിയമത്തിൻെറ മൌലികതത്വങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. സോഷ്യലിസ്റ്റ്‌മുതലിനെ—വ്യക്തിയുടേതല്ലെന്നത്ഥം —ആപത്തിൽനിന്നും നാശത്തിൽനിന്നും ഉപദ്രവത്തിൽനിന്നും (അഗ്നി, അപഹരണം മുതലായവ) രക്ഷിക്കുകയെന്ന നടവടി മൂലം പരുക്കുപററുന്ന ഒരാൾക്കു് നഷ്ടപരിഹാരം നൽകുന്നതു്, അയാൾ ഏതു സ്ഥാപനത്തിൻെറ വസ്തു രക്ഷിച്ചുവോ, ആ സ്ഥാപനമായിരിക്കും. തൻെറ ചുമതലയിൽ സോഷ്യലിസ്റ്റ്‌മുതൽ സംരക്ഷിക്കുകയെന്ന ചുമതല ഉൾപ്പെടുന്നില്ലെങ്കിൽമാത്രമേ അയാൾ നഷ്ടപരിഹാരത്തിന്നഹ്നാവുകയുള്ളൂ. തങ്ങളുടെ പൌരാവകാശച്ചുമതലകൾ നിർവ്വഹിച്ചുകൊണ്ടാണു് ഇക്കാര്യത്തിൽ പൌരന്മാർ പ്രവർത്തിക്കുന്നതു്. അവരുടെ മേൽ ആരും പരുക്കേല്പിക്കുന്നില്ല; പരുക്കേല്ക്കുന്നതു് അവരുടെ സ്വന്തം പ്രവർത്തനംമൂലമാണു്. എങ്കിൽപോലും പൌരന്മാർ പ്രവർത്തിക്കുന്നതു ജനങ്ങളുടെ മുതൽ സംരക്ഷിക്കുവാനാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ടു്, സോഷ്യലിസ്റ്റ്‌ഗവമ്മെണ്ടു് അവരുടെ ആരോഗ്യത്തെയും ജീവിതത്തെയും പരിരക്ഷിക്കുന്നു.

## 8. സോഷ്യലിസ്റ്റ്‌രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ സിവിൽനിയമത്തിൻെറ പങ്കു്

തൊഴിലാളിസാവ്വദേശീയത്വം, ദേശീയതാല്പര്യങ്ങളോടുള്ള ബഹുമാനം, പരസ്പരസഹായം, സമത്വം, ഒരു രാജ്യത്തിൻെറ ആഭ്യന്തരകാര്യങ്ങളിൽ മറെറാരു രാജ്യം കയ്യിടാതിരിക്കൽ എന്നീ തത്വങ്ങളിന്മേൽ അധിഷ്ഠിതമായിട്ടുള്ളതാണു് സോഷ്യലിസ്റ്റ്‌രാജ്യങ്ങൾതമ്മിലുള്ള ബഹുമുഖമായ സഹകരണം. ഇതുമൂലം ഈ രാജ്യങ്ങളിലെ സംഘടനകളും പൌരന്മാരുംതമ്മിലുള്ള

സിവിൽബന്ധങ്ങളെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാവശ്യമായിവന്നു. ഈ ചട്ടങ്ങളുടെ ആവിഷ്ടരണംമൂലം സോഷ്യലിസ്റ്റ്രാജ്യങ്ങൾതമ്മിലുള്ള സാമ്പത്തികവും സാംസ്കാരികവുമായ ബന്ധങ്ങൾ നന്നാക്കുവാനിടയാകുന്നു. ഈ രാജ്യങ്ങളിൽ സിവിൽനിയമങ്ങൾ തമ്മിലുള്ള സംഘട്ടനമുണ്ടാകുന്നതവസാനിപ്പിക്കുവാനും ഇതുമൂലം സാധിക്കുന്നു. ഉദാഹരണത്തിനു്, 1958ൽ പരസ്പരസാമ്പത്തികസഹായക്കൌൺസിലിലെ (Mutual economic Assistance council) അംഗരാഷ്ട്രങ്ങൾ ചരക്കുകൾ എത്തിക്കുന്നതിനുള്ള പൊതുവ്യവസ്ഥകൾ അംഗീകരിക്കുകയുണ്ടായി. സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിൽ വിദേശവ്യാപാര ഇടപാടുകൾ ഉണ്ടാക്കുന്നതു സംബന്ധിച്ച നടപടിസമ്പ്രദായം നിയന്ത്രിക്കുന്നതിനുള്ള സാധാരണ നിയമമായിത്തീർന്നു ആ പൊതുവ്യവസ്ഥകൾ.

വിദേശവ്യാപാരം നിയന്ത്രിക്കുന്ന കാര്യത്തിൽ സാമ്പത്തിക സഹകരണം സംബന്ധിച്ചുള്ള കച്ചവടഉടമ്പടികളും കരാറുകളും വലിയ ഒരു പങ്കുവഹിക്കുകയുണ്ടായി. നിയമപരമായ സ്ഥാപനങ്ങളുടെയും പൌരന്മാരുടേയും നിയമപരമായ സ്ഥാനം, കടൽച്ചുങ്കം, തീരുവ, നികുതികൾ, ബാദ്ധ്യതകൾ, മാദ്ധ്യസ്ഥസമിതികളുടെ തീരുമാനങ്ങൾ നടപ്പിലാക്കൽ മുതലായ പ്രശ്നങ്ങളെ ഈ ഉടമ്പടികളും കരാറുകളും നിയന്ത്രിക്കുന്നു. വ്യാപാരം, സാമ്പത്തിക സഹകരണത്തിലെ മററു മേഖലകൾ എന്നിവ സംബന്ധിച്ചു്, തുല്യാവകാശാടിസ്ഥാനത്തിലാണു് ഉടമ്പടികളും കരാറുകളും ഉണ്ടാക്കപ്പെടുന്നതു്.

ഈ രാജ്യങ്ങളുടെ സാമ്പത്തിക–സാംസ്കാരികബന്ധങ്ങൾ വളരുന്നതോടുകൂടി സോഷ്യലിസ്റ്റ് രാജ്യങ്ങളിലധിവസിക്കുന്ന വിദേശപൌരന്മാരുടെ എണ്ണവും വർദ്ധിക്കുന്നു. വ്യവസായസ്ഥാപനങ്ങൾ പടുത്തുയർത്തുവാനും ഉപകരണങ്ങൾ സ്ഥാപിക്കുവാനും മററും ഈ പൌരന്മാർ സഹായിക്കുന്നു ഇവർ പഠിക്കുക

യും പ്രായോഗികപരിശീലനം മുതലായവ കഴിക്കുകയും ചെയ്യുന്നു.

ദേശീയ സമത്വമെന്ന തത്വത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് നിയമപരമായ ഈ പദവി. മററുതരത്തിൽ പറഞ്ഞാൽ വംശം, ദേശീയത്വം, മററു പ്രത്യേകതകൾ എന്നിവ പരിഗണിക്കാതെ ഒരു രാജ്യത്തിൽ അതിൻെറ പൌരന്മാക്കുള്ള അവകാശം മററു പൌരന്മാക്കും അനുവദിക്കുന്നുവെന്നത്ഥം. (ഈ നിയമത്തിൽ നിന്നുള്ള ഒഴിവാക്കൽ, നിയമംവഴി നിശ്ചയിക്കപ്പെടുന്നതാണ്) ഈ ചട്ടങ്ങൾ സിവിൽ നിയമങ്ങളിലും നിയമനിമ്മാണനടപടികളിലും വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, "വിദേശികളുടെയും സ്വന്തം രാജ്യം ഇല്ലാത്തവരുടേയും നിയമയോഗ്യത, വിദേശരാജ്യങ്ങളിലെ സിവിൽ നിയമത്തിൻെറ പ്രായോഗികത, അന്താരാഷ്ട്രീയ ഉടമ്പടികളും കരാറുകളും" എന്ന ശീഷകത്തിൽ ഒരു പ്രത്യേക വകുപ്പ് യു. എസ്സ്. എസ്സ്. ആറിലെയും യൂണിയൻ റിപ്പബ്ളിക്കുകളിലെയും സിവിൽനിയമത്തിൻെറ അടിസ്ഥാനതത്വങ്ങളിൽ സ്ഥലംപിടിച്ചിട്ടുണ്ട്. യു. എസ്സ്. എസ്സ്. ആറിൽ സോവിയററ് പൌരന്മാരോടൊപ്പം വിദേശിയരും നിയമയോഗ്യതയുള്ളവരാണെന്ന് ഈ വകുപ്പിൽ പ്രസ്താവിക്കുന്നു. യു. എസ്സ്. എസ്സ്. ആറിൽ വിദേശസ്ഥാപനങ്ങൾക്കും സംഘടനകൾക്കും വിദേശവ്യാപാരം നടത്തുവാനും അധികാരപ്പെടുത്തിയ സോവിയററ് വ്യാപാരസംഘടനകളുമായി ഇടവാടുകൾ നടത്തുവാനും പ്രത്യേകം അനുമതിയാവശ്യമില്ല. പരസ്പരധാരണവഴി, മററുതരത്തിൽ വ്യവസ്ഥ ചെയ്യപ്പെടാത്തടത്തോളംകാലം, ഒരിടവാടു നടക്കുന്ന രാജ്യത്തിലെ നിയമങ്ങളനുസരിച്ചാണ്, ഒരു വിദേശവ്യാപാര ഇടവാടിൽ ഏപ്പെടുന്ന കക്ഷികളുടെ അവകാശങ്ങളും ചുമതലകളും തീരുമാനിക്കപ്പെടുന്നതു്. സോവിയററ് സമ്പ്രദായത്തിൻെറ തത്വങ്ങൾക്ക് വിദേശനിയമം എതിരാകുന്നെങ്കിൽ ആ വിദേശനിയമം ബാധകമാക്കുന്നതല്ലെന്ന കാര്യം പ്രസ്താവയോഗ്യമാണ്.

സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിൽ, സിവിലും കുടുംബ സംബന്ധവുമായ കേസ്സുകൾക്ക് തുല്യാവകാശാടിസ്ഥാനത്തിൽ നിയമസഹായം നല്കുവാൻ സമ്മതിച്ചുകൊണ്ടുണ്ടാക്കിയിട്ടുള്ള കരാറുകൾ, വിദേശരാജ്യങ്ങളിലെ പൌരന്മാരും സംഘടനകളും തമ്മിലുള്ള ബന്ധങ്ങൾ നിയന്ത്രിക്കുന്നതിൽ ഗണ്യമായ പങ്കു വഹിക്കുന്നു. സിവിൽ-ക്രിമിനൽ കേസ്സുകൾ സംബന്ധിച്ച് അങ്ങിനെയൊരു കരാർ ആദ്യം ഉണ്ടാക്കിയത് പോളണ്ടും ചെക്കോസ്ലാവാക്കിയയും തമ്മിലാണ്. (1949 ജനുവരി 21-ാംനു-) ഇപ്രകാരമുള്ള കരാർ 1953 ആഗസ്റ്റ് 8-ാംനു- ബൾഗേറിയയും ഹങ്കറിയും തമ്മിലും 1957 ആഗസ്റ്റ് 31-ാംനു- സോവിയററ് യൂണിയനും ചെക്കോസ്ലോവാക്കിയയും തമ്മിലും ഉണ്ടാക്കുകയുണ്ടായി. ഈ രാജ്യങ്ങളിലെ പൌരന്മാരുടെ നിയമപരമായ പിന്തുടച്ചാവകാശം, വിവാഹ-കുടുംബബന്ധങ്ങൾ മുതലായവ സംബന്ധിച്ച്, ഐകരൂപ്യത്തിലുള്ള ചട്ടങ്ങൾ മുതലായവ ഈ കരാറുകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. കോടതിമുതലായ നിയമസ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ നിന്നുത്ഭവിക്കുന്ന പ്രശ്നങ്ങൾക്കും (കോടതിവിധികൾ അംഗീകരിക്കലും അവ നിറവേററലും നിയമസഹായം നല്കലും മുതലായവ) ഇവ തീരുമാനമുണ്ടാക്കുന്നു.

പേററൻറുകൾ, കണ്ടുപിടുത്തങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുവാനുള്ള ലൈസൻസുകൾ, സാങ്കേതികപ്രമാണങ്ങൾ മുതലായവ, തുല്യാടിസ്ഥാനത്തിൽ കൈമാറുവാൻ വ്യവസ്ഥ ചെയ്യുന്ന, ശാസ്ത്രീയ-സാങ്കേതികക്കരാറുകളെപ്പററിയും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സാങ്കേതികപ്രമാണങ്ങളുടെ പകർപ്പുകൾ കൂടുതലായി തയ്യാറാക്കുവാനും അയയ്ക്കുവാനുമുള്ള ചിലവുകൾ ഒഴികെ മററൊരു ചിലവും വേണ്ടിവരുന്നില്ല.

എല്ലാ പ്രവർത്തനരംഗങ്ങളിലും സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിലുണ്ടാക്കുന്ന ബന്ധങ്ങൾ ശക്തിപ്പെടുത്തുവാനും വികസിപ്പിക്കുവാനും സിവിൽനിയമമങ്ങിനെ സഹായിക്കുന്നു.

## അദ്ധ്യായം മൂന്ന്

# സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിന്റെ രൂപരേഖ

## 1. സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിന്റെ സങ്കല്പം.

കുററം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം, കുററങ്ങളുടെ വിവിധരൂപങ്ങൾ, കുററവാളികൾക്കു ബാധകമാക്കുന്ന ശിക്ഷകൾ എന്നിവ വിവരിക്കുന്നതും ഗവർമ്മെണ്ടിന്റെ സമുന്നത വകുപ്പുകൾ വിളംബരപ്പെടുത്തുന്നതുമായ നിയമങ്ങളുടേയും ചട്ടങ്ങളുടേയും ആകത്തുകയാണ് സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം.

രാഷ്ട്രത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ സമ്പ്രദായം, പൊതുമുതൽ, പൌരന്മാരുടെ വ്യക്തിത്വവും അവകാശങ്ങളും, കുററകരമായ കയ്യേററത്തിന്നെതിരായ നിയമസമാധാനപാലനം എന്നിവ രക്ഷിക്കുകയും നിലനിത്തുകയുമാണ് ക്രിമിനൽ നിയമത്തിന്റെ ജോലി. സമൂഹത്തിന്നപകടകരമായ പ്രവർത്തനങ്ങൾ തക്കസമയത്തു കണ്ടുപിടിച്ച് അവയ്ക്കെതിരായി നടവടികൾ സ്വീകരിക്കുകയും കുററം ചെയ്യുന്നവരെ ശിക്ഷിക്കുകയും ചെയ്തുകൊണ്ടാണ് ഈ ജോലി നിർവ്വഹിക്കപ്പെടുന്നത്.

കുററം തടയുന്നതുമൂലം സോഷ്യലിസ്റ്റ് രാഷ്ട്രത്തെ ശക്തിപ്പെടുത്തുവാനും നിയമസമാധാനം പാലിക്കുവാനും വ്യക്തികളുടെ

അവകാശതാല്പര്യങ്ങൾക്കുറപ്പു നല്കുവാനും ക്രിമിനൽനിയമം സഹായിക്കുന്നു.

നിലവിലുണ്ടായിരുന്ന പഴയതും ദൂഷണാസക്തവും ജനവിരുദ്ധവുമായ ക്രിമിനൽനിയമത്തെയും ബൂർഷ്വാ നീതിന്യായ സംകല്പിനേയും റദ്ദാക്കിക്കൊണ്ടാണ് സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം പ്രാബല്യത്തിൽ വന്നതു്.

പഴയ ബൂർഷ്വാ ക്രിമിനൽനിയമം റദ്ദാക്കിയതിനുശേഷം അദ്ധ്വാനിക്കുന്ന ജനതയുടെ അധികാരികൾ, പുതിയ നിയമസമാധാനത്തിനും സോഷ്യലിസ്റ്റ്‌രാഷ്ട്രത്തിനും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ നേട്ടങ്ങൾക്കും എതിരായ ക്രിമിനൽ കുററങ്ങൾ തടയണമെന്ന ഉദ്ദേശത്തോടുകൂടി, അനേകം കല്പനകൾ വിളംബരപ്പെടുത്തി. പ്രതിവിപ്ലവപരമായ കുററങ്ങൾ, കൂട്ടായ്മകവർച്ച, കൊള്ളലാഭമെടുക്കൽ, സൈനികകുററങ്ങൾ, കള്ളനാണയം പ്രചരിപ്പിക്കൽ മുതലായവയെ പ്രതിരോധിക്കുവാനാണ് നിയമങ്ങൾ പാസ്സാക്കിയതു്.

പുതിയ ജനകീയരാഷ്ട്രത്തിന്റെ സോഷ്യലിസ്റ്റ്‌സ്വഭാവത്തിന് നിരക്കുന്ന മട്ടിൽ ഭേദഗതികൾ വരുത്തിക്കൊണ്ടു്, പഴയ ക്രിമിനൽനിയമങ്ങൾ തുടരുന്നതു് താല്ക്കാലികമായി അനുവദിക്കപ്പെടുകയുണ്ടായി.

വിവിധ സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽ പഴയ ക്രിമിനൽ നിയമം നിലവിലിരുന്ന കാലപരിധി അനേകം മാസങ്ങൾ തൊട്ട അനേകം കൊല്ലങ്ങളോളമായിരുന്നു.

വർഗ്ഗശത്രുക്കൾ, തെമ്മാടികൾ മുതലായ സാമൂഹ്യവിരുദ്ധ ശക്തികളുടെ കയ്യേററങ്ങളിൽനിന്നു സോഷ്യലിസ്റ്റ്‌രാഷ്ട്രത്തേയും അതിലെ നിയമസമാധാനത്തേയും ജനകീയനേട്ടങ്ങളേയും സംരക്ഷിക്കുവാൻ സഹായിക്കുന്ന സംഗതികളിൽ മാത്രമെ പഴയ ക്രിമിനൽ നിയമങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നുള്ളു.

സോഷ്യലിസ്റ്റ് ക്രിമിനൽനിയമം ജനകീയാഭിപ്രായത്തെ പ്രകടമാക്കുന്നു. ദൂഷണത്തിൽനിന്നും കൊളോണിയൽ മർദ്ദന

ത്തിൽനിന്നും സ്വയം വിമോചിതരായ ജനങ്ങളുടെ നേട്ടങ്ങളെ സംരക്ഷിക്കുകയെന്നതാണ്. അതിൻെറ ലക്ഷ്യം.

പുതിയ ക്രിമിനൽനിയമം ചിട്ടപ്പെടുത്തിട്ടുണ്ട്. എന്നാൽ പുതിയ ക്രിമിനൽനിയമം അംഗീകരിക്കുന്നതിനുമുമ്പ് എല്ലാ പഴയ ക്രിമിനൽനിയമങ്ങളും റദ്ദാക്കപ്പെടുകയുണ്ടായി. സോഷ്യലിസ്റ്റ് ഗവൺമെൻറ് നടപ്പിലാക്കിയ നിയമനിർമ്മാണനടപടികൾക്കു മാത്രമേ പിന്നീട് പ്രാബല്യമുണ്ടാകുന്നുള്ളു.

സോഷ്യലിസ്റ്റ് നിർമ്മാണത്തിൻെറ വിവിധഘട്ടങ്ങളിൽ ഉണ്ടാകുന്ന സംഭവവികാസങ്ങൾക്കനുരൂപമായി ക്രിമിനൽ നിയമത്തിൽ ഭേദഗതികൾ വരുത്താവുന്നതാണ്.

സോഷ്യലിസ്റ്റ്നിർമ്മാണത്തിന്നെതിരായ, പുതിയ രൂപത്തിലുള്ള എതിർപ്പുകൾ കാലാന്തരത്തിൽ ഉണ്ടായെന്നു വരാം. പുതിയ സോഷ്യലിസ്റ്റ്രാജ്യങ്ങളുടെ വിലയിടിക്കുവാനുള്ള സാമ്രാജ്യത്തച്ചേരിയുടെ പ്രവർത്തനങ്ങൾ പുതിയ രൂപത്തിൽ പ്രകടിതമായേക്കും. ഈ വസ്തുതകളാണ് പുതിയ ക്രിമിനൽ നിയമനിർമ്മാണനടപടിയെയോ പഴയ നിയമത്തിൻെറ ഭേദഗതിയെയോ നിർണ്ണയിക്കുന്നതു്.

## 2. ക്രിമിനൽനിയമം

ഗവർമ്മെണ്ടിൻെറ ഒരു ഉന്നതാധികാരവകുപ്പ് വിളംബരപ്പെടുത്തുന്ന ഒരു നടപടിയാണ് ക്രിമിനൽനിയമം. കുററത്തെയും കുററങ്ങളുടെ കാരണങ്ങളെയും തടയുക, കുററങ്ങൾ ചെയ്യുന്നവക്ക് ശിക്ഷ നല്കുക, എന്നീ കാര്യങ്ങളുടെ പൊതുതത്വങ്ങൾ ക്രിമിനൽ നിയമം നിർണ്ണയിക്കുന്നു.

ഗവർമ്മെണ്ടിൻെറ ഒരു ഉന്നതാധികാരവകുപ്പിനുമാത്രമേ ക്രിമിനൽനിയമനിർമ്മാണനടപടിക്ക് അധികാരമുള്ളു. മററു യാതൊരു വകുപ്പിനും ക്രിമിനൽനിയമങ്ങൾ വിളംബരപ്പെടുത്തുവാനോ നിയമത്തിൽ ഭേദഗതി വരുത്തുവാനോ അധികാരമില്ല.

പൊതുവിഭാഗം, പ്രത്യേകവിഭാഗമെന്നിങ്ങനെ രണ്ടു ഭാഗങ്ങളുൾക്കൊള്ളുന്നതാണ് ക്രിമിനൽനിയമം.

ഓരോ ക്രിമിനൽകുററത്തിനുമുള്ള ഉത്തരവാദിത്വത്തിൻെറ പൊതുതത്വങ്ങളാണ് പൊതുവിഭാഗത്തിൽ നിർണ്ണയിക്കുന്നത്. കുററത്തിനുള്ള ഉത്തരവാദിത്വം, ക്രിമിനൽനിയമത്തിൻെറ പരിധി, കുററത്തിലെ പ്രധാനഘടകങ്ങൾ, മുഴുമിപ്പിച്ചതൊ അല്ലാത്തതൊ ആയ കുററങ്ങളുടെ ഉത്തരവാദിത്വം, കുററം ചെയ്യുന്നതിലുള്ള പങ്കാളിത്തം എന്നിവയ്ക്കുള്ള കാരണങ്ങളുടെ പശ്ചാത്തലം എന്നിവയേയും ശിക്ഷയുടെ ഉദ്ദേശങ്ങളേയും ശിക്ഷകളേയും വിവരിക്കുകയും അവയെങ്ങിനെ പ്രായോഗികമാക്കാമെന്നു് സ്ഥാപിക്കുകയും കുററങ്ങളിൽനിന്നു് എങ്ങിനെ വിമുക്തമാകാമെന്നും മററം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതാണ് ഈ നിയമം.

കുററങ്ങളുടെ തരങ്ങളെ വിവരിക്കുകയും അവയ്ക്കുള്ള ശിക്ഷകൾ നിർദ്ദേശിക്കുകയും ചെയ്യുന്നതാണ് പ്രത്യേക വിഭാഗം.

ക്രിമിനൽനിയമത്തെ അദ്ധ്യായങ്ങളായും അവയെ ഖണ്ഡികകളായും വിഭജിച്ചിരിക്കുന്നു.

ക്രിമിനൽനിയമം (ക്രിമിനൽനിയമസംഹിത)* ഒരു സ്റ്റെയിററിലെല്ലായിടത്തും പ്രയോഗിക്കപ്പെടുന്നു. ഒരു സ്റ്റെയിററിലെ ഭൂവിഭാഗം എന്നർത്ഥമാക്കുന്നതു അതിൻെറ അതിർത്തിക്കുള്ളിൽ പെട്ട ഭൂവിഭാഗം, ജലാശയങ്ങൾ, അതിർത്തിക്കുള്ളിൽ വരുന്ന നഭോമണ്ഡലം, കടലിലുള്ള വ്യാപാരക്കപ്പലുകൾ, നാവികക്കപ്പലുകൾ, വിദേശനയതന്ത്രകാര്യാലയങ്ങളുടെ പ്രദേശങ്ങൾ എന്നിവയാണ്.

ഒന്നിലധികം പ്രദേശങ്ങളിൽ അവകാശങ്ങളുള്ളവരൊഴിച്ച്, സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽ കുററംചെയ്യുന്ന എല്ലാവക്കും ക്രിമിനൽനിയമം ബാധകമാണ്.

---

* യു. എസ്സ്. എസ്സ്. ആറിൻെറ ഓരോ യൂണിയൻറിപ്പബ്ലിക്കിനും അതിൻേറതായ ക്രിമിനൽചട്ടങ്ങളുണ്ട്.

ഔദ്യോഗികമോ അനൗദ്യോഗികമോ ആയ സന്ദർശനം നടത്തുന്ന വിദേശരാജ്യത്തലവന്മാർ, അംബാസിഡർമാർ, നയതന്ത്രപ്രതിനിധികൾ, അവരുടെ മൈനർമാർ, പരസ്പരനയതന്ത്രകരാറനുസരിച്ചുള്ള അവകാശങ്ങളുള്ളവർ എന്നിവരാണ് രാജ്യാന്തരാവകാശമുള്ളവരെന്നു പറയപ്പെടുന്നതു്.

വിദേശരാജ്യങ്ങളുടെ നയതന്ത്രപ്രതിനിധികൾ, രാജ്യാന്തരാവകാശമുള്ള വിദേശീയർ എന്നിവർ കുററം ചെയ്യുന്ന പക്ഷം അതിൻെറ ഉത്തരവാദിത്വം തീരുമാനിക്കുന്നതു നയതന്ത്ര പരമായ മാർഗ്ഗങ്ങൾവഴിക്കാണ്.

ഒരു സോഷ്യലിസ്റ്റ്രാജ്യത്തിലെ പൌരന്മാർ വിദേശത്തു വെച്ചു കുററംചെയ്താൽ ആ സോഷ്യലിസ്റ്റ്രാജ്യത്തിൻെറ ക്രിമിനൽനിയമമനുസരിച്ച് അവരിൽ കുററത്തിനുള്ള ഉത്തരവാദിത്വം ചുമത്തുന്നതാണ്.

തങ്ങളുടെ കുററത്തിൻെറ പേരിൽ അങ്ങിനെയുള്ളവർ ശിക്ഷിക്കപ്പെട്ടുകയാണെങ്കിൽ കോടതിക്ക് അവരുടെ ശിക്ഷ ലഘൂകരിക്കുകയോ അല്ലെങ്കിൽ കുററത്തിൽനിന്നവരെ തീരെ വിമുക്തമാക്കുകയോ ചെയ്യാവുന്നതാണ്.

കള്ളനാണയം, അശ്ലീലസാഹിത്യം എന്നിവ പ്രചരിപ്പിക്കൽ മുതലായവയ്ക്ക് എതിരായി എടുക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള അന്താരാഷ്ട്രീയകരാറുപ്രകാരം, ഈ കുററങ്ങൾ ചെയ്ത വിദേശികൾ സോഷ്യലിസ്റ്റ്രാജ്യത്തിനു് പുറത്തുവെച്ച് ശിക്ഷിക്കപ്പെട്ടിരുന്നാലും, അവരെ കുററവാളികളായിത്തന്നെ പ്രഖ്യാപിക്കപ്പെടുന്നതാണ്.

ഒരു ക്രിമിനൽനിയമം പ്രാബല്യത്തിൽ വരുത്തുന്നതു് പ്രത്യേകനിയമനിർമ്മാണംവഴിക്കാണ്.

ഒരു ക്രിമിനൽനിയമം നടപ്പിലാക്കുന്നതിനു മുമ്പ് അതു പ്രസിദ്ധീകരിക്കപ്പെട്ടുകയോ മററുവിധത്തിൽ പൊതുജനശ്രദ്ധയിൽ കൊണ്ടുവരികയോ വേണം. പ്രസിദ്ധീകരണത്തിനുശേഷം കുറച്ചുകഴിഞ്ഞിട്ടേ അതു് നടപ്പിലാക്കുവാൻ പാടുള്ളൂ. ജന

ങ്ങൾക്കും നിയമാധികാരികൾക്കും പുതിയ ക്രിമിനൽ നിയമത്തെപ്പററി പഠിക്കുവാൻ ഈ സമയം ആവശ്യമാണ്. ഉദാഹരണത്തിന്, ഒരു നിയമനിർമ്മാണസമിതി ഒരു നിയമം പാസ്സാക്കി ഏഴു ദിവസങ്ങൾക്കു മുമ്പായി അതു പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഈ നിയമം ഔദ്യോഗികപ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ച് പത്തു ദിവസങ്ങൾ കഴിഞ്ഞാൽ അതു നടപ്പിൽവരുന്നതാണ്. ചുരുക്കം ചില സന്ദർഭങ്ങളിൽ (യുദ്ധം, പ്രകൃതിക്ഷോഭം) നിയമം പാസ്സാക്കിയ ഉടനെയോ പ്രസിദ്ധീകരിച്ച ഉടനെയോ അതു നടപ്പിൽവരുന്നതാണ്.

ഒരു ക്രിമിനൽനിയമം മറെറാന്നിനാൽ റദ്ദാക്കപ്പെടുകയോ, പകരം ഒന്നുണ്ടാക്കുകയോ അല്ലെങ്കിൽ അതിന്റെ കാലാവധി അവസാനിക്കുകയോ ചെയ്താൽ അതു് അസാധുവായിത്തീരുന്നതാണ്. പക്ഷെ ആ നിയമത്തിന്റെ പ്രാബല്യത്തിന് ഒരു കാലാവധി നിശ്ചയിച്ചിരിക്കണമെന്നുമാത്രം.

ഒരു പുതിയ നിയമം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ചെയ്തിട്ടുള്ള നടപടികൾക്ക് അതു ബാധകമാണെങ്കിൽ, അതിന് പിൻകാലപ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ഒരു നിയമത്തിൽ പറയുന്ന കുററങ്ങളും ശിക്ഷയുമുള്ള ബാധ്യതകളും നിലവിലുള്ള നിയമം നടപ്പിലാക്കുമ്പോൾ നിർവ്വഹിക്കപ്പെടുന്നു. ചില സംഗതികളിൽ ഒരു പ്രവൃത്തിയെ അതു് കുററരഹിതമാക്കുകയോ, ശിക്ഷ കുറയ്ക്കുകയോ ചെയ്യുമ്പോൾ ആ നിയമം പിൻകാലപ്രാബല്യത്തോടുകൂടിയതായിരിക്കും.

ഓരോ ക്രിമിനൽ നിയമവും വ്യാഖ്യാനത്തിന് വിധേയമാണ്.

യഥാർത്ഥ അർത്ഥം, സാമൂഹ്യ–രാഷ്ട്രീയ ഉള്ളടക്കം, നിയമപരമായ പ്രാധാന്യം എന്നിവ വിശദമാക്കുന്നതിനെയാണ് ഒരു ക്രിമിനൽ നിയമത്തിന്റെ വ്യാഖ്യാനമെന്നു പറയുന്നതു്.

നിയമനിർമ്മാണസമിതി, കോടതി, എന്നിവയും ശാസ്ത്രജ്ഞന്മാർ മുതലായവരും ഒരു നിയമത്തിനു് വ്യാഖ്യാനം നൽകാവുന്നതാണു്.

ഒരു നിയമനിർമ്മാണസമിതി തന്നെ ഒരു ക്രിമിനൽ നിയമത്തെ അധികൃതമായി വ്യാഖ്യാനിച്ചാൽ (ഉദാ: നിയമം ഓരോരോ വ്യവസ്ഥകളേയും വിശദീകരിച്ചാൽ) ആ വ്യാഖ്യാനം അംഗീകരിക്കപ്പെടേണ്ടതാണു്. അതിനു് നിയമത്തിന്റെ പ്രാബല്യവുമുണ്ടു്.

ശാസ്ത്രജ്ഞന്മാരുടെ വ്യാഖ്യാനം (ശാസ്ത്രീയവിശദീകരണം) വിദ്യാഭ്യാസപരവും ശാസ്ത്രീയവുമായ കാര്യങ്ങൾക്കുവേണ്ടിയുള്ള നിയമവിശകലനമാണു്. നിയമത്തിന്റെ ശരിയായ അർത്ഥം പുറത്തുകൊണ്ടുവരുവാനും കോടതികളുടേയും സർക്കാർ വക്കീൽ കാര്യാലയത്തിന്റെയും അന്വേഷണവകുപ്പുകളുടേയും ജോലി സുഗമമാക്കുവാനും (നിയമം ബാധകമാക്കുന്നതു സംബന്ധിച്ചു്) പ്രത്യേക ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ തെററുപററാതിരിക്കുവാനും ശാസ്ത്രജ്ഞന്മാരുടെ വ്യാഖ്യാനം സഹായകമാകുന്നു.

## 3. കുററോത്തരവാദിത്വത്തിന്റെ കാരണങ്ങൾ

കുററം ചെയ്യുന്നതിന്റെ ഉത്തരവാദിത്വത്തിനുള്ള അടിസ്ഥാനമെന്നു് കരുതപ്പെടുന്നതിനേയും ഒരാളിൽ കുററോത്തരവാദിത്വം ചുമത്തി ശിക്ഷിക്കുന്നതിനേയും പററിയുള്ള വിവരണം, ഓരോ സോഷ്യലിസ്റ്റ് രാജ്യത്തേയും ഓരോ പൌരനേയും സംബന്ധിച്ചിടത്തോളം, അങ്ങേയററത്തെ പ്രാധാന്യം വഹിക്കുന്നതാണു്.

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിനു കീഴിൽ ഒരു ക്രിമിനൽ നിയമത്തിൽ പറയുന്ന ഒരു കുററം ചെയ്യുന്നതുമാത്രമാണു് കുററത്തിനുള്ള ഉത്തരവാദിത്വത്തിന്റെ അടിസ്ഥാനം. ഒരു സോഷ്യലിസ്റ്റ് രാജ്യത്തിൽ അത്തരം ഉത്തരവാദിത്വത്തിനു് വേറെ കാരണങ്ങളില്ല; ഉണ്ടാകുവാനും വഴിയില്ല.

വിപ്ലവപ്രസ്ഥാനങ്ങളെയും ദേശീയ വിമോചനപ്രസ്ഥാനങ്ങളേയും അടിച്ചമർത്തുകയെന്ന ഉദ്ദേശം പാലിച്ചുപോരുന്ന ബൂർഷ്വാ ക്രിമിനൽനിയമം, അധികാരിവർഗ്ഗത്തിന്റെ കാഴ്ചപ്പാട് വെച്ചുകൊണ്ട്, "രാജ്യദ്രോഹപരമായ ചിന്താഗതി", 'ദുഷ്ടമായ മനോഭാവം" ജീവശാസ്ത്രപരവും നരശാസ്ത്രപരവുമായ "അധമത്വം" എന്നിവയ്ക്ക് ക്രിമിനൽ ഉത്തരവാദിത്വവും ശിക്ഷയും നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ലാംബ്രോസൊ, ഫെറി, ഗാരോഫാലൊ എന്നിവരും മററു ബൂർഷ്വാ അഭിഭാഷകന്മാരും നരശാസ്ത്രപരമായ അധമത്വത്തിൽനിന്നാണ് കുററം ഉത്ഭവിക്കുന്നതെന്ന് വാദിക്കുന്നു. കൺപുരികത്തിന്റെ വളവ്, കണ്ണ്, ചെവി മുതലായവയുടെ പ്രത്യേക തരത്തിലുള്ള ആകൃതി മുതലായവ വഴി ഒരു മനുഷ്യൻ കുററം ചെയ്യുന്ന പ്രകൃതിക്കാരനാണോ അല്ലയോ എന്ന് തെളിയിക്കാമെന്നാണവരുടെ അഭിമതം. ഈ അടിസ്ഥാനത്തിൽ നരശാസ്ത്രപരമായ മൂലകങ്ങളുള്ള ആളുകൾക്കെതിരായി നടപടികൾ എടുക്കുന്നതിന് അവർ അരുനില്ക്കുന്നു.

ഒരു കുററം ചെയ്ത ആളെ മാത്രമേ—അതായതു ക്രിമിനൽ നിയമപ്രകാരം സമുദായത്തിന്നാപൽക്കരമെന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഒരു പ്രവൃത്തി കല്പിച്ചുകൂട്ടിയോ അനാസ്ഥമൂലമോ ചെയ്തിട്ടുള്ള ആളെയെന്നർത്ഥം—കുററത്തിന് ഉത്തരവാദിയാക്കുകയും ശിക്ഷിക്കുകയും ചെയ്യുവാൻ പാടുള്ളുവെന്ന് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ നിയമം അനുശാസിക്കുന്നു.

ഒരു കോടതി വിധിയനുസരിച്ചു മാത്രമേ ഒരാളെ ശിക്ഷിക്കുവാൻ പാടുള്ളു. കുററം ചെയ്തവരെ ശിക്ഷിക്കുന്നതിന് അധികാരമുള്ള ഏക സ്ഥാപനം അതു മാത്രമാണ്.

## 4. കുററത്തെപ്പററിയുള്ള സങ്കല്പവും കുററകാരണങ്ങളും

കുററം എക്കാലത്തും നിലനിന്നിരുന്നില്ല. സ്വകാര്യ ഉടമസ്ഥാവകാശം രൂപംകൊള്ളുകയും പരസ്പരം എതിർപ്പുള്ള വർഗ്ഗ

ങ്ങളായി സമൂഹം ഭിന്നിക്കുകയും രാഷ്ട്രം നിലവിൽ വരികയും ചെയ്ത, മാനുഷിക വികാസത്തിന്റെ ഒരു പ്രത്യേക കാലഘട്ടത്തിലാണ്, കുററം തലപൊക്കിയത്.

ചൂഷകസമുദായത്തിൽ, അധികാരിവർഗ്ഗത്തിന്റെ താല്പര്യത്തിനു് ഹാനികരമായ ഒരു കൃത്യമാണ് കുററം. തങ്ങളുടെ താല്പര്യങ്ങളിന്മേൽ കയ്യേററം നടത്തുന്ന—തങ്ങളുടെ അവിഭക്താധികാരത്തെ ചോദ്യം ചെയ്യുന്ന—എന്തിനെയും മുതലാളിവർഗ്ഗം ഒരു കുററമായി പ്രഖ്യാപിക്കുന്നു. കുററത്തിന്റെ വർഗ്ഗസ്വഭാവം മറച്ചുവെക്കുവാൻ കഴിയുന്നതെല്ലാം മുതലാളിവർഗ്ഗം ചെയ്യുകയും ചെയ്യുന്നു.

എല്ലാ കാലഘട്ടങ്ങളിലും ഉണ്ടാകുന്നതും എല്ലാ പൌരന്മാരുടെയും അവകാശങ്ങളിന്മേൽ കയ്യേററം നടത്തുന്നതുമായ ഒരു പ്രവൃത്തിയാണ് കുററമെന്നു് ബൂർഷ്വാ നിയമം വിശേഷിപ്പിക്കുന്നു. അതുകൊണ്ടു് ക്രിമിനൽ നിയമം നിരോധിച്ച ഒരു പ്രവൃത്തിയെന്നാണ് കുററത്തെപ്പററി നിയമം ഔപചാരികമായി വിശദീകരിക്കുന്നത്. എന്നാൽ ബൂർഷ്വാ ക്രിമിനൽനിയമം ചൂഷകന്മാരും അധികാരം വഹിക്കുന്നവരുമായ ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങളാണ് സംരക്ഷിക്കുന്നതെന്ന പരമാർത്ഥത്തെപ്പററി അതു് മിണ്ടുന്നില്ല.

ഒരു സോഷ്യലിസ്റ്റ് രാജ്യത്തിലും കുററത്തിന്നൊരു വർഗ്ഗസ്വഭാവമുണ്ട്. സോഷ്യലിസ്റ്റ് രാജ്യത്തിലെ ക്രിമിനൽ നിയമത്തിൽ പറഞ്ഞിട്ടുള്ളതുപ്രകാരം, അതു് തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കെതിരായ ഒരു നടപടിയാണ്.

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ചു്, സാമൂഹ്യ-രാഷ്ട്രീയ സമ്പ്രദായം, സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ, സോഷ്യലിസ്റ്റ് സമ്പത്തു്, വ്യക്തി, പൌരന്മാരുടെ രാഷ്ട്രീയവും തൊഴിൽപരവും സംയുക്തവും മററുമായ അവകാശങ്ങൾ എന്നിവയ്ക്കെതിരായിട്ടുള്ള ഒരു സാമൂഹ്യദ്രോഹ

നടപടിയും അല്ലെങ്കിൽ സംരംഭവും സോഷ്യലിസ്റ്റ് നിയമസമാധാനത്തെ ധിക്കരിക്കുന്ന മററ്റ്റു നടപടിയും ഒരു കുററമാണ്.

ഒരു കുററത്തിൻെറ അടിസ്ഥാനരൂപങ്ങളിലൊന്ന് അതുമൂലം സമുദായത്തിനുണ്ടാകുന്ന ആപത്താണ്. ഒരു ക്രിമിനൽ കുററം മുഴുവൻ ജനതയ്ക്കും എതിരാണെന്നുള്ളതുകൊണ്ട്, അതിൻെറ സാമൂഹ്യവിരുദ്ധ സ്വഭാവത്തിന് ശക്തികൂടുന്നു. ഒരു കുററം മാത്രമല്ലാ, ഭരണസംബന്ധമായും അച്ചടക്കസംബന്ധമായും മററുമുള്ള നിയമലംഘനങ്ങളും, സമുദായത്തിന് കുറെയൊക്കെ ആപത്തുണ്ടാക്കുന്നു.

അങ്ങെയുററത്തെ സാമൂഹ്യവിരുദ്ധ നടപടിയാണ് ഒരു കുററമെന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ഒരു കുററം ഒരു വ്യക്തിയുടെ നേരെയുള്ളതായാലും (കൊല, തട്ടിപ്പറി മുതലായവ) അത് മുഴുവൻ സമുദായത്തിൻേറയും താല്പര്യങ്ങളെ ബാധിക്കുന്നു.

കുററം സമുദായത്തിന്നാപല്ക്കരമാണെന്നുള്ളതുകൊണ്ട്, അതു ചെയ്യുന്നവരെ ശിക്ഷിക്കേണ്ടതാവശ്യമാണ്. ഒരു കുററത്തിൻെറ പ്രധാന ഘടകംതന്നെ ശിക്ഷയ്ക്കുള്ള വിധേയത്വമാണ്.

കുററം മാത്രമാണ് ശിക്ഷിക്കപ്പെടുന്നത്. ഒരു കൃത്യം കുററമായി പരിഗണിക്കപ്പെടണമെങ്കിൽ, അതു ചെയ്യുന്ന കാലത്ത്, ക്രിമിനൽ നിയമം ആ കൃത്യത്തെ നിരോധിച്ചിരിക്കണം. അതുകൊണ്ട് നിയമരാഹിത്യം കുററത്തിൻെറ മറെറാരു സ്വഭാവമാണ്.

കുററമെന്നു ക്രിമിനൽനിയമത്താൽ നിർവ്വചിക്കപ്പെടുന്ന ഒരു കൃത്യത്തിൽ, ഒരു പ്രവൃത്തിയുടെയോ തെററിൻെറയോ അംശം ഔപചാരികമായി ഉൾക്കൊള്ളുന്നുണ്ടെങ്കിലും, അതുമൂലം സമുദായത്തിന് ആപത്തുണ്ടാകുന്നില്ലെന്നുള്ള അതിൻെറ നിസ്സാരസ്വഭാവം പരിഗണിച്ച്, അതൊരു കുററമായി പരിഗണിക്കപ്പെടുന്നില്ല. ഉദാഹരണത്തിന്, കളവിൻെറ ഉത്തരവാദിത്വം ഉൾക്കൊള്ളുന്ന ഒരു പെൻസിൽമോഷണം ഔപചാരികമായി ക്രിമിനൽനിയമപ്രകാരം ശിക്ഷാർഹമാണെങ്കിലും, അതൊരു നി

സ്സാരപ്രവൃത്തിയാണെന്നുള്ളതുകൊണ്ടു്, കുററമായി പരിഗണിക്കുവാൻ തക്കവണ്ണം, അതു സമുദായത്തിന്നൊരാപത്തല്ല. ഇപ്രകാരമുള്ള ഒരു പ്രവൃത്തി അച്ചടക്കനടവടിക്കോ ഭരണപരമായ നടവടിക്കോ ധാർമ്മികമായ ആക്ഷേപിക്കലിനോ വിധേയമാക്കിയേക്കാം.

ഓരോ കുററവും ഒററക്കുള്ള അനേകം മൂലകങ്ങൾ (elements) കലർന്നതായിരിക്കാം. ക്രിമിനൽപ്രവൃത്തിയുടെ ഉദ്ദേശം, രൂപം, സമ്പ്രദായം, കുററവാളിയുടെ സ്വഭാവം മുതലായവ ചിത്രീകരിക്കുന്നവയാണു് ഈ മൂലകങ്ങൾ.

ഒരു പ്രത്യേക കുററത്തെ പ്രതിനിധാനംചെയ്യുന്ന ഈ മൂലകങ്ങളുടെ ആകത്തുകയെയാണു് കുററത്തിൻെറ കാരണങ്ങളായി വ്യവഹരിക്കപ്പെടുന്നതു്. ഒരു കുററത്തിൻെറ ഉദ്ദേശവും വസ്തുനിഷ്ഠമായ സവിശേഷതയും ഈ മൂലകങ്ങളാണു്. ഇവതന്നെയാണു് ഒരു കുററത്തിൻെറ വിഷയവും ആപേക്ഷികമായ വസ്തുതയും. ഈ മൂലകങ്ങളിൽ ഏതെങ്കിലുമൊന്നിൻെറ അഭാവം കുററത്തെയൊന്നാകെ ഇല്ലാതാക്കാം.

## 5. കുററത്തിൻെറ ഉദ്ദേശം

കുററം ഏതിൻെറ നേർക്കു തിരിച്ചുവിടുന്നുവോ, ഏതിന്മേൽ ദോഷം അല്ലെങ്കിൽ ആപത്തു് ആ കുററകരമായ പ്രവൃത്തിമൂലം ഏല്പിക്കപ്പെടുന്നുവോ, അതാണു് ഒരു കുററത്തിൻെറ ലക്ഷ്യം അല്ലെങ്കിൽ വിഷയം.

ഒരു കുററം സാമൂഹ്യ-രാഷ്ട്രീയസമ്പ്രദായത്തെയോ, സോഷ്യലിസ്റ്റ്സമ്പദ്വ്യവസ്ഥയെയോ, സോഷ്യലിസ്റ്റ്മുതലിനെയോ അല്ലെങ്കിൽ വ്യക്തിയെയോ, പൌരന്മാരുടെ രാഷ്ട്രീയവും ഭരണഘടനാപരവും സംയുക്തവുമായ അവകാശങ്ങളെയോ അതുമല്ലെങ്കിൽ സോഷ്യലിസ്റ്റ് നിയമസമാധാനത്തെയോ ഉല്ലംഘിക്കുന്നു

രാഷ്ട്രത്തിന്റെ സംരക്ഷ, ജീവൻ, വ്യക്തിപരമായ മുതൽ, പൊതു നിയമസമാധാനം മുതലായവയെ ഒരു കുററം ലംഘിച്ചേക്കാം. യഥാക്രമമായ ഉദാ: ചാരപ്പണി, കൊല, തട്ടിപ്പറി-ചതി, തെമ്മാടിത്തം.

ഏതു കുററത്തിനും വ്യക്തിപരവും അടിയന്തിരവുമായ ലക്ഷ്യങ്ങളുണ്ട്. ആ ലക്ഷ്യത്തിന്മേലാണ് കുററം ഉപദ്രവമോ അപായമോ ഏല്പിക്കുന്നതു്.

ക്രിമിനൽനിയമത്തിന്റെ പ്രത്യേകവിഭാഗം, കുററലക്ഷ്യത്തിന്റെ സ്വഭാവമനുസരിച്ച്, കുററങ്ങളെ ഗ്രൂപ്പുകളായി തരം തിരിക്കുകയും വിവരിക്കുകയും ചെയ്യുന്നു. ഒരു കുററത്തിന്റെ സ്വഭാവമാണ്, അതു സമൂഹത്തിന് എത്രത്തോളം ആപൽക്കരമാണെന്നു തെളിയിക്കുന്നതു്.

വ്യത്യസ്തമായ പ്രാധാന്യമുൾക്കൊള്ളുന്ന ലക്ഷ്യങ്ങളോടുനേരെയുള്ള ഒരേവിധത്തിലുള്ള പ്രവൃത്തി, ഒരേവിധത്തിലുള്ള ആപത്തു് സമൂഹത്തിനുണ്ടാക്കുന്നില്ല. വ്യക്തിപരമായ മുതൽ കളവുചെയ്യുന്നതിനേക്കാൾ ഗൌരവതരമായ കുററമാണ് ഗവമ്മെന്റുമുതൽ മോഷ്ടിക്കൽ.

## 6. കുററത്തിന്റെ വസ്തുനിഷ്ഠമായ സവിശേഷത

ഒരു കുററത്തിന്റെ വസ്തുനിഷ്ഠമായ സ്വഭാവം, സമൂഹ്യവിരുദ്ധപ്രവൃത്തികൾ (അല്ലെങ്കിൽ വീഴ്ചകൾ) അങ്ങനെയുള്ള പ്രവൃത്തിയുടെ ഫലങ്ങൾ (അല്ലെങ്കിൽ വീഴ്ചകൾ) സാമൂഹ്യവിരുദ്ധപ്രവൃത്തികൾതമ്മിലുള്ള യാദൃച്ഛികമായ ബന്ധം(അല്ലെങ്കിൽ വീഴ്ച) എന്നിവകളാൽ ചിത്രീകരിക്കപ്പെടുന്നു. ഒരു കുററത്തിന്റെ മൂലകമെന്നനിലയിൽ ക്രിമിനൽനിയമം നിരോധിച്ചിട്ടുള്ളതും സമൂഹത്തിന്നാപത്തുണ്ടാക്കുന്നതുമായ പെരുമാററമാണ് ഒരു കുററം അല്ലെങ്കിൽ വീഴ്ച. ഒരു കുററം ചെയ്യുന്ന ആൾ തന്റെ കുററകരമായ ലക്ഷ്യം നേടുന്നതിന് പല ഉപകരണങ്ങളും മാർഗ്ഗ

ങ്ങളും ഉപയോഗപ്പെട്ടത്തിയേക്കാം. ഉദാഹരണത്തിനു്, ഒരു കൊലക്കററം ചെയ്യുന്ന ആൾ കത്തിയോ, വിഷമോ, തോക്കോ മറെറന്തെങ്കിലുമോ ഉപയോഗിച്ചേയ്ക്കാം.

തനിക്കു് ചുമതലപ്പെട്ട ഒരു കൃത്യം ഒരാൾ ചെയ്യാതിരിക്കുന്ന സംഗതിയിൽ, ആ ചെയ്യാതിരിക്കുകയെന്ന വീഴ്ച, കുററത്തിൻെറ വസ്തുനിഷ്ഠമായ ഭാഗമാകാം. ഉദാഹരണത്തിനു്, ഒരു ഡോക്ടർ വൈദ്യസഹായം നല്കാത്തതുമൂലം രോഗിക്കു് ദോഷകരമായ ഫലം ഉണ്ടാവുകയോ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ടാവുകയോ ചെയ്യുക.

ഒരു കുററത്തിൻെറ വസ്തുനിഷ്ഠമായ സ്വഭാവത്തിൻെറ ഒരു മൂലകം എന്ന നിലയിൽ ഒരു പ്രവൃത്തിയുടേയോ വീഴ്ചയുടേയോ ഉള്ളടക്കം ക്രിമിനൽ നിയമസംഹിതയിൽ വിവരിച്ചിട്ടുണ്ടു്.

ഒരു കുററത്തിൻെറ സാമൂഹ്യവിരുദ്ധഫലം അല്ലെങ്കിൽ പ്രത്യാഘാതം, ഒരു സാമൂഹ്യവിരുദ്ധനടവടിയുടേയോ വീഴ്ചയുടേയോ ഫലമായി ഉണ്ടാകുന്നതോ ഉണ്ടാകുവാനിടയുള്ളതോ ആയ, അപായമോ ഉപദ്രവമോ ആകുന്നു. ഉപദ്രവകരമായ ഫലങ്ങളുടെ സ്വഭാവം സാധാരണമായി നിയമത്തിൽ വിവരിച്ചിരിക്കും. അല്ലെങ്കിൽ നിയമത്തിൽ പറയുന്ന പ്രവൃത്തിയുടെ ഫലമാണെന്നു് ന്യായമായും കണക്കാക്കപ്പെടും. ഉദാഹരണത്തിനു്, ഒരു കുട്ടിക്കു് ഭക്ഷണം നിഷേധിക്കുന്നതിൻെറ ഫലം അതിൻെറ മരണമായിരിക്കും. തട്ടിപ്പറിയുടെ അല്ലെങ്കിൽ മോഷണത്തിൻെറ ഫലം അതിനു് വിധേയമാകുന്നവക്കുണ്ടാകുന്ന സാമ്പത്തികദോഷമാണു്.

ഒരു സാമൂഹ്യവിരുദ്ധപ്രവർത്തിയും (അല്ലെങ്കിൽ വീഴ്ച) അതിൽനിന്നുണ്ടാകുന്ന ദോഷകരമായ ഫലവും തമ്മിൽ യാദൃശ്ചികമായ ബന്ധം ഉണ്ടായിരിക്കണം. ഒരു പ്രവൃത്തി ചെയ്യുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നതിൽനിന്നു് ദോഷകരമായ ഫലം ഉണ്ടാകേണ്ടതാണു്. ഒരമ്മ അവരുടെ കുട്ടിക്കു് ഭക്ഷണം കൊടുക്കാതിരിക്കുകയും ആ കുട്ടി കുട്ടിയുള്ള എന്തെങ്കിലും വസ്തു വിഴുങ്ങു

കയും അതുമൂലം യാന്ത്രികമായ കുടൽതടസ്സം നേരിട്ടു മരിക്കുകയും ചെയ്യുന്നുവെങ്കിൽ, അമ്മയുടെ ഭക്ഷണം കൊടുക്കാതിരിക്കലും തുടർന്നുണ്ടാകുന്ന ദോഷകരമായ ഫലവും തമ്മിൽ യാദൃശ്ചികമായ ബന്ധം ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ ക്ഷീണംമൂലമല്ലാ കുട്ടി മരിക്കുന്നതു്; യാന്ത്രികമായ കുടൽതടസ്സമെന്ന മററാരു കാരണം കൊണ്ടാണു്.

സാധാരണഗതിയിൽ യാദൃശ്ചികബന്ധമെന്ന പ്രശ്നം ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. ആവശ്യമുള്ള സംഗതികളിൽ, മരണം, അഗ്നിബാധ മുതലായവയുടെ കാരണം സ്ഥാപിക്കുന്നതിനു്, വിദഗ്ദ്ധന്മാരുടെ കമ്മീഷൻ രൂപീകരിക്കപ്പെടാറുണ്ടു്. ഒരു കുററം ചെയ്ത സമയം, സ്ഥലം, മാർഗ്ഗം, സമ്പ്രദായം (ഉദാഹരണത്തിനു് സാങ്കേതികമാർഗ്ഗമവലംബിച്ചുള്ള മോഷണം അല്ലെങ്കിൽ അനേകമാളുകളുടെ ജീവനു് അപകടമുണ്ടാക്കുന്ന മാർഗ്ഗമുപയോഗിച്ചുകൊണ്ടുള്ള കൊലപാതകം) എന്നിവയും ഒരു കുററത്തിൻെറ വസ്തുനിഷ്ഠമായ സ്വഭാവങ്ങളിൽ ഉൾപ്പെടുന്നു.

## 7. കുററത്തിൻെറ വിഷയം

ഒരു കുററത്തിൻെറ വിഷയം അതു ചെയ്യുന്ന ആളാണു്, ഭൗതികരൂപമോ സ്വഭാവമോ ഉള്ള ഒരാൾക്കു് മാത്രമേ ഒരു കുററത്തിൻെറ വിഷയമാകുവാൻ കഴിയൂ.

അങ്ങിനെയുള്ള ഒരാൾ ഒരു പ്രത്യേക പ്രായപരിധിയിൽ എത്തിയിട്ടുണ്ടെങ്കിലും അയാൾക്കു് മാനസികാസ്വാസ്ഥ്യം ഉണ്ടെങ്കിലും മാത്രമേ അയാളെ കുററത്തിനുത്തരവാദിയായി കല്പിക്കുവാൻ പാടുള്ളു.

കുററത്തിൻെറ ഉത്തരവാദിത്വം ആരംഭിക്കുന്ന പ്രായപരിധി ഓരോ രാജ്യവും തീരുമാനിക്കുന്നു.

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിൻ കീഴിൽ ഒരാൾക്കു് 16 വയസ്സായാൽ അയാളിൽ കുററത്തിനുള്ള ഉത്തരവാദിത്വം ചുമത്തപ്പെടാവുന്നതാണു്.

നിയമത്തിൽ പറയുന്ന ചില കുററങ്ങളുടെ—ഇവയുടെ സാമൂഹ്യവിരുദ്ധ സ്വഭാവവും നിയമരാഹിത്യവും കുറച്ചുമുമ്പുള്ള വയസ്സുകളിൽതന്നെ മനസ്സിലാക്കാം—ഉത്തരവാദിത്വത്തിനുള്ള വയ:പരിധി 14 ആയി നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. മുൻകൂട്ടി തീർച്ചയാക്കിയ കൊലപാതകം, മാരകമായ മുറിവേല്പിക്കൽ, ബലാൽസംഗം, കൂട്ടുംയ്മക്കവെച്ച്, മോഷണം, തട്ടിപ്പറി, ദുഷ്ടവിചാരത്തോടുകൂടിയ തെമ്മാടിത്തം, ദോഷകരമായ ഫലങ്ങളുണ്ടാക്കുന്നതും കല്പിച്ചുകൂട്ടി ചെയ്യുന്നതുമായ മുതൽ നശീകരണം, തീവണ്ടിയപകടം ഉണ്ടാകുവാനിടയാക്കുന്ന കല്പിച്ചുകൂട്ടിയുള്ള പ്രവൃത്തി എന്നിവ് ഈ കുററങ്ങളിൽ ഉൾപ്പെടുന്നു.

പ്രായമെത്താത്തവർ ചെയ്യുന്ന കുററത്തിനു് എപ്പോഴും കുറോത്തരവാദിത്വം ഉണ്ടാകണമെന്നില്ല. അങ്ങിനെയുള്ളവർ ചെയ്യുന്ന കുററങ്ങളുടെ ശിക്ഷ കഴിയുന്നേടത്തെല്ലാം, നിർബ്ബന്ധമായ വിദ്യാഭ്യാസ നടവടികൾവഴി (ദുശ്ശീലപരിഹാര പാഠശാലയിലേക്കയക്കൽ) ചുരുക്കുവാൻ സോഷ്യലിസ്റ്റ് ഗവമ്മെണ്ടു് പരിശ്രമിക്കുന്നു. ഗൌരവതരമായ സാമൂഹ്യാപത്തുണ്ടാക്കാത്ത കുററം ചെയ്യുന്ന, പതിനെട്ടുവയസ്സിൽ താഴെയുള്ള, ഒരാളെ ക്രിമിനൽശിക്ഷകൂടാതെ നന്നാക്കുവാൻ കഴിയുമെങ്കിൽ വിദ്യാഭ്യാസപരമായ മാർഗ്ഗങ്ങളുപയോഗിച്ചുകൊണ്ടു്, അങ്ങിനെ ചെയ്യുവാൻ ഗവമ്മെണ്ടു് പരിശ്രമിക്കുന്നതാണു്. അങ്ങിനെയുള്ള നടവടികൾ പ്രായപൂർത്തിയാകാത്തവരുടെ നേരെയെടുക്കുന്ന കാര്യം തീരുമാനിക്കുന്നതു്, പ്രാദേശിക സോവിയററിലെ, പ്രായംകുറഞ്ഞവരുടെ കാര്യംനോക്കുന്ന, എക്സിക്യൂട്ടീവു് കമ്മീഷനാണു്.

ദോഷം സംഭവിച്ച കക്ഷിയോടു പരസ്യമായി ക്ഷമായാചനം ചെയ്യുവാനുള്ള ചുമതല, അല്ലെങ്കിൽ കോടതി നിശ്ചയിക്കുന്ന മററതരത്തിലുള്ള ചുമതല, പരസ്യാക്ഷേപം, താക്കീതു്, കുററം ചെയ്ത ആൾക്കു് സ്വന്തമായ സമ്പാദ്യം ഉണ്ടായിരിക്കുകയും കുററംമൂലമുള്ള ദോഷം നിസ്സാരമായിരിക്കുകയും ചെയ്യുമ്പോൾ സംഭവിച്ച ദോഷത്തിനു് നഷ്ടപരിഹാരം നല്കൽ,

മാതാപിതാക്കന്മാരുടേയോ അല്ലെങ്കിൽ അവർക്കു പകരമുള്ളവരുടേയോ കർക്കശമായ മേൽനോട്ടത്തിന് വിധേയമാക്കൽ, കുററം ചെയ്തവരുടെ സമ്മതത്തോടുകൂടി ഒരു ബഹുജനസംഘടനയുടേയൊ പൌരന്മാരുടെയൊ മേൽനോട്ടത്തിനു വിധേയമാക്കൽ, കുട്ടികളേയും പ്രായമെത്താത്തവർക്കുള്ള പ്രത്യേക വൈദ്യവിദ്യാഭ്യാസസ്ഥാപനത്തിലൊ മററു വിദ്യാഭ്യാസസ്ഥാപനങ്ങളിലൊ പ്രവേശിപ്പിക്കൽ, മുതിരാത്തവർക്കുള്ള ദുർഗ്ഗുണപരിഹാരകേന്ദ്രത്തിൽ കൊണ്ടാക്കൽ മുതലായവ ഈ നടപടികളിൽ ഉൾപ്പെടുന്നു.

ബൂർഷ്വാനിയമത്തിൻകീഴിൽ, കുററം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വത്തിന്റെ വയഃക്ലിപ്തി വളരെ കുറവാണ്. ഉദാഹരണത്തിന് ഇതു് ബ്രിട്ടനിൽ എട്ടുവയസ്സും, ഇററലി, അമേരിക്കയിലെ ന്യൂയോർക്ക് സ്റ്റേററ്, കനഡ എന്നിവിടങ്ങളിൽ 7 വയസ്സുമാണ്.

ഒരാളിൽ കുററത്തിനുള്ള ഉത്തരവാദിത്വം കല്പിക്കപ്പെടണമെങ്കിൽ, അയാൾ ഒരു പ്രത്യേക പ്രായപരിധിയിൽ എത്തിയാൽ മാത്രം പോരാ, അയാൾക്ക് അതിനുള്ള മനസ്സാന്നിദ്ധ്യവും ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ മാനസികമായ സ്വാതന്ത്ര്യമില്ലാത്ത ഒരാളുടെ പേരിൽ ക്രിമിനൽ നടപടികൾ എടുക്കുവാൻ പാടില്ല.

രോഗമൂലമായ മാനസികസുഖക്കേട്, മനസ്സാന്നിദ്ധ്യമില്ലായ്മ, മാനസികമായ കുറവുകൾ അല്ലെങ്കിൽ മറേറതെങ്കിലും മാനസികമായ നിശ്ചലാവസ്ഥ എന്നിവമൂലം തന്റെ പ്രവർത്തനങ്ങളുടെ കാരണം പറയുവാനൊ അവയെ നിയന്ത്രിക്കുവാനൊ കഴിവില്ലാത്ത ഒരാളെ മനസ്സാന്നിദ്ധ്യമില്ലാത്ത ആളായി കണക്കാക്കപ്പെടുന്നു. അങ്ങിനെയുള്ളവരെ നിർബ്ബന്ധിതമായ വൈദ്യചികിത്സയ്ക്കയക്കുവാൻ മാത്രമേ കോടതി കല്പിക്കുകയുള്ളു.

ഒരാൾ കുററം ചെയ്യുന്ന സമയത്തു് മനസ്സാന്നിദ്ധ്യമുള്ളവനായിരിക്കുകയും ശിക്ഷ സംബന്ധിച്ച വിധി കോടതി കല്പിക്കുന്നതിനു

ന്നു് അയാൾക്കു് മാനസികമായ തകരാറ ഉണ്ടാവുകയും ചെ യ്താൽ, അയാളും ശിക്ഷയ്ക്കു് വിധേയനാവുകയില്ല. മാനസിക മായ സുഖക്കേടുകൾക്കു് ജനറൽ ആസ്പത്രിയിലൊ സ്പെഷൽ ആ സ്പത്രിയിലൊ നിർബ്ബന്ധമായ ചികിത്സ ചെയ്യണമെന്നു് ഒരു കോടതിയ്ക്കു് മാത്രമെ കല്പിക്കുവാനധികാരമുള്ളു.

മദ്യംമൂലം മത്തുപിടിച്ചു് ചെയ്യുന്ന കുററം കുററോത്തരവാദി ത്വത്തിൽനിന്നു് ഒഴിവാക്കപ്പെടുന്നതല്ല. പരിതഃസ്ഥിതിയ്ക്കു് മൂർച്ഛകൂട്ടുന്ന ഒന്നായിട്ടാണു്, മദ്യലഹരിമൂലമുള്ള അവസ്ഥയെ, കണക്കാക്കുന്നതു്.

## 8. കുററത്തിന്റെ ആപേക്ഷികസ്വഭാവം

ഒരു കുററം ചെയ്യുമ്പോഴുള്ള ഒരാളുടെ മനസ്ഥിതിയും അതി ന്റെ സാമൂഹ്യപരമായ അപകടങ്ങളുമാണു് ഒരു കുററത്തിന്റെ ആപേക്ഷികസ്വഭാവം. സാമൂഹ്യപരമായ അപകടകൃത്യങ്ങൾ സംബന്ധിച്ചുള്ള ഒരാളുടെ മനസ്ഥിതിയും ഈ കൃത്യങ്ങളുടെ ഫല ങ്ങളുമാണു് കുററത്തിന്റെ പ്രധാനമായ ഉള്ളടക്കത്തെക്കുറിക്കുന്ന തു്. കുററംകൂടാതെ കുററോത്തരവാദിത്വം ഉത്ഭവിക്കുന്നില്ല. ലക്ഷ്യംവെച്ചുകൊണ്ടുള്ള ആരോപണത്തെ—കുററം കൂടാതെയുള്ള ഉത്തരവാദിത്വത്തെ—സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം നിരാ കരിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ ക്രിമിനൽ നിയമ ത്തിന്റെ കീഴിൽ കല്പിച്ചുകൂട്ടി ചെയ്യുന്ന അല്ലെങ്കിൽ അനാസ്ഥ മൂലം ചെയ്യുന്ന ഒരു കുററമുണ്ടെങ്കിൽ മാത്രമെ കുററോത്തരവാദി ത്വം ഉത്ഭവിക്കുന്നുള്ളു.

കുററം ചെയ്യുന്ന ഒരാൾ അതിന്റെ സാമൂഹ്യദ്രോഹപര മായ സ്വഭാവം അറിഞ്ഞിരിക്കുകയും ഫലങ്ങൾ മുൻകൂട്ടി കാണു കയും ഈ ഫലങ്ങൾ ഉണ്ടാകണമെന്നാഗ്രഹിക്കുകയോ ബോധ പൂർവ്വം അതിന്നനുമതി നൽകുകയൊ ചെയ്യുകയും ചെയ്താൽ, ആ കുററം കല്പിച്ചുകൂട്ടി ചെയ്തതായി കരുതപ്പെടുന്നു.

നേരിട്ടുള്ളതും നേരിട്ടുള്ളതല്ലാത്തതുമെന്നിങ്ങനെ കല്പിച്ചുകൂട്ടി ചെയ്യുന്ന കുററങ്ങളെ ക്രിമിനൽ നിയമം രണ്ടായി വിവരിക്കുന്നു.

കുററം ചെയ്യുന്ന ഒരാറം തൻെറ പ്രവൃത്തി സാമൂഹ്യദ്രോഹപരമായ സ്വഭാവത്തോടുകൂടിയുള്ളതാണെന്നറിഞ്ഞിരിക്കുകയും അതിൻെറ ഫലങ്ങറം മുൻകൂട്ടിക്കാണുകയും അവയുണ്ടാകണമെന്നാഗ്രഹിക്കുകയും ചെയ്യുമ്പോഴാണ് ആ കുററം കല്പിച്ചുകൂട്ടി ചെയ്യുന്നതും നേരിട്ടുള്ളതുമായ കുററമാണെന്നർത്ഥമാക്കപ്പെടുന്നതു്. ഒരാറം പ്രതികാരബുദ്ധിയോടുകൂടി മററൊരാളെ അടുത്തുനിന്നു് വെടിവെക്കുന്നതു ഒരു ഉദാഹരണമാണു്. ഇക്കാര്യത്തിൽ വെടിവെക്കുന്ന ആറം താൻ ചെയ്യുന്ന കൃത്യത്തിൻെറ സാമൂഹ്യാപകടം മുൻകൂട്ടിക്കാണുകയും (വെടിയേല്ക്കുന്ന ആളുടെ മരണം) അതുണ്ടാകണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു.

കുററംചെയ്യുന്ന ഒരാറം തൻെറ കൃത്യം മൂലമുള്ള അപകടത്തെപ്പററി ബോധവാനായിരിക്കുകയും അതുസംബന്ധിച്ച ഫലം മുൻകൂട്ടിക്കാണുകയും എന്നാൽ ആ ഫലം ഉണ്ടാകണമെന്നു് ആഗ്രഹിക്കാതിരിക്കുകയും (ഫലമുണ്ടാകുവാനിടയാക്കുകമാത്രം ചെയ്യുക) ചെയ്യുമ്പോഴാണ് ആ കുററം മുൻകൂട്ടി തീരുമാനിച്ചതും നേരിട്ടുള്ളതല്ലാത്തതുമായി കണക്കാക്കപ്പെടുന്നതു്. ഉദാഹരണം: പക്ഷാഘാതം പിടിപ്പെട്ടതുമൂലം മററൊരാളുടെ സഹായം കൂടാതെ പുറത്തുപോകാൻ കഴിയാത്ത ഒരാറം താമസിക്കുന്ന വീടു് മററൊരാറം ഇൻഷുർ ചെയ്യുകയും, പിന്നീടു ഇൻഷുർ സംഖ്യ കിട്ടണമെന്നാശിച്ചുകൊണ്ടു് ആ വീടിനു് തീവെക്കുകയും പക്ഷാഘാതരോഗി കത്തിക്കൊണ്ടിരിക്കുന്ന വീട്ടിൽകിടന്നു് മരിക്കുകയും ചെയ്യുക.

വീടിനു് തീവെക്കുന്നതുമൂലം അതിന്നകത്തുള്ള ആറം മരിക്കുമെന്നു് തീവെക്കുന്നാറംക്കു് അറിയാമായിരുന്നു. എന്നാൽ ആ ആറം മരിക്കണമെന്നു് തീവെച്ചിട്ടുള്ള ആറം ആഗ്രഹിച്ചിട്ടുണ്ടായിരിക്കുകയില്ല. മരിക്കാനനുവദിക്കുകമാത്രമാണു് അല്ലെങ്കിൽ ഇടയാക്കുകയാണയാറം ചെയ്യുന്നതു്. കൊലപാതകം നടത്തിയ

ആൾ തന്റെ കൃത്യത്തിന്റെ ദോഷകരമായ ഫലം മുൻകൂട്ടികണ്ടുവെന്നല്ലാതെ അതുണ്ടാകണമെന്നാഗ്രഹിച്ചില്ല; എന്നാൽ അതുണ്ടാകാൻ അനുവദിക്കുകയും ചെയ്തു. ഇക്കാര്യത്തിലുള്ള കൊലപാതകം കല്പിച്ചുകൂട്ടി ചെയ്യുന്നതും എന്നാൽ നേരിട്ടുള്ളതല്ലാത്തതുമാണ്.

രണ്ടുവിധത്തിലുള്ള—നേരിട്ടുള്ളതും അല്ലാത്തതും—കുററത്തിനും ഒരേ ഉത്തരവാദിത്വമാണ്. എന്നാൽ ശിക്ഷ തീരുമാനിക്കുമ്പോൾ കല്പിച്ചുകൂട്ടിയുള്ള പ്രവൃത്തിയുടെ സ്വഭാവം പരിഗണിക്കപ്പെടുന്നതായിരിക്കും.

ഒരു കുററം അനാസ്ഥമൂലം ചെയ്തുവെന്ന് കരുതപ്പെടുന്നതു ആ കുററം ചെയ്യുന്ന ആൾ തന്റെ കൃത്യംമൂലമൊ വിലോപംമൂലമൊ വീഴ്ചമൂലമൊ ഉളവാകുന്ന സാമൂഹ്യാപകടഫലങ്ങൾ മുൻകൂട്ടിക്കാണുകയും എന്നാൽ അവയുടെ നിരോധനം സംബന്ധിച്ച് വിചാരശൂന്യമായ വിശ്വാസം അർപ്പിക്കുകയും ചെയ്യുമ്പോഴാണ്. അല്ലെങ്കിൽ ആ ഫലങ്ങൾ തടയുവാൻ അയാൾക്ക് കഴിയുമായിരുന്നിട്ടും, അയാൾ തടയേണ്ടതായിരുന്നിട്ടും, അയാൾ അവയെ മുൻകൂട്ടിക്കാണുവാൻ മിനക്കെട്ടില്ല എന്നുള്ളതാണ്.

അനാസ്ഥയ്ക്ക് രണ്ടു രൂപങ്ങളുണ്ടു്: ക്രിമിനൽ സ്വയംപര്യാപ്തയും ക്രിമിനൽ അനാസ്ഥയും

ക്രിമിനൽ സ്വയംപര്യാപ്തത (Criminal Self sufficeincy)യെന്ന കുററത്തിനു് വിധേയനാകുന്നവർ തന്റെ പ്രവൃത്തിയുടെയൊ വീഴ്ചയുടെയൊ സാമൂഹ്യദ്രോഹപരമായ ഫലങ്ങൾ മുൻകൂട്ടി കാണുന്നുണ്ടെങ്കിലും അവ തടയുന്നതിൽ വിചാരശൂന്യമായ നിലപാടാണ് എടുക്കുന്നതു്. ഉദാഹരണത്തിനു, വേഗതാപരിധി കവച്ചുവെച്ചുകൊണ്ടു് കാറോടിക്കുന്ന ഒരു മോട്ടോർകാർ ഡ്രൈവർ തന്റെ പ്രവൃത്തി ദോഷകരമായഫലം—വഴിപോക്കനുണ്ടാകുന്ന അപകടം—മുൻകൂട്ടി കാണുന്നുണ്ടെങ്കിലും അതൊഴിവാക്കാമെന്നാശിക്കുന്നു. എന്നാൽ റോഡ് മുറിഞ്ഞു കടക്കുന്നേടത്തുവെച്ച് അയാൾ കാർമുട്ടിച്ച് വഴിപോക്കനെ തട്ടിയിടുന്നു.

ക്രിമിനൽ സ്വയംപര്യാപ്തതയുടെ ഒരു ദൃഷ്ടാന്തമാണിത്. കുറ്റംചെയ്യുന്ന ആൾ ദോഷകരമായ ഫലങ്ങൾ ഉളവാക്കാനുള്ള സാദ്ധ്യത മുൻകൂട്ടി കണ്ടു; എന്നാൽ തന്റെ സ്വന്തം മിടുക്കും പരിശീലനവും മററുള്ളവരുടെ ഇടപെടലും മററും മൂലം ദോഷഫലങ്ങൾ ഒഴിവാക്കാമെന്നയാൾ വ്യാമോഹിച്ചു.

ദോഷകരമായ ഫലങ്ങളൊഴിവാക്കാമെന്ന വിശ്വാസം യഥാർത്ഥവും യഥാർത്ഥകഴിവുകളെ കണക്കിലെടുത്തുകൊണ്ടുള്ളതുമായിരിക്കണം. ദോഷകരമായ ഫലങ്ങൾ ഒഴിവാക്കാനുള്ള യഥാർത്ഥസാദ്ധ്യതകളെ ആശ്രയിക്കാതെ, അത്തരം ഫലങ്ങൾ ഒഴിവാക്കാമെന്ന പ്രതീക്ഷയെ ആശ്രയിച്ചു പ്രവർത്തിക്കുന്ന ഒരാളുടെ കൃത്യം കുററകരമായ സ്വയംപര്യാപ്തതയെന്ന് വിശേഷിപ്പിക്കപ്പെടുകയില്ല; നേരിട്ടുള്ളതല്ലാത്തതും കല്പിച്ചുകൂട്ടി ചെയ്യുന്നതുമായ കൃത്യമെന്നാണിതിനെ പറയുക.

ഒരാൾ കുററകരമായ അനാസ്ഥയുടേതായ ഒരു കൃത്യം ചെയ്യുമ്പോൾ, ആ കൃത്യത്തിന്റെയോ വീഴ്ചയുടെയോ ഒഴിവാക്കപ്പെടാവുന്നതും ഒഴിവാക്കേണ്ടതുമായ ഫലങ്ങൾ മുൻകൂട്ടി കാണേണ്ടതായിരുന്നു. ഉദാഹരണത്തിന്, ഒരു സ്നേഹിതനെ സന്ദർശിക്കുന്ന ഒരാൾ ഒരു തോക്കെടുത്ത്, അത് നിറച്ചതാണൊ അല്ലയോ എന്നു പരിശോധിക്കാതെ, അതിന്റെ കാഞ്ചി വലിക്കുന്നു. തോക്കുപൊട്ടി ഒരു കുട്ടിക്ക് പരുക്കേല്ക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ആൾ കുററകരമായ അനാസ്ഥയോടുകൂടിയാണ് പ്രവർത്തിച്ചത്. തന്റെ കൃത്യത്തിന്റെ ഫലം അയാൾ മുൻകൂട്ടി കാണേണ്ടതായിരുന്നുവെങ്കിലും അങ്ങിനെ ചെയ്തില്ല.

ബന്ധപ്പെട്ട ആളുടെ കൃത്യത്തിന്റെ ഫലം അയാൾ മുൻകൂട്ടി കാണേണ്ടതായിരുന്നു, അല്ലെങ്കിൽ അയാൾക്കതു കാണുവാൻ കഴിയുമായിരുന്നു എന്ന കാര്യം തീരുമാനിക്കുന്ന സമയത്ത്, ബന്ധപ്പെട്ട ആളുടെ വ്യക്തിത്വം, ജോലിസംബന്ധമായ പരിശീലനം, കൃത്യം ചെയ്ത പരിതസ്ഥിതി മുതലായ വിഷയങ്ങൾ കോടതി കണക്കിലെടുക്കുന്നതായിരിക്കും.

ഒരു കുററത്തിൻെറ ആത്മപക്ഷികസ്വഭാവത്തിൽ അതിൻെറ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളുംകൂടി ഉൾപ്പെടുന്നു. മററാരാളുടെ മുതൽ കൈവശപ്പെടുത്തുന്നതിൽ പ്രതികാരം മുതലായ ലക്ഷ്യങ്ങളുണ്ടായിരിക്കാം. ഉദ്ദേശങ്ങളിൽ അസൂയ, ചുമതലയെപ്പററിയുള്ള നീചമായ പ്രവണത, തെററായ ധാരണ എന്നിവ ഉൾപ്പെടുന്നു. ഒരു കുററത്തെ വിശേഷിപ്പിക്കുമ്പോഴും അതിനുള്ള ശിക്ഷ തീരുമാനിക്കുമ്പോഴും ആ കുററത്തിൻെറ ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും കണക്കിലെടുക്കുന്നതാണ്.

## 9. കുററോത്തരവാദിത്വവും ഒരു കൃത്യത്തിൻെറ നിയമരാഹിത്യവും അപ്രസക്തമാക്കുന്ന പരിതസ്ഥിതികൾ

സാമൂഹ്യാപായവും നിയമരാഹിത്യവും ഒരു കുററത്തിൻെറ ആവശ്യഘടകങ്ങളാണ്. ഒരു കൃത്യമൊ വീഴ്ചയൊ സാമൂഹ്യദ്രോഹപരവും നിയമരാഹിത്യവുമാണെന്ന് പുറമെയ്ക്ക് തോന്നാവുന്ന പരിതസ്ഥിതികളുണ്ടാകാം. എന്നാൽ പ്രത്യേക പരിതസ്ഥിതികളിൽ ആ കൃത്യമൊ വീഴ്ചയോ സാമൂഹ്യദ്രോഹപരമൊ നിയമരഹിതമൊ ആയിട്ടുള്ളതല്ല.

സാമൂഹ്യാപായത്തേയും നിയമരാഹിത്യത്തെയും അപ്രസക്തമാക്കുന്ന പരിതസ്ഥിതികൾ, ആവശ്യമായ രാജ്യരക്ഷ, അങ്ങേയററത്തെ ആവശ്യകത, ഒരു കല്പന നിറവേററൽ, ജോലി സംബന്ധമായ കടമ നിറവേററൽ മുതലായവയാണ്.

ഗവർമ്മെണ്ടിൻെറയും കൂട്ടമസ്ഥതയുടെയും വ്യക്തിയുടെയും മുതലും താല്പര്യങ്ങളും സാമൂഹ്യവിരുദ്ധന്മാരുടെ കയ്യേററങ്ങളിൽനിന്നു്, കയ്യേററക്കാർക്ക് ശിക്ഷ നല്കിക്കൊണ്ടു്, രക്ഷിക്കുന്ന നിയമപരമായ കൃത്യത്തെയാണ് അവശ്യമായ രാജ്യരക്ഷയെന്നു പറയുന്നതു്.

ഒരു കുററമെന്നു കരുതപ്പെടുന്ന കൃത്യത്തിൽ കുററത്തിൻെറ അംശങ്ങളുണ്ടാകാമെങ്കിലും ഏതു കൃത്യമാണ് കുററമില്ലാത്തതെ. സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെ ക്രിമിനൽനിയമം വിശദീകരിക്കുന്നുണ്ട്. അതായതു് സോഷ്യലിസ്റ്റ്‌രാഷ്ട്രത്തിൻെറ താല്പര്യങ്ങളും പൌരൻെറ ജീവനും താല്പര്യങ്ങളും സംരക്ഷകൻെറയൊ മൂന്നാമനായിട്ടുള്ള ആളുടെയൊ താല്പര്യങ്ങളും സാമൂഹ്യവിരുദ്ധന്മാരുടെ കയ്യേററങ്ങളിൽനിന്നു്, അവക്കു ദോഷം വരുത്തിയും എന്നാൽ സംരക്ഷാനടപടികളുടെ അതിർ ലംഘിക്കാതെയും, പാലിക്കണമെന്നു് അർത്ഥം.

കയ്യേററം സമൂഹത്തിന്നപായകരവും നിയമവിരുദ്ധവുമാകുമ്പോഠം അതിനെ ചെറുക്കുന്നതിനെടുക്കുന്ന നടപടികഠം നിയമവിധേയമായിട്ടുള്ളതാണെന്നു് കണക്കാക്കപ്പെടുന്നു. ഒരു കുററവാളിയെ അധികൃതന്മാർ അറസ്റ്റു ചെയ്യുകയെന്ന നിയമപരമായ നടപടിക്കെതിരായി ഉന്നയിക്കുന്ന വാദം അനുവദനീയമല്ല.

ആക്രമണം അല്ലെങ്കിൽ കയ്യേററം യഥാർത്ഥമായിരിക്കണം. അതായതു് വാദിക്കുന്ന സമയത്തു് അതങ്ങിനെയാണെന്നു് തെളിയിക്കപ്പെടണം; ഭാവനാത്മകമായിരുന്നാൽ പോരായെന്നു് സാരം.

കയ്യേററക്കാരനു് അപായമേല്പിച്ചുകൊണ്ടുള്ള ആവശ്യമായ സംരക്ഷാനടപടി, കയ്യേററത്തിൻെറ സ്വഭാവത്തിനും കാഠിന്യത്തിനും അനുസരിച്ചതും കയ്യേററം നടന്ന പരിതസ്ഥിതിയ്ക്കു് യോജിച്ചതുമായിരിക്കണം. സംരക്ഷയുടെ ന്യായമായ പരിധിക്കപ്പുറം സംരക്ഷകൻ പോകാതിരുന്നാൽമാത്രമെ കുററാത്തരവാദിത്വത്തിൽനിന്നയാഠം വിമുക്തനാവുകയുള്ളു.

കയ്യേററത്തിൻെറ സ്വഭാവത്തിനും തന്മൂലമുള്ള ആപത്തിനും യോജിക്കാത്ത സംരക്ഷാനടപടികഠം എടുക്കുന്നതു് അതിർ കവിഞ്ഞ നടപടികളാണു്. ഉദാഹരണത്തിനു്, ഒരു ചില്ലറ കള്ളനെതിരായി എടുക്കുന്ന നടപടി അയാഠക്കു മാരകമായ പരുക്കേല്പിക്കുന്നതിലോ അയാളുടെ മരണത്തിലൊ കലാശിക്കൽ.

ആവശ്യമായ സംരക്ഷാനടവടി എടുക്കുന്നതു് സാമൂഹ്യ വിരുദ്ധന്മാരുടെ നിയമവിരുദ്ധമായ കയ്യേററത്തിന്നെതിരായി ട്ടുള്ളതാണെന്നുള്ളതുകൊണ്ടു്, കുററം തടയണമെന്നുകരുതി, ആ വശപൂവ്വമായിരിക്കും സംരക്ഷൻ പ്രവർത്തിക്കുക. ആവശ്യ മായ സംരക്ഷണത്തിനു് സ്വീകരിച്ച നടവടി നിയമാനുസൃത മാണോ അല്ലയോ എന്നുള്ള കാര്യം തീരുമാനിക്കുമ്പോൾ ഈവക കാര്യങ്ങൾ കോടതി കണക്കിലെടുക്കുന്നതാണു്.

ആവശ്യമുള്ള സംരക്ഷണനടവടിപോലെത്തന്നെ അങ്ങേ യററത്തെ ആവശ്യത്തിനു കീഴിലുള്ള കൃത്യവും ക്രിമിനൽനിയമ ത്തിൽ പറയുന്ന കുററത്തിൻെറ മൂലകങ്ങൾ അടങ്ങിയതാകാം. എന്നാൽ അതൊരു കുറവായി പരിഗണിക്കപ്പെടുന്നില്ല.

ഒരാൾ ഒരു ഉപദ്രവം തടയുവാൻ അത്രയും പെറിയ ഒരു ഉപദ്രവം ഏല്പിക്കുമ്പോഴാണു് അതിനെ അങ്ങെയററത്തെ ആവ ശ്യമെന്നു വിശേഷിപ്പിക്കുന്നതു്.

അപകടമൊഴിവാക്കാനുള്ള കൃത്യനിവ്വഹണത്തിനു് വേറെ വഴിയില്ലെന്നുവന്നാൽ, ആ കൃത്യനിവ്വഹണത്തിനു് കുററോത്തര വാദിത്വമുണ്ടാകുന്നില്ല. മററു മാഗ്ഗങ്ങൾവഴി അപകടം ഒഴി വാക്കുവാൻ സാധിക്കുമായിരുന്നെങ്കിൽ, ബന്ധപ്പെട്ട കൃത്യം ചെയ്യുന്നവർ അങ്ങെയററത്തെ ആവശ്യമനുസരിച്ചല്ലാ പ്രവർത്തി ച്ചതെന്നു വരുന്നു.

ഒരപകടം തടയുവാൻ സ്വീകരിച്ച നടവടി അപകടത്തേ ക്കാൾ നിസ്സാരമാണെങ്കിൽ അങ്ങിനെയുള്ള, അങ്ങെയററത്തെ ആവശ്യമനുസരിച്ചുള്ള, നടവടി കുററോത്തരവാദിത്വമുള്ളതായി രിക്കുകയില്ല. വലിയ ദോഷത്തെയൊ അപായത്തെയൊ തടയു വാൻ ചെറിയ ദോഷമോ അപായമോ വരുത്തുന്ന കൃത്യത്തിന്നെ തിരായി നടവടി എടുക്കുവാനിടയില്ല.

അങ്ങെയററത്തെ ആവശ്യമെന്ന പരിതസ്ഥിതിക്കു കീഴിൽ എല്ലാ താല്പര്യങ്ങൾക്കെതിരായും ദോഷമേല്പിക്കാവുന്നതാണു്. പക്ഷെ അതു് ഒഴിവാക്കപ്പെടുന്ന ദോഷത്തെക്കാൾ ചെറിയതാ

യിരിക്കണം. ഒരു കപ്പലിന് ചോർച്ചയുണ്ടാവുകയും അതിന്റെ ഗതിയ്ക്ക് മാന്ദ്യം സംഭവിക്കുകയും ചെയ്യുമ്പോൾ കപ്പിത്താൻ അതിലെ ചരക്കുകൾ കുറെയെടുത്തു കടലിൽ ഇടുകയും അങ്ങിനെ കപ്പലിലുള്ളവരുടെ ജീവൻ രക്ഷിക്കുകയും ചെയ്യുന്നുവെന്ന് വെയ്ക്കുക. ഇക്കാര്യത്തിലുള്ള മുതൽനഷ്ടം (ചരക്കുനാശം) താരതമ്യേന കുറഞ്ഞ പ്രാധാന്യമുള്ളതാണ്. കപ്പിത്താൻ കൂടുതൽ വിലയുള്ള ഒന്നിനെയാണ് (യാത്രക്കാരുടെ ജീവൻ) രക്ഷിക്കുന്നത്.

ഇപ്രകാരംതന്നെ ഒരു ഉത്തരവ് നിറവേററുന്നതും നിയമരഹിതമായിട്ടുള്ളതോ സാമൂഹ്യദ്രോഹപരമായിട്ടുള്ളതോ ആയിരിക്കുകയില്ല. അതിന് ശിക്ഷാബദ്ധുതയുമില്ല.

തന്റെ അധികാരത്തെ കവച്ചുവെയ്ക്കാത്തതും ശരിയ രൂപത്തിൽ (അങ്ങിനെയൊരു രൂപം നിർദ്ദിഷ്ടമായിട്ടുണ്ടെങ്കിൽ) പുറപ്പെടുവിച്ചിട്ടുള്ളതും കുററത്തിന്റെ പ്രത്യക്ഷരൂപമൊന്നും ഉൾക്കൊള്ളാത്തതുമായ ഒരു മേലധികാരിയുടെ കല്പന അനുസരിക്കേണ്ട ഒരു കീഴുദ്യോഗസ്ഥൻ, ആ കല്പന നിറവേററുകയെന്ന കൃത്യം ചെയ്യുകയാണെങ്കിൽ, അതിനു സാമൂഹ്യവിരുദ്ധഫലങ്ങളുടെ കുററംത്തരവാദിത്വമുണ്ടാകുന്നില്ല. ഒരു കല്പന നടപ്പിലാക്കുന്നതു സംബന്ധിച്ച് കീഴുദ്യോഗസ്ഥൻ ചെയ്യുന്ന കൃത്യത്തിന്റെ ഉത്തരവാദിത്വം മേലുദ്യോഗസ്ഥനായിരിക്കും.

ഒരാൾ ജോലിസംബന്ധമായ ചുമതല നിർവ്വഹിക്കുന്നതുമൂലമുണ്ടായേക്കാവുന്ന, ബാഹ്യരൂപത്തിലുള്ള, സാമൂഹ്യാപകടകരവും നിയമവിരുദ്ധവുമായ കൃത്യങ്ങൾക്കുള്ള കുററത്തരവാദിത്വം അയാൾ വഹിക്കുന്നില്ല. അങ്ങിനെ നോക്കുമ്പോൾ ഒരാളുടെ കേടുവന്ന കൈ മുറിക്കുന്നതുമൂലം, ആ മുറിക്കുകയെന്ന ദേഹോപദ്രവം ഏല്പിച്ചതിന്, ഡോക്ടർ കുററത്തരവാദിത്വം വഹിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഡോക്ടറുടെ ജോലി സംബന്ധമായ ചുമതലാനിർവ്വഹണത്തിന്നിടയിലാണ് ആ കൈ മുറിക്കൽ നടന്നതു്. അതുപോലെതന്നെ തന്റെ ചുമതലാനിർവ്വഹണം

സംബന്ധിച്ച് ഒരു പോലീസ്സുകാരൻ ഒരാളെ അറസ്റ്റ് ചെയ്തുകൊണ്ട് അയാളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതിലും കുററോത്തരവാദിത്വം ഉത്ഭവിക്കുന്നില്ല.

## 10. കുററം ചെയ്യുന്നതിലുള്ള ഘട്ടങ്ങൾ

ഒരു കുററം കല്പിച്ചുകൂട്ടി ചെയ്യുന്നതിൽ ഒരാൾ, എന്തെങ്കിലും കാരണംകൊണ്ട്, തന്റെ കുററകരമായ പ്രവണത നിറവേററിയില്ലെന്നു് വരാം. ഉദാഹരണത്തിനു് കൊള്ളനടത്തുവാനുദ്ദേശിച്ച ഒരു കൊള്ളക്കാരൻ ഒരു വീട്ടിൽ കടക്കുവാനിടയാകുന്നതേയുള്ളൂ. എന്തെങ്കിലും മുതൽ കൊള്ളചെയ്യുന്നതിനു് മുമ്പു് അയാൾ ബന്ധനസ്ഥനാകുന്നു. ഒരു കൊലപാതകം ചെയ്യുവാനുദ്ദേശിച്ച ഒരാൾ അതിനുള്ള മരുന്നു് വാങ്ങുകമാത്രമേ ചെയ്യുന്നുള്ളൂ. അപ്പോഴേയ്ക്കും അയാൾ തുറന്നുകാട്ടപ്പെടുന്നു. അങ്ങിനെ ഒരു കുററം ചെയ്യൽ പൂർത്തീകരിക്കുന്നതിനുമുമ്പു് അതു് തടയപ്പെടുന്നു.

ഒരു കുററംചെയ്യുന്നതിൽ താഴെ പറയുന്ന ഘട്ടങ്ങൾക്കു് സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം വ്യത്യാസം കല്പിക്കുന്നു. കുററത്തിന്റെ ഉദ്ദേശം വെളിപ്പെടുത്തൽ, കുററത്തിനു് തയ്യാറെടുക്കൽ, കുററം ചെയ്യുന്നതിനു് ശ്രമിക്കൽ, കുററം ചെയ്യൽ.

കുററോദ്ദേശം സാധിക്കപ്പെടുന്നതിനു മുമ്പു് അതു വെളിവാക്കുന്നതിനെയാണു്, കുററോദ്ദേശം വെളിപ്പെടുത്തലെന്നു പറയുന്നതു്. ഉദാഹരണത്തിനു്, ഒരു കൊള്ളയോ കൊലയോ നടത്തുമെന്നു് ഒരാൾ പറയുവാനിടയാവുക. കുററകരമായ പ്രവൃത്തിയുടെ വികാസത്തിൽ കുററോദ്ദേശം വെളിപ്പെടുത്തൽ ഒരു ഘട്ടമാണു്. പക്ഷെ ക്രിമിനൽ നിയമപ്രകാരം അതു് ശിക്ഷാർഹമല്ല.

ഒരു കുററം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ, ഉപകരണങ്ങൾ അല്ലെങ്കിൽ കുററം ചെയ്യുന്നതിനു് കല്പിച്ചുകൂട്ടിയുണ്ടാക്കുന്ന പരിതസ്ഥിതി എന്നിവ അന്വേഷിക്കലാണു് കുററത്തിനുള്ള തയ്യാറെടുക്കലെന്നു് പറയുന്നതു്.

കൊലപാതകം നടത്തുന്നതിന് തോക്ക സമ്പാദിക്കൽ, പൂട്ടുകുത്തിത്തുറക്കുവാൻ കള്ളത്താക്കോലൊ മററു മാർഗ്ഗമോ സ്വീകരിക്കൽ, കൊള്ളനടത്തുന്നതിനുള്ള തടസ്സങ്ങൾ തീർക്കൽ മുതലായവ കുററം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പിലുൾപ്പെടുന്നു.

കുററം ചെയ്യുവാൻ കല്പിച്ചുകൂട്ടി ഉദ്ദേശിക്കുന്നവൻെറ നിയന്ത്രണത്തിന്നതീതമായ പരിതസ്ഥിതിമൂലം, ആ കുററനിർവ്വഹണം സാധിക്കാതെയിരിക്കുന്നതിനെയാണ്, കുററപരിശ്രമമെന്നു പറയുന്നത്. ഉദാഹരണത്തിന്, പണപ്പെട്ടിയിൽനിന്നു പണം മോഷ്ടിക്കണമെന്നു കരുതി കള്ളൻ പീടികയിൽ കടക്കുന്നു. പണം ബാങ്കിലടച്ചതുമൂലം കള്ളൻെറ കുററകരമായ ആഗ്രഹം സാധിക്കാതെ വരുന്നു.

തൻെറ കുററകരമായ ആഗ്രഹം നിറവേററുന്നതിനുള്ളതെല്ലാം ഒരാൾ ചെയ്താൽ അയാളുടെ കുററപരിശ്രമം പൂർത്തിയാകുന്നു. എന്നാൽ അയാളുടെ ആഗ്രഹത്തെ ആശ്രയിച്ചുനില്ക്കാത്ത കാരണങ്ങളാൽ കുററത്തിൻെറ ഫലം ഉണ്ടാകുന്നില്ല. ഉദാഹരണം: ഒരാൾ മററൊരാളെ കൊല്ലണമെന്നുദ്ദേശിച്ച് വെടിവെക്കുന്നു ലക്ഷ്യം തെററിയതിനാൽ ആൾ കൊല്ലപ്പെടുന്നില്ല.

തൻെറ നിയന്ത്രണത്തിന്നതീതമായ കാരണങ്ങളാൽ താനുദ്ദേശിച്ച എല്ലാ നടപടികളും സമയക്കുറവുമൂലം പൂർത്തിയാക്കുവാൻ ഒരാൾക്ക് കഴിയാതെ വരുമ്പോൾ ആ കുററപരിശ്രമം മുഴുമിപ്പിക്കാത്തതാകുന്നു ഉദാഹരണം: ഒരാൾക്ക് വിഷംകൊടുക്കുവാനുത്സാഹിക്കുമ്പോൾ കൊലപാതകിയാകാവുന്ന ആൾ അറസ്റ്റുചെയ്യപ്പെടുന്നു. അല്ലെങ്കിൽ കൊള്ളയടിക്കാരനാകാവുന്ന ആൾ വീട്ടിൽ പ്രവേശിച്ചയുടനെ തടവുകാരനാക്കപ്പെടുന്നു.

ഒരു കുററം ചെയ്യുന്നതിൽ കുററത്തിന് തയ്യാറെടുക്കലും കുററപരിശ്രമവും കുററനിർവ്വഹണത്തിലെ കല്പിച്ചുകൂട്ടിയുള്ള കൃത്യങ്ങളാണ്.

സൂക്ഷ്മക്കുറവോടുകൂടി ചെയ്യുന്ന കുററങ്ങൾക്ക് ഘട്ടങ്ങളില്ല; അവയുടെ ഉത്തരവാദിത്വം ഉത്ഭവിക്കുന്നതു് കുററത്തിന്റെ ഫലം അനുഭവപ്പെടുന്നതോടുകൂടിയാണു്.

നിർവ്വഹിക്കപ്പെടാത്ത ഒരു കുററത്തെപ്പററി വിവരിക്കുന്ന ക്രിമിനൽ നിയമത്തിന്റെ ഒരേ ഖണ്ഡികയനുസരിച്ചുതന്നെ കുററം ചെയ്യുവാനുള്ള ഉത്സാഹവും തയ്യാറെടുക്കലും ശിക്ഷാർഹമാണെന്നു് വ്യക്തമാക്കീട്ടുണ്ടു്. അങ്ങിനെ കൊലപാതകത്തിനുള്ള കുററോത്തരവാദിത്വം വിവരിക്കുന്ന ഖണ്ഡികയിൽ വധപരിശ്രമം ശിക്ഷാർഹമാണെന്നു് പ്രസ്താവിക്കുന്നു.

ഒരു കുററം ചെയ്യുന്നതിനുള്ള തയ്യാറെടുക്കലിന്റേയോ കുററോദ്യമത്തിന്റേയോ ശിക്ഷ തീരുമാനിക്കുന്നയവസരത്തിൽ, കുററവാളിയുടെ കൃത്യം മൂലം സമൂഹത്തിനുണ്ടാകാവുന്ന ആപത്തിന്റെ സ്വഭാവവും അളവും, കുററോദ്ദേശം എത്രമാത്രം പ്രായോഗികമാക്കിയെന്നും കുററം പൂർത്തിയാകാത്തതിനുണ്ടായ തടസ്സങ്ങളെന്തായിരുന്നുവെന്നും മററുമുള്ള കാര്യങ്ങളും കോടതി പരിഗണിക്കുന്നതാണു്.

ഒരു കുററം ചെയ്യുവാൻ പ്ലാനിടുകയും ഒരു പരിശ്രമം നടത്തുകയും ചെയ്ത ഒരാൾ, ആ കൃത്യം നിർവ്വഹിക്കുന്നതിനുമുമ്പു്, അതു് സ്വമേധയാ ഉപേക്ഷിച്ചെന്നു വരാം. അങ്ങിനെയുള്ള ഒരാൾ യഥാർത്ഥത്തിൽ ചെയ്യുന്ന കൃത്യത്തിൽ മറെറാരു കുററത്തിന്റെ അംശമുണ്ടെങ്കിൽ മാത്രമെ കുററോത്തരവാദിത്വത്തിനു വിധേയനാകുന്നുള്ളു. ഉദാഹരണത്തിനു്, ഒരാൾ മറെറാരാളെ കൊല്ലണമെന്നു കരുതി വിഷം വാങ്ങി വെക്കുകയും പിന്നീടു വധപരിശ്രമം സ്വമേധയാ ഉപേക്ഷിക്കുകയും ചെയ്താൽ, വധോദ്യമത്തിനുള്ള ഉത്തരവാദിത്വം അയാൾക്കുണ്ടാകുന്നില്ല. എന്നാൽ നിയമവിരുദ്ധമായി വിഷം വാങ്ങി കൈവശം വെച്ചതിനു മാത്രമുള്ള കുററോത്തരവാദിത്വം അയാൾ വഹിക്കേണ്ടതായി വരും. സ്വമേധയാലുള്ള ഉപേക്ഷിക്കൽ ആത്മാർത്ഥമായിട്ടുള്ളതാണെങ്കിൽ മാത്രമെ, കുററോത്തരവാദിത്വത്തിൽനിന്നു് അതു് വിമുക്ത

മാക്കപ്പെടുകയുള്ളു. തന്റെ ഉദ്ദേശം പ്രാവർത്തികമാക്കാമെന്ന് അയാൾ മുൻകൂട്ടി മനസ്സിലാക്കിട്ടും സ്വമേധയാ അതിൽനിന്ന് പിന്തിരിയണമെന്നു് സാരം.

തരണം ചെയ്യുവാൻ സാദ്ധ്യമല്ലാത്ത ഒരു തടസ്സംമൂലം ഒരാൾ കുറ്റപരിശ്രമം ഉപേക്ഷിക്കുകയാണെങ്കിൽ, അയാളുടെ നടപടി സ്വമേധയാലുള്ളതായിരിക്കുകയില്ല. അങ്ങിനെ വരുമ്പോൾ കുറ്റോദ്യമത്തിനും അതുസംബന്ധിച്ച സന്നാഹങ്ങൾക്കും അയാൾ ഉത്തരവാദിത്വം വഹിക്കേണ്ടിവരും. ഭയം, പശ്ചാത്താപം, ദയ മുതലായ കാരണങ്ങളാൽ ഒരുവൻ കുറ്റോദ്യമം സ്വയം വെടിഞ്ഞെന്നുവരാം.

## 11. കുറ്റത്തിലുള്ള പങ്കാളിത്തം

ഒരു കുറ്റം ചെയ്യുന്നതിനുവേണ്ടി രണ്ടോ അതിലധികമോ ആളുകൾ കൂട്ടായി നടത്തുന്ന, മുൻകൂട്ടി തീരുമാനിച്ച, പരിശ്രമത്തെയാണ് കുറ്റത്തിലുള്ള പങ്കാളിത്തമെന്നു് സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം പറയുന്നതു്. അനേകമാളുകൾ ചേർന്നുകൊണ്ടു ചെയ്യുന്ന കുറ്റം, ഒരാൾമാത്രം ചെയ്യുന്ന അതേകുറ്റത്തെക്കാൾ കൂടുതൽ സാമൂഹ്യാപായം സൃഷ്ടിക്കുന്ന ഒന്നാണ്. എന്തുകൊണ്ടെന്നാൽ, ഈ കുറ്റത്തിലെ പങ്കാളികൾ പരസ്പരം സഹായിച്ചുകൊണ്ടും സംഗതികൾ ഒളിച്ചുവെച്ചുകൊണ്ടും അധികൃതന്മാരെ ചെറുക്കുവാൻ മുതിരുന്നുമുണ്ടു്. തന്മൂലം അനേകമാളുകൾ ചേർന്നു ചെയ്യുന്ന കുറ്റങ്ങളെ നേരിടുന്നതു് കൂടുതൽ വിഷമകരമാകുന്നു.

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം ഈ പങ്കാളികളെ ഇങ്ങനെ തരംതിരിച്ചിരിക്കുന്നു: കൃത്യം ചെയ്യുന്നവർ, സംഘാടകന്മാർ, പ്രേരിപ്പിക്കുന്നവർ, സഹായികൾ അല്ലെങ്കിൽ ഉപകരണങ്ങൾ.

കുറ്റം യഥാർത്ഥത്തിൽ ചെയ്യുന്നവനെയാണ് കൃത്യം ചെയ്യുന്നവനെന്നു് പറയുന്നതു്.

കുററം ചെയ്യുന്ന കാര്യം സംഘടിപ്പിക്കുകയോ അല്ലെങ്കിൽ അതിനു് നേതൃത്വം നൽകുകയോ ചെയ്യുന്നവനാണു് സംഘടകൻ.

കുററം ചെയ്യുവാൻ മററുള്ളവക്ക് പ്രോത്സാഹനം നൽകുന്നവൻ കുററത്തെ പ്രേരിപ്പിക്കുന്നവനാണു്.

ഉപദേശം, നിർദ്ദേശം, മാർഗ്ഗം കാണിച്ചുകൊടുക്കൽ, തടസ്സങ്ങൾ നീക്കൽ, കുററവാളിയേയും കുററംചെയ്യുന്നതിനുപയോഗിച്ച വസ്തുക്കളേയും ഒളിപ്പിക്കാമെന്നു് ഏല്ക്കൽ മുതലായവ വഴി കുററകൃത്യത്തെ സഹായിക്കുന്നവനാണു് ഉപകരണമെന്നോ സഹായിയെന്നോ അറിയപ്പെടുന്നതു്.

കുററപങ്കാളിത്തത്തിനു താഴെ പറയുന്ന രൂപങ്ങളുണ്ടെന്നു് സോഷ്യലിസ്റ്റ് ക്രിമിനൽനിയമം പറയുന്നു.

ലഘുപങ്കാളിത്ത (Simple Complicity) മെന്നു് വ്യവഹരിക്കുന്നതു് പല ആളുകൾകൂടി ചെയ്യുന്ന കുററത്തിനാണു്. പങ്കാളികളാകുന്നവക്ക് കുററകൃത്യത്തിൽ നേരിട്ടുള്ള പങ്കുണ്ടായിരിക്കും. രണ്ടോ മൂന്നോ ആളുകൾകൂടി ഒരാളെ കുത്തിമുറിവേല്പിക്കുകയും അങ്ങിനെ അയാളെ കൂട്ടായി കൊല്ലുകയും ചെയ്യുക. ഒരു കുററത്തിലെ ലഘുപങ്കാളിത്തംമൂലം അതിൽ പങ്കെടുക്കുന്ന എല്ലാവക്കും അതിൻെറ ഉത്തരവാദിത്വമുണ്ടാകുന്നു.

കുററം ചെയ്യുന്നവക്കിടയിൽ അവരവരുടെ പങ്കു നിശ്ചയിക്കുന്നതിനെയാണു് സംമിശ്രപങ്കാളിത്ത(Compound Complicity)മെന്നു് പറയുന്നതു്. ഈ സംഗതിയിൽ ഒരാൾ കുററം യഥാർത്ഥത്തിൽ ചെയ്യുന്നു. മററൊരാൾ ഉപദേശമൊ, ഭീഷണിയൊ, വാഗ്ദാനമൊ വഴി യഥാത്ഥകുററക്കാരനു് കുററംചെയ്യാനുള്ള പ്രേരണ നല്കുന്നു. മൂന്നാമതൊരാൾ ഉപദേശം, നിർദ്ദേശം, തടസ്സങ്ങൾ നീക്കൽ, കുററം ചെയ്യുവാനുള്ള മാർഗ്ഗം തെളിയിച്ചുകൊടുക്കൽ മുതലായ വഴി കുററകൃത്യത്തെ സഹായിക്കുന്നു. ഈ രൂപത്തിലുള്ള പങ്കാളിത്തത്തിനുകീഴിൽ, ക്രിമിനൽനിയമമനുസരിച്ചു് കുററം യഥാത്ഥത്തിൽ ചെയ്യുന്നവനാണു് അതിൻെറ നേരിട്ടുള്ള

ഉത്തരവാദിത്വം വഹിക്കുന്നത്. കുററം സംബന്ധിച്ച പങ്കാളിത്തത്തിനു് ചുമതല നിർണ്ണയിന്ന ഖണ്ഡികപ്രകാരവും യഥാർത്ഥ കുററക്കാരൻ ചെയ്ത കുററത്തെപ്പററി പറയുന്ന ഖണ്ഡികപ്രകാരവും കുററംചെയ്യുന്ന ഇതരപങ്കാളികൾക്കും കുററോത്തരവാദിത്വം കല്പിക്കപ്പെടുന്നു.

കുററം പലരുംകൂടി ചെയ്തതാണെന്നു കാണിക്കുവാനും അതുവഴി കോടതിക്കു ശരിയായ ശിക്ഷ നല്കുവാൻ സാധിക്കുന്നതിനും ക്രിമിനൽ നിയമത്തിൻെറ പൊതുവിഭാഗവും പ്രത്യേകവിഭാഗവും ഈ സംഗതിയിൽ ബാധകമാക്കുന്നു.

കുററവാളികൾതമ്മിൽ മുൻകൂട്ടിയുള്ള ധാരണ, സ്ഥിരമായ സംഘടന, അവരുടെ ഐക്യം, ഉദ്ദേശത്തിലും പ്രവർത്തനത്തിലുമുള്ള യോജിപ്പ് മുതലായവ കുറിക്കുന്ന കുററകരമായ സംഘംചേരൽ എന്നിവ കുററംചെയ്യുന്നതിലുള്ള പങ്കാളിത്തത്തിൻെറ ഒരു സമ്പ്രദായമാണു്.

ഈ സമ്പ്രദായത്തിലുള്ള പങ്കാളിത്തത്തിനുകീഴിൽ ചെയ്യുന്ന കുററങ്ങൾക്കുള്ള ഉത്തരവാദിത്വത്തെപ്പററി ക്രിമിനൽ നിയമത്തിൻെറ ഒരു പ്രത്യേക വിഭാഗത്തിൽ വിവരിച്ചിട്ടുണ്ടു്. ഈ രൂപത്തിലുള്ള പങ്കാളിത്തം സമൂഹത്തിനു് വർദ്ധമാനമായ തോതിൽ അപായമുണ്ടാക്കുന്നതിനാൽ, കുററം ചെയ്യുവാനുള്ള സംഘം ഏർപ്പെടുത്തലും അതിൽ ചേരലും കുററോത്തരവാദിത്വത്തിനു വിധേയമാണു്. സംഘം അതിൻെറ പരിപാടി നടപ്പിലാക്കുന്നില്ലെങ്കിൽപോലും, ആ സംഘരൂപീകരണം കുററമായി കണക്കാക്കപ്പെടും.

ഒരു ക്രിമിനൽസംഘത്തിലെ മെമ്പർമാരുടെമേൽ ശിക്ഷ ചുമത്തുമ്പോൾ ഓരോ മെമ്പർക്കും കുററത്തിലുള്ള പങ്കാളിത്തത്തിൻെറ അളവും സ്വഭാവവും പരിഗണിക്കപ്പെടുന്നതാണു്. കൂട്ടുകാരൊത്തു തീരുമാനിക്കപ്പെട്ട കുററത്തെക്കാൾ ഗൌരവതരമായ കുററം യഥാർത്ഥ കുററവാളി ചെയ്യുന്നപക്ഷം ആ കുററത്തിനുള്ള ഉത്തരവാദിത്വം അയാൾതന്നെ വഹിക്കേണ്ടതുണ്ടു്. മററുള്ളവർ

(പ്രേരിപ്പിച്ചവനും സംഘടിപ്പിച്ചവനും സഹായിച്ചവനും അവരവർ ചെയ്ത കുറ്റത്തിനുള്ള ഉത്തരവാദിത്വമേ വഹിക്കേണ്ടതുള്ളൂ)

ഉദാഹരണത്തിന്, കൂട്ടുകാർ കൊള്ളയടിക്കാനാണ് സമ്മതിച്ചതെന്നു വെയ്ക്കുക. അതായത് ബലപ്രയോഗംമൂലം ഒരാളുടെ സ്വത്ത് കൈവശമാക്കുവാനെന്ന് സാരം. എന്നാൽ യഥാർത്ഥ കുറ്റക്കാരൻ ബലപ്രയോഗംവഴി വസ്തു കൈവശമാക്കുക മാത്രമല്ലാ ബലപ്രയോഗത്തിന്നിടയിൽ ആളെ കൊല്ലുകകൂടി ചെയ്യുന്നു. ഈ സംഗതിയിൽ കൊള്ളയടിക്കും കൊലയ്ക്കുമുള്ള ഉത്തരവാദിത്വം അയാൾ വഹിക്കേണ്ടിവരും. അയാളുടെ സഹായികൾ കൊലയ്ക്ക് സമ്മതം നല്കിയിട്ടില്ലാത്തതിനാൽ, കൊള്ളയടിക്കുള്ള ഉത്തരവാദിത്വം മാത്രമേ അവർക്കുള്ളൂ

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമമനുസരിച്ച് ഒളിച്ചുവെയ്ക്കൽ ശിക്ഷാർഹമായ കുറ്റമാണ്. ഒരു കുറ്റവാളിയെയോ കുറ്റം ചെയ്യുവാനുപയോഗിച്ച ഉപകരണങ്ങളോ ഉപാധികളോ കുറ്റകരമായി സമ്പാദിച്ച വസ്തുക്കളെയോ ഒളിച്ചുവെയ്ക്കുവാൻ മറ്റൊരാൾ, മുൻകൂട്ടിയുള്ള വാഗ്ദത്തം നൽകാത്തപക്ഷം, ക്രിമിനൽ നിയമത്തിൽ പ്രത്യേകം പറയുന്ന സംഗതികളിൽ മാത്രമേ, അയാളെ കുറ്റോത്തരവാദിത്വത്തിന് വിധേയമാക്കുകയുള്ളൂ.

ഒരു കുറ്റം റിപ്പോർട്ടു ചെയ്യുന്നതിൽ പരാജയപ്പെടുകയോ ഒരു കുറ്റസന്നാഹത്തെപ്പററിയോ കുറ്റം ചെയ്തതിനെ സംബന്ധിച്ചോ അധികൃതമായി ലഭിച്ച വിവരം അധികൃതന്മാരെ അറിയിക്കാതിരിക്കുകയോ ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ക്രിമിനൽ നിയമത്തിൽ പ്രത്യേകം പറയുന്ന സംഗതികളിൽ മാത്രമായിരിക്കും.

## 12. ശിക്ഷ

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിന് കീഴിൽ ശിക്ഷയെന്നത് ഗവൺമെന്റിന്റേതായ നിർബ്ബന്ധനടവടിയാണ്. കുറ്റംചെയ്യുന്നവർക്കുള്ള ഈ ശിക്ഷ ഒരു കോടതിക്ക് മാത്രമേ നൽ

കുവാനധികാരമുള്ള. ശിക്ഷയും വിദ്യാഭ്യാസം കൂടിയതാണ് യഥാർത്ഥ ശിക്ഷ.

ഒരു സാമൂഹ്യരാഷ്ട്രത്തിൽ കുററത്തിനുള്ള ബന്ധനം മാത്രമല്ലാ ശിക്ഷ. അദ്ധ്വാനത്തോടു മാനമായ മനോഭാവം പുലർത്തുവാനും നിയമം നിഷ്കൃഷ്ടമായി പാലിക്കുവാനും സോഷ്യലിസ്റ്റ് ജീവിതസമ്പ്രദായത്തോടു ബഹുമാനം കാണിക്കുവാനും കൂടുതൽ കുററങ്ങൾ ചെയ്യാതിരിക്കുവാനും, ശിക്ഷിക്കപ്പെടുന്നവർക്ക് കഴിവുണ്ടാക്കുന്ന വിധത്തിൽ, അവരെ പരിഷ്കരിക്കുവാനും അവർക്ക് പുനർവിദ്യാഭ്യാസം നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ശിക്ഷ. കായികമായ ദുരിതാനുഭവങ്ങളോ, നീചമായ പെരുമാററമോ ഒരാളിൽ ഏല്പിക്കണമെന്ന് ശിക്ഷകൊണ്ടുദ്ദേശിക്കപ്പെടുന്നില്ല.

താഴെ പറയുന്ന ശിക്ഷകൾക്ക് ക്രിമിനൽ നിയമം വ്യവസ്ഥചെയ്യുന്നു:

സ്വാതന്ത്ര്യനഷ്ടം: മൂന്നുമാസം മുതൽ പത്തുകൊല്ലംവരെയ്ക്കാണ് ഈ ശിക്ഷ ബാധകമാകുക. എന്നാൽ ഗൌരവതരമായ കുററം ചെയ്യുന്നവർക്കും കുററം ചെയ്യൽ സാധാരണമായിട്ടുള്ളവർക്കും ഈ ശിക്ഷയുടെ കാലാവധി 15 കൊല്ലമായിരിക്കും.

കുററം ചെയ്യുന്ന സമയത്ത് ഒരാൾക്ക് 18 വയസ്സായിട്ടില്ലെങ്കിൽ അയാളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നകാലം 10 കൊല്ലത്തിലധികമായിരിക്കുകയില്ല. സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതുമൂലമുള്ള ശിക്ഷയനുഭവിക്കുന്നത് തൊഴിൽ തിരുത്തുവാനുള്ള തൊഴിൽ കോളണികളിലോ ജയിലിലോ ആയിരിക്കും. പ്രായമെത്താത്തവരെ ഇക്കാലത്ത് പ്രത്യേക കോളണികളിൽ പ്രവേശിപ്പിക്കുന്നതാണ്.

തടവ്: ഈ ശിക്ഷയുടെ കാലാവധി രണ്ടുകൊല്ലം മുതൽ അഞ്ചുകൊല്ലം വരെയാണ്. ഇക്കാലത്ത് ഒരു കുററവാളിക്ക്

തന്റെ സ്വദേശത്തുനിന്നു് മാററാം. ഒരു പ്രത്യേക സ്ഥലത്തുള്ള കേന്ദ്രത്തിൽ താമസിക്കുവാനും അയാൾ ചുമതലപ്പെട്ടവനാണു്.

നാടുകടത്തൽ: ചില സ്ഥലങ്ങളിൽ താമസിക്കുവാൻ പാടില്ലെന്നുള്ള നിരോധത്തോടുകൂടി ഒരു കുററവാളിയെ സ്വദേശത്തുനിന്നു് മാററുന്നതാണു് ഈ ശിക്ഷ. ഇതിന്റെ കാലാവധി രണ്ടു മുതൽ അഞ്ചുകൊല്ലംവരെയ്ക്കാണു്.

കുററം ചെയ്യുന്ന സമയത്തു 18 വയസ്സാകാത്തവർക്കും പ്രസവിക്കാനടുത്ത അമ്മമാർക്കും എട്ടുവയസ്സിൽ താഴെയുള്ള ആശ്രിതരായ കുട്ടികളുള്ള സ്ത്രീകൾക്കും തടവും നാടുകടത്തലും ബാധകമല്ല.

പരിഷ്കരണാഭ്യാസം: ഈ ശിക്ഷമൂലം കുററവാളിയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നില്ല. ഇതിന്റെ കാലാവധി ഒരുമാസം മുതൽ ഒരു കൊല്ലംവരെയ്ക്കാണു്. പരിഷ്കരണാഭ്യാസമെന്ന ശിക്ഷയ്ക്കു് വിധേയരായവർ സ്വാതന്ത്ര്യമുള്ളവരായിരിക്കും. അവരീശിക്ഷ അനുഭവിക്കുന്നതു് തങ്ങളുടെ ജോലിസ്ഥലത്തുവെച്ചോ അല്ലെങ്കിൽ അവരുടെ സ്വദേശത്തിന്നടുത്തുള്ള മറെറതെങ്കിലും സ്ഥലത്തുവെച്ചോ ആയിരിക്കും. ഇപ്രകാരമുള്ള ശിക്ഷ അനുഭവിക്കുന്നവരുടെ വേതനത്തിന്റെ 5 ശതമാനം മുതൽ 20 ശതമാനം വരെയുള്ള സംഖ്യ പിടിച്ചെടുത്തു് ഗവമ്മേണ്ടിലേയ്ക്കു് മുതൽക്കൂട്ടുന്നതാണു്.

മററു തരത്തിലുള്ള ശിക്ഷകൾ നൽകുവാനും ക്രിമിനൽ നിയമത്തിൽ വ്യവസ്ഥയുണ്ടു്. താഴെ പറയുന്നവ അവയിൽ ഉൾപ്പെടുന്നു:

ഒരു പ്രത്യേക ജോലിയ്ക്കു് അനർഹനാക്കൽ, പിഴ, ഒരു പ്രത്യേകാപ്പീസ്സിൽനിന്നു് പിരിച്ചുവിടൽ, ചെയ്ത കുററത്തിനു് പരിഹാരമുണ്ടാക്കുവാനുള്ള ചുമതലയേല്പിക്കൽ, പരസ്യമായ താക്കീതു്, മുതൽ പിടിച്ചെടുക്കൽ, സൈനികവും മററുമായ പ്രത്യേക ബഹുമതിയില്ലാതാക്കൽ, സൈന്യത്തിൽപെട്ടവരാണെ

ങ്കിൽ അവക്കുള്ള ശിക്ഷകളിലൊന്നു് അവരെ ഒരച്ചടക്കസൈന്യ വിഭാഗത്തിലേയ്ക്കു് മാററലാണു്.

വെടിവെച്ചുകൊല്ലുകയെന്ന ശിക്ഷാസമ്പ്രദായം തീരെ ഇല്ലാതാക്കുന്നതുവരെയ്ക്കു്, രാഷ്ട്രത്തിന്നെതിരായിട്ടുള്ള ഗൌരവതരമായ കുററം ചെയ്യുന്നവക്കും, ഭീകരമായ പരിതസ്ഥിതികളിൽ കല്പിച്ചുകൂട്ടി കൊലപാതകം നടത്തുന്നവക്കും, നിയമത്തിൽ പറയുന്ന മററു ഗൌരവാവഹമായ കുററംചെയ്യുന്നവക്കും വധശിക്ഷ ബാധകമാക്കാവുന്നതാണു്.

കുററംചെയ്യുന്ന സമയത്തു് 18 വയസ്സാകാത്തവക്കും കുററം ചെയ്യുന്ന സമയത്തും ശിക്ഷ നടപ്പാക്കുന്ന സമയത്തും ഗർഭിണികളായിട്ടുള്ളവക്കും വധശിക്ഷ നൽകുവാനിടയില്ല.

## 13. ശിക്ഷയേല്പിക്കലും കുററോത്തരവാദിത്വത്തിൽനിന്നും ശിക്ഷയിൽനിന്നും ഒഴിവാക്കലും

ഒരു കുററം ചെയ്യുന്നതുമൂലം കുററവാളിയായിത്തീന്ന ഒരാളെ മാത്രമേ ശിക്ഷിയ്ക്കുവാൻ പാടുള്ളു. ചെയ്ത കുററത്തിനുള്ള ഉത്തരവാദിത്വം വിശദീകരിച്ചുകൊണ്ടും നിയമഖണ്ഡികയിലെ വ്യവസ്ഥകളുടെ നാലതിരുകൾക്കുള്ളിൽമാത്രം നിന്നുകൊണ്ടും ക്രിമിനൽ നിയമത്തിൻെറ പൊതുതത്വങ്ങളെ നഷ്കൃഷ്ടമായി അനുസരിച്ചുകൊണ്ടുമാണു് കോടതി ശിക്ഷ നൽകുന്നതു്. ശിക്ഷ നൽകുമ്പോൾ, കുററത്തിൻെറ ഗൌരവം, കുററവാളിയുടെ സ്വഭാവം, കുററംമൂലമുണ്ടാകുന്ന ലാഘവ–ഗൌരവ പരിതസ്ഥിതികൾ മുതലായവ, സോഷ്യലിസ്റ്റ് നീതിന്യായ സങ്കല്പത്തിൻെറ സഹായത്തോടുകൂടി, കോടതി പരിഗണിക്കുന്നതാണു്.

കുററോത്തരവാദിത്വം ലാഘവപ്പെടുത്തുന്ന പരിതസ്ഥിതികളിൽ താഴെപറയുന്നവയുൾപ്പെടുന്നു: ചെയ്ത കുററത്തിൽനിന്നുണ്ടായേക്കാവുന്ന ദോഷകരമായ ഫലം ഒഴിവാക്കൽ; വരുത്തിയ

നഷ്ടത്തിന് സ്വയം നഷ്ടപരിഹാരം നൽകൽ; വ്യക്തിപരമോ കുടുംബസംബന്ധമോ ആയ ഗൌരവപരിതസ്ഥിതികൾ ഒത്ത സമയത്തുണ്ടാകുന്നതിൻെറ ഫലമായി കുററം ചെയ്യൽ; ഭീഷണിയ്ക്കോ നിർബ്ബന്ധത്തിനൊ അല്ലെങ്കിൽ ഭൌതികമോ മററൊ ആയ ആശ്രിതത്വത്തിന്നൊ വിധേയനായി കുററം ചെയ്യൽ; ഉപദ്രവമേല്പിക്കപ്പെട്ടയാളുടെ നിയമവിരുദ്ധമായ നടവടിമൂലം ശക്തിയായ മനക്ഷോഭത്തിന്ന് വിധേയമായിക്കൊണ്ട് കുററം ചെയ്യൽ; പ്രസവിക്കാനടുത്തിരിക്കുമ്പോൾ കുററം ചെയ്യൽ.

കുററോത്തരവാദിത്വം ഗൌരവതരമാക്കുന്ന പരിതസ്ഥിതികളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു: മുമ്പ് കുററം ചെയ്തിട്ടുള്ള ഒരാൾ വീണ്ടും കുററം ചെയ്യുക; സംഘടിതമായി കുററം ചെയ്യുക; ഗൌരവതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന കുററം ചെയ്യുക; സ്വാർത്ഥതാല്പര്യങ്ങൾ ഉന്നംവെച്ചുകൊണ്ടും വളരെയധികം ദുഷ്ടതയുൾക്കൊള്ളുന്ന ലക്ഷ്യംവെച്ചുകൊണ്ടും അല്ലെങ്കിൽ പ്രതിയോഗിയെ ചീത്തയാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടും കുററകൃത്യംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽനിന്ന് മുതലെടുക്കാമെന്നുദ്ദേശിച്ചുകൊണ്ടും കുററം ചെയ്യുക

കുററത്തെ ലഘുവപ്പെടുത്തുന്ന ധാരാളം പരിതസ്ഥിതികളുണ്ടെങ്കിൽ അല്ലെങ്കിൽ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതും പരിഷ്കരണാദ്ധ്വാനത്തിന് വിധേയമാക്കുന്നതും അനാശാസ്യമാണെന്നു കോടതി കരുതുന്നുണ്ടെങ്കിൽ, ശിക്ഷ നിറുത്തിവെച്ചുകൊണ്ട് അതിന് വിധി കല്പിക്കാം. ഈ സംഗതിയിൽ ശിക്ഷിക്കപ്പെടുന്ന ആൾ ചെയ്ത കുററത്തെപ്പോലെയോ അല്ലെങ്കിൽ അതിനു തുല്യമായതൊ ആയ കുററം മേലിൽ (പരീക്ഷണഘട്ടത്തിൽ) ചെയ്യുകയില്ലെന്ന വ്യവസ്ഥയിന്മേൽ ശിക്ഷ നടപ്പാക്കുന്നതു് കോടതി നിർത്തിവെയ്ക്കുന്നു.

കോടതി നിശ്ചയിക്കുന്ന പരീക്ഷണഘട്ടം ഒരു കൊല്ലം മുതൽ അഞ്ചുകൊല്ലംവരെയാകാം.

നിർത്തിവെച്ചുകൊണ്ടുള്ള ശിക്ഷ ലഭിച്ച ആൾ വീണ്ടും അതേമാതിരിയുള്ളതോ അല്ലെങ്കിൽ അതിനൊപ്പം ഗൌരവമുള്ളതോ ആയ കുററം പരീക്ഷണഘട്ടത്തിൽ ചെയ്യുന്ന പക്ഷം, ആദ്യത്തെ ശിക്ഷ ഭാഗികമായോ മുഴുവനുമായോ പുതിയ കുററത്തിനുള്ള ശിക്ഷയുടെകൂടെ കൂട്ടുന്നതാണ്.

നിയമത്താൽ സ്ഥാപിക്കപ്പെട്ട സമയം കഴിഞ്ഞാൽ ഒരാളെ ഒരു ക്രിമിനൽ കുററത്തിൻെറ പേരിൽ ശിക്ഷിക്കുവാൻ പാടില്ല. കുററത്തിൻെറ ഗൌരവസ്വഭാവമനുസരിച്ചാണ് ശിക്ഷാപരിധി നിർണ്ണയിക്കുന്നത്. ശിക്ഷയുടെ കാലാവധിക്കിടയിൽ ശിക്ഷിക്കപ്പെട്ടവൻ വീണ്ടും കുററം ചെയ്താൽ, കുററകാലാവധിക്ക് മുറിച്ചൽ സംഭവിക്കുന്നു.

എന്തെങ്കിലും കാരണവശാൽ—ഒരു സുഖക്കേടെന്നു കരുതുക—നിയമത്തിൽ പറയുന്ന കാലാവധിക്കുള്ളിൽ ശിക്ഷ പ്രായോഗികമാക്കാത്തപക്ഷം, ആ ശിക്ഷ ഇളവു ചെയ്യപ്പെടുന്നതാണ്. പക്ഷെ ശിക്ഷിക്കപ്പെട്ടവൻ ശിക്ഷ ഒഴിഞ്ഞുമാറാതിരിക്കുകയോ വേറെ കുററം ചെയ്യാതിരിക്കുകയോ വേണം

സമുദായത്തിനു അത്യന്തം വിപല്ക്കരമല്ലാത്ത കുററം ചെയ്യുന്നവരെ കുററത്തോവാദിത്വത്തിൽനിന്നും ശിക്ഷയിൽനിന്നും ഒഴിവാക്കുവാൻ സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. അങ്ങിനെയുള്ളവരെ, അപകട ജാമ്യം നില്ക്കുവാൻ തയ്യാറുള്ള ബഹുജനസംഘടനകൾക്ക് വിട്ടുകൊടുക്കുകയോ അല്ലെങ്കിൽ അവരുടെ കേസ്സ് സഖാക്കളുടെ കോടതിയിലേയ്ക്കു (Comrades Court)* മാററുകയോ ചെയ്യാവുന്നതാണ്.

* ഫാക്ടറികൾ, ആപ്പീസുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഗ്രാമങ്ങൾ എന്നിവിടങ്ങളിൽ ബഹുജനങ്ങൾ ഏർപ്പെടുന്നവയാണ് സഖാക്കളുടെ കോടതികൾ. പൊതുയോഗങ്ങളിൽവെച്ച് കൈപൊക്കൽമൂലമുള്ള വോട്ടെടുപ്പു വഴിക്കാണ് ഇവ ഓരോ കൊല്ലത്തേയ്ക്കു് തിരഞ്ഞെടുക്കപ്പെടുന്നതു്. തൊഴിലച്ചടക്കലംഘനം, പൊതുസ്ഥലത്തുവെച്ച് അപമര്യാദയായി പെരുമാറൽ കുററോത്തരവാദിത്വം വഹിക്കാത്ത ചില്ലറ കളവ് മുതലായവ ചെയ്യൽ എന്നിവയെസംബന്ധിച്ച കേസ്സുകളാണ് ഈ കോടതിയിൽ കൈകാര്യം ചെയ്യുക.

ശിക്ഷാകാലാവധി അവസാനിക്കുന്നതിനുമുമ്പ് ഒരു കുററവാളി നന്നാകുവാനുള്ള (പരിഷ്കരിക്കപ്പെടുവാനുള്ള) സാദ്ധ്യത പരിഗണിച്ചുകൊണ്ട്, സോപാധികമായ വിമോചനത്തിനും ശിക്ഷ ഇളവു ചെയ്യലിനും സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം അനുവദിക്കുന്നു.

അനുകരണീയമായ സ്വഭാവം, ജോലിയോടുള്ള മര്യാദ എന്നിവമൂലം താൻ നന്നായിത്തീർന്നിട്ടുണ്ടെന്ന് ഒരുവൻ തെളിയിച്ചാൽ, സ്വാതന്ത്ര്യനഷ്ടത്തിനൊ, തടവിനൊ, നാടുകടത്തലിനൊ അല്ലെങ്കിൽ അച്ചടക്കപാലനസേനയിൽ പണിയെടുക്കാനൊ ശിക്ഷിക്കപ്പെട്ട അയാളെ സോപാധികമായി മോചിപ്പിക്കുകയൊ ശിക്ഷ ഇളവുചെയ്തുകൊടുക്കുകയൊ ചെയ്യാം.

ഒരുവൻ ശിക്ഷാവധിയുടെ പകുതി ഭാഗമൊ മൂന്നിൽ രണ്ടു ഭാഗമൊ അനുഭവിച്ചാൽ, അയാളെ സോപാധികം മോചിപ്പിക്കാം. പക്ഷെ ഇതു് അയാൾ ചെയ്ത കുററത്തിൻെറ ഗൌരവമനുസരിച്ചായിരിക്കും.

സോപാധികം മോചിപ്പിക്കപ്പെട്ട ഒരാൾ, തൻെറ ശിക്ഷാകാലാവധി അവസാനിക്കുന്നതിനുമുമ്പ്, വേറെയൊരു കുററം ചെയ്താൽ, മുഴപ്പിക്കാത്ത ശിക്ഷാകാലാവധിയുടെ ഭാഗമൊ അല്ലെങ്കിൽ മുഴുവനുമൊ പുതിയ ശിക്ഷാകാലാവധിയോടുകൂട്ടിച്ചേർക്കപ്പെടുന്നതാണ്.

18 വയസ്സാകുന്നതിനുമുമ്പ് കുററം ചെയ്ത് ശിക്ഷിക്കപ്പെട്ട ഒരാൾ, ശിക്ഷാകാലാവധിയുടെ മൂന്നിലൊരു ഭാഗം അനുഭവിച്ചാൽ, അയാളെ സോപാധികം മോചിപ്പിക്കാവുന്നതാണ്.

ശിക്ഷയിൽനിന്നു് ഒരാളെ ഒഴിവാക്കുവാനും ശിക്ഷ ഇളവു ചെയ്യുവാനും—പൊതുമാപ്പ് (Amnesty) മാപ്പ് (Pardon) എന്നീ സംഗതികൾ ഒഴികെ—കോടതിക്കുമാത്രമെ അധികാരമുള്ളു. നിയമത്തിൽ വ്യവസ്ഥചെയ്യുന്ന സംഗതികളിലും ക്രമത്തിലും മാത്രമ കോടതിക്കും ഇങ്ങിനെ ചെയ്യുവാൻ പാടുള്ളു.

## 14. കുററസമ്പ്രദായങ്ങൾ

കുററസമ്പ്രദായങ്ങളുടെയും കുററങ്ങൾ ചെയ്യുന്നതുമൂലമുണ്ടാകുന്ന ശിക്ഷകളുടെയും പൂർണ്ണമായ പട്ടിക സോഷ്യലിസ്റ്റ് ക്രിമിനൽ നിയമസംഹിതയുടെ പ്രത്യേക വിഭാഗത്തിൽ കൊടുത്തിട്ടുണ്ട്. താഴെ പറയുന്ന അവയിൽ ഉൾപ്പെടുന്നു:

— രാഷ്ട്രത്തിന്നെതിരായ കുററങ്ങൾ.
— സോഷ്യലിസ്റ്റ് മുതലിന്നെതിരായ കുററങ്ങൾ.
— വ്യക്തിയുടെ ജീവൻ, ആരോഗ്യം, സ്വാതന്ത്ര്യം, അന്തസ്സ് എന്നിവയ്ക്കെതിരായ കുററങ്ങൾ.
— പൌരന്മാരുടെ രാഷ്ട്രീയവും തൊഴിൽപരവുമായ അവകാശങ്ങൾക്കെതിരായ കുററങ്ങൾ.
— പൌരന്മാരുടെ വ്യക്തിപരമായ മുതലിന്നെതിരായ കുററങ്ങൾ.
— സാമ്പത്തികമായ കുററങ്ങൾ.
— ഉദ്യോഗത്തിലിരിക്കുന്നവർ ചെയ്യുന്ന കുററങ്ങൾ.
— നീതിന്യായനിർവ്വഹണത്തിന്നെതിരായുള്ള കുററങ്ങൾ.
— ഭരണകൂടത്തിന്നെതിരായ കുററങ്ങൾ.
— ദേശരക്ഷയ്ക്കും നിയമസമാധാനത്തിനും പൊതുജനാരോഗ്യത്തിനും എതിരായ കുററങ്ങൾ.
— പ്രാദേശികാചാരങ്ങളുടെ നിലനില്പുമൂലം ചെയ്യുന്ന കുററങ്ങൾ.
— സൈനികക്കുററങ്ങൾ.

## 15. രാഷ്ട്രത്തിന്നെതിരായ കുററങ്ങൾ

രാഷ്ട്രത്തിൻെറയും പ്രത്യേകിച്ച് സമുദായത്തിൻെറയും താല്പര്യങ്ങളിന്മേൽ കയ്യേററം നടത്തുന്ന സാമൂഹ്യദ്രോഹപരമായ പ്രവൃത്തികളാണ് രാഷ്ട്രത്തിന്നെതിരായ കുററങ്ങൾ.

അവ രണ്ടായി തരംതിരിക്കപ്പെട്ടിരിക്കുന്നു.

1. രാഷ്ട്രത്തിന്ന് പ്രത്യേകമപകടമുണ്ടാക്കുന്ന കുററങ്ങൾ.
2. രാഷ്ട്രത്തിന്നെതിരായ മററു കുററങ്ങൾ.

## I രാഷ്ട്രത്തിന്നു പ്രത്യേകാപകടമുണ്ടാക്കുന്ന കുററങ്ങൾ.

സോഷ്യലിസ്റ്റ് രാഷ്ട്രത്തേയും സാമൂഹ്യസമ്പ്രദായത്തേയും ഭരണകൂടത്തേയും തരംതാഴ്ത്തുവാനും ക്ഷീണിപ്പിക്കുവാനും അല്ലെങ്കിൽ ദേശരക്ഷയ്ക്കു ക്ഷീണമോ ബലഹീനതയോ വരുത്തുവാനും ഉദ്ദേശിച്ചുകൊണ്ടു ചെയ്യുന്ന കുററങ്ങളാണിവ.

ചാരന്മാരും സാമ്രാജ്യത്വരാജ്യങ്ങളിലെ രഹസ്യാന്വേഷണ വകുപ്പുകാർ സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലേയ്ക്കയക്കുന്ന ഗൂഢാലോചനക്കാരും പ്രത്യേകിച്ച് വർഗ്ഗശത്രുക്കളും ചെയ്യുന്ന ഈ കുററങ്ങൾ സമുദായത്തിന്ന് പ്രത്യേകം ആപത്തുണ്ടാക്കുന്നവയായി തരംതിരിക്കപ്പെട്ടിട്ടുണ്ട്.

രാജ്യദ്രോഹം: ഒരു സോഷ്യലിസ്റ്റ്‌രാജ്യത്തിലെ പൌരൻ രാജ്യത്തിൻെറ രാഷ്ട്രീയസ്വാതന്ത്ര്യത്തിനും പ്രദേശപരമായ അഖണ്ഡതയ്ക്കും അല്ലെങ്കിൽ സൈനികശക്തിക്കും എതിരായി, കല്പിച്ചുകൂട്ടി ചെയ്യുന്ന കൃത്യമാണ് അങ്ങേയററത്തെ രാജ്യദ്രോഹം. (Treason) ശത്രുചേരിയിൽ ചേരുക, ചാരപ്പണി ചെയ്യുക, ഒരു വിദേശശക്തിക്ക് സ്വന്തം രാജ്യത്തിലെ ഗവമ്മെണ്ടിൻെറയോ രഹസ്യം ചോർത്തിക്കൊടുക്കുക, വിദേശത്തേയ്ക്ക് ഒളിച്ചോടുക, വിദേശത്തുനിന്ന് മടങ്ങുവാൻ വിസമ്മതിക്കുക, ശത്രുതാപ്രവർത്തനങ്ങളിൽ വിദേശശക്തിക്ക് അനുകൂലമായി വർത്തിക്കുക, അധികാരം പിടിച്ചെടുക്കുവാൻ ഗൂഢാലോചന നടത്തുക എന്നിവയും രാജ്യദ്രോഹക്കുററങ്ങളാണ്. കുററങ്ങളിൽവെച്ചേററവും ഗൌരവതരമായ ഈ കുററത്തിനുള്ള ശിക്ഷ പത്തു കൊല്ലംമുതൽ പന്ത്രണ്ടുകൊല്ലംവരെയ്ക്കുള്ള സ്വാതന്ത്ര്യനഷ്ടമൊ വധശിക്ഷയൊ ആയിരിക്കും.

ചാരവൃത്തി: ഒരു വിദേശശക്തിക്കോ, വിദേശസംഘടനകളേക്കോ അവയുടെ ഏജൻറന്മാർക്കോ ഗവർമ്മെണ്ടിനെയോ സൈന്യത്തെയോ പററിയുള്ള വിവരങ്ങൾ സമ്പാദിച്ചോ മോഷ്ടിച്ചോ കൈമാറുകയോ കൈമാറണമെന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുകയോ ചെയ്യുന്നതാണ് ചാരവൃത്തി (Espionage). വിദേശരഹസ്യവകപ്പുകാരുടെ നിർദ്ദേശമനുസരിച്ച്, സോഷ്യലിസ്റ്റ്‌രാഷ്ട്രത്തിൻെറ താല്പര്യങ്ങൾക്കെതിരായി, അവർക്കുപയോഗിക്കുവാനുള്ള വിവരങ്ങൾ ശേഖരിക്കയോ കൈമാറുകയോ ചെയ്യുന്നതും ചാരപ്പണിതന്നെയാണ്.

വിദേശികളും പൌരത്വമില്ലാത്തവരും മാത്രമേ ചാരവൃത്തിക്ക് ഉത്തരവാദിത്വം വഹിക്കുന്നുള്ളു. ബന്ധപ്പെട്ട സോഷ്യലിസ്റ്റ്‌രാജ്യത്തിലെ പൌരന്മാർ അങ്ങേയററത്തെ രാജ്യദ്രോഹക്കുററത്തിനുള്ള ഉത്തരവാദിത്വം വഹിക്കുന്നു.

ചാരവൃത്തിക്കുള്ള ശിക്ഷ ഏഴുമുതൽ പതിനഞ്ചുകൊല്ലം വരെയുള്ള സ്വാതന്ത്ര്യനഷ്ടമൊ വധശിക്ഷയൊ ആയിരിക്കും.

ഭീകരവൃത്തി: ഭരണകൂടത്തെ തരംതാഴ്ത്തുവാനൊ ക്ഷീണിപ്പിക്കുന്നതൊ ഉദ്ദേശിച്ചുകൊണ്ട്, ഒരു രാഷ്ട്രതന്ത്രജ്ഞനെയോ പൊതുകാര്യപ്രവർത്തകനെയോ ഗവർമ്മെണ്ടുദ്യോഗസ്ഥനെയോ വധിക്കുകയോ അവരുടെ കൃത്യനിർവ്വഹണത്തിന്നിടയിൽ അവർക്കു മാരകമായ ദേഹദ്രോഹം ഏല്പിക്കുകയോ ചെയ്യുന്നതാണ് ഭീകരവൃത്തി (Terrorism)

രാജ്യത്തെ തരംതാഴ്ത്തിക്കാട്ടുവാനും ക്ഷീണിപ്പിക്കുവാനും പരിശ്രമിക്കുന്നുവെന്നതിനുപുറമെ, വധവും മാരകമായ ദേഹോപദ്രവമേല്പിക്കലും കൂടി ഉൾക്കൊള്ളുന്നതുകൊണ്ട്, ഈ കുററം പ്രത്യേകം ആപൽക്കരമാണ്. ഈ കുററത്തിന് ദീർഘകാലത്തേക്കുള്ള സ്വാതന്ത്ര്യനഷ്ടവും കൊലയും വധശിക്ഷയും നൽകുന്നതാണ്.

നശിപ്പിക്കൽ: സോഷ്യലിസ്റ്റ് ഭരണകൂടത്തെ ക്ഷീണിപ്പിക്കണമെന്നു കരുതി സ്ഥാപനങ്ങൾ, സംരംഭങ്ങൾ, ഗതാഗത

മാർഗ്ഗങ്ങൾ, വാർത്താവിതരണോപാധികൾ മുതലായ ഗവമ്മെണ്ടു മുതലുകളെ പൊതുമുതലുകളെ പൊട്ടിത്തെറിപ്പിച്ചോ, തീവെച്ചോ അല്ലെങ്കിൽ മററു മാർഗ്ഗങ്ങൾ വഴിക്കൊ നശിപ്പിക്കുകയോ നാശം വരുത്തുകയൊ ജനങ്ങൾക്കു വൻതോതിൽ വിഷമം ഉണ്ടാക്കുകയൊ, പകർച്ചവ്യാധികൾ പരത്തുകയൊ ചെയ്യുന്നതിനെയാണ് നശിപ്പിക്കൽ (Wrecking) എന്നു പറയുന്നത്.

സോഷ്യലിസ്റ്റ് രാഷ്ട്രത്തിൻെറ സാമ്പത്തികാടിസ്ഥാനത്തിന്നെതിരായിട്ടുള്ള കുററകരമായ കാര്യാറമെന്ന നിലയിൽ, ഈ കുററത്തിനുള്ള ശിക്ഷ എട്ടു മുതൽ പതിനഞ്ചുകൊല്ലം വരെയുള്ള സ്വാതന്ത്ര്യനഷ്ടമൊ വധമൊ ആയിരിക്കും.

അട്ടിമറി: സോഷ്യലിസ്റ്റ് ഭരണകൂടത്തെ ക്ഷീണിപ്പിക്കണമെന്നു കരുതി വ്യവസായം, ട്രാൻസ്പോർട്ട്, കൃഷി, നാണയസമ്പ്രദായം, വ്യാപാരം അല്ലെങ്കിൽ ദേശീയ സമ്പദ്‌വ്യവസ്ഥയുടെ ഇതരശാഖകൾ എന്നിവയുടെയും ഗവമ്മെണ്ടു സ്ഥാപനങ്ങളുടേയും ബഹുജനസംഘടനകളുടെയും പ്രവർത്തനങ്ങളെ തരംതാഴ്ത്തുവാൻ നടത്തുന്ന കൃത്യമാണ് അട്ടിമറി (Sabotage)

രാജ്യത്തിൻെറ സമ്പദ്‌വ്യവസ്ഥയുടെ കീഴിലും ഗവമ്മെണ്ടിൻെറ കീഴിലും ജോലിയുള്ളവരാണ് ഈ കൃത്യം ചെയ്യുക. തങ്ങളുടെ സ്ഥാനത്തെ അവർ ഗവമ്മെണ്ടു വിരുദ്ധപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. ഇങ്ങിനെയുള്ളവർക്കുള്ള ശിക്ഷ എട്ടു മുതൽ പതിനഞ്ചുകൊല്ലംവരെയുള്ള സ്വാതന്ത്ര്യനഷ്ടമാണ്.

എതിർ പ്രചരണവും പ്രക്ഷോഭണവും: ഭരണകൂടത്തെ തരംതാഴ്ത്തിക്കാട്ടുവാനും ക്ഷീണിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടു ചെയ്യുന്ന മററു കൃത്യങ്ങളാണ് ഗവമ്മെണ്ടു വിരുദ്ധ പ്രചരണവും പ്രക്ഷോഭവും. (Hostile propaganda and agitation) ഗവമ്മെണ്ടിന്നെതിരായി ഗൌരവാവഹമായ കുററങ്ങൾ ചെയ്യുവാൻ പ്രേരിപ്പിക്കുക, സോഷ്യലിസ്റ്റ് രാഷ്ട്രത്തിനും സാമൂഹ്യസമ്പ്രദായത്തിനും ഹാനികരമായ വിധത്തിൽ ആക്ഷേപാർഹമായ കുപ്ര

ചരണം നടത്തുക, അതേ രൂപത്തിലുള്ള അച്ചടിച്ച രേഖകൾ തയ്യാറാക്കുകയും കൈവശം വെക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക മുതലായവയാണ് ഈ കുററങ്ങൾ. ജനവിരുദ്ധവും ഗവർമ്മേണ്ടു് വിരുദ്ധവുമായ ആശയങ്ങൾ ഉള്ളിൽവെച്ചുകൊണ്ടു നടക്കുന്ന ജനങ്ങൾക്കിടയിലുള്ള—ആശയാദർശങ്ങളുടെ മേഖലയിലുള്ള—ഈ പ്രചരണം ജനങ്ങളുടെ മനസ്സിൽ വിഷംകയററുവാനുള്ളതാണ്. ഇതിനുള്ള ശിക്ഷ ആറുമാസം മുതൽ ഏഴുകൊല്ലംവരെയുള്ള സ്വാതന്ത്ര്യനഷ്ടമാണ്. യുദ്ധകാലത്താണെങ്കിൽ ഈ ശിക്ഷയുടെ കാലാവധി പത്തുകൊല്ലമായിരിക്കും.

വിദേശപ്രതിനിധികളുടെ നേക്കുള്ള ഭീകരപ്രവർത്തികൾ, പ്രചരണസമരം എന്നിവയും പ്രത്യേകം അപകടകരമായ കുററങ്ങളാണ്. രാജ്യങ്ങൾ തമ്മിലുള്ള സമാധാനത്തിനും സംരക്ഷയ്ക്കും എതിരായി ചെയ്യുന്ന ഈ കുററത്തിന് വധശിക്ഷയുംകൂടെ കഠിനമായ ശിക്ഷകൾ നൽകപ്പെടാവുന്നതാണ്.

രാഷ്ട്രത്തിന്നെതിരായി പ്രത്യേക ഗൌരവമുള്ള കുററം ചെയ്യുവാൻ സംഘടനാപരമായി നടത്തുന്ന പ്രവർത്തനങ്ങൾക്കും കുറേറാത്തരവാദിത്വമുണ്ടു്.

തൊഴിലാളിവർഗ്ഗത്തിൻെറ സാർവ്വദേശീയാടിസ്ഥാനത്തിലുള്ള ഐക്യത്തിൻെറ വെളിച്ചത്തിൽ ഒരു തൊഴിലാളി രാഷ്ട്രത്തിന്നെതിരായി ചെയ്യുന്ന പ്രത്യേകം ഗൌരവമുള്ള കുററങ്ങൾക്ക്, ബന്ധപ്പെട്ട സോഷ്യലിസ്റ്റ് രാജ്യത്തുവെച്ചുതന്നെ ശിക്ഷ നൽകാവുന്നതാണ്.

## II രാഷ്ട്രത്തിന്നെതിരായ മററു കുററങ്ങൾ

രാഷ്ട്രത്തിന്നെതിരായ ചില കുററങ്ങൾ സാമൂഹ്യപരമായ ദ്രോഹം ഉണ്ടാക്കുന്നവയാണ്. ഇവ രാഷ്ട്രത്തെ കരിവാരിത്തേച്ചു കാണിക്കുവാനൊ ക്ഷീണിപ്പിക്കുവാനൊ ഉദ്ദേശിച്ചുകൊണ്ടു് ചെയ്യുന്നതല്ലെങ്കിലും, രാഷ്ട്രത്തിൻെറ താല്പര്യങ്ങൾക്കപദ്രവ

മുണ്ടാകുന്നവയും, വസ്തുനിഷ്ഠമായി പരിശോധിക്കുമ്പോൾ, സോഷ്യലിസ്റ്റ് രാഷ്ട്രത്തിനും അതിലെ പൗരന്മാക്കും അങ്ങേയററം വിപത്തുണ്ടാക്കുന്നവയുമാണ്.

ദേശീയ-വംശീയ സമത്വലംഘനം: ദേശീയ വിഭാഗപരമായ സമത്വത്തെയും വംശീയസമത്വത്തേയും ലംഘിക്കുന്നതു് ദീർഘകാലത്തെ സ്വാതന്ത്ര്യനഷ്ടത്തിടയാക്കുന്ന ഗൌരവാവഹമായ കുററമാണ്.

<u>ഗവണ്മെണ്ട് രഹസ്യങ്ങൾ പുറത്താക്കൽ:</u> ഗവണ്മെണ്ട് രഹസ്യങ്ങൾ പുറത്താക്കലും ഈ രഹസ്യങ്ങളുൾക്കൊള്ളുന്ന രേഖകൾ നഷ്ടപ്പെടുത്തലും രാഷ്ട്രത്തിന്നെതിരായ കുററങ്ങളായി കണക്കാക്കപ്പെടുന്നു. കാരണം, അവരാഷ്ട്രത്തിന് ദോഷകരമായ ഫലങ്ങൾ ഉളവാക്കുന്നവയാണ്.

<u>കൂട്ടായ്മക്കവർച്ച:</u> ഗവണ്മെണ്ട് സ്ഥാപനങ്ങളെയോ, പൊതുസ്ഥാപനങ്ങളെയോ, സംരംഭങ്ങളെയോ, വ്യക്തികളെയോ എതിർക്കണമെന്ന ഉദ്ദേശത്തോടുകൂടി രണ്ടോ അതിലധികമോ ആളുകൾ സായുധരായി സംഘം ചേരുന്നതും അതിൽ പങ്കെടുക്കുന്നതും ഈ സംഘത്തിൻെറ ആക്രമണങ്ങളിൽ സഹകരിക്കുന്നതും കൂട്ടായ്മക്കവർച്ചയാണ്. ഇതിൻെറ പ്രവർത്തനഫലം മിക്കപ്പോഴും കൊല, അക്രമം മുതലായവയിൽ ചെന്നെത്തുന്നു. ഇതിനുള്ള ശിക്ഷ മൂന്നു മുതൽ പതിനഞ്ചുകൊല്ലം വരെയുള്ള സ്വാതന്ത്ര്യനഷ്ടമൊ വധമൊ ആയിരിക്കും.

സൈന്യത്തിൽ ചേരുന്നതിൽ നിന്നും, തൊഴിൽ സേവനം, നികുതിയടയ്ക്കൽ മുതലായവയിൽനിന്നും യുദ്ധകാലത്ത് ഒഴിഞ്ഞുനില്ക്കുന്നതു സായുധസേനയുടെ താല്പര്യങ്ങൾക്കെതിരാകയാൽ, അത്തരം കുററങ്ങൾ രാഷ്ട്രത്തിന്നെതിരായ കുററങ്ങളായി കണക്കാക്കപ്പെടുന്നു.

സാധനങ്ങൾ ഒളിച്ചു കളിച്ചുകടത്തൽ, കൂട്ടത്തോടെയുള്ള കുഴപ്പങ്ങളുണ്ടാക്കൽ, നിയമാനുമതിയില്ലാതെ വിദേശത്തേയ്ക്കു്

കടക്കൽ, രാഷ്ട്രാന്തരീയ വിമാനഗതാഗത നിയമങ്ങൾ ലംഘിക്കൽ, കള്ളനാണയം സൃഷ്ടിക്കൽ റെയിൽവെ—ജല—വ്യോമഗതാഗതങ്ങൾക്ക് തടസ്സമുണ്ടാക്കൽ മുതലായവയും രാഷ്ട്രത്തിന്നെതിരായ കുററങ്ങളാണ്.

## 16. സോഷ്യലിസ്റ്റ് മുതലിന്നെതിരായ കുററങ്ങൾ

സോഷ്യലിസ്റ്റ് പൊതുമുതലും സോഷ്യലിസ്റ്റ് സമ്പ്രദായത്തിലുള്ള സമ്പദ്വ്യവസ്ഥയും സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ സാമ്പത്തികാടിസ്ഥാനമാണ്.

സോഷ്യലിസ്റ്റ് മുതലിന്നെതിരായ കുററങ്ങൾ അങ്ങേയററം അപൽക്കരമാകയാൽ, അവ ചെയ്യുന്നവർക്ക് കഠിനമായ ശിക്ഷ നൽകുന്നതാണ്.

അത്തരം കുററങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നു

എ) ഗവർമ്മെണ്ടു മുതലും കൂട്ടുസ്ഥാപനങ്ങളുടെ മുതലും നിയമവിരുദ്ധമായി കൈവശം വെക്കലും കൊണ്ടുപോകലും സംബന്ധിച്ച കുററങ്ങൾ (കളവ്, തട്ടിപ്പറി, ചതി മുതലായവ)

ബി) സോഷ്യലിസ്റ്റ് മുതൽ നശിപ്പിക്കുകയോ കേടുവരുത്തുകയോ ചെയ്യൽ.

സി) സോഷ്യലിസ്റ്റ് മുതൽ സംരക്ഷിക്കുന്നതിൽ അനാസ്ഥ കാണിക്കൽ.

താഴെ പറയുന്നവ ഒന്നാം ഗ്രൂപ്പിൽ ഉൾപ്പെടുന്നു.

കളവ്: ഗവർമ്മെണ്ടു മുതലോ പൊതുമുതലോ രഹസ്യമായി കടത്തിക്കൊണ്ടുപോകൽ.

തട്ടിപ്പറി: അക്രമം കൂടാതെ, ഗവർമ്മെണ്ടു മുതലോ പൊതുമുതലോ മോഷണം ചെയ്യൽ.

കൊള്ളയടി: ഗവർമ്മെണ്ടു മുതൽ, പൊതുമുതൽ എന്നിവ ലഭിക്കണമെന്നു കരുതി അക്രമമാർഗ്ഗമുപയോഗിച്ച പ്രവൃത്തികൾ.

പതി: വഞ്ചന മൂലമൊ വിശ്വാസലംഘനം വഴിയോ ഗവൺമെണ്ടു മുതലൊ പൊതുമുതലൊ സമ്പാദിക്കൽ.

ഗവൺമെണ്ട് — പൊതുമുതലുകൾ വഞ്ചനാപരമായി ദുരുപയോഗപ്പെടുത്തലും ഈ കുറ്റത്തിൽ പെടും.

വഞ്ചനക്കുള്ള ശിക്ഷ, കുററത്തിന്റെ സ്വഭാവവും കളവു ചെയ്ത മുതലിന്റെ വലിപ്പവും അനുസരിച്ചിരിക്കും.

വൻതോതിൽ തുടർച്ചയായി കളവുചെയ്താൽ — അതു സംഘം ചേർന്നു ചെയ്താൽ — കൂടുതൽ കനത്ത ശിക്ഷ നൽകുന്നതാണ്.

തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രാന്തരീയ ഐക്യത്തിന്റെ അടിസ്ഥാനത്തിൽ, ഒരു സോഷ്യലിസ്റ്റ് രാജ്യത്തിൽവെച്ചു മറെറാരു സോഷ്യലിസ്റ്റ് രാജ്യത്തിനെതിരായി വഞ്ചന നടത്തുന്നപക്ഷം, ആദ്യം പറഞ്ഞ രാജ്യത്തിന്റെയോ അതിലെ പൊതുജനങ്ങളുടെയോ മുതലെന്നവിധത്തിൽ, ആ വഞ്ചനയ്ക്കെതിരായി ശിക്ഷ നൽകപ്പെടുന്നതാണ്.

## 17. വ്യക്തിയുടേയും പൌരന്മാരുടേയും രാഷ്ട്രീയവും തൊഴിൽപരവുമായ അവകാശങ്ങളുടെയും സ്വകാര്യസ്വത്തിന്റെയും നേർക്കുള്ള കുററങ്ങൾ.

വ്യക്തിയുടെ നേർക്കുള്ള ഏററവും ഗൌരവാവഹമായ കുററം കൊലപാതകമാണ്. കല്പിച്ചുകൂട്ടിയൊ അനാസ്ഥമൂലമൊ കൊല്ലുന്നതിനെയാണ് കൊല എന്നു വിവക്ഷിച്ചിരിക്കുന്നത്. ഭീകരമായ പരിതസ്ഥിതികളിൽ നടത്തുന്ന കൊലകൾ (പ്രതിഫലേച്ഛയൊ, തെമ്മാടിത്തോദ്ദേശമൊ വെച്ചുകൊണ്ടോ, ഒരാളുടെ ഔദ്യോഗികച്ചുമതലയൊ പൊതുച്ചുമതലയൊ നിർവ്വഹിക്കുന്നതുസംബന്ധിച്ചോ, അല്ലെങ്കിൽ പ്രത്യേകം ക്രൂരത പ്രകടിപ്പിച്ചോ, അല്ലെങ്കിൽ കല്പിച്ചുകൂട്ടി മുമ്പു കൊലപാതകം ചെയ്തവൻ വീണ്ടും ചെയ്യുന്നതുകൊണ്ടോ, രണ്ടോ, അതിലധികമോ

ആളുകൾകൂടി ചെയ്യുന്നതുകൊണ്ടോ ഉണ്ടാകുന്ന കൊലപാതകം) ലഭിക്കുന്ന ശിക്ഷ എട്ടുകൊല്ലംമുതൽ പതിനഞ്ചുകൊല്ലക്കാലത്തേയ്ക്കുള്ള സ്വാതന്ത്ര്യനഷ്ടമോ വധമോ ആയിരിക്കും.

ഭീകരപരിതസ്ഥിതികളിലല്ലാത്തതും കല്പിച്ചുകൂട്ടിയുള്ളതുമായ കൊലപാതകം, പ്രതിയോഗിയുടെ നിയമവിരുദ്ധമായ നടവടിമൂലം മനസ്സാന്നിദ്ധ്യം പെട്ടെന്നു് നഷ്ടപ്പെട്ടുകൊണ്ടു് നടത്തുന്ന കൊലപാതകം, അനാസ്ഥമൂലം സംഭവിക്കുന്ന കൊലപാതകം, അവശ്യമായ സംരക്ഷാസീമയെ അതിലംഘിച്ചുകൊണ്ടു നടത്തുന്ന കൊലപാതകം എന്നിവ ശിക്ഷാർഹമാണു്. കൃത്യത്തിന്റെ സമ്പ്രദായവും കുററവാളിയുടെ സ്വഭാവവും മററും നോക്കീട്ടാണു് പല കാലത്തേയ്ക്കുമുള്ള ഈ ശിക്ഷകൾ നല്കുന്നതു്. ചില സംഗതികളിൽ ഈ കുററത്തിനു്, സ്വാതന്ത്ര്യനഷ്ടം കൂടാതെയുള്ള പരിഷ്കരണാദ്ധ്വാനവും (ആളെ നന്നാക്കുവാനുള്ളതു്) ശിക്ഷയായി നല്കപ്പെടാം.

മനുഷ്യശരീരത്തിലെ അവയവങ്ങൾക്കും അവയുടെ പ്രവർത്തനത്തിനും കേടു വരുത്തുന്നതിനെയാണു് കായികമായ ദ്രോഹമെന്നു പറയുന്നതു്.

മാരകമായ പരുക്കേല്പിക്കൽ, അതിലും കുറഞ്ഞ തോതിലുള്ള പരുക്കേല്പിക്കൽ, നിസ്സാരമായ പരുക്കേല്പിക്കൽ എന്നിങ്ങനെ കായികമായ ദ്രോഹത്തെ മൂന്നുതരത്തിൽ നിയമം പരിഗണിക്കുന്നുണ്ടു്. മാരകമായ പരുക്കേല്പിക്കലിൽ ജീവനപായം വരുത്തുന്ന പരുക്കും, കാഴ്ചനഷ്ടം, ശ്രവണനഷ്ടം, മുഖത്തിനു് സ്ഥായിയായ വൈരൂപ്യം വരുത്തൽ, ഗർഭച്ഛിദ്രം മുതലായവയും ഉൾപ്പെടുന്നു.

നിയമവിരുദ്ധമായ ഗർഭച്ഛിദ്രം—ഗർഭോല്പാദനം കൃത്രിമമായി തടയൽ—വ്യഭിചാരം, ഭീഷണിപ്പെടുത്തൽ, തടങ്ങലിൽ വെയ്ക്കൽ എന്നിവ, ഒരാളുടെ ജീവനും ആരോഗ്യത്തിനും എതിരായ കുററങ്ങളാണു്.

വ്യഭിചാരത്തിന്റെ പ്രത്യേകാപകടവും സോഷ്യലിസ്റ്റ് ധാർമ്മികബോധലംഘനവും, അവ മനുഷ്യന് ചെയ്യുന്ന ദോഷവും പരിഗണിച്ചുകൊണ്ട്, അവയ്ക്ക് മൂന്നുകൊല്ലം മുതൽ പതിനഞ്ചു കൊല്ലംവരെയുള്ള സ്വാതന്ത്ര്യനഷ്ടമെന്ന ശിക്ഷ നല്കുന്നതാണ്. ഭീകരമായ പരിതസ്ഥിതികളിലാണ് ഈ കുറ്റം ചെയ്യുന്നതെങ്കിൽ അതിനു ലഭിക്കുന്ന ശിക്ഷ വധമായിരിക്കും.

അപവാദം, അധിക്ഷേപം, മുതലായി വ്യക്തിയുടെ സ്വാതന്ത്ര്യം, അഭിമാനം, അന്തസ്സ് എന്നിവ ലംഘിക്കുന്ന കുറ്റങ്ങൾ വ്യക്തിത്വത്തിന്നെതിരായ കുറ്റങ്ങളായി പരിഗണിക്കപ്പെടുന്നു.

വോട്ടവകാശം, സ്ത്രീസമത്വം എന്നിവ സംബന്ധിച്ചുള്ള അവകാശം പ്രയോഗിക്കുന്നതു് തടസ്സപ്പെടുത്തൽ, ട്രേയിഡ് യൂണിയനുകളുടെ നിയമപരമായ അവകാശങ്ങൾ ലംഘിക്കൽ, തൊഴിൽ സംരക്ഷണനിയമങ്ങൾ ലംഘിക്കൽ, കത്തിടപാടുകളിലെ രഹസ്യം ചോർത്തിയെടുക്കൽ, മതപരമായ ചടങ്ങുകൾ നിർവ്വഹിക്കുന്നതു തടയൽ, പള്ളിയെ ഭരണകൂടത്തിൽ നിന്നും പള്ളിക്കൂടത്തെ പള്ളിയിൽ നിന്നും വേർതിരിക്കുന്ന നിയമം ലംഘിക്കൽ എന്നിവ പൗരന്മാരുടെ രാഷ്ട്രീയവും തൊഴിൽ പരവുമായ അവകാശങ്ങൾക്കെതിരായ കുറ്റങ്ങളാണ്,

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം പൗരന്മാരുടെ സംയുക്താവകാശങ്ങളെ പരിരക്ഷിക്കുന്നു.

പൗരന്മാരുടെ സ്വകാര്യസ്വത്തിന്നെതിരായ കുറ്റങ്ങളിൽ കളവ്, തട്ടിപ്പറി, കൊള്ളയടി, വഞ്ചന, പിടിച്ചുപറി, സ്വകാര്യസ്വത്തുനശിപ്പിക്കൽ, കേടുവരുത്തൽ മുതലായവ ഉൾപ്പെടും.

## 18. സാമ്പത്തികകുറ്റങ്ങളും ഉദ്യോഗത്തിലിരിക്കുന്നവർ ചെയ്യുന്ന കുറ്റങ്ങളും

രാഷ്ട്രത്തിന്റെ സാമ്പത്തികപ്രവർത്തനങ്ങളിൽ അതിനുള്ള താല്പര്യങ്ങളെയും രാഷ്ട്രത്തിന്റെയും ബഹുജനസംഘടനകളുടെയും

താല്പര്യങ്ങളേയും സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം സംരക്ഷിക്കുന്നു.

സോഷ്യലിസ്റ്റ് വ്യവസായം, കൃഷി, വ്യാപാരം, ദേശീയ സമ്പദ്‌വ്യവസ്ഥയുടെ ഇതരശാഖകൾ എന്നിവയ്ക്കെതിരായുള്ള കൃത്യങ്ങളാണ് സാമ്പത്തികക്കുററങ്ങൾ.

മോശമായതോ, താഴ്ന്ന നിലവാരമുള്ളതോ, അപൂർണ്ണരൂപത്തിലുള്ളതോ ആയ ചരക്കുകളുടെ നിർമ്മാണം. ഇതിനുള്ള പൂർണ്ണ ഉത്തരവാദിത്വം സ്ഥാപനങ്ങളുടെ ഡയറക്ടർമാർക്കും ചീഫ് എഞ്ചിനിയർമാർക്കും ഗുണപരിശോധനാവകുപ്പിന്റെ തലവന്മാർക്കുമായിരിക്കും

വ്യക്തിപരമായ മുതലെടുപ്പിനുവേണ്ടി ഗവർമ്മെണ്ടിന്റെയോ, സഹകരണസംഘത്തിന്റേയോ, കൂട്ടുടമസ്ഥാപനങ്ങളിന്റേയോ മുതലുപയോഗിച്ചുകൊണ്ട് സ്വകാര്യ സംരംഭവും മാധ്യസ്ഥവും നടത്തുന്നതു് കുററകരമാണ്.

ഊഹക്കച്ചവടം, സോഷ്യലിസ്റ്റ് വ്യാപാരത്തിന്റെ താല്പര്യങ്ങൾക്കെതിരായ കുററമാണ്. സോഷ്യലിസ്റ്റ് വ്യാപാരത്തിൽ സ്വകാര്യമുതലാളിത്തതന്ത്രങ്ങൾ ഉപയോഗിക്കുന്നതിനെയാണിതു് കാണിക്കുന്നതു്.

സോവിയററ് യൂണിയനിൽ സ്വകാര്യവ്യാപാരം അനുവദിച്ചിരുന്ന കാലഘട്ടത്തിൽ, കച്ചവടക്കാർ സംഘടിപ്പിക്കുന്ന പണിമുടക്കുവഴി ചില്ലറ വിലകൾ കൃത്രിമമായി വർദ്ധിപ്പിക്കുകയോ മാർക്കററിൽനിന്നു് ചരക്കുകൾ ദുരുദ്ദേശപരമായി അകററിനിർത്തുകയോ ചെയ്യുന്നതുമൂലമുളവാകുന്നതാണു് ഊഹക്കച്ചവടമെന്നു് സോഷ്യലിസ്റ്റ് ക്രിമിനൽ നിയമം വിശദീകരിച്ചിട്ടുണ്ടു്. പൂർണ്ണമായ തോതിൽ സോഷ്യലിസ്റ്റ് നിർമ്മാണം നടന്നുകൊണ്ടിരുന്ന കാലഘട്ടത്തിൽ—സ്വകാര്യവ്യാപാരം ഗവർമ്മെണ്ട്

നിരോധിച്ചപ്പോൾ—ഊഹക്കച്ചവടം ലാഭസമ്പാദനമെന്ന ഉന്നംവെച്ചുകൊണ്ടുള്ള വാങ്ങലും വില്പനയുമാണെന്നു് വിശദീകരിക്കപ്പെടുകയുണ്ടായി.

തെററായ അളവിലും തൂക്കത്തിലും സാധനങ്ങൾ നൽകലും ഗവർമ്മെണ്ടു് നിശ്ചയിച്ച വിലകളെ അതിക്രമിക്കലും, ഗവർമ്മെണ്ടിൻെറയോ പൊതു ഉടമയുടെയോ കീഴിലുള്ള ഷാപ്പുകൾ, ഭോജനശാലകൾ, മുതലായ സ്ഥലങ്ങളിൽവെച്ച് ജനങ്ങളെ കബളിപ്പിക്കലും സാമാനം വാങ്ങുന്ന കററിക്കാരോടുള്ള വഞ്ചനയാണ്.

ധാതുസമ്പത്തു് വികസനം, ഗവർമ്മെണ്ടിലേയ്ക്കു് സ്വത്തു് നൽകൽ, എന്നിവ സംബന്ധിച്ചുള്ള ചട്ടങ്ങൾ ലംഘിക്കലും, ഭൂമികയ്യേററം, നിയമവിരുദ്ധമായി മരങ്ങൾ മുറിക്കൽ എന്നിവയും സാമ്പത്തികക്കുററങ്ങളാണ്.

ഔദ്യോഗികസ്ഥാനമൊ അധികാരമൊ ദുരുപയോഗപ്പെടുത്തുന്നതു് ഉദ്യോഗത്തിലിരിക്കുന്നവർ ചെയ്യുന്ന കുററങ്ങളാണ്.

ഗവർമ്മെണ്ടിലും ബഹുജനസംഘടനകളിലും സ്ഥാപനങ്ങളിലും സ്ഥിരമായൊ താല്ക്കാലികമായൊ സ്ഥാനങ്ങൾ വഹിക്കുന്ന അധികൃതന്മാരുടെ ചുമതലകൾ സ്ഥിരമായോ താല്ക്കാലികമായൊ നിർവ്വഹിക്കുന്നവരും സംഘടനാപരവും മേൽനോട്ടം സംബന്ധിച്ചതുമായ ചുമതലകൾ നിർവ്വഹിക്കുന്നവരുമാണ് ഉദ്യോഗസ്ഥന്മാർ.

ഒരു ഔദ്യോഗിക സ്ഥാനമൊ, അധികാരമൊ, സ്വകാര്യലാഭത്തിനുവേണ്ടി കല്പിച്ചുകൂട്ടി ഉപയോഗപ്പെടുത്തുന്നതു് ഔദ്യോഗികസ്ഥാനാധികാരങ്ങൾ ദുരുപയോഗപ്പെടുത്തലാണ്.

ഉദ്യോഗത്തിലിരിക്കുന്ന ഒരാൾ നിയമപ്രകാരം തനിക്കു് സിദ്ധിച്ചിട്ടുള്ള സ്ഥാനത്തെയും അധികാരത്തെയും കവച്ചുവെച്ചു

കൊണ്ട് കല്പിച്ചുകൂട്ടി ചെയ്യുന്ന കൃത്യങ്ങളും കുററകരമാണ്. ഉദ്യോഗത്തിലിരിക്കുന്നവർ ഉദ്യോഗികകൃത്യങ്ങൾ അശ്രദ്ധയാകൂടിയൊ വീഴ്ചയോടുകൂടിയൊ ചെയ്യുന്നതു് അനാസ്ഥയാണ്. അതുപോലെതന്നെ കൈക്കൂലിവാങ്ങുന്നതും കൊടുക്കുന്നതും കൈക്കൂലി കാര്യത്തിൽ മാദ്ധ്യസ്ഥം വഹിക്കുന്നതും ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന കുററങ്ങളായി കണക്കാക്കപ്പെടുന്നു.

സോഷ്യലിസ്റ്റ് ക്രിമിനൽ നിയമത്തിനു കീഴിൽ കൈക്കൂലി വാങ്ങുന്നതു്, രാഷ്ട്രത്തിന്നെതിരായിട്ടുള്ളതും ഗൌരവാവഹവുമായ കുററമാണ്. ഇതിനുള്ള ശിക്ഷ മൂന്നു മുതൽ പതിനഞ്ചു കൊല്ലംവരെയുള്ള സ്വാതന്ത്ര്യനഷ്ടമാണ്. മററു ഗൌരവപരിതസ്ഥിതികളിൽ (കൈക്കൂലി തുടർച്ചയായി വാങ്ങുക, പിടിച്ചുപറിക്കുക, ഉയർന്ന ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുക മുതലായവ) ഈ കുററത്തിനു് വധശിക്ഷ നൽകും.

നീതിന്യായ നിർവ്വഹണത്തിന്നെതിരായ കുററങ്ങൾക്കുള്ള ഉത്തരവാദിത്വം വിവരിക്കുന്ന ഒരു പ്രത്യേകാദ്ധ്യായം ക്രിമിനൽ നിയമസംഹിതയിലുണ്ടു്. അന്യായമായതെന്നു് തനിയ്ക്കു് ബോദ്ധ്യമുള്ള ഒരു വിധി ഒരു ന്യായാധിപൻ നൽകുന്നതും, തെററാണെന്നറിവുള്ള ഒരു വിവരം ഒരുവൻ നൽകുന്നതും, അന്വേഷണം നടത്തുന്നതിനു് നിയമവിരുദ്ധമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതും, ജയിലിൽനിന്നൊ ബന്ധനത്തിൽനിന്നോ രക്ഷപ്പെടുന്നതും ഈ പ്രത്യേകാദ്ധ്യായത്തിൽ പറയുന്ന കുററങ്ങളിൽ ഉൾപ്പെടുന്നു.

## 19. ഭരണകൂടത്തിനും പൊതുസംരക്ഷയ്ക്കും എതിരായ കുററങ്ങൾ

അധികൃതപ്രതിനിധികളുടെ പ്രവർത്തനങ്ങൾക്കെതിരായും പൊതുസംരക്ഷയ്ക്കെതിരായും ജനതയ്ക്കെതിരായുമുള്ള കുററങ്ങൾക്കു

ക്രിമിനൽനിയമം ഉത്തരവാദിത്വം കല്പിക്കുന്നുണ്ട്. രാഷ്ട്രത്തിന്റെയും വ്യക്തിയുടേയും താല്പര്യസംരക്ഷണമാണതിന്റെ പിന്നിലുള്ള ഉദ്ദേശ്യം. താഴെ പറയുന്നവ ഭരണകൂടത്തിന്നെതിരായ കുററങ്ങളായി കരുതപ്പെടുന്നു.

നിയമസമാധാനം പാലിക്കുന്ന കൃത്യത്തിൽ ഏർപ്പെട്ടിട്ടുള്ള അധികൃതപ്രതിനിധിയുടേയോ പൊതുജന പ്രതിനിധിയുടേയോ നേരെ എതിർപ്പുപ്രകടിപ്പിക്കുക; നിയമസമാധാനപാലനത്തിൽ മുഴുകിയിരിക്കുന്ന ഒരു പോലീസ്സുകാരന്റെയോ വളണ്ടിയർ പോലീസ്സുകാരന്റെയോ നേരെ എതിർപ്പുകാണിക്കുക, ഇവക്കുള്ള കുററോത്തരവാദിത്വത്തെപ്പററി നിയമത്തിൽ പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്.

നിയമസമാധാനപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന പോലീസ്സുകാരനേയോ വളണ്ടിയർ പോലീസ്സുകാരനേയോ വധിക്കുവാൻ ശ്രമിക്കുന്നതിനുള്ള ശിക്ഷ 15 കൊല്ലംവരെയുള്ള സ്വാതന്ത്ര്യനഷ്ടമാണ്. ഈ ശ്രമം ഗൌരവാവഹമായ പരിതസ്ഥിതികളിൽ നടത്തുകയാണെങ്കിൽ അതിന് വധശിക്ഷയായിരിക്കും ലഭിക്കുക.

നിയമസമാധാനപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരധികൃതപ്രതിനിധിയേയോ, പൊതുജനപ്രതിനിധിയേയോ ആക്ഷേപിക്കുക, ഭീഷണിപ്പെടുത്തുക, കയ്യേററം നടത്തുക, എന്നിവയും ശിക്ഷാർഹങ്ങളാണ്. അനധികൃതമായി ഭൂമി പിടിച്ചെടുക്കുക, കെട്ടിടം നിർമ്മിക്കുക, അധികാരം കയ്യേല്ക്കുക. പാസ്പോർട്ട് നിയമം ലംഘിക്കുക എന്നിവയും ഭരണകൂടത്തിന്നെതിരായ കുററങ്ങളാണ്.

ഗൌഢിസത്തെപ്പോലുള്ള ഒരു പ്രവൃത്തി നിയമസമാധാനപാലനത്തിനും പൌരന്മാരുടെ താല്പര്യങ്ങൾക്കും വളരെ ദോഷം

ചെയ്യുന്നതാണ്. നിയമസമാധാനത്തെ ധിക്കരിക്കുന്നതും സമുദായത്തോടുള്ള ബഹുമാനമില്ലായ്മ പ്രകടിപ്പിക്കുന്നതുമായ, കല്പിച്ചുകൂട്ടിയുള്ള, ഒരു പ്രവൃത്തിയാണിത്. നിയമസമാധാനപാലനത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരധികൃതപ്രതിനിധിയോടൊ പൊതുജനപ്രതിനിധിയോടൊ എതിർപ്പു പ്രകടിപ്പിക്കുന്നതിനോടു സാധരണമായി ബന്ധപ്പെട്ടിട്ടുള്ളതാണ് ഈ കൃത്യം. ചില സംഗതികളിൽ ഈ കൃത്യത്തിലടങ്ങിട്ടുള്ള പരിഹാസ്യതയും ധിക്കാരവും മൂലം ഇതു് വിവേചനാർഹമായിത്തീർന്നിട്ടുണ്ടു്.

ചില്ലറ റൗഡിസത്തിനെതിരായി പൊതുജനസ്വാധീനമൊ ഭരണപരമായ സ്വാധീനമൊ ബാധകമാക്കുവാൻ നിയമം അനുവദിക്കുന്നുണ്ടു്. ദുരുദ്ദേശപരമായ റൗഡിസത്തിനു് അഞ്ചുകൊല്ലംവരെയുള്ള സ്വാതന്ത്ര്യനഷ്ടം ശിക്ഷയായി നൽകാവുന്നതാണ്.

ഗതാഗത നിയമങ്ങളും ഗതാഗത സംരക്ഷാനിയമങ്ങളും ലംഘിക്കുന്നതിനെ ഈ ഗ്രൂപ്പിൽപ്പെട്ട കുററങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അധികാരമില്ലാതെ വൈദ്യസേവനം നടത്തുക, അശ്ലീലതയുള്ള സാധനങ്ങൾ നിർമ്മിക്കുകയും വില്ക്കുകയും ചെയ്യുക മുതലായവക്കും നിയമം കുററത്തരവാദിത്വം കല്പിക്കുന്നുണ്ടു.

## 20. സൈനികക്കുററങ്ങൾ.

സൈനികസേവനത്തിന്റെ സുസ്ഥാപിതമായ നിയമങ്ങൾക്കെതിരായിട്ടുള്ളവയാണ് സൈനികക്കുററങ്ങൾ. പട്ടാളക്കാരും അവരുടെ പദവിക്കൊപ്പമുള്ള പരുമാണു് ഈ കുററങ്ങൾ ചെയ്യുക.

സൈന്യത്തിലെ അച്ചടക്കത്തിന്നെതിരായ—വിധേയത്വ കല്പനക്കെതിരായ—സൈനികകുററങ്ങൾ: വിധേയത്വമില്ലായ്മ യൊന്നുള്ളതു്, ഒരു മേലധികാരിയുടെ കല്പന നിറവേററുന്നതിൽ പരസ്യമായ മടികാണിക്കലൊ കല്പന നിറവേററാതിരിക്കുന്നതി ന്നു് കല്പിച്ചുകൂട്ടിയൊ അനാസ്ഥയോടുകൂടിയൊ പെരുമാററലൊ ആണു്. രണ്ടൊ അതിലധികമൊ ആളുകൾ കൂടിയൊ, യുദ്ധ രംഗത്തുവെച്ചൊ, ഈ കുററം ചെയ്യുന്നതു് കൂടുതൽ ഗൌരവാവ ഹമാണു്. ഒരു മേലധികാരിയെ ചെറുക്കുകയൊ, അയാളുടെ ഔദ്യോഗിക ചുമതലകൾക്കിടയിൽ വിടവുണ്ടാക്കുവാൻ അയാ ളെ നിർബ്ബന്ധിക്കുകയൊ ചെയ്യൽ: കൂറു പ്രകടിപ്പിക്കുമെന്ന പ്രതിജ്ഞക്കെതിരായി, ഒരു കീഴുദ്യോഗസ്ഥൻ സൈനികാച്ചട ക്കം ലംഘിക്കുക മാത്രമല്ലാ, ഒരു മേലുദ്യോഗസ്ഥനെ നിയമവി രുദ്ധമായ കൃത്യം ചെയ്യുവാൻ നിർബ്ബന്ധിക്കുകകൂടി ചെയ്യുന്നുവെ ന്നുള്ളതാണു് ഈ കുററത്തിന്റെ അപകടസ്വഭാവം.

സൈനികച്ചുമതലകൾ നിർവ്വഹിക്കുന്നതു സംബന്ധിച്ചു് ഒരു മേലുദ്യോഗസ്ഥനെ കൊല്ലുമെന്നു് ഭീഷണിപ്പെടുത്തുക, മാര കമായ പരുക്കേല്പിക്കുക അല്ലെങ്കിൽ മർദ്ദിക്കുക: ഒരു മേലുദ്യോ ഗസ്ഥന്നെതിരായിട്ടുള്ള അക്രമപ്രവൃത്തികൾ, കീഴുദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനെയൊ മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥനേ യൊ അധിക്ഷേപിക്കൽ എന്നിവ സൈനിക കുററങ്ങളിൽ ഉൾ പ്പെടുന്നു.

സൈന്യത്തിന്നെതിരായ സൈനികക്കുററങ്ങൾ: ഒരു പട്ടാ ളക്കാരൻ അവധികൂടാതെ ജോലിക്കു് ഹാജരാകാതിരിക്കുന്നതു്, സേവനസ്ഥലത്തുനിന്നു് കുറച്ചുസമയത്തേയ്ക്കുള്ള അനധികൃത മായ തിരോധാനമാണു്. പട്ടാളക്കാർ അനധികൃതമായി— പട്ടാളത്തിൽനിന്നു് തീരെ ഒഴിഞ്ഞുപോകണമെന്ന ഉദ്ദേശത്തോ ടുകൂടിയല്ലാതെ—ദീർഘകാലത്തേയ്ക്കു് സേവനസ്ഥലത്തുനിന്നു് ഒഴിഞ്ഞുനില്ക്കുന്നതു് ഒരു കുററമാണു്.

സൈനികസേവനത്തിൽനിന്നു് തീരെ ഒഴിഞ്ഞുമാറിപ്പോകണമെന്നു് കരുതി ഒരു പട്ടാളക്കാരൻ ഒരു സൈനികഘടകത്തിൽനിന്നോ, മററു സേവനസ്ഥലത്തുനിന്നോ തിരോധാനം ചെയ്യുന്നതു് സൈന്യസേവനം ഉപേക്ഷിക്കലാണു് (Desention) അവധിയിൽനിന്നോ, ഒരു ദൌത്യത്തിൽനിന്നോ മടങ്ങാ താമസിച്ചു വരുന്നതു്, അവധിയല്ലാതെ മടങ്ങലോ അനധികൃതമായ തിരോധാനമോ എന്ന നിലയിൽ, ശിക്ഷാർഹമാണു്. മടങ്ങലിന്റെ കാലാവധിയനുസരിച്ചായിരിക്കും ഇതിനുള്ള ശിക്ഷ.

സ്വയം പരുക്കേല്പിച്ചോ, രോഗം നടിച്ചോ, രേഖകളിൽ കൃത്രിമം സൃഷ്ടിച്ചോ മററോ സൈനികസേവനത്തിൽ നിന്നൊഴിഞ്ഞുനില്ക്കുന്നതു് സൈനികക്കുററങ്ങളിൽ ഉൾപ്പെടുന്നു.

സൈനികവസ്തുക്കളും ഉപകരണങ്ങളും ഉപയോഗിക്കാനുള്ള കല്പനക്കെതിരായ കുററങ്ങൾ: സൈനിക കുററങ്ങളുടെ ഈ ഗ്രൂപ്പിൽ, സൈനിക വസ്തുക്കൾ ദുരുപയോഗപ്പെടുത്തൽ, ആയുധങ്ങൾ, ഉപകരണങ്ങൾ മുതലായവ കല്പിച്ചുകൂട്ടി നശിപ്പിക്കുകയോ നാശപ്പെടുത്തുകയോ ചെയ്യൽ, ഡ്രൈവിങ്ങ് നിയമങ്ങൾ, വാഹനങ്ങളുടെ ഉപയോഗക്രമങ്ങൾ, വ്യോമയാനം, അതിനുള്ള തയ്യാറെടുക്കൽ, നാവികനിയമം മുതലായവ ലംഘിക്കൽ എന്നിവ ഉൾപ്പെടുന്നു.

താഴെ പറയുന്നവയും ക്രിമിനൽ നിയമം ശിക്ഷ വിധിക്കുന്നു.

കാവൽ, അതിർത്തി സംരക്ഷണം, അനുധാവനം, പരിശോധന മുതലായവ സംബന്ധിച്ചുള്ള നിയമം ലംഘിക്കൽ.

സൈനിക രഹസ്യങ്ങളും ഗവമ്മെണ്ടു് രഹസ്യങ്ങളും പുറത്താക്കൽ.

ഔദ്യോഗികനിലയിൽ ചെയ്യുന്ന കുററങ്ങൾ

സൈനികനടപടികൾ നടത്തുന്ന സ്ഥലത്തോ, യുദ്ധരംഗത്തോ വെച്ച് ചെയ്യുന്ന സൈനികകുററങ്ങൾ (കീഴടങ്ങൽ, ശത്രുവിന് സാധനസാമഗ്രികൾ അടിയറവെയ്ക്കൽ, താഴുന്ന കപ്പലിനെ ഉപേക്ഷിക്കൽ അനധികൃതമായി യുദ്ധരംഗം വിട്ടുപോകൽ, ഒരു പ്രത്യേകായുധം ഉപയോഗിക്കുവാൻ വിസമ്മതിക്കൽ, കൊള്ളയടിക്കൽ, സൈനികനടപടികൾ നടത്തപ്പെടുന്ന സ്ഥലത്തുള്ള ജനതയോട് അക്രമം കാണിക്കൽ)

യുദ്ധത്തടവുകാരൻ എന്ന നിലയിൽ ചെയ്യുന്ന സൈനികകുററങ്ങൾക്കും, യുദ്ധം നടത്തിപ്പ് സംബന്ധിച്ച സാർവ്വദേശീയ ചട്ടങ്ങൾ ലംഘിക്കുന്നതു മൂലമുള്ള സൈനികകുററങ്ങൾക്കും, യുദ്ധത്തടവുകാരോട് ഉപദ്രവകരമായ രീതിയിൽ പെരുമാറുക, റെഡ്ക്രോസ്സ്, റെഡ് ക്രെസൻറ് എന്നിവയുടെ ചിഹ്നങ്ങൾ അനധികൃതമായി ധരിക്കുക എന്നീ കുററങ്ങൾക്കും നിയമം കുററോത്തരവാദിത്വം കല്പിക്കുന്നുണ്ട്.

യുദ്ധകാലത്ത് ചെയ്യുന്ന സൈനികകുററങ്ങൾ സമുദായത്തിനു കൂടുതൽ ആപത്തുണ്ടാക്കുന്നവയാണ്. അതുകൊണ്ടു യുദ്ധകാലത്തു ചെയ്യുന്ന മിക്ക സൈനികകുററങ്ങൾക്കും (വെടിവെപ്പു നടത്തുന്ന പ്രദേശത്തിന്റെ പിന്നിലെ യുദ്ധരംഗത്തോ) ലഭിക്കുന്ന ശിക്ഷ ദീർഘകാലത്തെ സ്വാതന്ത്ര്യനഷ്ടമോ മരണമോ ആയിരിക്കും.

യുദ്ധകാലത്ത് നല്കപ്പെടുന്ന സ്വാതന്ത്ര്യനഷ്ടമെന്ന ശിക്ഷ നടപ്പിലാക്കുന്നതു്, യുദ്ധനടപടികൾ അവസാനിക്കുന്നതുവരെയും്, നിർത്തിവെച്ചേയ്ക്കാം. ഈ സംഗതിയിൽ ശിക്ഷിക്കപ്പെട്ട ആളെ യുദ്ധരംഗത്തുള്ള പട്ടാളത്തിലേയ്ക്കു് അയയ്ക്കുന്നു. യുദ്ധത്തിൽ ധീരത പ്രകടിപ്പിച്ചുകൊണ്ടു് അയാൾ കുററവിമുക്തനാ

കന്നപക്ഷം, പട്ടാളത്തിലുള്ള അയാളുടെ മേലധികാരിയുടെ അപേക്ഷയനുസരിച്ച്, അയാളെ ശിക്ഷയിൽനിന്നൊഴിവാക്കുകയോ, ശിക്ഷ ഇളവുചെയ്തുകൊടുക്കുകയോ ചെയ്യേണ്ടതാം.

സമുദായത്തിന് ഗൌരവാവഹമായ ആപത്തുണ്ടാക്കാത്ത സൈനികക്കുററങ്ങൾ ചെയ്യുന്നവരെ, സൈന്യത്തിന്റെ ചട്ടങ്ങളിൽ പറയുന്ന അച്ചടക്കനടപടികൾവഴി, ശിക്ഷിക്കാവുന്നതാണ്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 331.89 Smo.S. Acc. No. 83679

This book should be returned on or before the date last stamped below.

23 JAN 1986

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

331.89

[illegible] Cl. No. [illegible] Acc. No. 83679.

Author [illegible] etc

Title [illegible]

331.89 83679

[illegible]

[illegible] etc

[illegible]

[illegible]

**KOTTAYAM PUBLIC LIBRARY**

Call No. 331.89 Acc. No. 83679

Author [illegible] etc.

Title [illegible]